# 11
# വിശ്വാസത്തിന്റെ വിജയം
# (11:1-40)

എബ്രായർ 11 ൽ പതിനെട്ട് പ്രസ്താവനകൾ ആരംഭിക്കുന്നത് "വിശ്വാസത്താൽ" എന്നു പറഞ്ഞുകൊണ്ടാണ്. പരീക്ഷണങ്ങളെയും ഉപദ്രവങ്ങളെയും ഹൃദയഭേദകമായ അനുഭവങ്ങളെയും അതിജീവിച്ച് ദൈവത്തിൽ ആശ്രയം വെച്ച ആളുകളെ കുറിച്ചാണ് ഇവിടെ പറയുന്നത്. ഇവിടെ ശ്രദ്ധിച്ചിരിക്കുന്നത്, "വിശ്വാസത്താൽ അംഗീകാരം നേടിയ" ആളുകളെയാണ് (വാ. 39). ദൈവത്തിന്റെ വാഗ്ദാനങ്ങൾ അനുഭവിക്കുവാനായി തങ്ങളുടെ ജീവിതങ്ങളെ നിയന്ത്രിച്ച ധാരാളം സ്ത്രീപുരുഷന്മാരെ നമുക്ക് പഴയ നിയമത്തിൽ വായിക്കാൻ കഴിയും. അവൻ വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങളിൽ ചിലത് ഭാവിയിൽ വളരെ കാലം കഴിഞ്ഞ് ലഭിക്കുവാനിരുന്നിട്ടുപോലും, അവൻ അവരോട് പറഞ്ഞത് അവർ വിശ്വസിച്ചു. അവർക്ക് സ്വപ്നം കാണുവാനോ, അല്ലെങ്കിൽ അവർ ജീവിച്ചിരിക്കുമ്പോൾ അത് കാണുവാനോ കഴിയുകയില്ലെങ്കിൽ പോലും, അവരുടെ വിശ്വാസം അവയെ "കണ്ടു."

### വിശ്വാസത്തിന്റെ വിവരണം (11:1)

**1വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.**

**വാക്യം 1.** ഈ അദ്ധ്യായത്തിലെ **വിശ്വാസത്തിന്റെ** സത്ത ദൈവത്തെ അവന്റെ വചനത്താൽ സ്വീകരിക്കുക എന്നാണ് അർത്ഥമാക്കുന്നത്. വിശ്വാസം എന്ന വാക്ക് നിർവ്വചിക്കുന്നതിനു പകരം, ഈ വാക്യത്തിൽ ആ വാക്ക് വിവരിക്കുകയാണ് ചെയ്യുന്നത്; വിശ്വാസത്തിന്റെ രണ്ട് സ്വഭാവങ്ങളാണ് ഈ വാക്യത്തിൽ കാണുന്നത് എന്നു പറയാം.[1] വിശ്വാസം എന്നു പറയുന്നത് **ഉറപ്പും തീർച്ചയുമുള്ള** കാര്യമാണ്.

ദൈവത്തെ കുറിച്ചുള്ള നമ്മുടെ ചിന്തയിലെ വിശ്വാസമാണ് "ഉറപ്പ്" അല്ലെങ്കിൽ "തീർച്ച" നൽകുന്നത് (കെജെവി). ഇവിടെ, ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *ഹുപോസ്റ്റാസിസ്* ആണ്, എബ്രായ ലേഖനത്തിൽ അത് മറ്റു ഭാഗങ്ങളിൽ കാണുന്നത് 1:3 ലും, അവിടെ "സ്വഭാവത്തെ" കാണിക്കുന്നതായി പറഞ്ഞിരിക്കുന്നു ("വ്യക്തി"; കെജെവി), പിന്നെ 3:14 ലുമാണ്, അവിടെ തർജ്ജമ ചെയ്തിരിക്കുന്നത്, "ഉറപ്പ്" എന്നാണ് ("ധൈര്യം"; എൻഐവി). ആ വാക്ക് പുതിയ നിയമത്തിൽ മറ്റു രണ്ട് ഭാഗങ്ങളിലുള്ളത്, 2 കൊരിന്ത്യർ 9:4 ലും 11:17 ലുമാണ്. അവിടെ എൻഎഎസ്ബി പറയുന്നത് "ധൈര്യം" എന്നാണ്.

വിശ്വാസത്തിന്റെ അതേ രീതിയിലുള്ള രണ്ടാമത്തെ ഗുണം, "തീർച്ച" *എലെഗ്കോസ്*, അല്ലെങ്കിൽ "തെളിവ്" ("ധൈര്യം"കെജെവി). നമ്മുടെ ഇപ്പോഴത്തെ പുസ്തകത്തിൽ, എൻഐവി ഉപയോഗിക്കുന്ന വാക്കുകൾ "തീർച്ചയുള്ളവ " എന്നാണ് (*ഹുപോസ്റ്റാസിസിന്*), "തീർച്ച" എന്നതിന് (*എലെഗ്കോസ്*):

"ഇപ്പോൾ വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." ഈ പ്രസ്താവന കണക്കിലേറെയാണെന്ന് തോന്നിയേക്കാം, കാരണം അത് ഒരേ പ്രാധാന്യമുള്ള കാര്യം രണ്ട് വിധത്തിലാണ് പറഞ്ഞിരിക്കുന്നത്.

വിശ്വാസം എന്നു പറയുന്നത് തികച്ചും തീർച്ചയുള്ളതിനെ പറയുന്നു എന്നാണ് എൻഐവിയിൽ. അതിൽ യഥാർത്ഥ വിശ്വാസത്തിൽ യാതൊരു വിടവുമില്ലാത്തത് എന്നർത്ഥം. ഫലത്തിൽ, കാണാത്തതിനെ പ്രത്യാശിക്കാതിരിക്കാൻ കഴിയുന്നില്ല. "ആ പ്രതിഭാസത്തെ വിശദീകരിക്കുന്നത് നിയന്ത്രിതമായി പരീക്ഷിക്കപ്പെടുകയാണെങ്കിൽ, അതിന് വിശ്വാസം തന്നെ ആവശ്യമില്ല."[2]

1:3 ൽ *ഹുപോസ്റ്റസിസ്* ഉപയോഗിച്ചിരിക്കുന്നത് യേശുവിന്റെ വ്യക്തിത്വത്തെ "ദൈവത്തിന്റെ സ്വഭാവം" എന്നു പറയുവാനാണ്. "വേറൊരു വിധത്തിൽ പറഞ്ഞാൽ, ദൈവ വാഗ്ദാനങ്ങളുടെ 'നിലനിൽപാണ്' വിശ്വാസം."[3] എൻഈബിയിൽ, "നമ്മുടെ പ്രത്യാശകൾക്കുള്ള സത്തയാണ് വിശ്വാസം നൽകുന്നത്" എന്നാണ്. മെക്കോർഡിന്റെ തർജ്ജജമ പറയുന്നത് "ഇപ്പോൾ വിശ്വാസം, നാം കാണാത്ത കാര്യങ്ങളെ യാഥാർത്ഥ്യമാക്കുന്നതും, കാണാത്ത കാര്യങ്ങളുടെ തെളിവുമാണ്." ഒരു സമാന്തര പ്രയോഗം നമ്മെ സഹായിക്കും: "വിശ്വാസം അതിന്റെ സജീവമായ സ്വഭാവം മൂലം, നമ്മുടെ പ്രത്യാശക്ക് സത്ത നൽകുകയും, അതായത്, അവയെ കുറിച്ചുള്ള യാഥാർത്ഥ്യം നൽകി, അതുവരെ കാണാത്ത കാര്യങ്ങളെ കുറിച്ചുള്ള സത്യം കാണിച്ചു തരുന്നു."[4]

അവയെല്ലാം അർത്ഥമാക്കുന്നത് വിശ്വാസം വിസ്മയാവഹവും, ബൈബിൾ അർത്ഥത്തിൽ, "ഭാവിയിലേക്കുള്ള വാഗ്ദാനങ്ങൾ വർത്തമാന കാലത്തിൽ കൈവശമാക്കിയതാണ്."[5] വാസ്തവത്തിൽ, വിശ്വാസം എന്നത് പൊതുവിൽ ഭാവിയുമായി ബന്ധപ്പെട്ടതാണ്. "വിശ്വാസം 'ആശിക്കുന്നതിന്റെ ഉറപ്പ്' എന്നു പറയുമ്പോൾ, അത് ഭാവിയിലേക്കായി വർത്തമാനകാലത്തിൽ ആസ്വദിക്കുന്നതാണ്."[6] ദൈവം ഭാവിയിലേക്കായി നമുക്ക് വാഗ്ദാനം ചെയ്തിട്ടുള്ളവയിൽ വിശ്വാസം തീർച്ചയും ഉറപ്പും നൽകുന്നു.

"വിശ്വാസം" എന്ന വാക്ക് വിവിധ രീതിയിൽ ഉപയോഗിച്ചിരിക്കുന്ന കാഴ്ചപ്പാട് നോക്കി അവതരിപ്പിക്കുമ്പോൾ, ഫിലിപ് എഡ്കുമ്പെ ഹൂഗ്സ് സമ്മതിച്ചത് "ആത്മവിശ്വാസം തരുന്ന ഉറപ്പ്" ആണ് ഏറ്റവും തൃപ്തികരമായ തർജ്ജമ എന്നാണ്.[7] അതിനെ എതിർത്ത് മറ്റൊരു വ്യാഖ്യാതാവ് പറഞ്ഞത്, "ഒരർത്ഥത്തിൽ, നമുക്ക് തോന്നുന്നതോ, നമുക്ക് ഉള്ളതോ-ഉറപ്പോ, ധൈര്യമോ അല്ല-മറിച്ച് എങ്ങനെ വിശ്വാസം ഉറപ്പിക്കുന്നു, അല്ലെങ്കിൽ വാഗ്ദത്തം ചെയ്തവയിൽ എങ്ങനെ 'സത്ത' നൽകുന്നു, യാഥാർത്ഥ്യത്തിനായുള്ള പ്രത്യാശയും കാണാത്ത കാര്യങ്ങളിലുള്ള വിശ്വാസവും എങ്ങനെ നൽകുന്നു എന്നതാണ്."[8]

വിശ്വാസമില്ലെങ്കിൽ വാസ്തവത്തിൽ ഒരു പ്രത്യാശയുമില്ല. **കാണാത്ത കാര്യങ്ങളെ** നോക്കുക എന്നു പറയുമ്പോൾ, ശ്രേഷ്ഠമായ ചിലതിനായി കാത്തിരിക്കുന്നു എന്നർത്ഥം. വിശ്വാസത്തിന്റെ മുഖ്യഭാഗം അതാണ്. തിർച്ചയായും,"[ദൈവത്തിന്റെ വാഗ്ദാനങ്ങളെ] കാണുകയും, ദൂരത്തുനിന്ന് അവയെ സ്വീകരിക്കയും ചെയ്യുന്നത്" (വാ. 13), "വിശ്വാസത്താൽ" തങ്ങൾ അന്വേഷിക്കുന്നത് എന്താണെന്ന് പിതാക്കന്മാർ അറിഞ്ഞിരുന്നു. "അദൃശ്യനായവനിൽനിന്നുള്ള ദൃശ്യമായവ എന്ന പ്രസ്താവന നമുക്ക് 'വിശ്വാസത്താൽ' മാത്രമാണ് സ്വീകരിക്കുവാൻ കഴിയുന്നത് (എൻഈബി)"[9] എങ്ങനെയായാലും, നമ്മുടെ വിശ്വാസത്തിന് നമുക്ക് തളിവ് ഉണ്ട്. അത് ദൈവവചനത്തിലെ

തെളിവിന്റെ അടിസ്ഥാനത്തിൽ ലഭിച്ചതാണ് (റോമ. 10:17). വീണ്ടും വീണ്ടും അത് വിശ്വാസയോഗ്യമാണെന്ന് ദൈവം തെളിയിച്ചിരിക്കയാൽ നമുക്ക് വിശ്വസിക്കാം. "കാണുന്ന കാര്യങ്ങളെ കുറിച്ച് തെളിവ് അല്ലെങ്കിൽ തീർച്ച നൽകുന്നതാണ് ഭൗതികമായ കാഴ്ച്ച; അദൃശ്യമായ ക്രമത്തെ ആളുകൾക്ക് (വാക്യം 27 ൽ മോശെയെപോലെ) കാണത്തക്കവിധത്തിലാക്കുന്നതാണ് വിശ്വാസം."[10]

വിശ്വാസം നമുക്ക് "കാഴ്ച്ച" നൽകുന്നു. തിർച്ചയായും അത് ഇരുട്ടിലേക്കുള്ള ചായ്‌വ് അല്ല. "ഇന്ദ്രിയങ്ങൾക്ക് വെളിപ്പെടുത്തി കിട്ടാത്ത യാഥാർത്ഥ്യത്തെ സമീപിക്കുന്നതാണ് വിശ്വാസം ... അത് കാതലായ വ്യക്തിത്വമാണെന്ന് പറയുവാൻ സാധ്യമല്ല. അത് യാഥാർത്ഥ്യത്തെ ബോധ്യമാക്കുന്നതാണ്, അത് സാക്ഷാലുള്ളതിന്റെ കാണപ്പെടാത്ത പ്രത്യാശ നൽകുന്ന വസ്തുവാണെന്ന് പറയാം. പ്രത്യാശിക്കുന്നത് സംഭവിക്കുമെന്ന ഉറപ്പാണ്."11 നമ്മുടെ ഹൃദയത്തിൽ പ്രത്യാശക്ക് വേണ്ട വിശ്വാസത്തിനായി "തെളിവ്" നൽകുന്നു.

"വിശ്വാസത്താൽ" നാം മനസിലാക്കുന്നു (വാ. 3) എന്നത് ഊന്നി പറയുന്നത് വിശ്വാസവും ജ്ഞാനവും തികച്ചും വേർതിരിക്കുവാൻ പറ്റാത്തവയാണ് എന്നത്രെ. ആത്മിയ കാര്യങ്ങളെ നമുക്ക് കാണുവാൻ സാധ്യമല്ല, എന്നാൽ വെളിപ്പെടുത്തിയിരിക്കുന്നവ ആ യാഥാർത്ഥ്യങ്ങളിൽ ധൈര്യം നൽകുന്നു. "സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങളിലുള്ള പ്രത്യാശയുടെ തീർച്ചയാണ് അത്."[12]

എബ്രായ ലേഖനത്തിൽ പറയുന്നതുപോലെ വിശ്വാസത്തെ നിർവ്വചിക്കുവാൻ, നാം അതിനെ "ആശ്രയം," എന്നോ അല്ലെങ്കിൽ "യഥാർത്ഥ ആശ്രയം" എന്നോ വിളിക്കണം. *പിസ്റ്റിസ്* എന്ന വാക്കിന്റെ അർത്ഥം, "വിശ്വാസം," "വിശ്വസിക്കുക" എന്നാണ്. സാധാരണ, എബ്രായ ലേഖനത്തിൽ, എങ്ങനെയായാലും, ദൈവ വചനത്തിൽ ആശ്രയിച്ച് പ്രാവർത്തികമാക്കുന്നതിനെ ആണ് അന്തർലീനമാക്കിയിരിക്കുന്നത്. അനേകർ "വിശ്വാസം" പ്രാവർത്തികമാക്കിയതായി അദ്ധ്യായം 11 വ്യക്തമാക്കുന്നു. ദൈവത്തിലും അവന്റെ വാഗ്ദാനത്തിലും ഉള്ള ആശ്രയമാണ് അനുസരിക്കുവാൻ ആളുകളെ പ്രേരിപ്പിച്ചത്. "ദൈവം അത് പറഞ്ഞു, ഞാൻ അത് വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ കാര്യം അവിടെ തീർന്നു!" ആ പ്രസ്താവനയിലെ സത്ത "വിശ്വാസം" ആണ്. ഇന്ന് ഒരാൾ ദൈവത്തിന്റെ വചനം പിൻപറ്റുവാൻ തന്റെ ജീവിതത്തെ സമർപ്പിക്കുകയാണെങ്കിൽ, അയാൾ എബ്രായ ലേഖനത്തിൽ പറയുന്ന "വിശ്വാസം" മനസിലാക്കിയിരിക്കുന്നു എന്നർത്ഥം. "ദൈവം പറയുന്നത് ചെയ്യുന്നതാണ് വിശ്വാസം!"[13] അത് അന്ധവിശ്വാസമോ, വിശ്വാസശീലതയോ അല്ല. അത് എബ്രായർ 11 ൽ പല പ്രാവശ്യവും കാണുന്നതുപോലെ, തെളിവിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

നമ്മുടെ പ്രത്യാശയുടെ ബന്ധത്തിലുള്ള "ഉറപ്പാണ്" വിശ്വാസം. ലോകത്തിലുള്ള പ്രശ്നങ്ങൾ നേരിടുമ്പോൾ, നമുക്ക് പ്രത്യാശ ഇല്ലെങ്കിൽ നാം കുഴപ്പത്തിലാകും. നവോത്ഥാന നായകനായിരുന്ന ജോൺ കാൽവിൻ (1509–1564) ചോദിച്ചു, "നമ്മുടെ പ്രത്യാശയിൽ നാം ആശ്രയിച്ചില്ലെങ്കിൽ, ദൈവാത്മാവിനാൽ നൽകിയ വചനത്താലുള്ള പ്രകാശത്തിൽ നാം ആശ്രയിച്ചില്ലെങ്കിൽ, ലോകത്തിന്റെ ഇരുട്ടിൽ നമുക്ക് എന്തു സംഭവിക്കും?"[14] അത് വെറും ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ല, മറിച്ച് ദൈവ വാഗ്ദാനങ്ങളിൽ കേന്ദ്രീകരിച്ചതാണ്. അബ്രഹാമിന്ന് സ്വർഗം യാഥാർത്ഥ്യമാക്കിയത് അവന്റെ വിശ്വാസമായിരുന്നു (വാ. 10).

അത് തെളിവില്ലാത്ത ആത്മവിശ്വാസം അല്ല; അത് ഉറപ്പുള്ള അടിസ്ഥാനമുള്ള ഉറച്ച വിശ്വാസം ആണ്. പാറയെ തൊട്ട് നോക്കി വിശ്വസിക്കുന്നതുപോലെയുള്ള ഒരു ആത്മവിശ്വാസം അല്ല അത്; എന്നിരുന്നാലും, അതിന് യഥാർത്ഥമായ ഒരു സത്ത ഉണ്ട്; പാറ ഉണ്ടെന്ന് തെളിവ് നൽകുന്നതുപോലെ നമുക്ക് ദൈവം ഉണ്ടെന്ന തെളിവ് നൽകുവാൻ സാധ്യമില്ല, എന്നാൽ നമ്മുടെ വിശ്വാസത്തിന് ഉറപ്പുള്ള കാരണങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് വിശ്വസിക്കുവാൻ നമുക്ക് മതിയായ കാരണങ്ങൾ ഉണ്ട്, നാം ഉർത്തെഴുന്നേൽക്കുമെന്ന് പറഞ്ഞിരിക്കുന്നത് അവനാണ് (യോഹ. 5:28, 29). എന്തുകൊണ്ടാണ് നാം അത് സ്വീകരിക്കുന്നത്? കാരണം നാം ഉയർത്തെഴുന്നേൽക്കുമെന്ന് വെറുതെ പറയുകയായിരുന്നില്ല, തന്റെ സ്വന്ത ജീവിതത്തിൽകൂടെ അത് നമുക്ക് കാണിച്ചു തന്നിരിക്കുന്നു. അദൃശ്യനായ നമ്മുടെ ദൈവത്തിന്റെ കൽപനയുടെ ഫലമായിട്ടാണ് നാം കാണുന്നതെല്ലാം എന്ന് നാം മനസിലാക്കുന്നത് വിശ്വാസം മൂലമാണ്.

"കാണാത്ത കാര്യങ്ങളെ കുറിച്ചുള്ള നിശ്ചയമാണ് [*എലെഗ്കോസ്*] വിശ്വാസം." വിശ്വാസിക്ക് സംശയാതീതമായി സ്ഥിരീകരിക്കപ്പെട്ടതാണ് ദൈവിക വെളിപ്പാടിൽ (തിരുവെഴുത്ത്) കാണുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ, സംഭവിക്കുവാനിരിക്കുന്നത് സംഭവിക്കുക തന്നെ ചെയ്യുമെന്ന് വിശ്വാസിക്ക് വിശ്വസിക്കാം. ഉദാഹരണത്തിന്, പൗലൊസ് 1 കൊരിന്ത്യർ 15:35–41 ൽ പുനരുത്ഥാന സാമ്യതയെ കുറിച്ച് വിവരിക്കുന്നു. സാമ്യങ്ങൾ ഒന്നും തെളിയിക്കുന്നില്ല, എന്നാൽ മരിച്ചവർക്ക് പുനരുത്ഥാനമുണ്ടെന്ന് വിശ്വാസിക്കുവാൻ അത് കാരണമാകും. ചുരുങ്ങിയത്, പുനരുത്ഥാനം സംഭവിക്കുവാൻ പോകുന്നില്ല എന്നു വാദിക്കുന്നത് എത്ര മൗഢ്യമാണെന്ന് വെളിപ്പെടുത്തുന്നതാണ് സാമ്യങ്ങൾ. ശാരീരികമായ ഉയർപ്പ് സ്വാഭാവികമായി അസംഭവ്യമാണെന്ന് പറയുന്നതിനെ ഒരു വിത്തിന്റെ (സസ്യമായി തീരുവാൻ വിത്ത് ചാകുന്നു) ചിത്രീകരണം പൗലൊസ് ഉപയോഗിച്ചിരിക്കുന്നു. പുതിയതും വ്യത്യസ്തവുമായതെങ്കിലും, അത് ഒരു "ശരീരം" തന്നെയായിരിക്കുമെന്ന് അവൻ കാണിച്ചു തന്നിരിക്കുന്നു. പ്രകൃതിയിൽ സാധാരണ കാണുന്ന ഉദാഹരണങ്ങളാണ് അവൻ ഉപയോഗിച്ചിരിക്കുന്നത്. മൃതശരീരത്തിന് വീണ്ടും ജീവൻ ലഭിക്കുമെന്ന് ഒരാൾ വിശ്വസിക്കുന്നില്ലെങ്കിൽ അയാൾ ഒരു "മൂഢൻ" ആണ് (1 കൊ. 15:36). അതുകൊണ്ട്, അത്തരം സാമ്യങ്ങൾ യുക്തിസഹജമാകുവാൻ, ദൈവിക വെളിപ്പാടിനെ അടിസ്ഥാനപ്പെടുത്തിയാകണം നമ്മുടെ തീർച്ച. വിശ്വസിക്കുവാനുള്ള ആഗ്രഹം വിശ്വാസം ജനിപ്പിക്കുന്നു എന്ന തരത്തിൽ "ഞാൻ വിശ്വസിപ്പാൻ ആഗ്രഹിക്കുന്നതുകൊണ്ട് വിശ്വസിക്കുന്നു" എന്നതല്ല അത്, കാരണം ക്രിസ്തീയ വിശ്വാസത്തിന്റെ സത്ത അതല്ല. എങ്ങനെയായാലും, ഒരാൾ ആത്മാർത്ഥമായി അന്വേഷിച്ചില്ലെങ്കിൽ, അയാൾ വിശ്വസിക്കുകയില്ല (വാ. 6). സത്യത്തിന്റെ അർത്ഥം മനസിലാക്കുവാൻ, അയാൾ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളണം (യോഹ. 7:17). ദൈവത്തെ അനുസരിക്കുവാൻ മനസില്ലാത്തവർക്ക് മനസിലാകുമെന്ന് വാഗ്ദാനം ചെയ്തിട്ടുമില്ല. സത്യം അനുസരിക്കാതിരിപ്പാൻ സാത്താൻ അവരുടെ മനസിനെ കുരുടാക്കി വെച്ചിരിക്കുകയാണ് (2 കൊ. 4:3–5). നമ്മുടെ ഭൗതികമായ കണ്ണുകൾക്ക് കാണുവാൻ കഴിയുകയില്ലെങ്കിലും, എബ്രായർ 11 ൽ പറഞ്ഞിരിക്കുന്ന വിശ്വാസം നമ്മുടെ ഉള്ളിൽ ഉറപ്പും തീർച്ചയും നൽകുന്നതാണ്.

"വിശ്വാസവും," "പ്രത്യാശയും" എബ്രായ ലേഖനത്തിൽ പ്രത്യേകമായി

മാറി മാറി ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ്.[15] വാസ്തവത്തിലുള്ള വിശ്വാസം എന്നു പറയുന്നത് ഏതാണ്ട് ഒരു “ആ-ധാരം” (“ഉറപ്പിനായി”) ഭാവിയിൽ കൈവശമാക്കുവാൻ നൽകുന്നതുപോലെയാണ്.[16] നമുക്ക് രക്ഷ നൽകിയിരിക്കുന്നത് തെളിവിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിന്മേലുള്ള പ്രത്യാശയാണ് (റോമർ. 8:24, 25). ഒരാൾ ബൈബിൾ വായിക്കുകയോ, പഠിക്കുകയോ, സുവിശേഷ പ്രസംഗം കേൾക്കുകയോ ചെയ്യാതെ അയാൾ ഇത്തരം വിശ്വാസത്തിലേക്ക് വരുന്നില്ല.

### വിശ്വാസത്തിന്റെ പ്രദർശനം
### (11:2, 3)

**2അതിനാലല്ലോ പൂർവ്വന്മാർക്ക് സാക്ഷ്യം ലഭിച്ചത്.**

**3ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നുവരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു.**

**വാക്യം 2.** വിശ്വസ്തരായിരുന്നവരുടെ പേരുകൾ പറയുന്നതിന് മുൻപ് തന്നെ ലേഖകൻ അവർക്ക് **സാക്ഷ്യം ലഭിച്ചു** (*മാർടുരെയോ*) എന്ന് പറഞ്ഞ് അവരെ അഭിനന്ദിക്കുകയാണ് ചെയ്യുന്നത്. **പൂർവ്വന്മാർ** എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് *പ്രെസ്ബുറ്ററോസ്* ആണ്, പുതിയ നിയമത്തിൽ അത് “മൂപ്പൻ” എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പിതാക്കന്മാരിൽ, ഹാബേൽ, ഹാനോക്, നോഹ, അബ്രഹാം എന്നിവർ ഉൾപ്പെടുന്നു. ആ “പൂർവ്വന്മാരെ” അഭിനന്ദിച്ചത് അവരുടെ താലന്തുകൾക്കോ, ധനത്തിനോ, വിദ്യാഭ്യാസത്തിനോ, ലോകപ്രകാരമുള്ള അവരുടെ നേട്ടത്തിനോ ആയിരുന്നില്ല. അവർ ദൈവത്തിൽ ആശ്രയിച്ചതിനാൽ, അവർക്ക് നല്ല ബഹുമതി ലഭിച്ചു. “ഇതിനാണ് പൂർവ്വന്മാർക്ക് ദൈവത്താലുള്ള സാക്ഷ്യം ലഭിച്ചത്” എന്നാണ് ഈ വാക്യം പറയുന്നത്.[17] “അവർ തിരുവെഴുത്തിൽ അമർത്യരാണ്” എന്നതായിരിക്കാം ആശയം.[18]

ഹാബേലിന് “സാക്ഷി,” അല്ലെങ്കിൽ “സാക്ഷ്യപ്പെടുത്തൽ” ലഭിച്ചിരുന്നു (വാ. 4), ഒരുപക്ഷെ മറ്റുള്ളവർക്കും ലഭിച്ചിരിക്കാം, എന്നാൽ, ബൈബിളിൽ ആദ്യമായി “നോഹയെ” ആണ് നീതിമാൻ എന്നു വിളിച്ചിരിക്കുന്നത് (ഉല്. 6:9). ദൈവത്തോടുകൂടെ നിൽക്കേണ്ട പ്രാധാന്യം അവൻ മനസിലാക്കിയിരുന്നു, അതുകൊണ്ട് വരുവാനുള്ളത് ദൈവം അവനോട് അറിയിച്ചു (വാ. 7). അവന്റെ “നീതിയെ” ദൈവം ഒരുപക്ഷെ അനുമോദിച്ചിരിക്കാം. ആ “പൂർവ്വന്മാർക്ക്” ദൈവത്തിൽനിന്ന് നേരിട്ട് ആശയവിനിമയം ലഭിച്ചു, എന്നാൽ നമുക്ക് അത് ലഭിക്കുന്നില്ല. നമുക്ക് ജ്ഞാനം ലഭിക്കുന്നത് ദൈവം അന്തിമമായി വെളിപ്പെടുത്തിയ തിരുവെഴുത്തിൽനിന്നാണ്. അവൻ വെളിപ്പെടുത്തിയ തിരുവെഴുത്ത് നാം കൈക്കൊണ്ട് നാം വിശ്വസ്തരായി ജീവിച്ചാൽ, നമുക്കും ദൈവത്തിൽനിന്നു ബഹുമതി ലഭിക്കും. പൂർവ്വന്മാർക്ക് ദൈവത്തിൽനിന്നു ലഭിച്ച സാക്ഷ്യം നമുക്ക് ഒരു മാതൃകയായി “സ്ഥിരമായി അദ്ധ്യായം 11 ൽ രേഖപ്പെടുത്തി”യിരിക്കുകയാണ്.[19] അവരുടെ വിശ്വാസം അവരെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തരാക്കുകയും ദൈവത്താലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു.

**വാക്യം 3. വിശ്വാസത്താൽ നാം അറിയുന്നു** ... ക്രിസ്ത്യാനികൾ വിശ്വാ

സത്താൽ, നമ്മുടെ ലോകം സൃഷ്ടിച്ചത് ദൈവിക മനസിനാലും ശക്തിയാലുമാണ് എന്നു അറിയുന്നു. കാണാത്ത കാര്യങ്ങളുടെ നല്ല ഉദാഹരണം ഈ വാക്യത്തിൽ കാണാം, സൃഷ്ടിത്വം നടന്നത് ആരും കണ്ടില്ല. അത് സംഭവിച്ചതിനെ കുറിച്ച് പ്രതിപാദിക്കുന്ന സിദ്ധാത്തിലൊന്നും നാം പ്രശംസിക്കുന്നില്ല; എങ്ങനെയായാലും, ലേഖകൻ വിശ്വാസത്തിന്റെ ഹൃദയത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു, “ആദിയിൽ ദൈവം സൃഷ്ടിച്ചു” എന്നത് “സൂര്യൻ കിഴക്ക് ഉദിക്കുന്നു” എന്നതുപോലെ സത്യമാണ്.

ദൈവത്തിന്റെ സൃഷ്ടിത്വം ശാസ്ത്ര വസ്തുതകളോട് യോജിക്കുന്നില്ല എന്നാണ് പലരും കരുതുന്നത്. ഒരു മിശ്രിതം എന്താണെന്ന് ശാസ്ത്രത്തിന് പറയുവാൻ കഴിയും, അത് അതിലെ ഭൗതികമായ വസ്തുക്കൾ മറ്റു വസ്തുക്കളുമായി എങ്ങനെ പ്രതിപ്രവർത്തനം നടത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും-എന്നാൽ ആരംഭത്തെ കുറിച്ച് അതിനൊന്നും പറയുവാൻ കഴിയുകയില്ല. അതുകൊണ്ടായിരിക്കാം ലോകത്തിന്റെ ഉത്ഭവത്തെ കുറിച്ച് ധാരാളം ആളുകൾ പല ഊഹാപോഹങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. ആരംഭ സമയത്ത് നിരീക്ഷിക്കുവാനായി ഒന്നും ഇല്ലല്ലൊ.[20] പുതിയ കണ്ടുപിടിത്തങ്ങൾ വരുന്തോറും ശാസ്ത്രിയ സിദ്ധാന്തങ്ങൾ മാറും. ചില കണ്ടുപിടിത്തങ്ങൾ, തിരുവെഴുത്തുകളെ കുറിച്ചുള്ള നമ്മുടെ അറിവ് പുനപ്പരിശോധിക്കുവാൻ നാം നിർബ്ബന്ധിതരാകും കാരണം നാം അത് ശരിയായി വ്യാഖ്യാനിച്ചിരുന്നില്ല. എങ്ങനെയായാലും, അത് നമ്മുടെ വിശ്വാസത്തെ നശിപ്പിക്കുന്നില്ല, കാരണം വിശ്വാസം ശാസ്ത്രത്തിനുമപ്പുറമാണ്.

പരിണാമം എന്നു പറയുന്ന ശാസ്ത്രം ഒരു സിദ്ധാന്തമാണ്; “ശാസ്ത്രം” എന്ന വാക്കിന്റെ ശരിയായ അർത്ഥം “ജ്ഞാനം” എന്നാണ്. “ഒന്നുമില്ലായ്മയിൽനിന്നു ഒന്നും ഉണ്ടാക്കുവാൻ കഴിയുകയില്ല” എന്നു പറയുവാനേ തത്വശാസ്ത്രത്തിന് കഴിയുകയുള്ളു. അതിനപ്പുറമായി പോകുവാൻ വിശ്വാസത്തിനു കഴിയും, “ഒന്നുമില്ലായ്മയിൽനിന്ന് ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നും, ദൈവം അരുളിച്ചെയ്യാതെ ഒന്നും ഉളവായിട്ടില്ല” എന്നും നമുക്ക് ധൈര്യത്തോടെ പറയാം. **ലോകം ദൈവത്തിന്റെ അരുളപ്പാടിനാൽ ഉളവായി** എന്നു ബൈബിൾ വിശ്വാസം തറപ്പിച്ചു പറയുന്നു. കൂടുതൽ അക്ഷരികമായി പറഞ്ഞാൽ, “ഈ പ്രപഞ്ചം ദൈവത്തിന്റെ വചനത്താലാണ് ഉത്ഭവിച്ചത്,” ഇവിടെ “വചനം” (*രേമാ*) എന്നത് ദൈവം സംസാരിച്ച വാക്ക് ആണ് അല്ലാതെ യോഹന്നാൻ 1 ൽ ക്രമാനുഗതമായി പറഞ്ഞ *ലോഗോസ്* എന്ന അർത്ഥത്തിൽ വചനം അല്ല.

ദൈവത്തിന് സൃഷ്ടിക്കുവാനുള്ള ശക്തിയുണ്ടെന്ന് തെളിയിക്കുവാനുള്ള ശ്രമമല്ല എബ്രായ ലേഖനം നടത്തുന്നത്. മറിച്ച്, മോശെയും (ഉല്. 1:1) സങ്കീർത്തനക്കാരനും (സങ്കീ. 33:6, 9) ചെയ്തതുപോലെ ആത്മാവിന്റെ ആധികാരികതയെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രപഞ്ചം ഈ വിധത്തിലാണ് സൃഷ്ടിക്കപ്പെട്ടതെന്ന് അനുഭവസിദ്ധമായ ചില തെളിവുകൾ നമുക്ക് നൽകുവാൻ കഴിയുമെങ്കിലും, അന്തിമമായ തെളിവ് തിരുവെഴുത്താണ്. ആ വാക്കിന്റെ ഒരു രൂപം തർജ്ജമ ചെയ്തിരിക്കുന്ന “മനസിലാക്കൽ” (*നൊയേയോ* യിൽനിന്നുള്ളത്) എന്ന വാക്ക് അപ്പൊസ്തലനായ പൗലൊസ്, റോമർ 1:20 ൽ ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള ചില വിവരം അവന്റെ സൃഷ്ടികളിൽനിന്നും ലഭ്യമാണെന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.

ദൈവം സൃഷ്ടിച്ചതിൽ “ലോകവും” (*എയിയോണിൽ* നിന്നുള്ള *എയിയോണാസ്*), അല്ലെങ്കിൽ “കാലങ്ങളും” ഉൾപ്പെടുന്നു. ആ വാക്കിന്റെ അർത്ഥം,

“ലോകത്തിലെ ജീവിതം തുടരുന്നതും പുരോഗമിക്കുന്നതും ... ക്രിസ്തുവിൽ എല്ലാം ഒന്നിൽ കേന്ദ്രീകരിച്ചിരിക്കുന്നതുമാണ്.”[21] അതിൽ “കാലത്തിന്റേയും സ്ഥലത്തിന്റേയും നിബന്ധനകളിൽ ഉൾപ്പെടുന്നതെല്ലാം” അടങ്ങിയിരിക്കുന്നു.[22]

**ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല** എന്നതിന്റെ അർത്ഥം, “ഒന്നുമില്ലായ്മയിൽ നിന്നു നിർമ്മിച്ചു” എന്നാണ്. മുൻപ് ഉണ്ടായിരുന്ന വസ്തുവിൽനിന്നല്ല ലോകത്തെ മെനഞ്ഞത്; മറിച്ച്, അത് ക്രിയേഷ്യോ *എക്സ് നിഹിലോ* യിൽനിന്നാണ്. “ഒന്നുമില്ലായ്മയിൽനിന്ന് സൃഷ്ടിക്കുന്നതിനെ” ആണ് ആ ലാറ്റിൻ പ്രയോഗം സൂചിപ്പിക്കുന്നത്. ഇത് ഗ്രീക്ക് ചിന്തയുമായി യോജിക്കുന്നു. എബ്രായ ലേഖകൻ *എക്സ് നിഹിലോ* എന്ന വാക്ക് അല്ല ഉപയോഗിച്ചത്. എന്നാൽ “[ഇന്ദ്രിയങ്ങൾക്ക് ദൃശ്യമായതിൽ]നിന്നല്ല പ്രപഞ്ചത്തെ നിർമ്മിച്ചത് എന്ന നിഷേധത്തിൽ പ്രായോഗികമായി അതാണ് അന്തർലീനമാക്കിയിരിക്കുന്നത്.”[23] ദൈവ വചനത്താലായിരുന്നു സൃഷ്ടിത്വം നടന്നത്. “.യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ സകലവും ഉളവായി ... അവൻ അരുളിച്ചെയ്തു അങ്ങനെ സംഭവിച്ചു; അവൻ കൽപിച്ചു അങ്ങനെ സ്ഥാപിതമായി” (സങ്കീ. 33:6-9).

## നീതിമാന്മാരായ പുരുഷന്മാരുടെ ഛായാ ചിത്രങ്ങൾ (11:4-7)

**4വിശ്വാസത്താൽ ഹാബേൽ ദൈവത്തിന്നു കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന്നു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന്നു സാക്ഷ്യം കൽപിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു. 5വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെടുന്നതിന് മുമ്പെ സാക്ഷ്യം പ്രാപിച്ചു. 6എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. 7വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെ കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തിപൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷക്കായിട്ട് ഒരു പെട്ടകം തീർത്തു. അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ച് വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായി തീർന്നു.**

വിശ്വാസത്തെ കുറിച്ച് ലേഖകൻ പറയുമ്പോൾ, പഴയനിയമത്തിലെ നീതിമാന്മാരെ കുറിച്ചാണ് എടുത്ത് കാണിച്ചത്. ഹാബേൽ, ഹാനോക്ക്, നോഹ എന്നിവരായിട്ടാണ് തുടങ്ങിയത് (വാ. 4, 5, 7). പിന്നെ അവൻ നൽകുന്നത് വിശ്വാസം അനുസരണമാക്കിയ ഒരു കൂട്ടം ആളുകളെയാണ് പട്ടികയിൽ പറയുന്നത്: അബ്രഹാം, യിസഹാക്ക്, യാക്കോബ്, സാറാ (വാ. 8-16). പരീക്ഷിക്കപ്പെട്ടവരും കഷ്ടതയേറ്റവരുമാണ് മൂന്നാമത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. അവരിൽ അബ്രഹാം, യിസഹാക്ക്, യാക്കൊബ്, യോസേഫ്, മോശെ എന്നിവരെയാണ് (വാ. 17-28).[24]

**വാക്യം 4. ഹാബേൽ ദൈവത്തിന്ന് കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു** (ഉല്. 4:1–16 നോക്കുക). "ഉത്തമമായ" (*പോളസിൽ* നിന്നുള്ള *പ്ലെയി യോനാ*) എന്നതിന് "അധിക പ്രാധാന്യമുള്ള"[25] എന്നും അർത്ഥം വരാം. "വഴിപാടും കൊണ്ടുവന്നു" എന്നും "കടിഞ്ഞൂലുകളിൽനിന്ന്" എന്നും പറഞ്ഞിരിക്കയാൽ ഉൽപത്തി 4:4 ൽ പറഞ്ഞിരിക്കയാൽ അവൻ കയ്യീൻ കൊണ്ടുവന്നതിലധികം കൊണ്ടുവന്നു എന്നാണ് ചിലർ കരുതുന്നത്. അക്ഷരികമായി അതിനർത്ഥം, വഴിപാടിന്റെ വിലയിലും ഗുണത്തിലും ഹാബേൽ "മേന്മയുള്ളത്" നൽകി എന്നാണ്.[26]

ഹാബേൽ ചെയ്തതു **വിശ്വാസത്താലായിരുന്നു**, പക്ഷെ കയ്യീൻ യുക്തിപരമായിട്ടായിരിക്കാം ചെയ്തത്. "ഈ വഴിപാട് എനിക്ക് നല്ലതാണെങ്കിൽ, ദൈവത്തിനും നല്ലതായിരിക്കും" എന്നായിരിക്കാം അവൻ വിചാരിച്ചത്. വിശ്വാസത്താലുള്ള മനോഭാവമായിരുന്നില്ല അവന്റേത്; അതിന്റെ ഫലമായി അവന്റെ വഴിപാട് ഹാബേലിന്റേതിനേക്കാൾ വളരെ കുറഞ്ഞതായി കണ്ടു. തന്നിൽ ഒരു പാപവുമില്ല എന്നു അന്തർലീനമാക്കുന്നതായിരുന്നു അവന്റെ വഴിപാട്.[27] ആദാമിന്റെ രണ്ട് മക്കളുടേയും ഹൃദയം ദൈവത്തിന് അറിയാമായിരുന്നതിനാൽ, കയ്യീനെ കുറിച്ചുള്ള ദൈവത്തിന്റെ വിധി ഉചിതമെന്ന് തെളിയിക്കുന്നതായിരുന്നു പിന്നീട് സഹോദരനോടുള്ള കയ്യീന്റെ പ്രവൃത്തി. ഹാബേൽ "വിശ്വാസത്താൽ" ദൈവത്തിന് വഴിപാട് അർപ്പിക്കുകയും അത് **നീതിയായി** കണക്കിടുകയും ചെയ്തു; അതുകൊണ്ട്, ഹാബേലിന്റെ ഹൃദയ മനോഭാവമായിരുന്നു അവന് ദൈവമുൻപാകെ നീതിമാനായി നിൽക്കുവാൻ സാധിച്ചത്, പ്രാഥമികമായി അവനും സഹോദരനും തമ്മിൽ വ്യത്യാസം ജനിപ്പിച്ചതും അതായിരുന്നു.

ഹാബേലിന് **സാക്ഷ്യം** (*മാർടുരെയോ*) ലഭിച്ചു. അത് എങ്ങനെ ചെയ്തു എന്ന്, നമ്മോട് പറഞ്ഞിട്ടില്ല. സ്വർഗത്തിൽനിന്നു തീ ഇറക്കി യാഗം ദഹിപ്പിച്ചിരിക്കുവാനാണ് ഒരു സാധ്യത; അതാണ് 1 രാജാക്കന്മാർ 18:38 ൽ ഏലിയാവിന്റെ കാര്യത്തിൽ സംഭവിച്ചത്.[28] തീർച്ചയായും, കയ്യീന്റെ വഴിപാട് സ്വീകരിച്ചതായി തെളിവ് ഇല്ല. ഉൽപത്തി 4:6, 7 ൽ ദൈവം കയ്യീനോട് സംസാരിച്ചു. ഒരുപക്ഷെ അവൻ ഹാബേലിനോടും വഴിപാട് സ്വീകരിച്ചതായി സംസാരിച്ചിരിക്കാം. ഒരാൾ നീതിയുള്ളവനും മറ്റെയാൾ നീതിയില്ലാത്തവനുമായിട്ടാണ് പ്രവർത്തിച്ചതെന്ന് അവൻ സ്പഷ്ടമായി സംസാരിച്ചിരിക്കാം (1 യോഹ. 3:12). ദുഷ്ടൻ എല്ലായ്പോഴും നന്മയെ വെറുക്കും.

ഉൽപത്തിയിൽ വിവരിച്ചിരിക്കുന്നതെല്ലാം താൻ വിശ്വസിക്കുന്നതായിട്ടാണ് എബ്രായ ലേഖകൻ ഈ വാക്യങ്ങളിൽ തറപ്പിച്ചു പറയുന്നത്. "ഞാൻ പുതിയനിയമത്തെ വിശ്വസിക്കുന്നു; പക്ഷെ പഴയ നിയമത്തെ വിശ്വസിക്കുന്നില്ല" എന്നു ഒരാൾ പറയുന്നത് സ്ഥിരതയില്ലായ്മയെ ആണ് കാണിക്കുന്നത്. തിരുവെഴുത്തിൽ സ്ഥിരമായി രേഖപ്പെടുത്തിയ വാക്കുകളിലൂടെ ഇപ്പോഴും ഹാബേൽ സംസാരിച്ചുകൊണ്ടിരിക്കുന്നു.[29] മരണശേഷവും അവന്റെ പ്രവൃത്തി പിന്തുടരുകയാണ് (വെളി. 14:13). "ഞാൻ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു. എബ്രായരായ നിങ്ങൾ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞാൻ ചെയ്തതുപോലെ നിങ്ങളും ചെയ്യണം" എന്നായിരുന്നു അവർ പറഞ്ഞത്. ഒരുപക്ഷെ, ജീവിച്ചിരിക്കുമ്പോൾ ഒരാൾ പറഞ്ഞതും പ്രവർത്തിച്ചതും, അയാളുടെ സ്വഭാവവും പെരുമാറ്റവും മരണശേഷമാണ് കൂടുതലും അറിയപ്പെടുന്നത് എന്ന് ഒരാൾ "പറഞ്ഞേക്കാം," ഹാബേലിന്റെ മാതൃകയുള്ള

ജീവിതം നിമിത്തമാണ് ഇപ്പോഴും അവനെ കുറിച്ചു സംസാരിക്കുവാൻ കാരണം. തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഹാബേലിനെ കുറിച്ച് ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലും സംസാരിച്ചുകൊണ്ടിരിക്കുന്നു, അത് അവൻ അന്നു ചെയ്തതുപോലെ, നാമും ഇന്നു പിതാവിന്റെ ഇഷ്ടം അനുസരിക്കുന്നതിനായിട്ടാണ്. മരണത്തിലും നീതിയും, നിരപരാധിത്വം തെളിയിക്കലും ദൈവം നടത്തുമെന്ന ഉറപ്പാണ് നൽകുന്നത്, അങ്ങനെ തന്നെ സ്നേഹിക്കുന്നവർക്ക് അവൻ സകലവും നന്മക്കായി വ്യാപരിക്കുമെന്ന് തെളിയിച്ചു തരുന്നു (റോമ. 8:28). ഹാബേലിന്റെ രക്തത്തിന്റെ ശബ്ദം ഇപ്പോഴും ഭൂമിയിൽനിന്നു നിലവിളിക്കുകയാണ് (ഉല്. 4:10 നോക്കുക). ആ നിലവിളിക്ക് പൂർണ്ണ നീതിയോടെ ന്യായവിധി നാളിൽ മറുപടി ലഭിക്കും.

ഹാബേലിന്റെ രക്തത്തേക്കാൾ "യേശുവിന്റെ ഗുണകരമായി രക്തം സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രായർ. 12:24), "പാപമോചനം ഇപ്പോൾ ലഭ്യമാണ്" എന്നാണ് യേശുവിന്റെ രക്തം നിലവിളിക്കുന്നത്. നീതിക്കായി നിലവിളിച്ച പുതിയനിയമ രക്തസാക്ഷികളോടൊപ്പം ഹാബേലിന്റെ രക്തവും ചേരുന്നു, രക്തസാക്ഷികളുടെ എണ്ണം തികഞ്ഞു വരേണം എന്നു തോന്നുന്നു (വെളി. 6:9–11).

**വാക്യം 5. ഹാനോക്കിനെ** കുറിച്ചുള്ള ചെറിയ ഒരു വിവരണം ഉൽപത്തി 5:21–24 ൽ കാണാം; വാക്യം 24 നമ്മുടെ വേദഭാഗത്ത് ഉദ്ധരിച്ചിരിക്കുന്നു: **ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി**. യൂദാ 14 പറയുന്നത് ഹാനോക്ക് ഒരു പ്രവാചകനായിരുന്നു എന്നാണ്. നോഹയെ പോലെ അവൻ ഒരു നീതി പ്രസംഗിയായിരുന്നേക്കാം (2 പത്രൊ. 2:5). അവന്റെ മകനായ മെഥുശലേം ജനിച്ചശേഷം അവൻ ദൈവത്തോടുകൂടെ നടന്നു എന്നാണ് ഉൽപത്തി വെളിപ്പെടുത്തുന്നത്. പല പുരുഷന്മാരും തങ്ങൾക്ക് കുഞ്ഞുങ്ങൾ ജനിച്ച ശേഷമാണ് അവർ ദൈവത്തോടുകൂടെ നടക്കുവാൻ ആരംഭിച്ചത്. ആ വിലയേറിയ ദാനം അവനെ ദൈവത്തോടുള്ള കടമയും ഉത്തരവാദിത്തവും നിർവ്വഹിപ്പാൻ പ്രേരിപ്പിക്കുന്നു. തന്റെ കഴിവിനപ്പുറമാണ് കുട്ടികളെ നടക്കേണ്ടുന്ന വഴിയിൽ അവരെ അഭ്യസിപ്പിക്കുക എന്ന തിരിച്ചറിവാണ് അവനെ ദൈവത്തിന്റെ സഹായത്തിൽ ആശ്രയിക്കുവാൻ കാരണം (സദൃശ. 22:6).

ദൈവത്തോടുകൂടെ ഹാനോക്ക് നീതിയോടെ നടന്നതിനാൽ, **മരണം** അനുഭവിക്കാതെ അവൻ ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. (അത് അവനും ഏലിയാവിനും മാത്രമാണ് സംഭവിച്ചത്; 2 രാജാ. 2:1, 11). അത് വാസ്തവത്തിലുള്ള ഒരു "ഹർഷോന്മാദം" ആണ്, കാരണം അവൻ **എടുക്കപ്പെടുകയായിരുന്നു** (*മെറ്റാറ്റിതെമി*) ("എടുക്കപ്പെട്ടു," എന്ന അർത്ഥം വരുന്ന ലാറ്റിൻ വാക്കിൽനിന്നാണ് "റാപ്ച്ചർ" എന്ന വാക്ക് വന്നിരിക്കുന്നത്.) ലേഖകൻ പലപ്പോഴും ഉദ്ധരിച്ചതായ LXX ലെ ഉൽപത്തി 5:24 ൽ പറയുന്നത് "എടുത്തുകൊണ്ടു" എന്നാണ്. ഹാനോക്ക് ഭൗതികമായ അവസ്ഥയിൽനിന്ന്, ആത്മിയമായ അവസ്ഥയിലേക്ക്, അല്ലെങ്കിൽ ഭൗമികമായതിൽനിന്ന് സ്വർഗിയമായവയിലേക്ക് "മാറ്റപ്പെടുകയായിരുന്നു."

പ്രവൃത്തികൾ 7:16 ൽ അതേ വാക്ക് "എടുക്കപ്പെട്ടു" എന്ന് പറഞ്ഞിരിക്കുന്നു, അവിടെ യാക്കോബിന്റെ ശരീരം ശേഖേമിലേക്ക് "എടുത്തുകൊണ്ടുപോയി" എന്നു പറയുവാനാണ് ഉപയോഗിച്ചിത്. ഗലാത്യർ 1:6 ലും ഗലാത്യയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ പെട്ടെന്ന് ഉപദേശത്തിൽനിന്ന് മാറിയതിനെ കുറിച്ച് പറയുമ്പോഴും പൗലൊസ് ആ വാക്ക് ഉപയോഗിച്ചു. (അത് അവർ

പെട്ടെന്ന് തെറ്റ് വിശ്വസിച്ചു അല്ലെങ്കിൽ തെറ്റിലേക്ക് വഴുതി പോയതുപോലെ ആയിരുന്നു). ന്യായപ്രമാണം മാറിയത് സൂചിപ്പിച്ചും എബ്രായർ 7:12 ലും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു.

ഏലിയാവ് എടുക്കപ്പെട്ടപ്പോൾ, ഏലീശാ കണ്ടതുപോലെ, ഹാനോക്ക് എടുക്കപ്പെടുന്നത് അവന്റെ സ്നേഹിതൻ കണ്ടുകാണുമോ എന്ന് ഒരാൾ സംശയിച്ചേക്കാം (2 രാജാ. 2:1–14). ഏലിയാവിന്റെ ശരീരം ചിലർ അന്വേഷിച്ചതുപോലെ ആരെങ്കിലും ഹാനോക്കിന്റെ ശരീരം അന്വേഷിച്ചുകാണുമോ (2 രാജാ. 2:17)? അതിന് "കണ്ടെത്തിയില്ല" എന്ന ഉത്തരം ആയിരിക്കാം ലഭിച്ചത്. ജീവിതത്തിന്റെ മറ്റൊരു വശത്തേക്കായിരിക്കാം ഹാനോക്കിനെ എടുത്തത്. (*മെറ്റാറ്റിതെമി* എന്ന വാക്കിന് ആ അർത്ഥവും വരാം), ആരും അത് കണ്ടിരിക്കാനും സാധ്യതയില്ല. ചിലർ അവന്റെ ശരീരത്തിനായി നോക്കിയെങ്കിലും, "കണ്ടെത്തുവാൻ കഴിഞ്ഞില്ല" എന്ന ഉത്തരം ലഭിച്ചതായിട്ടാണ് ടിഇൗവി യിൽ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നതിൽ പറയുന്നത്. അവന്റെ ശരീരം അവർക്ക് കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, പുറപ്പെട്ടു പോകുന്നതിനു മുൻപ് അവൻ ആരോടുകൂടെ നടന്നുവോ, അവന്റെ അടുക്കലേക്ക് പോയി എന്ന് അവർക്കു അറിയാമായിരുന്നു. താൻ ദൈവത്തോടും ദൈവം തന്നോടും സംസാരിച്ചിരുന്നതായി അവൻ ആരോടെങ്കിലും സംസാരിച്ചുകാണും.

അവന്റെ ''വിശ്വാസം അവനെ എടുത്തുകൊണ്ടുപോയി'' എന്നു വാക്യം 5 പറയുന്നില്ല. മറിച്ച്, മരണത്തിന്റെ താഴ്വര കടക്കാതെ ആ മനുഷ്യൻ ഭൂമിയിലായിരുന്നപ്പോൾ ജീവിച്ചതിനോടുള്ള ദൈവസ്നേഹവും പ്രത്യുപകാരവുമാണ് അവന് അത്തരത്തിലുള്ള സ്ഥാനക്കയറ്റത്തിന് സാഹചര്യം ഒരുക്കിയത്.

ഹാനോക്ക് എടുക്കപ്പെട്ട് ദൈവത്തോടുകൂടെ ആകുന്നതിനു മുൻപ് അവന് ദൈവത്തിൽനിന്ന് അനുമോദന വെളിപ്പാട് ലഭിച്ചിരിക്കാം.[30] അവന്റെ നീതിയുള്ള വിശ്വാസ ജീവിതത്തിന്റെ തെളിവായി നമുക്ക് അതിനെ എടുക്കാം.[30] ആ ദൈവിക വെളിപ്പാടിനെ കുറിച്ച് മെഥുശലേമിന് അറിയാമായിരുന്നോ, അങ്ങനെ അവനും അവന്റെ ആയുഷ്ക്കാലം മുഴുവൻ നീതിയുള്ള ജീവിതം നയിച്ചിരുന്നോ? അത്തരം ജ്ഞാനം അനുസരിച്ച് അവൻ ജീവിച്ചിരിക്കാം, അതുകൊണ്ടായിരിക്കാം തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റേതൊരു വ്യക്തിയേക്കാളും ദീർഘായുസ് അവന് ലഭിച്ചത് (969 വർഷം; ഉല്. 5:27). താൻ എവിടെ പോകുവാൻ ആഗ്രഹിച്ചു എന്നും, എവിടെ പോകുന്നു എന്നും ഹാനോക്ക് തന്റെ മകനോട് പറഞ്ഞിരിക്കാം. കർത്താവ് മടങ്ങി വരുമ്പോൾ, ആ സമയത്ത് നീതിയോടെ ജീവിക്കുന്നവർ എടുക്കപ്പെടും (1 കൊ. 15:51, 52; 1 തെസ്സ. 4:13–18).

താൻ പുറപ്പെട്ടുപോകുന്നതിനു മുൻപ് ഹാനോക്കിന് ദൈവത്തോട് കൂട്ടായ്മ ഉണ്ടായിരുന്നതായി തിരുവെഴുത്ത് പറയുന്നു. ഒരാൾക്ക് അത്തരം കൂട്ടായ്മ ലഭിക്കുന്നതു വിശ്വാസം മുഖാന്തരവും, വെളിച്ചത്തിൽ നടക്കുന്നതിനാലും ആണ്, അല്ലെങ്കിൽ അയാൾക്ക് തേജസിൽ കർത്താവിനോടുകൂടെ ആകുവാൻ എടുക്കപ്പെടാൻ സാധ്യതയില്ല (1 യോഹ. 1:6, 7; 3:2–6).

മരണം കൂടാതെയുള്ള ഹാനോക്കിന്റെ അത്ഭുതകരമായ വിടുതലിന്നു കാരണം അവന്റെ വിശ്വാസം ആയിരുന്നു. അതിനുള്ള വിശ്വാസത്തിന്റെ അനിവാര്യതയെ എബ്രായർ 11:6 വ്യക്തമാക്കുന്നു. അവന്റെ വിശ്വാസവും അനുസരണവും **ദൈവത്തിന്നു പ്രസാദകരമായിരുന്നു.**

**വാക്യം 6**. അടുത്തത്, ഹാനോക്കിനെ അത്തരം രൂപാന്തരത്തിലൂടെ സ്വർഗത്തിലേക്ക് എടുത്തത് എന്തുകൊണ്ടാണെന്ന് ലേഖകൻ വ്യക്തമാക്കുന്നു: **വിശ്വാസം കൂടാതെ** [ദൈവത്തെ] **പ്രസാദിപ്പിക്കുവാൻ** കഴിയുന്നതല്ല. ആദ്യം അവനെ വിശ്വസിക്കാതെ ആരും ഒരിക്കലും ദൈവത്തെ പ്രസാദിപ്പിച്ചിട്ടില്ല. പൂർണ്ണമായ ആശ്രയവും അനുസരണവും ഹാനോക്കിൽ ഉണ്ടായിരുന്നതിനാൽ, അവന്റെ വിശ്വാസം ദൈവ സന്നിധിയിൽ വളരെയധികം പ്രസാദകരമായി തീർന്നു. എബ്രായ ലേഖനത്തിൽ കാണുന്ന "വിശ്വാസത്തിലെ" അത്യാവശ്യമായ മൂലകങ്ങൾ ഇവയാണ്. വിശ്വാസം കൂടാതെ, അവനെ പ്രസാദിപ്പിക്കുക "അസാധ്യമാണ്"-അർത്ഥം അത് ബുദ്ധിമുട്ടാണ് എന്നല്ല, പിന്നെയോ അതിന് ഒഴികഴിവില്ല എന്നാണ്. അതിനർത്ഥം, മനുഷ്യരിൽ നിന്നുയർന്ന, ഏതെങ്കിലും ഒരു ദേവനിലോ, അല്ലെങ്കിൽ വലിയ ആത്മാവിൽ വെറുതെ വിശ്വസിക്കുന്നതല്ല. അത് ഏക സത്യ ദൈവത്തിലുള്ള വിശ്വാസമാണ്! മുൻപ് പ്രവാചകന്മാരിൽ കൂടെ സംസാരിച്ചിട്ട് ഇപ്പോൾ തന്റെ ക്രിസ്തു മുഖാന്തരം സംസാരിക്കുന്നത് ദൈവം ആണ് (1:1, 2).

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഒരാൾ രണ്ട് സത്യത്തെ വിശ്വസിക്കണം: (1) **അവൻ ഉണ്ട്** എന്നും (2) **തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം നൽകുമെന്നും** ഉള്ള സത്യം. ഈ രണ്ടാമത്തെ ആശയത്തിൽ ദൈവത്തിന്റെ നന്മയിലുള്ള വിശ്വാസവും ഉൾപ്പെടുന്നു, അത് പലരും സംശയിക്കുകയും അങ്ങനെ പലപ്പോഴും സംശയാലുക്കൾ വർദ്ധിക്കുവാൻ കാരണമാകയും ചെയ്യുന്നു. അന്തിമമായ പ്രതിഫലത്തിന് ദൈവത്തിൽ മാത്രം വിശ്വസിക്കുവാൻ നാം "താൽപര്യത്തോടെ അവനെ അന്വേഷിക്കണം" (എൻഐവി). "അന്വേഷിക്കുക" (*എക്സെറ്റെയോ*) എന്ന വാക്കിന്റെ അർത്ഥം, "തിരയുക," അല്ലെങ്കിൽ "കാണുവാൻ ശ്രമിക്കുക" എന്നാണ്.[31] ആ പ്രതിഫലം, വാഹനങ്ങൾ, വീട്, സമ്പാദ്യം എന്നിവ അവകാശമാക്കുന്നതിനാൽ ലഭിക്കുന്നതല്ല. ദൈവത്തെ കണ്ട് പൂർണ്ണമായ പ്രതിഫലം ലഭിക്കുന്നത് നിത്യതയിലാണ്. അതുവരെ അവന്റെ കരുണാധിക്യപ്രകാരമുള്ള നന്മയിൽ ആശ്രയിക്കാം (റോമർ. 8:28). ഇത് ഉൽസാഹത്തോടെ അന്വേഷിക്കുന്നവർക്ക് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്, കാരണം അത്തരം വ്യക്തിക്കു മാത്രമെ അവനെ കാണുവാൻ കഴിയു.

എബ്രായ ലേഖനത്തിലെ "വിശ്വാസം" എന്ന വാക്കിന്റെ അർത്ഥം, ദൈവത്തെ കാണുവാനുള്ള അതിയായ വാഞ്ഛ ജനിപ്പിക്കുന്ന ആശ്രയമാണ്. "*ദൈവത്തിന്റെ അടുക്കൽ* വരുന്ന" ആൾ "ജഡത്തെ" അനുസരിച്ചല്ല, പിന്നെയോ ദൈവേഷ്ടമനുസരിച്ച് ജീവിക്കണം, കാരണം അല്ലെങ്കിൽ അയാൾക്ക് "ദൈവത്തെ പ്രസാദിപ്പിക്കുവാൻ" സാധ്യമല്ല (റോമ. 8:8). അത്തരം വിശ്വാസം കരസ്ഥമാക്കുന്നതിനെ കുറിച്ചായിരുന്നു ദാവീദ് ചിന്തിച്ചത്: "ഞാൻ യഹോവയോട് അപേക്ഷിച്ചു, അവൻ എനിക്ക് ഉത്തരം അരുളി. എന്റെ സകല ഭയങ്ങളിൽനിന്നും അവൻ എന്നെ വിടുവിച്ചു" (സങ്കീ. 34:4).

വിശ്വാസത്തിൽനിന്നു പിന്തിരിഞ്ഞു പോയവരെ കുറിച്ച് ചിലർ പറയുന്നത് "അവർ വിശ്വസിച്ചിരുന്നു എങ്കിലും അത്ര വിശ്വാസം ഇല്ലായിരുന്നു" എന്നാണ്. അത്തരം ചിന്തയെ തള്ളിക്കളയുന്നതാണ് വാക്യം 6. "വിശ്വാസം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*പിസ്റ്റിസ്*) ഇംഗ്ലീഷിൽനിന്നു തർജ്ജമ ചെയ്തിരിക്കുന്നത് "വിശ്വസിക്കുക," അല്ലെങ്കിൽ "ധരിക്കുക." ഇംഗ്ലീഷിൽ അതിന് രണ്ട് വാക്കുണ്ടെങ്കിലും ഗ്രീക്കിൽ ഒരു വാക്ക് മാത്രമെയുള്ളു. "വിശ്വാസം കൂടാതെ" ഒരാൾക്ക് "ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല" എന്നാണ്

ഈ വാക്യം വ്യക്തമായി പറയുന്നത്, കാരണം ഒരാൾക്ക് "വിശ്വാസം കൂടിയേ തീരു." വൈവിധ്യത്തിനു വേണ്ടി മാത്രമാണ് ഇംഗ്ലീഷിൽ രണ്ട് വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. വിശ്വസിക്കുന്ന ആൾക്ക് വിശ്വാസം ഉണ്ടായിരിക്കും. "വിശ്വാസം" ഉള്ളവരെയാണ് പുതിയ നിയമത്തിൽ "വിശ്വാസികൾ" എന്നു വിളിക്കുന്നത്.[32] മോശെയുടെ വിശ്വാസം നിമിത്തമായിരുന്നു അവന് "അദൃശ്യനായവനെ കാണുവാൻ" കഴിഞ്ഞത് (വാ. 27).

ഒരാൾ എന്തിന് ദൈവത്തിൽ വിശ്വസിക്കണം? കാരണങ്ങളിൽ ചിലത് ഇവയാണ്: (1) അവൻ സകലത്തിന്റേയും സൃഷ്ടികർത്താവാണ് (ഉല്. 1:1; യോഹ. 1:3) (2) അവൻ എല്ലാം നിർമ്മിച്ചശേഷം സകലവും തന്റെ ഇഷ്ടപ്രകാരം പ്രവർത്തിപ്പിക്കുന്നു (എഫെ. 1:11). അവന്റെ ഇഷ്ടവുമായി യോജിക്കുന്നതെല്ലാം ശരിയാണ്, എന്തെല്ലാം അതിനെ ലംഘിക്കുന്നുവോ അവ തെറ്റാണ്. ആരെങ്കിലും ദൈവേഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ, അയാൾ പ്രപഞ്ചത്തിന്റെ പരമാധികാരിയോട് മൽസരിക്കുന്നവനാകുന്നു. മനുഷ്യർക്ക് അവൻ വെളിപ്പെടുത്തിയ സത്യം മനസിലാക്കി ദൈവത്തെ വിശ്വസിക്കാതിരുന്നാൽ, അയാൾക്ക് എങ്ങനെ ദൈവേഷ്ടത്തോട് യോജിച്ച് പ്രവർത്തിക്കുവാൻ കഴിയും? വിശ്വാസത്തോടെ ദൈവത്തിന്റെ അടുക്കൽ വരുന്ന ആൾ, അവന്റെ കൽപനകൾക്ക് കീഴ്പ്പെട്ട് മാനസാന്തരപ്പെട്ട് സ്നാനപ്പെടും (പ്രവൃ. 2:38; 3:19; മർ. 16:16). തങ്ങളുടെ വിശ്വാസം അനുസരണത്താൽ പ്രദർശിപ്പിച്ചവരായിരുന്നു എബ്രായ ലേഖനത്തിലെ വിശ്വാസികൾ. കാരണം അനുസരണമില്ലാത്ത വിശ്വാസം "ചത്ത" വിശ്വാസമാണ് (യാക്കൊ. 2:17). വിശ്വാസം കൂടാതെയുള്ള ഏതൊരു സ്നാനവും ആ കൽപനകളെ ദുർബ്ബലമാക്കുകയാണ്; വിശ്വാസം കൂടാതെ അനുസരിക്കാമെന്ന് അവകാശപ്പെടുന്നവർ വ്യാജമായി അവകാശപ്പെടുന്നവരും, അവിശ്വാസികളും. ശിശുക്കളുമാണ്.

ഒരു "തലതൊട്ടപ്പനും" ഒരു ശിശുവിനു വേണ്ടി വിശ്വസിക്കുവാൻ കഴിയുകയില്ല, അല്ലെങ്കിൽ മറ്റൊരാൾക്ക് വേണ്ടി വിശ്വസിപ്പാൻ ആർക്കും കഴിയുകയില്ല. "ഉപദേശ രൂപത്തെ" ഒരാൾ "ഹൃദയപൂർവ്വം" [അനുസരിക്കത്തക്കവണ്ണം] ശക്തമായിരിക്കണം, അനുസരിക്കുന്ന ഒരാൾക്ക് ആരംഭത്തിൽ ഉണ്ടാകേണ്ടത്, കാരണം അതാണ് ദൈവം ഒരു വ്യക്തിയിൽനിന്നും ആവശ്യപ്പെടുന്നത്. ബൈബിൾ ഉപദേശങ്ങളെ മുഴുവൻ പിൻപറ്റുവാൻ കഴിവുള്ള ആളാകണം വാസ്തവത്തിലുള്ള വിശ്വാസി (റോമർ. 6:17).

**വാക്യം** 7. നോഹ[യുടെ] **വിശ്വാസ** മാതൃക നമുക്ക് കാണിച്ചു തരുന്നതെന്തെന്നാൽ, ദൈവത്തിൽ വിശ്വസിക്കുന്ന ആൾ ദൈവം വാഗ്ദാനം ചെയ്തത് അതിനു തെളിവ് ഉണ്ടെങ്കിലും ഇല്ലെങ്കിലും, അവ സംഭവിക്കുമെന്ന് ഉറപ്പിക്കണം (ഉല്. 6–9; യെഹെ. 14:12–14). "കാണാത്ത കാര്യങ്ങളിലുള്ള" നിശ്ചയമായിരുന്നു നോഹയുടെ വിശ്വാസം (വാ. 1), ആദ്യ മുന്നറിയിപ്പ് കഴിഞ്ഞ് നൂറ്റിയിരുപതു വർഷങ്ങൾക്ക് ശേഷമാണ് ജലപ്രളയം വരുന്നത് (ഉല്. 6:3). മാനുഷിക കാഴ്ച്ചപ്പാടനുസരിച്ചാണെങ്കിൽ അത് വിഡ്ഢിത്തമായിരിക്കാം. കാരണം വലിയ ജലപ്രളയത്തിൽ പൊങ്ങി കിടക്കുന്നവിധത്തിൽ (അങ്ങനെ ആണെന്ന് നാം വിചാരിക്കുന്നു) വലിയ ഒരു പെട്ടകം മഴയില്ലാത്ത സമയത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്, **തന്റെ കുടുംബത്തിന്റെ രക്ഷക്കു വേണ്ടിയായിരുന്നു അവൻ പെട്ടകം ഉണ്ടാക്കിയത്**. അവൻ ജനങ്ങളുടെ പരിഹാസ്യപാത്രമാവുകയും, "നോഹയുടെ അബദ്ധ പ്രവൃത്തികൾ" എന്ന നാമകരണവും നൽകിയിരിക്കാം. എങ്ങനെയായാലും, നോഹ തനിക്ക് ലഭിച്ച ദൈവിക വെളി

പ്പാടുള്ള വിശ്വാസം നിമിത്തം പണി പൂർത്തിയാകുന്നതുവരെ പെട്ടകം പണി നടത്തിക്കൊണ്ടിരുന്നു.

നമുക്ക് ഒരു ദൃഷ്ടാന്തമായി ജലപ്രളയം വന്നു. മുന്നറിയിപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും, ജലപ്രളയം അപ്രതീക്ഷിതമായി, അതിശയിപ്പിച്ചുകൊണ്ട് പെട്ടെന്നായിരുന്നു വന്നത്. ന്യായവിധിക്കായി യേശു വീണ്ടും വരുന്നതും അപ്രതീക്ഷിതമായിട്ടായിരിക്കും (മത്താ. 24:37-39; ലൂക്കൊ. 17:26, 27). നോഹക്ക് **കാണാത്ത കാര്യങ്ങളെ** കുറിച്ചായിരുന്നു മുന്നറിയിപ്പ് ലഭിച്ചത്. വരുവാനിരുന്ന ജലപ്രളയത്തിന്റെ ഭൗതികമായ യാതൊരു തെളിവും ഇല്ലായിരുന്നു. അതിനു മുൻപ് അത്തരം ഒരു ജലപ്രളയം ഉണ്ടായിട്ടില്ലായിരുന്നു. "ഭയഭക്തി പൂണ്ട്"അല്ലെങ്കിൽ, "ബഹുമാനത്തോടെ" ആയിരുന്നു നോഹ അനുസരിച്ചത്, "ഭയം" എന്നാണ് (കെജെവി) യിൽ, *എയുലബെയോമായി* ദൈവകോപം ഒഴിവാക്കുന്നതിനുള്ളതാണ് തീർച്ചയായും "ഭയഭക്തി."[33] ദൈവത്തോടും അവന്റെ അരുളപ്പാടിനോടും നോഹക്ക് ഉയർന്ന ബഹുമാനമാണ് ഉണ്ടായിരുന്നത്. "ഭയം" എന്ന വാക്കിന്റെ അർത്ഥം, വാസ്തവത്തിലുള്ള ഭയം എന്നാണ്. വരുവാനിരിക്കുന്ന ജലപ്രളയ വാർത്ത കേട്ടതിനാലുണ്ടായ സ്വാഭാവിക ഭയമാണ്. അതിൽ ഭയം ഉൾപ്പെട്ടിരുന്നാലും ഇല്ലെങ്കിലും, നോഹക്ക് ദൈവത്തോട് ബഹുമാനപുരസരമായ ഭയഭക്തി ഉണ്ടായിരുന്നു.

തന്റെ നീതിയാൽ നോഹ **ലോകത്തെ കുറ്റം വിധിച്ചു**. യോനയുടെ അപേക്ഷ കേട്ട് മാനസാന്തരപ്പെട്ട നിനെവയിലുള്ളവർ ചെയ്തത് അതു തന്നെയാണ്, തക്ക സമയത്ത് അവർ അനുസരിച്ചതിനാൽ, യേശുവിന്റെ ഉപദേശം കേട്ട അവിശ്വാസികളെ അവർ കുറ്റം വിധിച്ചു (മത്താ. 12:41, 42). വാസ്തവത്തിൽ, വിശ്വസ്തരായി ജീവിക്കുന്ന ഓരോ വിശ്വാസിയും വിശ്വാസത്തിൽ അനുസരിക്കാത്തവരെ കുറ്റം വിധിക്കുകയാണ്, എന്നാൽ അവർക്കും വിശ്വസിച്ച് അനുസരണത്താൽ "ഇടുങ്ങിയ വഴിയിൽ കൂടെ" സഞ്ചരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാം. ആ "വഴിയിൽ" (എൻഐവി) പ്രവേശിക്കുവാൻ നാം എല്ലാ ശ്രമവും നടത്തണം (ലൂക്കൊ. 13:23, 24).

ദൈവത്താൽ മുന്നറിയിക്കപ്പെട്ടു എന്ന മറ്റൊരു പ്രയോഗത്തിന് ഉപയോഗിച്ച വാക്ക് *ക്രെമാറ്റിസോ* ആണ്, ഈ വേദഭാഗത്തിൽ അതിന്റെ അർത്ഥം "ദൈവിക വിളി" എന്നാണ് (പ്രവൃ. 11:26 നോക്കുക), അല്ലെങ്കിൽ "ദൈവിക മുന്നറിയിപ്പ്" എന്നാണ് (എബ്രാ. 8:6 നോക്കുക). ആ മുന്നറിയിപ്പ് തന്നെ ഒരു "സാക്ഷ്യം" അല്ലെങ്കിൽ നോഹയുടെ നീതിയെ സ്ഥിരീകരിക്കുന്നതാണ്. ദൈവം എന്തെങ്കിലും വെളിപ്പെടുത്തിയതിൽനിന്ന് സന്ദേശം നൽകുന്നുവോ ഇല്ലയോ എന്നത് ഇവിടെയും മറ്റുഭാഗങ്ങളിലുമുള്ള *ക്രെമാറ്റിസോ* സംശയിപ്പിക്കുന്നു. അത് സ്പഷ്ടമായാൽ, എല്ലാവരെയും "ക്രിസ്ത്യാനികൾ" എന്നു വിളിക്കും. കാരണം അത് "ദൈവികമായി നൽകപ്പെട്ട" നാമമാണ്. നോഹ "ബഹുമാനത്തോടെ"യും "ഭയഭക്തിയോടെയും" ആണ് പ്രതികരിച്ചതും അനുസരിച്ചതും. ഉൽപത്തി 6:22 പറയുന്നു, "ദൈവം തന്നോട് കൽപിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെ തന്നെ അവൻ ചെയ്തു" അവന്റെ വിശ്വാസത്തിന്റെ പ്രകടനമായിരുന്നു അനുസരണം, വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുന്നതായി ഒരിക്കൽ കൂടെ എബ്രായ ലേഖനം എടുത്തു കാണിക്കുന്നു.

തന്റെ അനുസരണത്താൽ അവൻ "ലോകത്തെ കുറ്റം വിധിച്ചു." വിശ്വാസയോഗ്യനായ ദൈവമുൻപാകെ വിശ്വാസത്തിൽ ജീവിക്കുവാൻ കഴിയുമെന്നുള്ള ചിത്രീകരണം ആയിരുന്നു അത്. അവന് അത് ചെയ്യുവാൻ കഴി

ഞ്ഞുവെങ്കിൽ, അവന്റെ പ്രസംഗം കേട്ടവർക്കും അത് ചെയ്യുവാൻ കഴിയു മായിരുന്നു (2 പത്രൊ. 2:5). അവർ പാപത്തിലും ദുഷ്ടതയിലുമാണെന്നും, അങ്ങനെ ജീവിക്കേണ്ട ആവശ്യമില്ലെന്നും കാണിച്ചുകൊണ്ടായിരുന്നു നോഹ ലോകത്തെ കുറ്റം വിധിച്ചത്. ദൈവത്താലുള്ള മുന്നറിയിപ്പ് ലഭിച്ചതിനാലും, നീ തിപൂർവ്വം ജീവിച്ചതിനാലും, മിത്രമായാലും ശത്രുവായാലും, അവൻ സമൂ ഹത്തെ മുന്നറിയിക്കേണ്ടിയിരുന്നു. പ്രസംഗത്തിൽകൂടെ അവൻ കൈമാറിയത് നിരസിച്ചവരെ അവന്റെ സന്ദേശം കുറ്റപ്പെടുത്തി. ഒരുപക്ഷെ അവൻ ഇതു പോലെയുള്ള ഒരു സന്ദേശം ആയിരിക്കാം അവർക്ക് നൽകിയത്: "ലോകത്തെ ഒരു വലിയ ജലപ്രളയത്താൽ നശിപ്പിക്കുവാൻ പോകുന്നു എന്ന വിവരം ദൈവം എന്നോട് അറിയിച്ചു, ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ഒരുങ്ങ ണം."

"തിരഞ്ഞെടുക്കപ്പെടുന്നവരിൽ" ഉൾപ്പെടുത്തുവാനായി ദൈവം വ്യക്തി കളെ നേരിട്ട് തിരഞ്ഞെടുക്കുകയില്ല. നാം വിശ്വസിക്കുകയും സത്യം അനുസ രിക്കുകയും ചെയ്യുമ്പോഴാണ് നമ്മെ അവരോട് ചേർക്കുന്നത്. നല്ല ഒരു വിശ ദീകരണം 2 തെസ്സലൊനിക്യർ 2:13, 14 ൽ കൊടുത്തിരിക്കുന്നു. വാക്യം 13 ലെ അനുഗ്രഹങ്ങൾ ലഭിക്കുവാനായി "സുവിശേഷം ... മുഖാന്തരം വിളിക്കുന്നത്" എങ്ങനെ എന്ന് വാക്യം 14 പറയുന്നു. സുവിശേഷം അനുസരിക്കുമ്പോൾ, നാം നീതിമാന്മാരുടേയും തിരഞ്ഞെടുക്കപ്പെടുന്നവരുടേയും ഭാഗമായി മുൻനിർണ്ണ യിക്കപ്പെട്ട നിത്യജീവന് അവകാശികളായി മാറുന്നു. നോഹയുടെ വിശ്വാസം അവനെ അനുസരണത്തിലേക്ക് നയിച്ചതുപോലെ, നമ്മുടെയും വിശ്വാസം പ്രാ വർത്തികമാക്കുമ്പോൾ, നാം രക്ഷിക്കപ്പെടും. നോഹയുടെ വിശ്വാസം നിമിത്തം ദൈവം അവനെ നീതിമാനായി പ്രഖ്യാപിച്ചു, അത് ദൈവം അബ്ര ഹാമിനെ നീതീകരിച്ചതുപോലെ ആയിരുന്നു (ഉല്. 15:6).

ദൈവത്തോടുകൂടെ നടന്ന നീതിമാന്മാരായിരുന്നു ഹാബേൽ, ഹാനോ ക്ക്, നോഹ. വിശ്വാസത്താൽ അവർ ജീവിക്കുകയും ദൈവേഷ്ടപ്രകാരം ദൈവത്തെ ആരാധിക്കുകയും ചെയ്തു. അവർ ഓരോരുത്തരും വിശ്വാസത്തി നനുസരിച്ച് **നീതിമാന്മാർക്കുള്ള അവകാശത്തിന് ഓഹരിക്കാരായി തീർന്നു.** ആ പിതാക്കന്മാർ രക്ഷിക്കപ്പെട്ടത് വിശ്വാസത്താലായിരുന്നു, അത് അവരെ നീ തിമാന്മാരാക്കി. അവർക്ക് ദൈവത്തിന്റെ കൃപയും ലഭിച്ചു.

## വിശ്വസ്തരായവരുടെ
## അപ്പനും (അമ്മയും) (11:8-12)

**[8]തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാകുവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെ ട്ടു. [9]വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്ന പോലെ ചെന്ന് വാഗ്ദത്ത ദേശത്തിന് കൂട്ടവകാശികളായ യിസഹാക്കി നോടും യാക്കൊബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് [10]ദൈ ദവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തി നായി കാത്തിരുന്നു. [11]വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തനെന്ന് എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോൽപാദനത്തിനു ശക്തി പ്രാപിച്ചു, [12]അതുകൊണ്ട്, ഒരുവന്ന് മൃതപ്രായനായവനു തന്നെ, പെ രുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽപുറത്തെ എണ്ണി**

**ക്കൂടാത്ത മണൽ പോലെയും സന്തതി ജനിച്ചു.**

വിശ്വാസം പ്രവർത്തിക്കും. 11:4–7 ൽ, വരുവാനുള്ള ജലപ്രളയം കാണുന്നതിനും, ദൈവത്തോടുകൂടെ നടക്കുന്നതിനും, ദൈവത്തെ ആരാധിക്കുന്നതിനും വിശ്വാസം വ്യാപരിക്കുന്നതായി കാണാം. അപ്പോൾ അബ്രഹാമും സാറായുമായുള്ള ബന്ധത്തിൽ, വിശ്വാസം ദൈവത്തിൽ ആശ്രയിക്കുമെന്ന് നമുക്ക് കാണാം. തീർച്ചയായും, അസാധാരണ സാഹചര്യത്തിലും, അവന്റെ വാഗ്ദാന നിറവേറലിനായി വിശ്വാസം ദൈവത്തിലേക്ക് നോക്കും.

**വാക്യം 8.** പഴയ നിയമത്തിൽ ആദ്യമായി വിശ്വാസമുള്ളവനായി പ്രത്യേകം പറയുന്നത് അബ്രഹാമിനെയാണ് (ഉല്. 15:6; അവന്റെ ചരിത്രം ഉല്. 12:1–25:11 ൽ പറഞ്ഞിരിക്കുന്നു). അവന്റെ വിശ്വാസം അവനെ നീതീകരിച്ചു, അത് അവന്നു നീതിയായി കണക്കിട്ടു എന്നർത്ഥം.

ആ വിഷയം പുതിയ നിയമത്തിൽ ചർച്ച ചെയ്യുമ്പോഴെല്ലാം അബ്രഹാമിന്റെ വിശ്വാസത്തെ പുതിയ നിയമത്തിൽ ആവർത്തിച്ചു പറയുന്നു (റോമ. 4:9–25; ഗലാ. 3:7–14; യാക്കൊ. 2:21–23). അവൻ പാപമില്ലാത്ത പൂർണ്ണൻ ആയിരുന്നില്ല, പക്ഷെ അവൻ വിശ്വാസത്തിൽ ജീവിച്ചു. യെഹൂദ "പാളയം" വിട്ട് യെഹൂദ മതം ഉപേക്ഷിച്ചു എബ്രായ വായനക്കാർ പോയതുപോലെ "മുൻപോട്ട്" പോകുവാനായിരുന്നു അവനെ **വിളിച്ചത്** (13:13). **പുറപ്പെട്ട് പോകൽ** (*എക്സെർക്കോമായി*) എന്ന് തർജ്ജമ ചെയ്തിരിക്കുന്ന പ്രെസന്റ് പാർട്ടിസിപ്പിൾ സൂചിപ്പിക്കുന്നത് വിളിച്ച ഉടനെ അവൻ പോയി എന്നാണ്. ബി. എഫ്. വെസ്റ്റ്കോട്ട് പറഞ്ഞു, "അത് അവന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ തന്നെ ... ആ വിളി അനുസരിച്ചു."[34] ആ വാക്യത്തിലെ മുഖ്യ ക്രിയ "അനുസരിച്ചു" എന്നാണ്. മറ്റു പ്രവൃത്തികളെല്ലാം മുഖ്യ ക്രിയയുടെ കീഴിൽ നിൽക്കുന്നവയാണ്; അവന്റെ അനുസരണമാണ് പ്രാഥമിക പോയിന്റ്.

പിതാവ് **പോയത് എവിടെ പോകുന്നു എന്നറിയാതെ** ആണ്, അത് ചിലപ്പോൾ നിരുൽസാഹപ്പെടുത്തുന്നതോ അല്ലെങ്കിൽ ഭയപ്പെടുത്തുന്നതോ ആകാം. ഹാരാനിൽ വെച്ച് ദൈവം അവനെ വിളിച്ചപ്പോൾ, അവൻ ഭാവിയിൽ **അവകാശമാക്കുവാൻ** പോകുന്നതിനെ അവനോട് വിശദമാക്കിയിരുന്നില്ല. അവന്റെ വിശ്വാസമായിരുന്നു അവന്റെ ജീവിതത്തെ നിയന്ത്രിച്ചിരുന്നത്. നോഹക്ക് കൊടുത്ത വിശദീകരണങ്ങൾ ലഭിക്കാതെയായിരുന്നു അവൻ അനുസരിച്ചത്. അതുകൊണ്ടായിരിക്കാം, നോഹക്ക് പകരം അബ്രഹാമിനെ "വിശ്വാസികളുടെ പിതാവ്" ആയി അറിയപ്പെട്ടത്.

**വാക്യങ്ങൾ 9, 10.** അബ്രഹാം സ്ഥിരമായ ഭവനം ഇല്ലാതെ മതപരമായി അലഞ്ഞു തിരിയുന്നവനായിരുന്നു. തന്റെ ശേഷിച്ച കാലമെല്ലാം അവൻ **വാഗ്ദത്ത ദേശത്ത് പരദേശിയായിരുന്നു**[35] (പ്രവൃ. 7:2–5). "പരദേശി" എന്ന വാക്ക് (*പാരോയികെയോ* യിൽ നിന്ന്), അർത്ഥം "കൂടെ താമസിക്കുക," അല്ലെങ്കിൽ മറ്റൊരു സ്ഥലത്ത് "പരദേശി" ആയി താമസിക്കുക.[36] അത്തരം ആളുകൾ പലപ്പോഴും പ്രാദേശിക ഭരണകൂടത്തിന്റെ അവഹേളനത്തിനും, പുറത്താക്കലിനും ഇരകളായിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിൽ, പലരും നല്ല ജീവിതത്തിനായി ലോകത്തിലെ ഏറ്റവും മനോഹര പട്ടണം ആയിരുന്ന റോമിലേക്ക് പോയി അവിടെ പരദേശി ആയി പാർത്തിരുന്നു. അബ്രഹാമും എബ്രായ ലേഖകനും മറ്റൊരു മനോഹരമായ ലോകത്തെ അറിഞ്ഞിരുന്നു.

പ്രവൃത്തികൾ 7:2 അത് പറയുന്നുണ്ടെങ്കിലും, ആരംഭത്തിൽ ദൈവം

അബ്രഹാമിനെ വിളിച്ചത് ഉൽപത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഉൽപത്തി 12:1-3 ൽ കാണുന്നത് രണ്ടാമത് അവനെ വിളിച്ചതാണ്.[37] അവന്റെ വിളിയിൽ **യിസഹാക്കിനും യാക്കോബിനും** ലഭിച്ച വാഗ്ദാനങ്ങളും ഉൾപ്പെടുന്നു (വാ. 9).

ദേശ വാഗ്ദാനം മാത്രമായിരുന്നില്ല, സന്തതി വാഗ്ദാനവും ഉൾപ്പെട്ടിരുന്നു. അത് യേശുക്രിസ്തുവും അവൻ നമുക്കായി കരുതിയ എല്ലാ അനുഗ്രഹങ്ങളും ഉൾപ്പെടുന്നു (ഗലാ.3:16). വാഗ്ദാനത്തിന്റെ ഭാഗമായ സ്വർഗീയ **നഗരത്തിനായി കാത്തിരുന്നതിനാൽ**, **കൂടാരത്തിൽ** (അല്ലെങ്കിൽ “സമാഗമനകൂടാരങ്ങളിൽ; വാ. 9) പാർക്കുവാനും അബ്രഹാമിന്ന് മനസായിരുന്നു (വാ. 10). ഗ്രീക്ക് വാക്കിന്റെ അർത്ഥം അവൻ നോക്കിക്കൊണ്ടിരുന്നു എന്നാണ്. വിശ്വാസത്തിൽ അവൻ സ്ഥിരതയുള്ളവനായിരുന്നു. “കാണാത്ത കാര്യങ്ങളെ” വിശ്വസിക്കയാൽ അവന്റെ വിശ്വാസ സ്വഭാവം ജീവിതം വ്യക്തമാക്കുന്നു (വാ. 1). അവന്റെ വിശ്വാസം അസാധാരണമായിരുന്നു. അറിയപ്പെടാത്തവയിലേക്ക് പോകുവാൻ പിതൃഭവനവും ഭദ്രതയും ഉപേക്ഷിക്കുന്നത് പ്രയാസമുള്ള കാര്യമാണ്! രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, ദൈവം പിതാക്കന്മാരോട് സ്വർഗത്തെ കുറിച്ച് വിവരിച്ചിരിക്കാം. “അടിസ്ഥാനങ്ങൾ” എന്നു പറയുന്നത് ജലപ്രളയത്താൽ നഗരം നീങ്ങി പോകുന്നതല്ല, അല്ലെങ്കിൽ മനുഷ്യരുടെ ഭേദനങ്ങളാലും നശിപ്പിക്കാവുന്നതല്ല എന്ന് വ്യക്തമാക്കിയിരിക്കുകയാണ്.

ഹാനോക്കിനെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനാൽ അത് ശ്രേഷ്ഠമായ സ്ഥാനമാണെന്ന് ദൈവത്തിൽ വിശ്വസിച്ച ആളുകളോട് ആരംഭത്തിൽ പറഞ്ഞിരിക്കാം. നാം മനസിലാക്കിയതുപോലെ, തങ്ങൾക്ക് മുൻപ് പോയവരിൽനിന്ന് അവർ അതു മനസിലാക്കിയിരിക്കാം. “മുന്നെഴുതിയിരിക്കുന്നതെല്ലാം നമ്മുടെ ഉപദേശത്തിനായിട്ടാണ്” (റോമർ 15:4). അവർ അന്ന് പഠിച്ചതിലധികവും വാമൊഴിയായിട്ടായിരുന്നു. പഴയ നിയമ പരിശീലനങ്ങളിൽ പലതിന്റേയും ആരംഭം എങ്ങനെയായിരുന്നു എന്ന് പൂർണ്ണമായും നമ്മോട് പറഞ്ഞിട്ടില്ല (ഉദാഹരണമായി, യാഗങ്ങൾ, ദശാംശം, പിതാക്കന്മാരുടെ പൗരോഹിത്യം തുടങ്ങിയവ).

എങ്ങനെയായാലും, സ്ഥിരമായതും, വലിയതുമായ ഒരു നഗരം **നിർമ്മാതാവ് പണിയും** എന്ന് ദൈവത്തി[ന്റെ] അനുയായികൾ അറിഞ്ഞിരുന്നു. ഈ നഗരത്തിനായിട്ടായിരുന്നു അബ്രഹാം നോക്കിയിരുന്നത്. അവന്ന് ഭൗമികമായ ഒരു നഗരം ഇല്ലായിരുന്നു. ഹെബ്രോനരികെയുള്ള മക്പേലാ ഗുഹയിൽ എത്തുന്നതുവരെ അവൻ ഒരു ദേശവും അവകാശമാക്കിയിരുന്നില്ല. ശ്മശാന ഭൂമി, ദേശം അവകാശമാക്കൽ ആയി കണക്കാക്കുകയില്ല (ഉല്. 23:6 നോക്കുക). “ഒരു കാലടി നിലം പോലും” അബ്രഹാം അവകാശമാക്കിയിരുന്നില്ല എന്ന് സ്തെഫാനൊസ് പറഞ്ഞു (പ്രവൃ. 7:5).

അബ്രഹാമിനെ പോലെ നമ്മുടെ വിശ്വാസവും വിശ്വസ്തരായവർക്ക് ദൈവം ഒരുക്കി രൂപപ്പെടുത്തിയിരിക്കുന്ന സ്വർഗത്തിലായിരിക്കണം (വാ. 10). ദൈവിക “ശിൽപി” (*ടെക്നൈറ്റ്സ്*), അല്ലെങ്കിൽ “നിർമ്മാതാവ്” ആണ് ലോകത്തിലെ ആദ്യ “ടെക്നീഷ്യൻ”; നമ്മുടെ ദൈവം എല്ലാ പ്രാഗത്ഭ്യമുള്ളവരുടേയും മേൽ പ്രാഗത്ഭ്യമുള്ളവനാണ്. ലോകത്തിന് അടിസ്ഥാനം ഇടുന്നതുമുതൽ തുടങ്ങിയതാണ് നമ്മുടെ നിത്യഭവന വീക്ഷണം (മത്താ. 25:34). ഒരുക്കമുള്ള ആളുകൾക്കായി ഒരുക്കിയ സ്ഥലത്തിന്റെ മിനുക്കുപണി പൂർത്തിയാക്കുന്ന ജോലിയിലാണ് യേശു (യോഹ. 14:1-3).

അബ്രഹാമിനെ മുമ്പോട്ട് ഗമിക്കുവാൻ പ്രേരിപ്പിച്ചത് ദൈവത്തിലുള്ള വിശ്വാസവും സ്വർഗിയ നഗരത്തെ കുറിച്ചുള്ള അറിവുമാണ് (വാ. 10). അവന്റെ പ്രതീക്ഷകൾ എന്തുതന്നെയായാലും, "കാത്തിരിപ്പിനും പ്രത്യാശക്കും പൂർണ്ണമായ തൃപ്തി ലഭിക്കണമെങ്കിൽ, ഉയരത്തിലുള്ള സ്വർഗിയ നഗരത്തിൽ പ്രവേശിക്കണം."[38] നിത്യനഗരമായിരുന്നു അവന്റെ ലക്ഷ്യം; നമ്മുടേതും അതായിരിക്കണം. സ്വന്തമായി ദേശം കൈവശമാക്കാതെ-അവന് വാഗ്ദാന ദേശത്ത് ഏകദേശം നൂറ്റിയിരുപതു വർഷം താമസിച്ച്-സ്വർഗീയ നഗരത്തിനായി ക്ഷമയോടെ കാത്തിരുന്നു.[39]

വളരെ കാലം മുൻപ് യഥാർത്ഥത്തിൽ ജീവിച്ച ആളുകളായിരുന്നു ലേഖകൻ ഈ അദ്ധ്യായത്തിൽ പരിചയപ്പെടുത്തുന്ന അബ്രഹാമും മറ്റുള്ളവരും. എഫ്. എഫ്.ബ്രൂസ് പറഞ്ഞു, "... പിന്നീടു വരുന്ന തലമുറകൾക്ക് പഠിക്കുവാനാണ് ചരിത്രത്തിൽ വാസ്തവത്തിൽ ജീവിച്ചിരുന്ന അബ്രഹാമിനേയും മറ്റുള്ളവരേയും ലേഖകൻ പട്ടിക ചേർത്ത് പറഞ്ഞിരിക്കുന്നത്."[40] ആ ആത്മാക്കളെല്ലാം ഇപ്പോഴും "[ദൈവത്തിനായി] ജീവിച്ചിരിക്കുന്നു" (ലൂക്കൊ. 20:38; മത്താ. 22:32; മർ. 12:27 നോക്കുക). പുതിയ നിയമത്തെയും ആളുകൾക്ക് യേശുവിലുള്ള വിശ്വാസത്തെയും തകർക്കുവാനായി ഭൂഗർഭഗവേഷകന്മാരും ചരിത്രകാരന്മാരും ഉൽപത്തി പുസ്തകത്തിലെ പിതാക്കന്മാരുടെ കാലം "ഐതിഹ്യം" ആയി അല്ലെങ്കിൽ കെട്ടിച്ചമച്ചതാണെന്ന് പറയുവാൻ ശ്രമിച്ചിട്ടുണ്ട്.

**വാക്യങ്ങൾ 11, 12.** ഒരു സന്തതി ലഭിക്കുമെന്ന ദൂതന്റെ വാഗ്ദാനത്തെ ആദ്യം **സാറാ** സംശയിച്ചു, ഒരുപക്ഷെ സംസാരിച്ചത് ദൂതൻ ആണെന്ന് തിരിച്ചറിയാതെ ആയിരിക്കാം (ഉല്. 18:9–15). പഴയ നിയമത്തിൽ സാറായുടെ വിശ്വാസത്തെ കുറിച്ചു പറയാതിരിക്കുന്നതിനാൽ, തർജ്ജമക്കാർ പ്രശ്നം അവളുടെ വിശ്വാസവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ആ വാക്യത്തെ ഇങ്ങനെ പറയുന്നതാവും ഒരു പ്രശ്ന പരിഹാരം: "പ്രായം കഴിഞ്ഞിട്ടും വിശ്വാസത്താൽ അവന് [അബ്രഹാം] സാറായോടുകൂടെ ഒരു സന്തതിയെ വാഗ്ദാനം ചെയ്തു."[41] അത് കേട്ട് സാറാ ആദ്യം ചിരിക്കുകയും പിന്നീട് അവൾ അത് നിഷേധിക്കുകയും ചെയ്തു. അബ്രഹാമിന്റെ ചിരിയെ ശാസിച്ചില്ലെങ്കിലും, സാറായുടെ ചിരിയെ ശാസിക്കയുണ്ടായി (ഉല്. 17:17; 18:12–15). അബ്രഹാമിന്റെ ചിരി ഒരുപക്ഷെ അടക്കിപ്പിടിച്ച ചിരി ആയിരുന്നേക്കാം. വർഷങ്ങൾ പിന്നിട്ടപ്പോൾ അബ്രഹാമിന്റെ വിശ്വസം സാറായുടേതുപോലെ ആയി കാണും, പിന്നെ **ഗർഭധാരണത്തിനുള്ള പ്രാപ്തി അവൾക്ക് ലഭിച്ചു**. യിസഹാക്ക് എന്ന മകൻ ജനിച്ചപ്പോൾ, "ദൈവം എനിക്ക് ചിരിയുണ്ടാക്കി" എന്നു പറഞ്ഞു (ഉല്. 21:6). അവൾക്ക് ദൈവത്തിലുള്ള വിശ്വാസം നിറഞ്ഞതായി ആ പ്രസ്താവന തെളിയിക്കുകയും മകൻ ജനിച്ചുകഴിഞ്ഞപ്പോൾ അവളുടെ വിശ്വാസം ബലപ്പെടുകയും ചെയ്തു.

യിസഹാക്ക് ജനിച്ചപ്പോൾ സാറായ്ക്ക് തൊണ്ണൂറ് വയസ് ആയിരുന്നു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു (ഉല്. 17:17). പൗലൊസ് ആ സംഭവത്തെ റോമ. 4:18–21 ൽ പറഞ്ഞിരിക്കുന്നു. അബ്രഹാമിന്റെ ശരീരം **നിർജ്ജീവമായതു** പോലെയായിരുന്നു (വാ. 12; റോമർ. 4:19). പ്രായമായപ്പോൾ കുട്ടികളെ വളർത്തുക എന്നത് മാനുഷിക കാഴ്ച്ചപ്പാടിൽ, "നിർജ്ജീവമായ അവസ്ഥയിലുള്ള ആൾ കുട്ടിയെ വളർത്തുന്നതുപോലെയായിരിക്കും അബ്രഹാം വളർത്തുവാനുള്ള സാധ്യത."[42] എന്നിരുന്നാലും, ദൈവം അബ്രഹാമിന്ന്

ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ അസംഖ്യം സന്തതികൾ ഉണ്ടാകും എന്ന വഗ്ദാനം നിറവേറ്റി (ഉല്. 22:17).

ബാഹ്യാകാശത്ത് അനവധി നക്ഷത്രങ്ങളാണ് ഉള്ളതെന്ന് ആധുനിക ദൂര ദർശിനികളുടേയും മറ്റും സഹായത്താൽ കണ്ടെത്തുവാൻ കഴിഞ്ഞിരിക്കുന്നു. മുമ്പത്തേക്കാളധികം അവ കാണപ്പെടുന്നതായി ഇന്നു നമുക്ക് മനസിലാക്കുവാൻ കഴിയുന്നുണ്ട് (വാ. 12). അവ ബില്യൻ കണക്കിലധികം് വരുമെന്നതാണ് പോയിന്റ്. പുരാതന ഗ്രീക്കുകാർ അവയുടെ എണ്ണം കണക്കാക്കിയിരുന്നത് ഏകദേശം മൂവായിരം വരുമെന്നാണ്. "അബ്രഹാമിന്റെ സന്തതികളായി" ഇപ്പോൾ എത്രമാത്രം ആളുകൾ ജനിച്ചിരിക്കും? അറബി രാജ്യങ്ങളിലും യിസ്രായേലിലും ഇപ്പോഴും അസംഖ്യം ആളുകൾ ജനിച്ചുകൊണ്ടാണിരിക്കുന്നത്, അങ്ങനെ ദൈവം അബ്രഹാമിന് നൽകിയ വാഗ്ദാനം നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ആത്മിയ സന്തതികളെ കുറിച്ചുള്ള, എല്ലാ ക്രിസ്ത്യാനികളെയുമടക്കമുള്ള വാഗ്ദാനവും നിറവേറ്റിക്കൊണ്ടിരിക്കുകയാണ് (ഗലാ. 3:26–29).

## ദൈവ വാഗ്ദാനം ലഭിച്ചില്ലെങ്കിലും, അവർ വിശ്വസ്തരായിരുന്നു (11:13-16)

**13അവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന്
അത് കണ്ട് അതിശയിച്ചും, ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന്
ഏറ്റു പറഞ്ഞുകൊണ്ട് വിശ്വാസത്തിൽ മരിച്ചു. 14ഇങ്ങനെ പറയുന്നവർ ഒരു
പിതൃദേശം അന്വേഷിച്ചിരുന്നു എന്ന് കാണിക്കുന്നു. 15അവർ വിട്ടുപോന്ന
തിനെ ഓർത്തു എങ്കിൽ മടങ്ങി പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലൊ.
16അവരോ അധികം നല്ലതിനെ, സ്വാർഗീയമായതിനെ തന്നെ കാംക്ഷിച്ചിരുന്നു;
ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കു
ന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലൊ.**

വാക്യങ്ങൾ 13 മുതൽ 16 വരെ, വാസ്തവത്തിൽ വിശ്വാസത്തിൽ നടക്കുന്ന ഒരാളുടെ ചിത്രം വരച്ചു കാണിച്ചിരിക്കുകാണ്. ഈ നടപ്പ് ജീവിതശൈലിയോടുള്ള സമർപ്പണത്തെക്കാളുപരിയാണ്; അത് ജീവിതാവസാനം വരെ വിശ്വാസത്തിൽ ജീവിക്കുന്നതിന്റെ ഫലമാണ്.

**വാക്യം 13. വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ വിശ്വാസത്തിൽ മരിച്ചവരെ** ആണ് ഈ സന്ദർഭത്തിൽ പറയുന്നത്. അവരുടെ "വിശ്വാസത്തിൽ [*കേറ്റാ* 'ജിവിച്ചു] മരിച്ചതായിട്ടാണ്' " ഈ വാക്യത്തിൽ പറയുന്നത്. "വിശ്വാസത്താൽ" എന്ന് പറയുന്നതിൽനിന്നു വ്യത്യാസമുള്ള പ്രയോഗമാണ് ഇത്. അവർക്ക് ദൈവത്തിന്റെ വാഗ്ദത്തം പ്രാപിച്ചില്ല, എന്നാൽ അവർ "വിശ്വാസത്താലാണ് ജീവിച്ചതു," മരിച്ചപ്പോൾ "വിശ്വാസത്തിൽ ആണ് മരിച്ചത്."[43]

വാക്യം 4 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ഭക്തരായ വ്യക്തികളെ ചേർത്തിരിക്കുന്നത്-ദൈവത്തിന്റെ [വാഗ്ദത്തങ്ങളെ] **ദൂരത്തുനിന്ന് കണ്ട് അഭവന്ദിച്ചവരോടൊപ്പമാണ്**-അവർ തങ്ങളുടെ വിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചിരുന്നു. അത് ഭൗതികമായ കാഴ്ച്ചയാലായിരുന്നില്ല; മറിച്ച്, സ്വർഗം അവർക്ക് യാഥാർത്ഥ്യമാകുന്ന വിധത്തിൽ അവരുടെ വിശ്വാസം ശക്തമായിരുന്നു എന്നാണ് ആ പ്രസ്താവന തെളിയിക്കുന്നത്. യോഹന്നാൻ 8:56 ൽ യേശു പറഞ്ഞത് ചിന്തിക്കുക: "നിങ്ങളുടെ പിതാവ്

അബ്രഹാം എന്റെ ദിവസം കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു" ഓ, നമുക്കും അത്തരം വിശ്വാസം ഉണ്ടായിരുന്നു എങ്കിൽ!

**ഇവർ** എന്നു പറഞ്ഞിരിക്കുന്നത്, അബ്രഹാം, സാറാ, യിസഹാക്ക്, യാക്കൊബ്, നോഹ, ഹാബേൽ എന്നിവരെ ഉൾപ്പെടുത്തിയാണ്-പക്ഷെ ഹാനോക്കിനെ ഉൾപ്പെടുത്തിയിട്ടില്ല കാരണം അവൻ മരിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവരുടെ കാലയളവിൽ നിവർത്തിയായില്ല, എങ്കിലും അവർ ഓരോരുത്തരും വിശ്വാസത്തിൽ മരിച്ചു. എന്നിരുന്നാലും. വിശ്വാസത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നത് ഒരാളുടെ ജീവിതത്തിലെ ഏറ്റവും ഭാഗ്യകരമായ അവസ്ഥയാണ്.

വിശ്വാസത്താൽ അവർ ദൂരത്തുനിന്നു ദൈവത്തിന്റെ വാഗ്ദത്തങ്ങളെ കണ്ടു. "പിതാക്കന്മാർ മറുകര കടക്കുവാൻ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞതും ദൂരത്തുനിന്നും ദൈവത്തിന്റെ വാഗ്ദാനങ്ങൾ നോക്കി കണ്ടതും, എന്നാൽ അവിടെ എത്തുവാൻ കഴിയാതെ ദൂരെ പാളയം അടിച്ചു കിടന്നതുമായ ആശയം"[44] അലെക്സാണ്ടർ നയിർണെക്ക് ഇഷ്ടപ്പെട്ടതായി പറഞ്ഞിരിക്കുന്നു. "തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളും" ആണെന്ന് അബ്രഹാമും യാക്കൊബും പറഞ്ഞിരുന്നു (ഉല്. 23:4; 47:9). "അങ്ങനെ പറയുന്നവർ" സമ്മതിക്കുന്ന കാര്യം (ലോകം തങ്ങളുടെ ഭവനം അല്ല എന്നാണ്; വാ. 14), അങ്ങനെ അവർക്ക് ഒരു നിത്യ ഭവനം ഉണ്ട് എന്നു അവർ തുടർച്ചയായി അറിയിച്ചുകൊണ്ടിരിക്കുന്നു.

അലഞ്ഞുതിരിഞ്ഞവർക്ക് ദൈവം നൽകിയ വാഗ്ദാനങ്ങളിൽ, മക്കൾ, ദേശം, എന്നീ താൽക്കാലികമായ അനുഗ്രഹങ്ങളോടൊപ്പം, അവൻ അവരുടെ ദൈവമായിരിക്കും എന്നിവയെല്ലാം ഉൾപ്പെടുന്നവയായിരുന്നു. എന്നാൽ അതിനു പുറമെ ആത്മിയമായ അനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിരുന്നു. അബ്രഹാമിന്റെ സന്തതി മുഖാന്തരം സകല ജാതികളും അനുഗ്രഹിക്കപ്പെടും (ഉല്. 12:3; 22:18). ഗലാത്യർ 3:16 പറയുന്നത് "സന്തതി" ക്രിസ്തു ആണ് എന്നാണ്. അതുകൊണ്ട് അബ്രഹാം രണ്ട് കുടുംബങ്ങളുടെ പിതാവായി തീർന്നു-ഒന്ന് ജഡികമായും മറ്റൊന്ന് വിശ്വാസത്തിന്റേയും. ക്രിസ്തുവിൽ ആകുന്ന ഓരോ ദൈവപൈതലും, വിശ്വാസത്തിൽ അബ്രഹാമിന്റെ സന്തതിയാണ് (ഗലാ. 3:26-29).

അബ്രഹാമിന്റെ വിശ്വാസത്തെ അഭിനന്ദിച്ച് യേശു പറഞ്ഞത് അവൻ തന്റെ ദിവസം കാണുവാൻ ആഗ്രഹിക്കുകയും കണ്ട് ഉല്ലസിക്കുകയും ചെയ്തു എന്നാണ് (യോഹ. 8:56-58). അബ്രഹാമിന് ലോകത്തോടുള്ള മനോഭാവം നമുക്ക് ഉണ്ടെങ്കിൽ, അതിന്റെ ആകർഷണവലയത്തിൽ നാം കുടുങ്ങുകയില്ല.

തങ്ങൾ ഭൂമിയിൽ **അന്യരും പരദേശികളുമാണെന്നാണ് അബ്രഹാമും മറ്റുള്ളവരും പറഞ്ഞത്**. അബ്രഹാം ഈ സമ്മതം നടത്തിയത് തന്റെ ജീവിതാവസാനമാണ് (ഉല്. 23:4). കനാനിൽ അവൻ ഒരിക്കലും വീട്ടിൽ ആയിരുന്നില്ല. ഉൽപത്തി 47:9 ൽ യാക്കൊബ് ഫറവോനോട് ഇതേ വാക്കുകൾ പറഞ്ഞിരുന്നു. പിതാക്കന്മാരുടെ കാലത്ത് അവരുടെ ദൈനന്തിന സംഭാഷണത്തിൽ നടത്തിയ പ്രയോഗമായിരുന്നു എന്ന് അവരുടെ ഒരേ ഭാഷ വ്യക്തമാക്കുന്നു.

അവിടെ രാജാവായിരുന്ന അബീമെലേക്കുമായി നല്ല ബന്ധത്തിലായിരുന്നു എങ്കിലും, മരുഭൂമിയിൽ അന്യനായിരുന്ന അബ്രഹാമിന് ജീവിതം പ്രയാസം തന്നെയായിരുന്നു (ഉല്. 20; 21). സ്വർഗത്തിലെ ദൈവത്തിന്റെ അടു

ക്കൽ പോകുവാൻ അവനെ തൽപരനാക്കിയത് അവന്റെ വിശ്വാസം ആയി രുന്നു.

**വാക്യങ്ങൾ 14-16.** പിതാക്കന്മാർ ഒരു **ദേശം** (*പാട്രിസ്*) അല്ലെങ്കിൽ **തങ്ങളുടേതായ** ഒരു "പിതൃദേശം" അന്വേഷിച്ചു (വാ. 14). ക്രമേണ അവൻ എവിടെയെല്ലാം പോകണമെന്ന് നിർദ്ദേശിച്ചുവോ അവിടെയെല്ലാം പോയി. അവരെല്ലാം **വിശേഷതയേറിയ ദേശം ആഗ്രഹി**[ച്ചു] (വാ. 16), അവർക്കുള്ള തായ **സ്വർഗിയ** ദേശമായിരുന്നു അത് (വാ. 14). ഊർ വിട്ടുപോയതിനാൽ, അവർക്ക് ഭൂമിയിൽ എന്നേക്കുമുള്ള ഒരു മാതൃദേശം ഇല്ലായിരുന്നു. അവർ തങ്ങളുടെ മനസിൽ നിത്യമൂല്യം എപ്പോഴും സൂക്ഷിച്ചിരുന്നു.

അവർ ആത്മിയ കാര്യങ്ങൾക്ക് പ്രഥമസ്ഥാനം കൊടുത്തതുകൊണ്ടും, **ദൈവത്തെ അവരുടെ ദൈവം എന്നു വിളിക്കുവാൻ** ലജ്ജിക്കാതിരുന്നതിനാ ലും, പിതാക്കന്മാരുടെ ചുറ്റും ദൈവം എപ്പോഴും ഉണ്ടായിരുന്നു (വാ. 16; പുറ. 3:6 നോക്കുക). വാക്യം 16 ലെ വാക്കുകൾ നമ്മെ 2:11, 12 ഉം സങ്കീർത്തനങ്ങൾ 22:22 ഉദ്ധരിച്ചതും ആണ് ഓർമ്മിപ്പിക്കുന്നത്, അത് യേശു തന്റെ ശിഷ്യന്മാരെ "സഹോദരന്മാർ" എന്നു വിളിച്ചപ്പോഴായിരുന്നു ഉപയോഗിച്ചത്. പിതാക്കന്മാരെ പോലെ നൂറ്റാണ്ടുകൾക്ക് ശേഷം സ്വർഗീയ നിക്ഷേപങ്ങൾക്കായി എല്ലാ ന ഷ്ടങ്ങളും സഹിക്കുവാൻ തയ്യാറായി (ഫിലി. 3:8 നോക്കുക). അവരുടെ രക്ഷക്കായി യേശു എങ്ങനെ തികഞ്ഞ ഒരു യാഗമായി തീരുമെന്ന് അവർക്ക് അറിയില്ലായിരുന്നു, എന്നാൽ അവർ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വ സിച്ചിരുന്നു.

ഈ ഭൂമിയിലായിരുന്നപ്പോൾ വാഗ്ദാനം ചെയ്ത "കൈകൊണ്ടല്ലാതെ പ ണിയുന്ന ഒരു കെട്ടിടം അവർക്കു ലഭിക്കുമെന്ന് അവർ വിശ്വസിച്ചു" (2 കൊ. 5:1). അവർ ദൈവത്തിന്റെ വിളി കേട്ട് ശ്രദ്ധയോടെ അവനെ പിൻപറ്റി, പക്ഷെ അവർ വിട്ടുപോന്ന ദേശത്തെ കുറിച്ച് അധികമൊന്നും ചിന്തിച്ചില്ല (വാ. 15). അപ്പോൾ നാം ഭൗമികമായവയിൽ ശ്രദ്ധിക്കാതെ സ്വർഗീയമായവയിൽ തന്നെ ശ്രദ്ധിക്കേണ്ടവരാണ്!

അബ്രഹാമും കുടുംബവും കൈവശമാക്കിയ സ്വർഗീയ ദേശത്തെ കുറി ച്ചുള്ള സംസാരം വാക്യം 16 ൽ അവസാനിപ്പിക്കുകയാണ്. ഊരോ കനാ നോ തങ്ങളുടെ ദേശമായി അവർ കണക്കാക്കിയില്ല. സ്വർഗീയ ദേശത്തെ കുറിച്ചുള്ള പ്രത്യാശയായിരുന്നു അവരുടെ നിരാശ അകറ്റിയതും, ഈ ജീവി തത്തിലല്ല തങ്ങൾ പ്രത്യാശ വെച്ചിരിക്കുന്ന നഗരം ലഭിക്കുന്നത് എന്ന് അവർ തിരിച്ചറിയുകയും ചെയ്തു. "ഭൗമിക ജീവിതത്തിലെ അപര്യാപ്തതയേക്കാൾ, അവരെ സ്ഥിരോൽസാഹമുള്ളവരാക്കിയത് ആ സ്വർഗീയ പ്രത്യാശയായി രുന്നു എന്നാണ് ലേഖകൻ ഉറപ്പിച്ചു പറഞ്ഞത്"[45]

## വിശ്വസ്തരായവർ പരീക്ഷിക്കപ്പെട്ടത് കഷ്ടതയാലായിരുന്നു (11:17-29)

**11:17-22**

**[17]വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാ ക്കിനെ യാഗം കഴിപ്പിച്ചു. [18]യിസഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാട് ലഭിച്ചു വാഗ്ദാനങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു. [19]മരിച്ചവരുടെ ഇടയിൽനി**

**ന്ന് ഉയർപ്പിപ്പാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെ പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു. [20]വിശ്വാസത്താൽ യിസഹാക്ക് യാക്കോബിനേയും ഏശാവിനേയും ഭാവികാലം സംബന്ധിച്ച് അനുഗ്രഹിച്ചു. [21]വിശ്വാസത്താൽ യാക്കോബ് മരണകാലത്തിങ്കൽ യോസേഫിന്റെ മക്കളെ ഇരുവരേയും അനുഗ്രഹിക്കുകയും തന്റെ വടിയുടെ അറ്റത്ത് ചാരിക്കൊണ്ട് സംസാരിക്കയും ചെയ്തു. [22]വിശ്വാസത്താൽ യോസേഫ് താൻ മരിപ്പാറായപ്പോൾ യിസ്രായേൽമക്കളുടെ പുറപ്പാടിന്റെ കാര്യം ഓർപ്പിച്ചു, തന്റെ അസ്ഥികളെ കുറിച്ചു കൽപന കൊടുത്തു.**

**വാക്യങ്ങൾ** 17–19. യിസഹാക്കിനെ **യാഗം കഴിക്കുന്നതു**[മായി] **അബ്രഹാമി**[ന്റെ] മറ്റു കഷ്ടതകളെ താരതമ്മ്യം ചെയ്താൽ അവ അപ്രധാനങ്ങളായിരുന്നു എന്നു കാണാം.[46] തന്റെ ഭവനത്തെ വിട്ടു, അറിയപ്പെടാത്ത ദേശത്തേക്ക് പോകുവാൻ അവനോട് പറഞ്ഞു, അൽപ്പം അപ്പവും അൽപ്പം വെള്ളവുംകൊണ്ട് യിസ്മായേലിനേയും അവന്റെ അമ്മയെയും പറഞ്ഞയക്കുവാൻ അവനോട് ആവശ്യപ്പെട്ടു. എങ്ങനെയായാലും, യിസഹാക്കിനെ യാഗപീഠത്തിൽ കിടത്തി യാഗം അർപ്പിക്കുവാൻ ആവശ്യപ്പെട്ടത് **അഗ്നിപരീക്ഷ** തന്നെയായിരുന്നു.

ഈ കൽപനയോട് അബ്രഹാമിന് അനവധി വാദമുഖ കാരണങ്ങൾ നിരത്താമായിരുന്നു: "പിതാവേ, ഇത് നിന്റെ സ്വഭാവത്തിന് യോജിച്ചതല്ല എന്ന് തോന്നുന്നു; ഇത് നിന്റെ വാഗ്ദാനത്തിൽനിന്നു വ്യത്യസ്തമാണെന്നാണ് തോന്നുന്നത്." എങ്ങനെയായാലും, മാനസികമായ തടസങ്ങൾ ഒന്നും തന്നെ അവന്റെ വിശ്വാസത്തെ ബാധിച്ചില്ല, അതിനാൽ അബ്രഹാം ഏകദേശം നാൽപതു മൈൽ അഥവാ രണ്ട് ദിവസത്തെ വഴി നടന്നു പോയപ്പോൾ, അവനു ചിന്തിക്കുവാൻ ധാരാളം സമയം ലഭിച്ചു. രാത്രിയിലെ ഉറക്കം അവനെ വിട്ടു മാറിയിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും അവൻ തന്റെ പ്രിയനും ഏകമകനുമായി യാഗത്തിനായി പോയി. മനുഷ്യയാഗം പോലും നിർവ്വഹിക്കുവാൻ തനിക്ക് മടിയില്ല എന്ന് അബ്രഹാം തെളിയിച്ചപ്പോൾ, ദൈവം തന്റെ **വാഗ്ദാനം** അവന്ന് പുതുക്കി കൊടുത്തു (ഉല്. 22:11–18).

വാക്യം 17 ൽ ഉപയോഗിച്ച ഗ്രീക്ക് കാലം സൂചിപ്പിക്കുന്നത്, യഹോവയുടെ ദൂതൻ അവനെ തടഞ്ഞപ്പോൾ, അവൻ യിസഹാക്കിനെ യാഗം കഴിക്കുവാനുള്ള എല്ലാം പൂർത്തിയാക്കി എന്നാണ്.[47] അവൻ "യിസഹാക്കിനെ നൽകുവാൻ തയ്യാറായി." അബ്രഹാമിന്റെ വിശ്വാസ ബലത്തിൽ ഒരു സംശയവുമില്ലായിരുന്നു.

ദൈവ വാഗ്ദാനങ്ങളുടെ ഭാഗമായ യിസഹാക്കിന് പകരം മറ്റൊരാൾ ഇല്ലാത്തതിനാൽ, യിസഹാക്കിനെ യാഗശേഷം ദൈവം ഉയർപ്പിക്കുമെന്ന് അബ്രഹാം വിശ്വസിച്ചുകാണും (വാ. 19). ജീവനെയും മരണത്തെയും നിയന്ത്രിക്കുന്നത് ദൈവം ആണെന്ന് അവനു അറിയാമായിരുന്നു. യിസഹാക്കിനെ യാഗം അർപ്പിക്കുന്നതിന്റെ ധാർമ്മികതയെ ലേഖകൻ ചോദ്യം ചെയ്യുന്നില്ല. ഇത്തരത്തിൽ മാത്രമെ തന്റെ വഴിപാട് ദൈവം സ്വീകരിച്ച് അവന്റെ ആത്മാർത്ഥത നിലനിർത്തുവാൻ കഴിയുകയുള്ള എന്ന് അബ്രഹാം വിശ്വസിച്ചിരിക്കും.[48]

ഉൽപത്തി 22:5 ൽ അബ്രഹാം പറഞ്ഞ വാക്കുകളിൽ ഈ സത്യം അന്തർലീനമാക്കിയിരിക്കാം: "ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങി വരാം." ദൈവം മരിച്ചവരിൽനിന്ന് ആരെയെങ്കിലും മുമ്പ് ഉയർപ്പി

ച്ചിരുന്നു എങ്കിൽ, അങ്ങനെ ഒരു മുൻവിധിയിലെത്താമായിരുന്നു. അബ്രഹാമിന് തന്റെ ഉയർന്ന വിശ്വാസത്തിൽ ഉയർത്തെഴുന്നേൽപ്പ് സാധ്യമായിരുന്നു.

ഇത് ദൈവത്തിന്റെ കരുതലായി അബ്രഹാം വിചാരിച്ചിരിക്കാമെന്നാണ് എഫ്. എഫ്..ബ്രൂസ് ചൂണ്ടി കാണിച്ചത്. തന്റെ വാഗ്ദാനവും കൽപനയും നിറവേറ്റേണ്ടത് അബ്രഹാമായിരുന്നില്ല, മറിച്ച് ദൈവമായിരുന്നു.[49] അത് അങ്ങനെയാണെങ്കിൽ (അത് ഏതാണ്ട് അതിരുകവിഞ്ഞതാണ്), അത് വിശ്വാസത്തിന്റെ അത്ഭുത പ്രവൃത്തി തന്നെ ആയിരുന്നു. തന്റെ മനസിൽ, അബ്രഹാം ഇങ്ങനെ ചിന്തിച്ചിരിക്കാം,"ഈ മകൻ നിങ്ങളുടേതായിരിക്കും എന്ന് ദൈവം സാറായോടും എന്നോടും പറഞ്ഞതാണ്. തന്റെ സ്വന്ത ജീവിതം പോലും മനുഷ്യരാൽ അസാധ്യമായതാണ്, പക്ഷെ അങ്ങനെ ആകുവാനുള്ള ശക്തി അവനാണ് ഞങ്ങൾക്ക് നൽകിയത്. അതുകൊണ്ട് യിസഹാക്കിനെ മടക്കി തരുവാൻ അവനു കഴിയും." അബ്രഹാം എന്തെല്ലാം ചിന്തിച്ചാലും, നമ്മോട് ഇത്രമാത്രം പറഞ്ഞിരിക്കുന്നു: ദൈവം കൽപിച്ചപ്പോൾ, അബ്രഹാം അനുസരിപ്പാനായി മുന്നിട്ടിറങ്ങി.

അബ്രഹാമിനോട് ദൈവം തന്റെ മകനെ യാഗം കഴിപ്പാനായി ആവശ്യപ്പെട്ടപ്പോൾ, പിന്നെ ദൈവം നൽകുന്നതെങ്ങനെയാണ്? **മനുഷ്യരെ മരിച്ചവരിൽനിന്ന് ഉയർപ്പിപ്പാൻ ദൈവത്തിനു കഴിയും** എന്ന് അബ്രഹാം വിശ്വസിച്ചു (വാ. 19). ദൈവത്തിന് സകലവും സാദ്ധ്യമത്രെ (മത്താ. 19:26; മർ. 10:27; ലൂക്കൊ. 18:27). വാസ്തവത്തിൽ, വേണമെന്നുണ്ടെങ്കിൽ, "കല്ലുകളിൽനിന്നുപോലും മക്കളെ പുറപ്പെടുവിക്കുവാൻ അവന് കഴിയും" (ലൂക്കാ. 3:8 നോക്കുക). മറ്റൊരു ഉയർത്തെഴുന്നേൽപിനെ കുറിച്ചുള്ള അറിവ് ഒന്നുമില്ലാതെ, ദൈവം മുൻപ് നൽകിയ അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു അബ്രഹാമിന്റെ വിശ്വാസം എങ്കിൽ, അത് തീർച്ചയായും വലിയ വിശ്വാസം തന്നെയായിരുന്നു.[50]

പ്രാരംഭ ക്രിസ്ത്യാനികൾ യിസഹാക്കിനെ ക്രിസ്തുവിനോട് താരതമ്യം ചെയ്ത അസാധാരണ സംഭവമായിരുന്നു മോറിയാ മലയിലേത്.[51] എഴുന്നേറ്റവനെ **പോലെ** (*പാരാബോളെ*) എന്ന അ-സാധാരണ പ്രയോഗമാണ് വാക്യം 19 ലുള്ളത്. യിസഹാക്ക്, ആലങ്കാരികമായി ദൈവ പുത്രനെ പോലെ ആയിരുന്നു. മരണം അവന് ഒഴിവാക്കാവുന്നതായിരുന്നില്ല, എങ്കിലും അവൻ "മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു" (റോമ. 6:4, 9). എങ്ങനെയായാലും, ഇത് എല്ലാ നീതിമാന്മാർക്കും ലഭിക്കുവാനുള്ള പുനരുത്ഥാനത്തിന്റെ ഒരു മുന്നോടി ആയിരുന്നു.[52] യേശുവിനെ ഇതിന്റെ ഒരു പ്രത്യേക പ്രതിനിധിയായി വെച്ചിരിക്കുന്നതായി പറയുന്നതാണ് യോഹനാൻ 8:56 എന്നാണ് ചിലർ കരുതുന്നത്. യിസഹാക്കിനെ യാഗം അർപ്പിച്ച് മരിച്ചവരിൽനിന്നെന്നപോലെ തിരികെ ലഭിച്ചത് ആലങ്കാരികമായ പ്രവൃത്തിയായിരുന്നു. യിസഹാക്കിനെ മരിച്ചവനെ പോലെയായിരുന്നു അബ്രഹാം കണക്കാക്കിയിരുന്നത്. അതുകൊണ്ട്, അവന്, അത് ഒരു ഉയർത്തെഴുന്നേൽപ് ആയിരുന്നു.

**ഏകജാതൻ** എന്ന പ്രയോഗം തർജ്ജമ ചെയ്തിരിക്കുന്ന (വാ. 17), അതേ വാക്ക് തന്നെയാണ് യോഹന്നാൻ 3:16 ൽ ഉപയോഗിച്ചിരിക്കുന്നത് (*മോണോജെനസ്*). അർത്ഥവും നല്ല തർജ്ജമയും "ഒരു തരത്തിൽ ഏകമകൻ," അല്ലെങ്കിൽ "പ്രത്യേകതയുള്ള മകൻ." അവൻ യാഗം കഴിക്കുന്ന സമയത്ത് അബ്രഹാമിന് യിസഹാക്ക് മാത്രമായിരുന്നില്ല മകൻ, പക്ഷെ അവൻ അവന് "പ്രത്യേകതയുള്ള മകൻ" ആയിരുന്നു.

**വാക്യം 20. യിസഹാക്കിന്** അവന്റെ അപ്പനിൽനിന്ന്, പിതാക്കന്മാരുടെ അനുഗ്രഹം ലഭിച്ചിരുന്നു, അപ്രകാരം അവന് അവന്റെ മക്കളെ **അനുഗ്രഹിപ്പാനും** കഴിഞ്ഞിരുന്നു. ആകയാൽ അവൻ ദൈവശ്വാസിയമായി ദൈവേഷ്ടം സംസാരിച്ചു.

യിസഹാക്ക് **യാക്കോബിനേയും ഏശാവിനേയും** അനുഗ്രഹിച്ച സംഭവം ഉൽപത്തി 27:26–40 ൽ കാണാം. ചതിക്കപ്പെട്ടതിനാൽ അവൻ തെറ്റായി യാക്കോബിനെ അനുഗ്രഹിച്ചു. എങ്ങനെയായാലും ദൈവ നിയന്ത്രണത്താൽ ശരിയായ മകനെ ആണ് അനുഗ്രഹിച്ചത്, അതുകൊണ്ടാണ് അവന് പിന്നെ അത് മാറ്റുവാൻ കഴിയാതെ വന്നത്.

സൂത്രം ഉപയോഗിച്ചതാണെങ്കിലും, ദൈവേഷ്ടം സംഭവിക്കുവാൻ ദൈവം അനുവദിച്ചതാണെന്ന് യിസഹാക്കിന് ബോധ്യമായി കാണും. "വിധി" യിൽ അവൻ തീർച്ചയായും വിശ്വസിച്ചിരിക്കുകയില്ല. മക്കളുടെ സമ്പൽ സമൃദ്ധിയെ മുൻകൂട്ടി അറിയിച്ചപ്പോൾ, അവൻ മക്കളോട് ദൈവ മനസ് തുറന്നു പറയുകയായിരുന്നു. ആദ്യജാതനും ശക്തനുമായവനെ ദൈവം തിരഞ്ഞെടുക്കുമെന്ന്–സാധാരണജനങ്ങളെ പോലെ അവനും ഊഹിച്ച്–ഒരുപക്ഷെ തെറ്റായി തീരുമാനം എടുത്തതായിരിക്കാം. ഹാബേൽ കയീനേക്കാൾ ബലഹീനനായിരുന്നു; യാക്കോബ് ഏശാവിനേക്കാൾ ബലഹീനനായിരുന്നു; ദാവീദിനെ അഭിഷേകം ചെയ്ത സമയത്ത്, മറ്റു സഹോദരന്മാരേക്കാൾ ദാവീദ് ബലഹീനനായിരുന്നു. ദൈവം തിരഞ്ഞെടുക്കുന്നത് "ജഡികവശം നോക്കിയല്ല, മറിച്ച് വിശ്വാസ വശം നോക്കിയാണ്."[53]

ആദ്യം, തുടർന്നു നടന്ന സംഭവങ്ങളിൽനിന്ന് ഏശാവിന്റെ പിൻഗാമികൾ (ഏദോമ്യർ) കൂടുതൽ അനുഗ്രഹിക്കപ്പെട്ടവരായി എന്നു തോന്നന്നു, എന്നാൽ ക്രമേണ ശൗലും ദാവീദും പിന്നീട് അവരെ കീഴ്പ്പെടുത്തി (1 ശമു. 14:47; 2 ശമു. 8:14). അവസാനം, രണ്ട് നിയമങ്ങൾക്കിടയിലെ മക്കാബിയൻ കാലയളവിൽ, ബി. സി. 135–106 ൽ യിസ്രായേലിൽനിന്ന് വാണ ജോൺ ഹിർക്കാനസ്, ഏദോമ്യരെ കീഴ്പ്പെടുത്തി, നിർബ്ബന്ധിച്ച് പരിഛേദന കഴിപ്പിക്കയും, അവരെ യെഹൂദ ദേശത്തിന്റെ ഭാഗമാക്കുകയും ചെയ്തു.[54] ഈ പ്രവൃത്തിയിൽ നാം "ദൈവത്തിന്റെ അപ്രമേയമായ ജ്ഞാനവും വാഴുവാനുള്ള പരമാധികാരവും, അതിശയിപ്പിക്കുന്ന അവന്റെ കരുണയും" നാം കാണുന്നു.[55]

**വാക്യം 21.** തന്റെ ജീവിതാരംഭത്തിൽ, **യാക്കോബ്** താൻ ആഗ്രഹിച്ചത് നേടുവാനായി സ്വന്ത തന്ത്രങ്ങൾ നടപ്പിലാക്കിയിരുന്നു. സ്പഷ്ടമായും അവന് ദൈവത്തിൽ ആശ്രയിക്കുന്നതിൽ അല്ലായിരുന്നു താൽപര്യം. അവന്റെ വിശ്വാസം പക്വതയിലെത്തുന്നതിനെ കറിച്ചാണ് ഈ വാക്യം പറയുന്നത്.

പിതാക്കന്മാർ മരിക്കുന്നതിന് മുൻപ് അവരുടെ പിൻഗാമികളെ അനുഗ്രഹിച്ചിരുന്നു. അത് ദൈവത്തിൽനിന്നുള്ള വെളിപ്പാട് ആയിരുന്നതിനാൽ, വിശ്വാസത്താലാണ് അത് നൽകിയിരുന്നത്. ഈ അനുഗ്രഹം ആദ്യജാതൻ അവഗണിക്കുവാൻ സാധ്യതയുണ്ട്–ഇവിടെ രൂബേൻ ആണ് അവഗണിച്ചത്–അവനെ വിട്ട് അത് കൂടുതൽ വിശ്വാസം ഉള്ളവന് നൽകി. **യോസേഫി**[ന്റെ] രണ്ട് **മക്കളെ** അവൻ അനുഗ്രഹിച്ചതിനാൽ, യോസേഫ് അവന്റെ മറ്റു സഹോദരന്മാരേക്കാൾ ആദരിക്കപ്പെടുവാനിടയായി, അത് വളരെ മുൻപ് അവൻ കണ്ടതായ സ്വപ്നത്തിൽ അവന് ദൈവം വെളിപ്പെടുത്തി കൊടുത്തിരുന്നു (ഉല്. 37:5–11). ഫലത്തിൽ ആ രണ്ട് മക്കളെ യാക്കോബ് ദത്തെടുത്ത് അവരെ അനുഗ്രഹിക്കുകയായിരുന്നു. ആ രണ്ട് ഗോത്രങ്ങൾ മുഖാന്തരം യോസേഫിന് അങ്ങനെ

ഇരട്ടി ഓഹരിയാണ് ലഭിച്ചത്.

യോസേഫിന്റെ മക്കൾ ആയിരുന്നു മനേശെയും എഫ്രയിമും, അവരിൽ എഫ്രയിം ആയിരുന്നു ഇളയവൻ. യാക്കോബ് മനപ്പൂർവ്വമായി കൈകോർത്ത് പിടിച്ചാണ് അവരെ അനുഗ്രഹിച്ചത്. പ്രവചനപ്രകാരം മൂത്ത മകനേക്കാൾ കൂടുതൽ അനുഗ്രഹം എഫ്രെയീമിനാണ് നൽകിയത് (ഉല്. 48:5–20). ആ രണ്ട് ഗോത്രങ്ങളിൽ എഫ്രെയിം ആയിരുന്നു വലുതായി തീർന്നത്. വാസ്തവത്തിൽ, പ്രവാചകന്മാർ ഇടക്കിടക്ക് വടക്കെ രാജ്യത്തെ മൊത്തത്തിൽ "എഫ്രയിം" എന്നാണ് വിളിച്ചിരുന്നത് (ഹോശെ. 11:1–3, 8, 9 നോക്കുക). യിസ്രായേൽമക്കൾക്ക് ദൈവം കനാൻ അവകാശമായി കൊടുക്കും എന്ന **വിശ്വാസത്തിൽ** യാക്കൊബ് തന്റെ മക്കളെ അനുഗ്രഹിച്ചു. പിന്നീട് ഓരോ മകന്റേയും വരും തലമുറയെ കുറിച്ച് വിവരിച്ചു (ഉല്. 49)

എന്തൊരു പിതൃപാരമ്പര്യമാണ് അവർക്ക് നൽകപ്പെട്ടത്! തങ്ങളുടെ ഭാവിയെ കുറിച്ചു മുന്നറിയിച്ച പ്രവചനങ്ങളെ കുറിച്ച് യാക്കൊബിന്റെ മക്കൾ ചിന്തിച്ചു. ലക്ഷ്യസ്ഥാനത്തേക്ക് യാത്രതിരിച്ചവരായിരുന്നു യിസ്രായേല്യർ. യെഹൂദരുടെ നിഗളം കാരണം അവരെ തരംതാഴ്ത്തിയിരുന്നു എങ്കിലും, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിൽ അവർ അഭിമാനം കൊണ്ടിരുന്നു.

യാക്കൊബ് **തന്റെ വടിയിൽ ചാരി നമസ്ക്കരിച്ചിരുന്നു**. ഈ വാക്യം ഒരിക്കൽ കൂടെ LXX പിൻപറ്റിയിരിക്കുന്നു, എന്നാൽ മസോറെറ്റിക് പുസ്തകത്തിൽ ഒരു വവ്വൽ ചേർത്ത് അർത്ഥം "ബെഡ്" എന്നു വരുമാറാക്കി.[56] ലാറ്റിൻ വൾഗേറ്റ് പറയുന്നത് യാക്കൊബ് "തന്റെ വടിയുടെ അഗ്രം ആദരിച്ചു" എന്നാണ്, അതായത്, ഒരു പ്രതിമ എന്നവണ്ണം തന്റെ വടിയെ വണങ്ങി എന്നാണ്. "പക്ഷെ ഗ്രീക്കിൽ അതിനെ ഒരു ആരാധനാ വസ്തുവായി പറയുന്നില്ല, പക്ഷെ അവിടെ ആരാധനാ സ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്."[57] ദൈവേഷ്ടം പ്രവചിച്ചത് കൈമാറുവാൻ പ്രായാധിക്യത്തിലായിരുന്ന യാക്കൊബ് തന്റെ വടിയിൽ ഊന്നിയിരിക്കാമെന്ന് നമുക്ക് കരുതാം.

**വാക്യം 22**. ഈ വിശ്വാസ വാക്ക് അന്തർലീനമാക്കി ഉൽപത്തി 50:24, 25 ൽ ഉപയോഗിച്ചിരിക്കുന്നു. ദൈവം തന്റെ ജനത്തിന് വാഗ്ദാനം ചെയ്ത കനാൻ അവൻ നൽകുമെന്ന് **യോസേഫ്** പൂർണ്ണമായി വിശ്വസിച്ചിരുന്നു. മിസ്രയിമിലെ തന്റെ സമ്പാദ്യത്തിനൊന്നും വാഗ്ദാന ദേശം ലഭിക്കുന്നതിനെ കുറിച്ച് യോസേഫിൽ ഒരു മങ്ങലും ഏൽപിച്ചില്ല. അവന്റെ പരീക്ഷണങ്ങളിലെല്ലാം തന്റെ വിശ്വസ്തത നിലനിർത്തിയതിനാൽ, "ദൈവം അവനോടുകൂടെ ഇരുന്നു" (പ്രവൃ. 7:9, 10). മിസ്രയിമിൽ തന്റെ ആയുഷ്ക്കാലം മുഴുവൻ ചെലവഴിച്ചെങ്കിലും, പഴിനേഴാമത്തെ വയസ് മുതൽ തന്റെ ദേശം ഇതല്ല എന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു. അവന്റെ അപ്പൻ അവനെ നന്നായി പഠിപ്പിച്ചതിനാൽ അവൻ മറ്റൊരു വാസസ്ഥലത്തിനായി നോക്കി പാർത്തിരുന്നു. എബ്രായർ മിസ്രയിമിൽ അടിമകളായിരിക്കുമെന്നും കനാനിൽ വെച്ച് ജനം തന്നെ സേവിക്കുമെന്നും ദൈവം വളരെ മുൻകൂട്ടി മുന്നറിയിച്ചത് അവന് അറിയാമായിരുന്നു (ഉല്. 15:13–16).

മിസ്രയിമിൽനിന്നു പുറപ്പെടുന്നതിനെ ("പുറപ്പാട്"; [ഏബി] **കുറിച്ച് വിശ്വാസത്താൽ യോസേഫ് പറഞ്ഞിരുന്നു**; ഉല്. 50:24, 25). അവർ വാഗ്ദാന ദേശം കൈവശമാക്കുവാൻ പോകുമ്പോൾ തന്റെ ശേഷിച്ച സാധനങ്ങളെല്ലാം ("ഉണ്ടെങ്കിൽ" എന്നില്ല) എടുത്തുകൊൾവാൻ അവൻ ജനത്തോട് പറഞ്ഞി

രുന്നു. അവന്റെ ശരീരം മമ്മിയാക്കി സൂക്ഷിക്കുകയും അങ്ങനെ **അസ്ഥികൾ** കനാനിൽ കുഴിച്ചിടുവാനും കഴിയുമെന്ന് കരുതി (പുറ. 13:19). യോശുവ 24:32 അനുസരിച്ച്, യോസേഫിന്റെ അസ്ഥികൾ ഒടുവിൽ ശേഖേമിലാണ് അടക്കിയത്. ഈ ഉദാഹരണവും തെളിയിക്കുന്നത് "ആശിക്കുന്നതിന്റെ ഉറപ്പും," "കാണാത്ത കാര്യങ്ങളുടെ നിശ്ചയവും" ആകുന്നു എന്നതാണ് (11:1) ഏകദേശം ഒന്ന് ഒന്നര നൂറ്റാണ്ടിനു ശേഷം ഭാവിയിൽ സംഭവിക്കുവാനിരുന്നതിനായി യോസേഫ് മുൻപോട്ട് നോക്കിയിരുന്നു.

പുറപ്പാടിനെ കുറിച്ച് പ്രവചിച്ചതും നിറവേറിയതും പഴയ നിയമത്തിലും പുതിയ നിയമത്തിലും പറഞ്ഞിരിക്കുന്നു (1 കൊ. 10:1, 2 നോക്കുക). അത് വാസ്തവത്തിൽ സംഭവിച്ചോ എന്നു സംശയിക്കുന്നവർ മനസിലാക്കേണ്ടത് അതായിരുന്നു യെഹൂദ ചരിത്രത്തിലെ മുഖ്യ പോയിന്റ് എന്നതാണ്. "പുറപ്പാട്," അല്ലെങ്കിൽ "പുറപ്പെട്ടു പോകൽ" എന്നീ വാക്കുകൾ പുതിയ നിയമത്തിൽ വിരളമാണ്. അത് മറ്റൊരു ഭാഗത്തുള്ളത് ലൂക്കൊസ് 9:31 ൽ യേശുവിന്റെ മരണത്തെ പ്രസ്താവിക്കുമ്പോഴും, പിന്നെ 2 പത്രൊ. 1:15 ൽ പത്രൊസിന്റെ മരണത്തെ കുറിച്ച് പറയുമ്പോഴുമാണ്. മരണം എന്നു പറയുന്നത് "പുറത്തു പോകൽ" മാത്രമല്ല, മറിച്ച് അത്, "വിജയ വിടുതലാണ്"[58] എന്നതാണ് പുതിയ നിയമ വിശ്വാസത്തിന്റെ കാതലായ കാര്യം.

**11:23–29**

**[23]വിശ്വാസത്താൽ മോശെയുടെ ജനനത്തിങ്കൽ, ശിശു സുന്ദരൻ എന്നു അമ്മയപ്പന്മാർ കണ്ടു രാജാവിന്റെ കൽപന ഭയപ്പെടാതെ അവനെ മൂന്നു മാസം ഒളിപ്പിച്ചു വെച്ചു. [24]വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുത്തു. [25]പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിക്കയും [26]മിസ്രയിമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു. [27]വിശ്വാസത്താൽ അവൻ അദൃശ്യ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനിൽക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയിം വിട്ടു പോന്നു. [28]വിശ്വാസത്താൽ അവൻ കടിഞ്ഞൂലുകളുടെ സംഹാരകൻ അവരെ തൊടാതിരിപ്പാൻ പെസഹയും ചോരത്തളിയും ആചരിച്ചു. [29]വിശ്വാസത്താൽ അവർ കരയിൽ എന്ന പോലെ ചെങ്കടലിൽകൂടെ കടന്നു. അത് മിസ്രയിമ്യർ ചെയ്‌വാൻ നോക്കിയിട്ട് മുങ്ങി പോയി.**

അബ്രഹാമിനു ശേഷം, പഴയ നിയമത്തിൽ കാണുന്ന ഏറ്റവും വലിയ വിശ്വാസ മനുഷ്യരിൽ രണ്ടാമനായിരുന്നു മോശെ. "ഗ്രീക്ക് നാടകത്തിലെ ഒരു സംഭവം" പോലെ തോന്നിക്കുന്നതാണ് മോശെയുടെ ജീവിതം.[59] മോശെയുടെ ജീവിതത്തിൽ, അവന്റെ അമ്മയപ്പന്മാരുടെ വിശ്വാസമാതൃകയാണ് ആദ്യം പറഞ്ഞിരിക്കുന്നത്, അപ്പൻ അമ്രാമും അമ്മ യോഖേബെദും ആയിരുന്നു (പുറ. 6:20). അവരുടെ വിശ്വാസം ധീരമായതും ഫറവോന്റെ കൽപനക്ക് എതിരായതും ആയിരുന്നു.

**വാക്യം 23. വിശ്വാസം** മൂലം **മോശെയുടെ** അമ്മ ചെയ്തതിൽ പഴയ നിയമം ഊന്നൽ കൊടുത്തിരിക്കുന്നു (പുറ. 2:1–10), എന്നാൽ തീർച്ചയായും അവന്റെ അപ്പനും വിശ്വാസമുള്ള വ്യക്തിയായിരുന്നു.[60] അവന്റെ **അപ്പനുമ**

**മ്മയും** ഒരുമിച്ചായിരുന്നു അവനെ ഒളിപ്പിച്ചുവെച്ചത്.

ജീവിതത്തിൽ ദൈവിക ഉദ്ദേശമുള്ള പ്രത്യേകതയുള്ള മകൻ ആണ് നിങ്ങളുടേത് എന്ന് ദൈവം ഒരുപക്ഷെ അമ്രാമിന്നും യൊഖേദേബിനും വെളിപ്പെടുത്തിയിരിക്കാം. എബ്രായരായതിനാൽ, ജനത്തെ വിടുവിക്കുവാൻ ദൈവം ഒരാളെ അവരുടെ മദ്ധ്യേ എഴുന്നേൽപ്പിക്കുമെന്ന വിശ്വാസം അവർക്ക് ഉണ്ടായിരുന്നു. തങ്ങളുടെ മകനെ കൊല്ലുവാൻ അനുവദിക്കുന്നത്, ദൈവേഷ്ടമല്ല എന്നു തിരിച്ചറിഞ്ഞ് രക്ഷകർത്താക്കൾ എന്ന നിലക്ക് തങ്ങളുടെ മകനെ സംരക്ഷിക്കുവാൻ അവർ തീരുമാനിച്ചു. “ദൈവദൃഷ്ടിയിൽ അവൻ ദിവ്യസുന്ദരൻ” ആയിരുന്നു എന്നാണ് നമ്മുടെ വേദഭാഗം വ്യക്തമാക്കുന്നത് (പ്രവൃ. 7:20).

മോശെയുടെ അമ്മയപ്പന്മാർ രാജാവിന്റെ കൽപനയ ഭയപ്പെട്ടിരുന്നുവെങ്കിൽ, അവർ അവനെ മിസ്രയിമ്യർക്ക് ഏൽപിച്ചുകൊടുക്കുമായിരുന്നു. എങ്ങനെയായാലും, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന മാതാപിതാക്കൾ തങ്ങളുടെ ആദ്യജാതന്മാരെ ഇപ്രകാരം മരിപ്പാൻ അനുവദിക്കുമായിരുന്നു. അവരെപോലെ ആയിരുന്നില്ല മോശെയുടെ അമ്മയപ്പന്മാർ. പകരം അവരുടെ മകനെ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി വെള്ളം കയറാതെ കീൽ തേച്ച് ഞാങ്ങണയുടെ ഇടയിൽ വെച്ചു. ദൈവത്തിലും അവന്റെ കരുണയിലും ഉള്ള ആശ്രയമായിരുന്നു അത്. കുട്ടി **സുന്ദരൻ** ആയിരുന്നതിനാലാണ് അവർ അങ്ങനെ ചെയ്തത് (പുറ. 2:2 നോക്കുക), **അവർ രാജാവിന്റെ കൽപനയെ ഭയപ്പെട്ടില്ല**. ഫറവോനെ അവർ മനസിലാക്കിയതിനേക്കാൾ അവർ ദൈവത്തെ ഭയപ്പെടുകയും ആദരിക്കുകയും ചെയ്തിരുന്നു എന്ന് ആ പ്രവൃത്തികൾ തെളിയിക്കുന്നു.

മോശെയുടെ സൗന്ദര്യത്തെയും ജ്ഞാനത്തെയും യെഹൂദ എഴുത്തുകാരൻ വർണ്ണിക്കുന്നത് അവിശ്വസനീയമായിട്ടാണ്. ഫിലോ എഴുതി, “അവൻ ജനിച്ചപ്പോൾ, [അവൻ] സാധാരണ ശിശുക്കളേക്കാൾ കൂടുതൽ ഉത്തമൻ ആയും സൗന്ദര്യമുള്ളവൻ ആയിട്ടും കാണപ്പെട്ടു.”[61] അവൻ സാധാരണ കുട്ടികളെ പോലെ ആയിരുന്നില്ല എന്നു വ്യക്തമാക്കുന്നതാണ് “സുന്ദരൻ” എന്ന ആശയം. മാഹാത്മ്യത്തിനായി നിർണ്ണയിക്കപ്പെട്ടിരുന്നതായി സൂചിപ്പിക്കുന്നു, പക്ഷെ അതിൽ കൂടുതലായാൽ അത് ഊഹാപോഹം ആകും. ഏത് കാര്യവും പഠിക്കുന്ന കാര്യത്തിൽ മോശെ മികവുള്ളവനായിരുന്നു.[62] മിസ്രയിം സൈന്യത്തെ നയിച്ച സൈന്യാ-ധിപൻ-ആയിരുന്നു അവനെന്നാണ് ജോസഫസ് പറഞ്ഞത്.[63] അക്ഷരമാല കണ്ടുപിടിച്ചവൻ എന്നാണ് മോശെയെ കുറിച്ച്, യെഹൂദ മതാനുസാരിയായ യൂപോൽമസ് എന്ന എഴുത്തുകാരൻ എഴുതിയത്.[64]

നദിയിൽ ഇട്ട തങ്ങളുടെ മകനെ ഒഴുക്ക് കൊണ്ടുപോയിരുന്നു എങ്കിലോ എന്ന് അമ്രാമും യൊഖേബെദും അതിശയിച്ചുകാണുമോ? “കാറ്റ് നദിയിൽ അലകൾ ഉയർത്തിയിരുന്നെങ്കിൽ ആ ചെറിയ പെട്ടകത്തിന് എന്തു സംഭവിക്കുമായിരുന്നു?” വിശ്വാസത്തിൽ അവർ പ്രവർത്തിച്ചതുകൊണ്ട് പിന്നെ ഒരു കുഴപ്പവും സംഭവിച്ചില്ല. യിസ്രായേൽമക്കൾ ഒരു രക്ഷകനെ അവരുടെയിടയിൽ നോക്കിക്കൊണ്ടിരിക്കുമ്പോഴായിരുന്നു യേശു വന്നത്. അവർ അതിനായി നിലവിളിച്ച നിലവിളിയും പ്രാർത്ഥനയും ദൈവം കേട്ടു (പുറ. 3:9).

മോശെയുടെ അമ്മയപ്പന്മാരെ കുറിച്ചുള്ള ഈ ചുരുങ്ങിയ വിവരണം ദൈവത്തിലുള്ള അവരുടെ ശക്തമായ വിശ്വാസത്തെ ആണ് കാണിക്കുന്നത്. ദൈവം നൽകുന്ന സാധ്യതകളെയാണ് അവർക്ക് വിശ്വാസത്താൽ കാണു

വാൻ കഴിഞ്ഞത്. രാജാവിന്റെ കൽപനയെ പോലും നിഷേധിക്കുന്നതും ദൈവ ത്തിന്റെ കരുണയിൽ ആശ്രയിക്കുന്നതുമായ ഒരു വിശ്വാസമായിരുന്നു അത്.

മോശെ വളർന്നപ്പോൾ അവനിൽ അമ്മയപ്പന്മാരുടെ വിശ്വാസവും വളർന്നു. മോശെയുടെ വിശ്വസ്തതക്ക് അഞ്ചു ഉദാഹരണങ്ങൾ നമുക്ക് ബൈബിളിൽ കാണാം.

**വാക്യം 24.** മോശെക്ക് അന്ന് വേണമെങ്കിൽ, ലോകത്തെ വലിയ രാജ്യ ങ്ങളിലൊന്നിൽ രാജകുമാരനായി വാഴാമായിരുന്നു, പക്ഷെ അവൻ അത് തിരഞ്ഞെടുത്തില്ല. **മോശെ വളർന്നപ്പോൾ, ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചു.** "നിരസിച്ചു" എന്നതിന്റെ ഗ്രീക്ക് വാക്ക് അയോറിസ്റ്റ് ടെൻസിലുള്ളത് സൂചിപ്പിപ്പിക്കുന്നത് അവൻ മിസ്രയിം നിരസി ക്കുന്നത് തിരഞ്ഞെടുത്തു എന്നാണ്.

അവന്റെ തിരഞ്ഞെടുപ്പിൽ കൃത്യമായി എന്താണ് നിരസിച്ചത്? ഫറവോൻ തുട്മോസ് I ന്റെ ഏക പുത്രി ഹാറ്റ്ഷെപ്സട്ട് ദത്തെടുത്തതായിരുന്നു മോശെ എന്നാണ് ചില എഴുത്തുകാർ കരുതുന്നത്.[65] വിവാഹം കഴിഞ്ഞ് വളരെ നാ ളുകൾ കഴിഞ്ഞിട്ടും അവർക്ക് വേറെ മക്കളില്ലായിരുന്നു. ഫറവോന്റെ രാജ ധാനിയിൽ തന്നെ അവൻ കഴിഞ്ഞിരുന്നുവെങ്കിൽ രാജകിരീടം ധരിക്കുവാ നുള്ള സാധ്യത മോശെക്ക് ഉണ്ടാകുമായിരുന്നു.

**വാക്യം 25.** മിസ്രയിം വിട്ടുപോകുവാൻ അവൻ ആലോചിക്കാതെ തീരു മാനിച്ചതല്ല, എന്നാൽ ആ തീരുമാനം മാറ്റുവാൻ കഴിയാത്തതായിരുന്നു. ഫറവോന്റെ ഭവനത്തിലെ എല്ലാ സ്ഥാനങ്ങളും ഉപേക്ഷിച്ച് **ദൈവജനത്തോ ടുകൂടെ എല്ലാ-കഷ്ടങ്ങളും സഹിക്കേണ്ടി** വന്നു. മോശെയുടെ കാലത്ത് അടിമകളോട് ഏറ്റവും ക്രൂരമായിട്ടായിരുന്നു പെരുമാറിയിരുന്നത്. തന്റെ ജനത്തിനിടയിലെ ദരിദ്രരോടും കഷ്ടപ്പെടുന്നവരോടും യേശുവിനെപോലെ മോശെക്ക് മനസലിവ് ഉണ്ടായി കാണും.

അത്തരം ഒരു തീരുമാനം എടുത്ത്, മോശെ മിസ്രയിമിലെ സമ്പത്തിനെ "ദൈവത്താൽ അഭിഷിക്തരോടുകൂടെ അപമാനം സഹിക്കുന്നതു" അവൻ താരതമ്യം ചെയ്യുകയായിരുന്നു (എൻഈബി). ദൈവജനമായിരുന്ന യിസ്രാ യേൽ "ദൈവത്താൽ അഭിഷേകം ചെയ്തവരായിരുന്നു" എന്ന് ഇത് സൂചിപ്പി ക്കുന്നു, എന്നാൽ ക്രിസ്റ്റോസ് എന്ന വാക്ക് എബ്രായലേഖനത്തിൽ ക്രിസ്തുവി നല്ലാതെ മറ്റാർക്കും ഉപയോഗിച്ചിട്ടില്ല. "തിരഞ്ഞെടുക്കപ്പെട്ട ജനം" എന്നാണ് ആ പ്രയോഗം അർത്ഥമാക്കുന്നതെങ്കിൽ, മോശെ ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുത്തു എന്നു പറയാം. തുടർന്നുള്ള നൂറ്റാണ്ടുകളിൽ എത്രത്തോളം ദൈവത്താൽ നിയമിക്കപ്പെട്ട (അല്ലെങ്കിൽ "അഭിഷിക്തരായ") ദാസന്മാർ കഷ്ടം ഏറ്റുവോ, അതുപോലെ മോശെയും കഷ്ടം ഏറ്റു. അവൻ "ക്രിസ്തുവിനോടുകൂടെ" നിന്ദ സഹിക്കുവാൻ ചേർന്നു എന്നു പറയുന്നതാകും കൂടുതൽ നല്ലത്. തരം താഴ്ത്തലിന്റെ ഉച്ചസ്ഥായി യിലെത്തിയതായിരുന്നു ക്രിസ്തുവിന്റെ തരംതാഴ്ത്തൽ. ദൈവത്തോടുള്ള ഭക്തി നിമിത്തം ജീവിച്ച മോശെ ക്രിസ്തുവിനോടുകൂടെ കഷ്ടതയേറ്റത് ഓർക്കുമ്പോൾ, സ്ഥിരോൽസാഹികളായിരുന്ന യെഹൂദ ക്രിസ്ത്യാനികൾ ആ സമയത്ത് അപകടത്തിൽ തന്നെയായിരുന്നു എന്നു മനസിലാകും.

**പാപത്തിന്റെ ഭോഗേഛയിൽ വീണുപോകുന്നത്** എളുപ്പമാണ്. കൂടാതെ അങ്ങനെ അയാൾ "പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ടുപോകയും" ചെയ്യും (എബ്രാ. 3:13). മിസ്രയിമ്യരെ നയിക്കണോ, അതോ യിസ്രായേല്യരെ നയി

ക്കണോ എന്നതായിരുന്നു മോശെയുടെ മുൻപിലുണ്ടായിരുന്ന തിരഞ്ഞെടുപ്പ്, മോശെ രണ്ടാമത്തേതാണ് തിരഞ്ഞെടുത്തത്. "യോസേഫ് ശക്തനായി തീർന്നത് ഈ രാജ്യത്താണ്, അവൻ മരിക്കുന്നതുവരെ ഇവിടെയായിരുന്നുവല്ലൊ, പിന്നെ എനിക്ക് എന്തുകൊണ്ട് ആയിക്കൂടാ?" എന്ന് അവനു ചിന്തിക്കാമായിരുന്നു. എങ്ങനെയായാലും, മോശെ അങ്ങനെ ചിന്തിച്ചിരുന്നുവെങ്കിൽ, തന്റെ മനസിലെ വിശ്വാസം നിമിത്തം അവൻ സ്വയം പുറത്തു കടക്കുമായിരുന്നു. മിസ്രയിമിലെ താൽക്കാലിക സമൃദ്ധിയും അധാർമ്മികതയും കണ്ട് അവൻ മടുത്തിരുന്നു.

**വാക്യം 26. മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ** വില ദൈവിക കാര്യങ്ങൾക്കാണെന്ന് മോശെ **മനസി**[ലാക്കി.][66] മിസ്രയിമിലെ സമ്പത്ത് ഐതിഹാസികമായി കഴിഞ്ഞിരുന്നു. ഹോവാർഡ് കാർട്ടറും ലോർഡ് കർണാർവനും ചേർന്ന് ആറുവർഷം കുഴിച്ച് രാജാവായിരുന്ന തുടൻഖാമെന്റെ കല്ലറയിൽ നിന്ന് 1922 ൽ ഏതാനും വലിയ സമ്പത്ത് കണ്ടെടുത്തിരുന്നു. ഏകദേശം 3, 500 വർഷത്തോളം ആ കല്ലറ അടെച്ചു മുദ്രവെച്ചിരുന്നു. അവസാനം അത് തുറന്ന് ആ വിലപിടിച്ച വസ്തുക്കൾ പുറത്തെടുത്തതിൽ, ആ യുവരാജാവിന്റെ ശവപ്പെട്ടിക്കുള്ളിലെ വസ്തുക്കൾ പറഞ്ഞാൽ തീരാത്തത്ര ആയിരുന്നു. അവയിൽ സ്വർണ്ണംകൊണ്ടുള്ള ലോകത്തിലെ ഏറ്റവും മനോഹരമായ ഒരു മാസ്ക്കും കണ്ടെടുത്തിരുന്നു. ആ യുവ രാജാവിന്റെ ശരീരം രണ്ട് ശവപ്പെട്ടിയിൽ ആണ് അടക്കിയിരുന്നത്, വലിയ ഒന്നിനകത്ത് ചെറുത് ഇറക്കി വെച്ചതിലായിരുന്നു ശരീരം വെച്ചിരുന്നത്, രണ്ടും സ്വർണ്ണം കൊണ്ടുണ്ടാക്കിയതായിരുന്നു! അവനെ അറിയപ്പെട്ടിരുന്നത് തുട് എന്ന പേരിലായിരുന്നു, എന്നാൽ വലിയ പ്രാമുഖ്യത്തിലെത്തിയിരുന്നില്ല, പതിനെട്ടോ അല്ലെങ്കിൽ പത്തൊമ്പതോ വയസ് പ്രായമായപ്പോഴായിരുന്നു മരണം; എന്നാൽ അവന്റെ കല്ലറ പ്രാചീന മിസ്രയിമിന്റെ സമ്പത്ത് വെളിപ്പെടുത്തുന്നതായിരുന്നു.

മോശെയും തുട് രാജാവും ജീവിച്ചിരുന്നത് നൂറു വർഷത്തെ വ്യത്യാസത്തിലായിരുന്നു. തന്റെ മനസിൽ സമ്പത്തിന്റെ ഓർമ്മയുമായിട്ടായിരുന്നു തുട് ജീവിച്ചത്; പക്ഷെ മോശെ ജീവിച്ചത് ദൈവത്തെയും ദൈവത്തിൽ വിശ്വസ്തരായി ജീവിച്ചവരെയും കുറിച്ചുള്ള ഓർമ്മയുമായിട്ടായിരുന്നു. അവൻ ദൈവത്തോടുകൂടെ ആയിരുന്നതുകൊണ്ടായിരുന്നു മോശെ ദൈവജനത്തിന്റെ പക്ഷം ചേർന്നത്. പ്രസിദ്ധിയും സമ്പത്തും ഏതാനും സമയത്തേക്കുമാത്രമുള്ളതാണ് എന്നത്രെ രാജാവായിരുന്ന തുട് വെളിപ്പെടുത്തിയത്. മിസ്രയിമിന്റെ ശക്തിയും സമ്പത്തും ക്ഷയിച്ചുപോയി. എന്നാൽ ദൈവത്തിന്റെ സമ്പത്തും ശക്തിയും എന്നേക്കും നിലനിൽക്കുന്നു. ഭൗമിക സമ്പത്തിനോടുള്ള മോഹം നമ്മെ അതിൽ അടിമപ്പെടുത്തുകയും, നമ്മെ നശിപ്പിക്കുകയും ചെയ്യും. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട ആളുകളോടുകൂടെ കഷ്ടത ഏറ്റ് അവരിൽ ഒരാളായി ജീവിക്കുവാനായിരുന്നു മോശെ തിരഞ്ഞെടുത്തത്.

**ക്രിസ്തുവിന്റെ നിന്ദ** എന്ന പ്രയോഗം വ്യക്തമാക്കുന്നത് യേശു തന്റെ വ്യക്തിത്വത്തിൽ അനുഭവിച്ചതുപോലെയുള്ള നിന്ദ മോശെയും തിരഞ്ഞെടുത്തതായിട്ടായിരിക്കാം (13:13 നോക്കുക). ഏതാണ്ട് ഒരു പരിധി വരെ എല്ലാ വിശുദ്ധന്മാരും അത് സഹിക്കണം (2 തിമൊ. 3:12). എബ്രായ ലേഖനം ലഭിച്ച ക്രിസ്ത്യാനികൾ, ക്രിസ്തുവിനോട് ചേർന്നതുമുതൽ കഷ്ടം അനുഭവിക്കുവാൻ തുടങ്ങിക്കാണും, എന്നാൽ മോശെയുടെ ഉദാഹരണം അവർക്ക് തീർച്ചയായും പ്രാധാന്യമുള്ളതായിരുന്നു.

മോശെയുടെ പ്രവൃത്തി ക്രിസ്തുവിലേക്ക് നയിക്കുന്നതും വിരൽ ചൂണ്ടുന്നതുമായിരുന്നു. ക്രിസ്തുവിലേക്ക് നയിക്കുന്ന ദൗത്യം മോശെക്ക് ലഭിച്ചപ്പോൾ, അവന് ദൈവത്തിൽനിന്ന് അതിനുള്ള വെളിപ്പാട് ലഭിച്ചിരിക്കണം. ആ വെല്ലുവിളി അവൻ സ്വീകരിച്ചത് ദൈവജനത്തോടുകൂടെ തിരിച്ചറിയിച്ചുകൊണ്ടായിരുന്നു. പിന്നീട് അവനു നേരിട്ട ലജ്ജിക്കത്തക്ക കഷ്ടത ക്രിസ്തുവിന്റേതുമായി യോജിക്കുന്നതായിരുന്നു.[67] അതിന്റെ വില മനസിലാക്കിയതിനാലാകാം അവൻ "ക്രിസ്തുവിന്റെ നിന്ദ" തിരഞ്ഞെടുത്തത്. അവൻ അത് അന്നു മനസിലാക്കിയില്ലെങ്കിൽ, അവൻ വരുവാനുള്ള മശിഹയെ പോലെ ആയിരുന്നു എന്നു പിന്നീട് മനസിലാക്കി കാണും (ആവ. 18:15-18). അബ്രഹാം ക്രിസ്തുവിനെ അറിഞ്ഞിരുന്നു എങ്കിൽ, (യോഹ. 8:56), തീർച്ചയായും മോശെയും മശിഹയെ അറിഞ്ഞിരിക്കണം. ക്രിസ്തുവിനെ നേടേണ്ടതിന്ന് സകലവും ചേതമായി എണ്ണിയ പൗലൊസിനെ പോലെയായിരിക്കാം മോശെയും ചെയ്തത് (ഫിലി. 3:7-10). മോശെ അറിഞ്ഞതും ഇയ്യോബ് കണ്ടതും നാം അറിയണം; "ദുഷ്ടന്മാരുടെ ജയഘോഷം താൽക്കാലികമത്രെ; വഷളന്റെ സന്തോഷം ക്ഷണനേരത്തേക്കേയുള്ളു" (ഇയ്യോ. 20:5).

**വാക്യം 26.** മോശെ എടുത്ത തീരുമാനത്തിന്റെ പ്രചോദനം നാം കാണുന്നു: **അവൻ പ്രതിഫലം നോക്കിയതുകൊണ്ട്.** "പ്രതിഫലം" എന്നതിന്റെ ഗ്രീക്ക് വാക്ക് *മിസ്തപോഡോസിസിൽ* നിന്നുള്ളതാണ്, അത് 2:2 ലും 10:35 ലും കാണാം. അത് എബ്രായ ലേഖനത്തിൽ ഒരു പ്രധാനപ്പെട്ട ചിന്ത പ്രതിഫലിപ്പിക്കുന്നു, അർത്ഥം ഒന്നുകിൽ "പ്രതിഫലം", അല്ലെങ്കിൽ "പിഴ." കെജെവിയിൽ "പ്രായശ്ചിത്ത പ്രതിഫലം" നൽകുക എന്നാണ്.

അവന്റെ തിരഞ്ഞെടുപ്പ് നാം പരിശോധിക്കുമ്പോൾ, ഭൗതിക സമ്പത്തിനേക്കാൾ ഭാവിയിൽ ലഭിപ്പാനുള്ളത് വിലപിടിപ്പുള്ളത് എന്ന് അവൻ മനസിലാക്കി. മിസ്രയിമിന്റെ സമ്പത്തും ശക്തിയും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ നിന്ദ സഹിക്കുന്നത് അവൻ സന്തോഷത്തോടെയാണ് സ്വീകരിച്ചത്. ആ തീരുമാനം അവൻ മിസ്രയിമ്യനെ കൊല്ലുന്നതിനു മുൻപ് തന്നെ എടുത്തിരിക്കാം.

**വാക്യം 27. രാജാവിന്റെ കോപത്തെ അവൻ ഭയപ്പെട്ടില്ല** എന്നത് പുറപ്പാട് 2:11-15 വൈപരീത്യമുളവാക്കുന്നതായി തോന്നിയേക്കാം. മിസ്രയിമ്യനെ കൊന്നശേഷം, മോശെ രാജാവിനെ പേടിച്ച് ഓടി പോയി എന്നാണ്. വ്യക്തിപരമായ അവന്റെ സുരക്ഷിതത്വത്തെ ഓർത്തായിരിക്കാം അവൻ ഭയന്നത്. മിസ്രയിമിനെ സേവിക്കുന്നതിനേക്കാൾ ദൈവത്തെ സേവിക്കുന്നത് തിരഞ്ഞെടുക്കുന്നതിൽ അവന് ഭയം ഒന്നുമില്ലായിരുന്നു.[68] "അതുകൊണ്ടായിരുന്നില്ല അവൻ മിസ്രയിം വിട്ടുപോയത് എന്നു നാം സമ്മതിക്കണം; മിസ്രയിം വിട്ടുപോയത് അവന്റെ വിശ്വാസ പ്രവൃത്തി ആയിരുന്നു."[69] ക്രൂരനും ശക്തനുമായ ഒരു രാജാവിൽനിന്ന് ഒളിച്ചോടുവാൻ വലിയ ധൈര്യം ആവശ്യമായിരുന്നു. രാജാവിന് അവനെ കണ്ടുപിടിച്ചു കൊല്ലുവാൻ പ്രയാസം കാണുകയില്ല. എന്നാൽ ഇവിടെ മോശെക്ക് അവന്റെ ധൈര്യത്തെക്കാൾ മുന്നിട്ടു നിന്നത് വിശ്വാസം ആയിരുന്നു. അവൻ വിശ്വാസത്തിൽ പ്രവർത്തിച്ചതിനാൽ ദൈവം അവനെ സംരക്ഷിച്ചു. "മിസ്രയിം പിന്നിൽവിട്ട് പുറപ്പെട്ടു പോയതുമുതൽ തന്നെ പോലെ വരുവാനുള്ളവൻ പറഞ്ഞതുപോലെ, അവന് ഭൂമിയിൽ ഒരു പിതൃദേശം ഇല്ലായിരുന്നു."[70] ഈ സമയമായപ്പോഴേക്ക്, യിസ്രായേലിന്റെ ദൈവത്തിലുള്ള അവന്റെ വിശ്വാസം വർദ്ധിക്കുകയും അവനിൽനിന്ന് ഭയം നീങ്ങുകയും ചെയ്തു.

രാജാവിനെ വിട്ട് മോശെ ആദ്യം പുറപ്പെട്ടു പോയപ്പോൾ ഭയപ്പെടാതിരുന്നത് ഉപായം ചിന്തിച്ചതിനാലായിരുന്നു എന്നു ചിലർ വാദിക്കുന്നു. എങ്ങനെയായാലും, വേദഭാഗം പറയുന്നതുപോലെ, അത് ഒരു വിശ്വാസ പ്രവൃത്തി ആയിരുന്നാൽ, അവൻ വിട്ടുപോയത് അവന്റെ ഉള്ളിൽ തനിക്കായി വെച്ചിരിക്കുന്ന നിക്ഷേപങ്ങളെ ഓർത്തിട്ടു തന്നെയാണ്. ദൈവത്തെ സേവിക്കുവാനുള്ള തീരുമാനം മറ്റെല്ലാ ഭയത്തെയും നീക്കുന്നതാണ് വിശ്വാസം.

രണ്ട് സന്ദർഭങ്ങളിൽ മോശെ മിസ്രയിം വിട്ടുപോയി എന്ന് പറഞ്ഞ് ഭയത്തിലുള്ള വൈരുദ്ധ്യത്തെ പരിഹരിക്കുവാൻ ശ്രമിക്കുന്നുമുണ്ട്. അവൻ ഒരിക്കൽ ഫറവോനെ ഭയന്ന് മിസ്രയിം വിട്ടുപോയി (പുറ. 2). മറ്റൊന്ന് യിസ്രായേൽമക്കളെ അവൻ മിസ്രയിമിൽനിന്നു നയിച്ചുകൊണ്ടു പോയപ്പോഴായിരുന്നു (പുറ. 13). എബ്രായർ 11 ൽ വിവരിച്ചത് കാലനിർണ്ണയഗതിപ്രകാരം, പുറപ്പാടു സംഭവങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ളതാണെങ്കിൽ, വാക്യം 27 ലെ പുറപ്പെട്ടു പോകൽ മിദ്യാൻ ആയിരുന്നു, അല്ലാതെ കനാൻ ആയിരുന്നില്ല എന്നു കാണാം.[71] എങ്ങനെയായാലും, ആ വാക്യം പുറപ്പാടിനെ കുറിച്ചു പറയുന്നതാകുവാനാണ് കൂടുതൽ സാധ്യത.[72]

താൻ ഫറവോന്റെ അടുക്കൽ പോകുവാൻ പ്രാപ്തനല്ല എന്ന് ആദ്യം അവൻ പറഞ്ഞു എങ്കിലും (പുറ. 4:10), മോശെ പെട്ടെന്ന് സംസാരിക്കുവാനുള്ള കഴിവും ധൈര്യവും ആർജ്ജിച്ചെടുത്തു. രാജധാനി വിട്ട് നാൽപതു വർഷം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞപ്പോഴേക്കും അവിടെ നിന്നു ലഭിച്ച പാഠവങ്ങൾ മറന്നു പോയിരിക്കാം, പക്ഷെ അവൻ ഉടനെ ഭയപ്പെടാതെ ഫറവോന്റെ അടുക്കൽ പോയി (പുറ. 5-12). രണ്ടാമത്തെ സാഹചര്യത്തിൽ, അവൻ **മിസ്രയിം വിട്ടുപോയത് വിശ്വാസത്താൽ** [ആയിരുന്നു]. ചെങ്കടൽ കടന്ന് മരുഭൂമിയിൽ എത്തി ദൈവത്തെ ആരാധിച്ചു.

യിസ്രായേൽ പുറപ്പെട്ട സമയത്തെ രാജാവിന്റെ അവസ്ഥയെ കുറിച്ച് പഴയനിയമം പറയുന്നില്ല, എന്നാൽ അടിമകളെ പിന്തുടരുവാൻ രാജാവ് കൽപിച്ചത് നോക്കുമ്പോൾ, അവരുടെ പുറപ്പാട് രാജാവിന്റെ ഇഷ്ടത്തിനു വിരുദ്ധമായിരുന്നു എന്നു സൂചിപ്പിക്കുന്നു (പുറ. 14:5–9). ആ സമയത്തായിരുന്നു മോശെ **സഹിച്ചത്**, അപ്പോൾ മുതൽ അവൻ ആളുകളെ വിശ്വാസത്തിൽ നയിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ അവൻ ഏതാണ്ട് ഏകനായിട്ടായിരുന്നു ദൈവത്തിന് വേണ്ടി പോരാടിയിരുന്നത്.

**അദൃശ്യനായവനെ കണ്ടതായിരുന്നു** അവന്റെ സഹിഷ്ണുതക്ക് മറ്റൊരു കാരണം. ഫലത്തിൽ, മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലായിരുന്നു മോശെ ദൈവത്തെ "കണ്ടത്" (പുറ. 3:2–6). "ഒരു സ്നേഹിതൻ മുഖാമുഖമായി കാണുന്നതുപോലെയാണ്" മോശെ ദൈവത്തെ കണ്ടത് എന്നാണ് പുറപ്പാട് പുസ്തകം നമ്മെ ബോധ്യമാക്കുന്നത് (33:11; സംഖ്യ. 12:7, 8).

കെടാത്തതും അതേസമയം വെന്തുപോകാത്തതുമായ അവസ്ഥയിൽ മോശെ കണ്ടതിനെ "യഹോവയുടെ ദൂതൻ" എന്നാണ് വിളിച്ചത് (പുറ. 3:2). അപ്പോൾ, ദൈവത്തെയല്ല, ദൈവത്തിന്റെ പ്രദർശനത്തെയാണ് അവൻ കണ്ടത്. എങ്ങനെയായാലും, ദൈവത്തെ അവൻ കാണാതിരിക്കേണ്ടതിന് അവൻ തന്റെ മുഖത്തെ മൂടി എന്നാണ് കാണുന്നത് (പുറ. 3:6). ദൈവത്തിന്റെ പ്രദർശനം പ്രത്യേകമായ രീതിയിൽ മോശെയെ കാണുവാൻ അനുവദിച്ചു, എന്നാൽ ദൈവത്തിന്റെ "മുഖം" കാൺമാൻ അനുവദിച്ചുമില്ല. മോശെയുടെ അനുഭവം അറിഞ്ഞ അപ്പൊസ്തലനായിരുന്ന യോഹന്നാൻ എഴുതി, "ദൈവത്തെ ആരും

ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ. 1:18). ദൈവത്തിന്റെ "കടന്നു പോകുന്ന ഭാഗം" മാത്രമാണ് മോശെ കണ്ടത് (പുറ. 33:20-23), സംസാരിക്കുവാനായി "കടന്നുപോകുന്ന" ദൈവതേജസ്.[73] രാത്രിയിൽ കടന്നുപോകുന്ന ഒരു ജെറ്റ് എൻജിന്റെ മിന്നൽ പോലെ ആയിരുന്നേക്കാം അത്. ഒരാൾക്ക് പുറമെ കാണുവാൻ കഴിയുന്നത് തീ മാത്രമാണ്, പക്ഷെ വിമാനം പറക്കുവാനുള്ള ശക്തി അതിന്റെ എൻജിന് അകത്താണ് അത് കാണുവാൻ കഴിയുന്നില്ല. ദൈവത്തെ മനസിലാക്കുവാൻ ഒരു സാമ്യവും പൂർണ്ണമായി ഉപകരിക്കുകയില്ല. ഇത് സഹായിക്കുമെന്ന് തോന്നുന്നു.

മോശെയുടെ മുൾപ്പടർപ്പ് അനുഭവം വാക്യം 27 പറയുന്നില്ല എന്നതാണ് മറ്റൊരു സാധ്യത. മോശെ "വിശ്വാസത്താൽ" കാണുന്നതും "കാണാത്ത കാര്യങ്ങളുടെ നിശ്ചയവും" ആയിരിക്കാം ലേഖകന്റെ മനസിൽ (11:1).

**വാക്യങ്ങൾ 28, 29.** പെസഹ ആചരിക്കുവാൻ മോശെ യിസ്രായേൽമക്കളെ നയിച്ചുകൊണ്ടുവന്നപ്പോൾ, അവൻ ദൈവേഷ്ടപ്രകാരമായിരുന്നു പ്രവർത്തിച്ചത് (വാ. 28). വരുവാനുള്ള ജലപ്രളയത്തെ കുറിച്ചു മുന്നറിയിപ്പ് കൊടുത്ത നോഹയെ പോലെ ആയിരുന്നു അവൻ. വരുവാനുള്ളത് ഭൗതികമായി കാണുവാൻ കഴിഞ്ഞില്ലെങ്കിലും, ദൈവേഷ്ടത്തോട് ഇരുവരും യോജിക്കുകയായിരുന്നു. [മോശെ] **വിശ്വാസത്താൽ പെസഹ ആചരിച്ചു**, അല്ലെങ്കിൽ"സ്ഥാപിച്ചു" (എന്റെ കയ്യിലുള്ള ഏഎസ്‌വിയിൽ). "ആചരിച്ചു" എന്നതിനുള്ള വാക്ക് *പോയിയെയോ* ആണ്, ("ഉണ്ടാക്കുക," അല്ലെങ്കിൽ "ചെയ്യുക"), ഈ സന്ദർഭത്തിൽ അത് "സ്ഥാപിക്കുക" എന്നർത്ഥമാക്കുന്നു.[74] ഇവിടത്തെ ക്രിയ പൂർണ്ണകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, എബ്രായ ലേഖനം എഴുതുന്നതുവരെ പെസഹ സ്ഥാപിച്ചതുമുതൽ തുടർന്നിരുന്നു എന്നു വ്യക്തമാക്കുന്നു.

പെസഹ ആചരിക്കൽ മാനുഷിക വിവേചനത്താൽ വന്നതല്ല. കുഞ്ഞാടിനെ അറുത്ത് **ചോരത്തളി** ആചരിച്ച്, അതിന്റെ മാംസം തിന്നുകയും ചെയ്തതിന് യിസ്രായേൽമക്കളുടെ ആദ്യജാതന്മാരെ സംഹരിക്കാതിരുന്നതുമായി ബന്ധമില്ല, ദൈവകൽപനകളെ മോശെ തന്റെ ജീവിതത്തിൽ അങ്ങനെ തന്നെ അനുസരിച്ചു. എന്തു ചെയ്യണമെന്ന് ജനത്തോട് അവൻ പറഞ്ഞിരുന്നു, അനുസരണമുള്ള വിശ്വാസത്താലായിരുന്നു അവരുടെ **ആദ്യജാതന്മാർ** രക്ഷിക്കപ്പെട്ടത്. പെസഹ കുഞ്ഞാടായ ക്രിസ്തുവിന്റെ യാഗത്തിന്റെ ദൃഷ്ടാന്തമായിരുന്നു "പെസഹ" (വാ. 28; 1 കൊ. 5:7).

"മരണ ദൂതൻ" എന്ന വാക്ക് പഴയ നിയമത്തിൽ ഇല്ല. പുറപ്പാട് 12:11-14 ൽ അത്തരം ഒരു "ദൂതൻ" ഇല്ല; അവിടെ നശിപ്പിക്കുന്നത് ദൈവമാണ്. വാക്യം 13 പറയുന്നു, "... രക്തം കാണുമ്പോൾ, ഞാൻ കടന്നു പോകും ..." പുറപ്പാട് 12:23 പറുന്നത് "നശിപ്പിക്കുന്നവൻ" ദൈവമല്ല എന്നു സ്പഷ്ടമാക്കുന്നു. എങ്ങനെയായാലും, ദൂതന്മാർക്ക് ചെയ്യുവാൻ കൽപന കൊടുക്കുന്നതെന്തും ദൈവത്തിനു ചെയ്യുവാൻ കഴിയും (ഉല്. 22:15-18). മിസ്രയിമിൽ മരണം സംഭവിച്ചപ്പോൾ, യിസ്രായേൽമക്കൾ സുരക്ഷിതരായി ഭക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. **വിശ്വാസത്താൽ** ആയിരുന്നു യിസ്രായേൽമക്കൾ രക്ഷിക്കപ്പെട്ടത് (വാ. 28, 29).

ജനം ഭക്ഷിച്ചുതീർന്ന ഉടനെ വിട്ടുപൊയ്ക്കൊൾവാൻ ഫറവോനിൽനിന്ന് കൽപന വന്നു (പുറ. 12:29-32). പെട്ടെന്ന് ജനം **ചെങ്കടലിനടുത്ത്** എത്തി (വാ. 29), എബ്രായ ഭാഷയിൽ അക്ഷരികമായി അത് "സീ ഓഫ് റീഡ്സ്" എന്നാണ്,

ആ പ്രയോഗത്തെ LXX ൽ മാറ്റിയതാണ് "ചെങ്കടൽ."[75] ഫറവോന്റെ സൈന്യം യിസ്രായേലിനെ പിടിക്കുവാൻ വന്നപ്പോൾ-യഹോവ അവരെ രക്ഷിച്ചില്ലായിരുന്നു എങ്കിൽ-അവരുടെ നാശം ഉറപ്പായിരുന്നു (പുറ. 14:10–14).

കരകവിഞ്ഞൊഴുകിയ കടലിനെ ദൈവം **ഉണങ്ങിയ നിലമാക്കി** മാറ്റി (പുറ. 14:16). ആളുകളുടെ വിശ്വാസം ബലഹീനമായിരുന്നു എങ്കിലും, അവർ അപ്പോഴും ഉണങ്ങിയ നിലത്തുകൂടെ കടലിനക്കരെ എത്തി. ദൈവത്തിന്റെ കൽപന മുൻപോട്ട് പോകുവാനായിരുന്നതുകൊണ്ട് അവർ പോയി. വിശ്വാസത്താൽ, അവർ **കടന്നുപോയതുകൊണ്ട്** അവർ യഹോവയുടെ വിടുതൽ എന്താണെന്ന് അറിഞ്ഞു. വിശ്വാസത്താൽ അവർ രക്ഷിക്കപ്പെടുകയും, അന്ന് അവർ രക്ഷപ്പെടുകയും ചെയ്തു. അതേസമയം അത് കണ്ട് കടലിലിറങ്ങിയ ഓരോ **മിസ്രയിമ്യ പടയാളിയും മുങ്ങി** പോയി (പുറ. 14:28, 30). കാഴ്ച്ചയാൽ നടന്ന മിസ്രയിമ്യർക്ക് കാണുവാൻ കഴിഞ്ഞത് കടൽ തുറന്നു വരുന്നതായിരുന്നു. അവർ തീർച്ചയായും ദൈവത്തിന്റെ വാക്ക് കൂടാതെയായിരുന്നു നടന്നത്; അതുകൊണ്ട് അവരുടെ പ്രവൃത്തിയിൽ ഒരു "വിശ്വാസവുമില്ലായിരുന്നു". സ്വാഭാവിക ഫലം പ്രതീക്ഷിച്ചതായിരുന്നു: അവരെല്ലാവരും മുങ്ങിപ്പോയി.

### യിസ്രായേലിന്റേയും രാഹാബിന്റേയും വിശ്വാസം (11:30, 31)

**[30]വിശ്വാസത്താൽ അവർ ഏഴു ദിവസം ചുറ്റി നടന്നപ്പോൾ യെരിഹോമതിൽ ഇടിഞ്ഞുവീണു. [31]വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ട് അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു.**

**വാക്യം 30.** വാഗ്ദാന ദേശം കീഴ്പ്പെടുത്തുന്നതുമായ ബന്ധത്തിൽ, യിസ്രായേലിന്റെ വിശ്വാസം വീണ്ടും ഉറപ്പിച്ചിരിക്കുന്നു. ദൈവം കൽപിച്ചത് ചെയ്യുവാൻ ഈ ദേശത്തിന് ഐകമത്യ വിശ്വാസം ആയിരുന്നു ഉണ്ടായിരുന്നത് എന്നാണ് ഈ ലേഖനം പറയുന്നത്.

സ്റ്റൈൽ നോക്കിയാൽ, 11:29–38 ഏറ്റവും മനോഹരവും ജ്വലിപ്പിക്കുന്നതുമായ വേദഭാഗമാണ്. "ആഡംബരത്തിലേക്ക് പിന്തിരിയുവാൻ ഒരിക്കലും അനുവദിക്കാതെ മുൻപോട്ട് ഗമിക്കുവാൻ പ്രേരിപ്പിക്കുന്ന" വിശ്വാസത്തെയാണ് അത് കാണിച്ചു തരുന്നത്."[76]

വാക്യം 29 മുതൽ അവതരിപ്പിക്കുന്നത് വലിയ അന്തരമാണ്. യിസ്രായേൽ കടലിൽകൂടെ കടന്ന് രക്ഷപ്പെട്ടതും മിസ്രയിമ്യർ അതേ രീതിയിൽ കടന്ന് പോയി മുങ്ങുകയും ചെയ്തത് ലേഖകൻ ശ്രദ്ധിച്ചു. ആ സംഭവം യിസ്രായേലിൽ മുഴുവൻ ഒരു ദേശിയ വീരഘോഷമായിരുന്നു; അതിനെ സങ്കീർത്തനങ്ങളിൽ വർഷങ്ങൾക്ക് ശേഷം ഓർമ്മിച്ചിരിക്കുന്നു (78:13; 135:8, 9; 136:10–15).

യെരീഹോ മതിലിനു പുറത്തുണ്ടായിരുന്ന നീതിമാന്മാരും മതിലിനകത്തുണ്ടായിരുന്ന അവിശ്വാസികളും തമ്മിലുള്ള അന്തരമാണ് രണ്ടാമത് വിവരിക്കുന്നത്. നീതിമാന്മാർ വിശ്വാസത്താൽ മതിലിനു **ചുറ്റും** നടന്നപ്പോൾ, മതിൽ വീണ് അവിശ്വാസികൾ നശിച്ചുപോയി (വാ. 30, 31). ആദ്യജാതന്മാരെ രക്ഷിച്ചത് രക്തമോ, യെരിഹോവിനു ചുറ്റും നടന്നു നിലവിളിച്ചതിനാൽ മാത്രം മതിൽവീഴുകയോ ചെയ്തില്ല. വിശ്വാസത്താൽ ദൈവകൽപന

അനുസരിച്ചതു നിമിത്തമായിരുന്നു യിസ്രായേൽ ദൈവ വാഗ്ദാനപ്രകാരം അനുഗ്രഹിക്കപ്പെട്ടത്.

**യെരിഹോ മതിൽ വീണത്** വിശ്വാസത്താലായിരുന്നു-അനുസരണമുള്ള വിശ്വാസത്താലായിരുന്നു. യിസ്രായേലിലെ ജനപ്പെരുപ്പമോ പ്രദക്ഷിണത്തിന്റെ ആധിക്യമോ മതിൽ വീഴുവാൻ കാരണമാകയില്ല. പടയാളികൾ കടന്നു പോകുന്ന പാലം കുറേശെ കുറേശെയായി ഇടിച്ചു തകർത്താലേ പാലം വീഴുകയുള്ളു എന്നു നമുക്ക് അറിയാം. പക്ഷെ മതിലിനു ചുറ്റും പ്രദക്ഷിണം ചെയ്തതുകൊണ്ടോ അല്ലെങ്കിൽ കാഹളം ഊതിയതുകൊണ്ടോ മതിൽ വീഴു കയില്ല (യോശു. 6).

തന്റെ ഒരു വാക്ക് മതി യെരുശലേമിന്റെ മതിലുകൾ വീഴും എന്ന് അവ കാശപ്പെട്ട ഒരു മിസ്രയിം മൽസരിയെ കുറിച്ച് പ്രവൃത്തികൾ 21:38 ൽ പറയു ന്നു, എന്നാൽ അങ്ങനെ സംഭവിച്ചില്ല.[77] ഉച്ചത്തിൽ നിലവിളിച്ച് യെരിഹോ മതിലിനു ചുറ്റും യിസ്രായേൽമക്കൾ **ഏഴു ദിവസം** പ്രദക്ഷിണം ചെയ്തപ്പോൾ, നഗരത്തിന്റെ മതിൽ വീണത് ഭിത്തി തുരക്കുവാനുള്ള യന്ത്രം ഉപയോഗിച്ച തുകൊണ്ടായിരുന്നില്ല, ദൈവത്തിലുള്ള വിശ്വാസം നിമിത്തം ആയിരുന്നു (യോശു. 6:1–5, 12–20). തങ്ങളെ ഉപദ്രവിച്ച തദ്ദേശവാസികൾക്ക് സംഭവിച്ചത് ദൈവജനം ഏഴ് ദിവസം വിശ്വാസത്തോടെ ചുറ്റിനടന്നപ്പോൾ ആയിരുന്നു. അന്യദേവന്മാരെ നമസ്ക്കരിച്ച ദുഷ്ടന്മാർക്ക് അവരുടെ പാപത്തിന്റെ പാന പാത്രം നിറഞ്ഞുകവിഞ്ഞപ്പോൾ, ദൈവജനത്തിന് വാഗ്ദാനം ചെയ്ത കനാ ൻ ലഭിക്കുവാൻ ദൈവം അതിനെ മുദ്ര വെച്ചു (ഉല്. 15:13–16).

യെരിഹോവിനെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞത് പാളയത്തിന് മുഴുവൻ പ്രചോദനമായി. ശക്തരായ യോദ്ധാക്കളും, പ്രവേശിക്കുവാൻ പറ്റാത്ത വൻ മതിലും ദൈവ സഹായം ഇല്ലായിരുന്നു എങ്കിൽ യിസ്രായേലിന് അസാധ്യമാ കുമായിരുന്നു.[78] കനാന്റെ താഴ്വരകളിലേക്കു പിടിച്ചടക്കുവാൻ യെരിഹോ സൈന്യത്തിന്റെ കാവൽ പടയാളികളെ ആദ്യം പരാജയപ്പെടുത്തണമായി രുന്നു. യെരിഹോ മതിൽ വീണതോടുകൂടി യിസ്രായേലിന് പെട്ടെന്ന് ദേശം മുഴുവൻ കീഴ്പ്പെടുത്തുവാനുള്ള ധൈര്യം ലഭിച്ചു,

**വാക്യം 31.** യിസ്രായേൽ **ഒറ്റുകാരോട് രാഹാബ് എന്ന വേശ്യ** തന്റെ **വിശ്വാസം** ഏറ്റു പറഞ്ഞു. രണ്ടാമത് ലഭിച്ച വിവരത്തിൽനിന്നാണ് ആ വിശ്വാസം വന്നത്, “യഹോവ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു” എന്നാണ് അവൾ പറഞ്ഞത് (യോശു. 2:8–11; 6:22–25). .യെരീഹോയിലുള്ള ആളുകൾ അന്നുവരെ വിശ്വസിച്ചിരുന്നതിന് നേരെ വിപരീതമായിരുന്നു ആ പ്രസ്താവന. ഒറ്റുകാരെ അവൾ സംരക്ഷിച്ചതും, അവർ വേറെ വഴിക്ക് പോയി എന്നു ഭോഷ്ക്ക് പറഞ്ഞതും അവളുടെ വിശ്വാസത്തെയാണ് കാണിക്കുന്നത്; അത് അവളുടെ കുടുംബത്തിന്റെ സംരക്ഷണത്തിനും അവളുടെ രക്ഷക്കും കാരണമായി. യെരിഹോ നിവാസികളെ മറിച്ചിടുവാൻ കാരണം അവരുടെ അനുസരണക്കേടായിരുന്നു. അവളുടെ ആ വിശ്വാസം അവളുടെ ജീവിത മാറ്റത്തിനും നീതീകരണത്തിനും ഇടയാക്കി (യാക്കൊ. 2:25). രാഹാബ് പി ന്നീട് ശലോമോന്റെ ഭാര്യയും ബോവാസിന്റെ അമ്മയും ആയി. അവൻ ഓബേദിന്റെ അപ്പനായി, അവൻ ജെസ്സിയുടെ അപ്പനുമായി. അവൾ പിന്നീട് ദാവീദ് രാജാവിന്റെ വലിയ വെല്യമ്മയായി, അവസാനം അത് മശിഹയുടെ വംശാവലി ആകുകയും ചെയ്തു (മത്താ. 1:5, 6). ദൈവം യിസ്രായേലിനോ ടുകൂടെയാണ് എന്ന വാർത്ത യെരിഹോവിലുണ്ടായിരുന്ന ശേഷം ജനങ്ങൾ

വിശ്വസിച്ചില്ല; തൽഫലമായി അവരെല്ലാവരും നശിച്ചുപോയി.

## വിജയികളായ നായകന്മാരും
## വിശ്വാസത്തിൽ കഷ്ടതയേറ്റ നായകന്മാരും
## (11:32-38)

**[32]ഇനി എന്തു പറയേണ്ടു? ഗിദ്യോൻ, ബാരാക്ക്, ശിംശോൻ, യിഫ്താഹ്, ദാവീദ് എന്നിവരെയും ശമുവേൽ മുതലായ പ്രവാചകന്മാരേയും കുറിച്ച് വിവരിപ്പാൻ സമയം പോരാ. [33]വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടെച്ചു, [34]തീയുടെ ബലം കെടുത്തു, വാളിന്റെ വായ്ക്ക് തെറ്റി. ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീർന്നു. അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു. [35]സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയർത്തെഴുന്നേൽപിനാൽ തിരികെ കിട്ടി. മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയർത്തെഴുന്നേൽപ് ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു. [36]വേറെ ചിലർ പരിഹാസം. ചമ്മട്ടി, ചങ്ങല, തടവ്, ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. [37]കല്ലേറ് ഏറ്റു, ഈർച്ചവാളാൽ അറുക്കപ്പെട്ടു. പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടേയും കോലാടുകളുടേയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു. [38]കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്ക് യോഗ്യമായിരുന്നില്ല.**

വാക്യം 32 മുതൽ പഴയ നിയമ നായകന്മാരെ മൂന്നു സംഘങ്ങളായിട്ടാണ് വിവരിച്ച് തുടങ്ങുന്നത്. സൈന്യാധിപന്മാരായി അല്ലെങ്കിൽ ഗുരുതരമായ അപകടങ്ങളിൽനിന്ന് വിജയിച്ച വീരനായകന്മാരെയാണ് ആദ്യ സംഘത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (വാ. 32-34). രണ്ടാമത്തെ ഭാഗത്ത് കഷ്ടത ഏറ്റ നായകന്മാരെയാണ് പറഞ്ഞിരിക്കുന്നത് (വാ. 35-38). മൂന്നാമത്തെ ഭാഗത്ത് ഉപസംഹാര പ്രസ്താവനയാണ് (വാ. 39, 40), അതിൽ കാലാകാലങ്ങളായി വിശ്വസ്തരായി ജീവിച്ചിരുന്നവരെ യോജിപ്പിച്ച് വ്യക്തമാക്കിയിരിക്കുന്നു.[79] ക്രിസ്തുവിന്റെ സഭയെ കൂടാതെ ഇവരൊന്നും "പൂർണ്ണരാകുന്നില്ല." നമുക്കും അവർക്കും വിജയം ലഭിക്കുന്നത് ക്രിസ്തു മുഖാന്തരമാണ്.

**വാക്യം 32**. ദൈവഭക്തിയാൽ കീഴ്പ്പെടുത്തിയ രാജ്യങ്ങൾ ഒരു ഭാഗത്തും, മറുഭാഗത്ത്, അനീതി പ്രവർത്തിച്ചവരെ തോൽപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്തവർ ആണെന്ന് നാം കരുതുന്നു (വാ. 32-38). ഇവിടെ പ്രതിനിധാനം ചെയ്തിരിക്കുന്ന ഓരോ ഭാഗത്തിൽനിന്നും വലിയ ഗുണപാഠങ്ങൾ നമുക്ക് ലഭിക്കുന്നു. ഏതൊരു യിസ്രായേൽ പൈതലിനും ഈ വേദഭാഗത്തിൽനിന്ന് രാജ്യസ്നേഹ പ്രസംഗം എടുക്കുവാൻ കഴിയും.

ലേഖകൻ തിരഞ്ഞെടുത്തിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് ഒരു ഉപദേഷ്ടാവിന്, **ഇനി ഇതിൽ കൂടുതൽ ഞാൻ എന്തു പറയേണ്ടു**? എന്നു ചോദിക്കാം, **കാലം അത് വെളിപ്പെടുത്തും**. എഴുതുന്നതിന്, തടസമായിരിക്കുന്നത് സമയമല്ല, സ്ഥലമാണ്. ഇവിടെ, ഒരു പ്രസംഗം അവസാനിപ്പിക്കുന്നതിനുള്ള സമയം തീർന്നുകൊണ്ടിരിക്കുന്നു എന്നു തോന്നുന്നു.

വിശ്വാസത്തിന്റെ മനോഹരമായ ഉദാഹരണങ്ങൾ ബൈബിളിൽ നിറഞ്ഞിരിക്കുകയാണ്, വാസ്തവത്തിൽ, ലഭ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടു

ത്തുവാൻ ലേഖകന് ഒരുപക്ഷെ കഴിഞ്ഞിരിക്കുകയില്ല. ലേഖനം വായിക്കുന്ന ആളുകൾക്ക് പരിചയമുള്ള പേരുകളും പ്രവൃത്തികളുമായിരിക്കാം തുടർന്ന് ലേഖകൻ നൽകുന്നത്. തിരുവെഴുത്തിൽ പേർ പറയാത്ത ചില ആളുകളുടെ വിവരണങ്ങളും കാണാം. നിത്യതയിലെത്തുന്നതുവരെ നമുക്ക് ഈ പുസ്തകത്തിന്റെ അടിസ്ഥാനത്തിലുള്ള മുഖ്യമായ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കാം. അമിതമായി പോകാതിരിക്കേണ്ടതിന്ന് ലേഖകൻ അനാവശ്യമായ വിവരണങ്ങൾ ഒഴിവാക്കിയിരിക്കുന്നു.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്നും 1 ഉം 2 ഉം ശമുവേലിന്റെ പുസ്തകങ്ങളിൽ നിന്നും ആറ് പ്രത്യേക പേരുകൾ പുസ്തകത്തിൽ എടുത്ത് പറഞ്ഞിരിക്കുന്നു. മൂന്നു ജോഡികളായി കാലനിർണ്ണയപ്രകാരം അവരെ തിരിച്ചാണ് പറഞ്ഞിരിക്കുന്നത്. **ഗിദെയോന്** മുമ്പ് യിസ്രായേലിനെ നയിച്ചത് **ബാരാക്ക്** ആയിരുന്നു, **യിഫ്താഹിനു** ശേഷം **ശിംശോനെ** പറഞ്ഞിരിക്കുന്നു. **ദാവീദിനെ** അഭിഷേകം ചെയ്ത **ശമുവേലി**[ന്റെ] സേവനം അവസാനമായി അവതരിപ്പിച്ചിരിക്കുന്നു. മൂന്നു തരത്തിലുള്ള ആളുകളെയാണ് ഇവർ പ്രതിനിധാനം ചെയ്യുന്നത്: ന്യായാധിപന്മാർ, രാജാവ്, **പ്രവാചകൻ**.

ആദ്യമായി പറഞ്ഞിരിക്കുന്ന വ്യക്തി ഗിദെയോൻ ആണ് (ന്യായാ. 6:11–8:32), അഞ്ചാമത്തെ ന്യായാധിപൻ മിദ്യാന്യരെ പരാജയപ്പെടുത്തിയവനുമാണ്. ഗിദെയോന്റെ മുന്നൂറു പുരുഷന്മാരുടെ ചുരുങ്ങിയ സൈന്യമായിരുന്നു മിദ്യാന്യരുടെ 135,000 വരുന്ന വലിയ സൈന്യത്തെ നേരിട്ടത് (ന്യായാ. 7:6; 8:10).

ബാരാക്കും (ന്യായാ. 4:1–5:31) അവന്റെ പതിനായിരം പുരുഷന്മാരും ചേർന്ന് തൊള്ളായിരം ഇരുമ്പ് രഥങ്ങളും യിസ്രായേലിന്റേതിനേക്കാളധികം വരുന്ന സൈന്യങ്ങളുമായി[രുന്ന] കനാനെ തോൽപിച്ചു. കനാന്യരുടെ സൈന്യാധിപനായിരുന്ന സിസേരാ ആ സമയമായപ്പോഴേക്കും കൊല്ലപ്പെട്ടിരുന്നു-എന്നാൽ അത് സൈന്യാധിപനായിരുന്ന ബാരാക്കിനാൽ ആയിരുന്നില്ല, കാരണം അവൻ ദെബോര എന്ന പ്രവാചകിയുടെ ഉപദേശം കേട്ടില്ല, അവൾ യിസ്രായേലിന്റെ നാലാമത്തെ ന്യായാധിപ ആയിരുന്നു. പകരം സിസേരാ ഒരു സ്ത്രീയാലായിരുന്നു കൊല്ലപ്പെട്ടത് (ന്യായാ. 4:8, 9, 21). ദെബോരെയെയും യുദ്ധത്തിൽ നയിക്കുവാൻ ബാരാക്ക് ആഗ്രഹിച്ചത്, ദൈവത്തിൽ അവൾ വിശ്വസിച്ചിരുന്നു എന്ന് തെളിയിക്കുന്നു. വിജയത്തിന്റെ ബഹുമതി അവൻ സ്വീകരിച്ചില്ലെങ്കിലും, അവൻ അപ്പോഴും യുദ്ധത്തെ നയിച്ച് ദൈവത്തിനും യിസ്രായേലിന്നും മഹത്വം കൊടുത്തു.[80]

ശിംശോൻ (ന്യായാ. 13:24–16:31), പതിമൂന്നാമത്തെ ന്യായാധിപൻ ആയിരുന്നു, ജനിച്ചതുമുതൽ നാസീർ വ്രതക്കാരനും അനേകം ഫെലിസ്ത്യരെ കൊന്നവനുമായിരുന്നു. ശിംശോൻ ഒരു വിജയി ആയിരുന്നു, പക്ഷെ അവന്റെ പാപം നിമിത്തം എബ്രായ ലേഖകൻ അവനെ പ്രശംസിച്ചില്ല. ദൈവമില്ലാത്ത സ്ത്രീകളുമായുള്ള ബന്ധമായിരുന്നു ശിംശോന്റെ ഏറ്റവും വലിയ ബലഹീനത. അവന്റെ ശക്തി പുതുക്കി കൊടുത്ത് അവനെ ദൈവം അനുഗ്രഹിച്ചു എങ്കിലും താൻ കൊന്ന ഫെലിസ്ത്യരോടുകൂടെ അവനും കൊല്ലപ്പെട്ടു. ദൈവത്തിലുള്ള അവന്റെ വിശ്വാസം നിമിത്തം അവസാനം ദൈവത്തിന്റെ ശക്തി പ്രദർശിപ്പിക്കുവാൻ അവസരം കൊടുത്തു.

യിഫ്താഹ് (ന്യായാ. 11:1–12:7) ഒമ്പതാമത്തെ ന്യായാധിപൻ (ശിംശോനെ പോലെ) തികവിൽനിന്നു വളരെ അകലെ ആയിരുന്നു. തന്റെ മകളെ കുറിച്ച് വേഗത്തിൽ അവൻ ഒരു പ്രതിജ്ഞ എടുക്കുകയും, തന്റെ വാക്ക് അവൻ

പാലിക്കുന്നതിൽ അവൻ വിശ്വസ്തനാകുകയും ചെയ്തു. അവൻ പെട്ടെന്ന് പറഞ്ഞതാണെങ്കിലും താൻ ദൈവത്തോടാണ് പ്രതിജ്ഞ ചെയ്തത്, അതു കൊണ്ട് അവൻ അതിൽനിന്നു പിൻമാറിയില്ല. അവന്റെ മകളെ മനുഷ്യബലി ക്കാണോ അതോ ആയുഷ്ക്കാലം മുഴുവൻ അവിവാഹിതയായിരിപ്പാനായി രുന്നോ ("അങ്ങനെ കരഞ്ഞു കാലം [കഴിക്കൽ]"), (അവളുടെ കന്യകാത്വം നിമിത്തമായിരുന്നു "വിലാപം" ആയിരുന്നോ എന്ന കാര്യത്തിൽ തർക്കം നിലനിന്നിരുന്നു; ന്യായാ. 11:37). നിയമവിരുദ്ധ സന്തതിയാകയാൽ യിഫ്താ ഹിന് അവകാശമില്ലായിരുന്നു, അവന്റെ മകളുടെ അവകാശം അവന് കൊടുത്തിരുന്നു എങ്കിൽ, അവന് നിലനിൽക്കുന്ന വംശാവലി എന്ന അനു ഗ്രഹം ലഭിക്കുമായിരുന്നു. അക്കാരണത്താൽ, തുടർച്ചയായി അവളുടെ കന്യകാത്വം നിമിത്തം വിലപിച്ചുകൊണ്ടിരിക്കണമായിരുന്നു. യിസ്രായേലിൽ അക്കാലത്ത് ഒരു രാജാവ് ഇല്ലാതിരിക്കുന്ന സാഹചര്യം ദൈവം ഒരുക്കിയിരു ന്നു. യിഫ്താഹ് അമോന്യരെ തോൽപിച്ച് യിസ്രായേലിൽ കുറെ കാലത്തേക്ക് സമാധാനം നിലനിർത്തി കൊടുത്തു.

ദാവീദ് (1 ശമു. 16–2 ശമു. 24), യിസ്രായേലിലെ രണ്ടാമത്തെ രാജാവാ യിരുന്നു, അവന്റെ സംഭവവികാസങ്ങൾ ബൈബിൾ വായിക്കുന്ന ഏതൊരു വിദ്യാർഥികൾക്കും അറിയാം. അവൻ നീതിയോടെ വാണു ദൈവത്തെ മഹ ത്വപ്പെടുത്തിയതായും "നീതിയോടെ" വാഴ്ച്ച നടത്തുന്നവരിൽ ദൈവം പ്ര സാദിക്കുമെന്നു പറയുന്ന ഒരു ഗാനം അവൻ അവസാനം രചിച്ചിരിക്കുന്നു (2 ശമു. 23:2–7). ക്രിസ്തുവിന്റെ വരവിനെ കുറിച്ച് ആലങ്കാരികമായി പറ ഞ്ഞത് ദാവീദ് ആയിരുന്നു. അവന്റെ പ്രവചന സങ്കീർത്തനങ്ങളിൽ അവന്റെ വലിയ വിശ്വാസത്തെ പ്രകടമാക്കിയിരിക്കുന്നു; അവന്റെ വലിയ സന്തതിയായ യേശുവിന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവയുടെ മുൻനിഴൽ ദാവീദിന്റെ ജീവിതത്തിലും എഴുത്തിലും കാണാം. "ദാവീദിന്റെ നിശ്ചല കൃപകൾ" എന്ന പ്രയോഗം (യെശ. 55:3, 4) മുൻപോട്ട് ക്രിസ്തുവിന്റെ ഉയർപ്പിലേക്ക് നോക്കു ന്നതാണ് (പ്രവൃ. 13:32–35). അവന്റെ ധാർമ്മിക ബലഹീനതയെക്കാൾ കവി യുന്നതായിരുന്നു ദാവീദിന്റെ വിശ്വാസം, അതിനാൽ ഏതൊരു മർത്യനെയും പോലെ അവന്റെയും പേർ ഉൾപ്പെടുത്തിയിരിക്കുന്നു.

ശമുവേൽ (1 ശമു. 2:21–25:1) യിസ്രായേലിലെ പതിനഞ്ചാമത്തെയും അവ സാനത്തെയും ന്യായാധിപനായിരുന്നു, അവൻ പ്രവാചകനും ആയിരുന്നു. അവൻ നല്ലൊരു മനുഷ്യനായിരുന്നു, പക്ഷെ അവന്റെ മുൻഗാമി ഏലിയെ പോലെ അവനും തന്റെ മക്കളെ ശരിയായി നിയന്ത്രിച്ചു വളർത്തിയില്ല (1 ശമു. 3:12, 13; 8:1–7). അതുകൊണ്ട്, അവർക്ക് മരണശേഷം അവരെ അനുഗമിക്കു വാൻ ഒരു പിൻഗാമി ഇല്ലാതെ പോയി. നിയമപെട്ടകം ഫെലിസ്ത്യർക്കിടയിൽ ആണെങ്കിലും ദൈവം തന്റെ ജനത്തോടുകൂടെ ഉണ്ടെന്ന് പറഞ്ഞത് ശമുവേൽ ആയിരുന്നു. ജനങ്ങൾ "ദൈവത്തിൽ ആശ്രയിക്കുന്നതിനേക്കാൾ നിയമപെട്ട കത്തിൽ ആശ്രയിക്കാതിരിക്കേണ്ടതിന്, നിയമപെട്ടകം മടക്കി കൊണ്ടുവന്ന പ്പോൾ, അറിയപ്പെടാത്ത ഒരു സ്ഥലത്ത് വെച്ചു."[81] മക്കളെ സ്വാധീനിക്കുന്ന തൊഴിച്ച് മറ്റെല്ലാ കാര്യങ്ങളിലും അവൻ വിശ്വസ്തനായിരുന്നു.

തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഓരോ വ്യക്തിയിലും ആത്മിയ ന്യൂനതകളുള്ളവരാണ് എന്ന കാര്യം ശ്രദ്ധിക്കുക. അവർ വിജയവും, സമാ ധാനവും, നീതിയും ആളുകളിൽ കൊണ്ടുവന്നു എങ്കിലും, ആ വിശ്വാസ വീരന്മാരിൽ പാപത്തിന്റെ കുറ്റം ഉണ്ടായിരുന്നു:

> ദൈവം തന്റെ ഉദ്ദേശം നടപ്പിലാക്കിയ സാധാരണ സ്ത്രീപുരുഷന്മാരായിരുന്നു അവർ, ഓരോരുത്തർക്കും അവരുടേതായ ബലഹീനതകൾ ഉണ്ടായിരുന്നു. നോഹ മദ്യപാനിയായി. അബ്രഹാം തന്റെ ഭാര്യയെ കുറിച്ച് നുണ പറഞ്ഞു. സാറാ ദയയില്ലാതെ ഹാഗാറിനോട് പെരുമാറി [അവളെ പുറത്താക്കി]. യിസഹാക്ക് തന്റെ ഭാര്യയെ കുറിച്ചു നുണ പറഞ്ഞു, യാക്കൊബ് തന്റെ അപ്പനെ വഞ്ചിച്ചു. യോസേഫ് യുവത്വത്തിൽ വാലിൽ-തൂങ്ങുന്നവനായിരുന്നു. മോശെ ഒരു മിസ്രയിമ്യനെ കൊല്ലുകയും മെരിബായിൽ വെച്ച് ദൈവത്തെ അനുസരിക്കാതിരിക്കയും ചെയ്തിരുന്നു. യിസ്രായേൽ പല വിധത്തിലുള്ള ദുഷ്ടത പ്രവർത്തിച്ചിരുന്നു, രാഹാബും ശിംശോനും ദുർന്നടപ്പിന്റെ കുറ്റമുള്ളവരായിരുന്നു, ബാരാക്ക് ദെബോരയുടെ സഹായം കൂടാതെ യുദ്ധത്തിനു പോകുവാൻ നിരസിച്ചു, യിഫ്താഹ് തന്റെ ജീവിതത്തിൽ ആക്രമണക്കാരനും മകളെ കുറിച്ച് ബുദ്ധിശൂന്യമായ പ്രതിജ്ഞ ചെയ്യുകയും ചെയ്തിരുന്നു, ദാവീദ് ഊരിയാവിന്റെ ഭാര്യ ബെത്ശേബയുമായി വ്യഭിചാരം ചെയ്തു, ശമുവേലിന് കർത്താവിൻ നിമിത്തം അവന്റെ മക്കൾ നഷ്ടമായി.[82]

ആ പാപങ്ങൾ ദൈവത്തിന്റെ കൃപയെ ആണ് എടുത്ത് കാണിക്കുന്നത്. ആ ആളുകളുടെ പരാജയങ്ങളെ നോക്കിയല്ല, മറിച്ച് അവരുടെ വിശ്വാസം നോക്കിയാണ് അവരെ ദൈവം വീര നായകന്മാരാക്കിയത്.

**വാക്യങ്ങൾ 33, 34**. എബ്രായ ചരിത്രത്തിലെ വീരപുരുഷന്മാരുടെ പേരുകൾ മാത്രമല്ല പറഞ്ഞത്, ലേഖകൻ പൊതുവിൽ മറ്റുള്ളവരുടെ സൽപ്രവൃത്തികളും പറഞ്ഞിരിക്കുന്നു. ഒമ്പത് സാഹസികരെ മൂന്നു കൂട്ടമായി തിരിച്ചിരിക്കുന്നു. രാജ്യങ്ങളെ കീഴ്പ്പെടുത്തി, നീതി നിർവ്വഹിക്കുകയും വാഗ്ദാനങ്ങൾ അവകാശമാക്കുകയും ചെയ്തവരെയാണ് ആദ്യ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യിസ്രായേൽ താരതമ്യേന ചെറിയ രാജ്യമായിരുന്നപ്പോൾ, വിശ്വാസത്തിൽ യുദ്ധത്തിനു പോയപ്പോഴായിരുന്നു അവർ വിദേശ രാജ്യങ്ങളെ കീഴ്പ്പെടുത്തിയത്. ദൈവത്തിന്റെ സ്വഭാവം അതായിരുന്നതുകൊണ്ടായിരുന്നു അവർ അവന്റെ നീതി തിരഞ്ഞെടുത്തത് (വാ. 33, 34).

രണ്ടാമത്തെ കൂട്ടർ സഹിഷ്ണുതയുള്ളവർ ആയിരുന്നു (വാ. 35, 36). ദൈവത്തെ വിശ്വസ്തമായി പിൻപറ്റിയവർക്കെല്ലാം ഉപദ്രവം നേരിട്ടിരുന്നു, എങ്കിലും അവർ അവയെ അതിജീവിച്ചു. മൂന്നാമത്തെ കൂട്ടരും അതുപോലെ അധികം സഹിച്ചവരായിരുന്നു, എന്നാൽ അവരുടെ അത്ഭുതകരമായ വിടുതൽ അനുഭവിച്ചിരുന്നു (വാ. 37, 38).[83]

ഇവരും മറ്റുള്ളവരും ചെയ്ത പ്രവൃത്തികളെ വിവരിക്കുവാൻ കാരണം, അവർ **വിശ്വാസത്താൽ** ചെയ്ത പ്രവൃത്തികൾ പ്രാധാന്യമുള്ളവയായിരുന്നു (വാ. 33).[84] ചിലർ **രാജ്യങ്ങളെ പിടിച്ചടക്കി**. വിജയികളായി തീർന്നവരിൽ ചിലരുടെ പേർ ലേഖകൻ പറഞ്ഞു കഴിഞ്ഞു-ഗിദെയോൻ, ബാരാക്ക്, യിഫ്താഹ്, ശിംശോൻ. മറ്റുള്ളവർ **നീതി പ്രവൃത്തികൾ** ചെയ്തിരുന്നു. ഇത് പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ശമുവേൽ, (1 ശമു. 12:1–5) ദാവീദ് "തന്റെ ജനത്തിന് ... നീതിയും ന്യായവും പ്രവർത്തിച്ചു (2 ശമു. 8:15).

**വാഗ്ദാനങ്ങൾ പ്രാപിച്ചു** എന്നു പറയുന്നത് ഒരുപക്ഷെ അവരുടെ ജീവിതത്തിൽ ദൈവം നിറവേറ്റിയ ചില വാഗ്ദാനങ്ങൾ ആയിരിക്കാം. എബ്രായർ 11:13, 39 നമ്മോട് പറയുന്നത് ദൈവം അവരോട് ചെയ്ത "വാഗ്ദാന നിവൃത്തി

പ്രാപിക്കാതെയാണ്" ചിലർ മരിച്ചുപോയത് എന്നത്രെ, അത് വൈപരീത്യം ഉളവാക്കുന്നില്ല. ആ രണ്ട് വേദഭാഗങ്ങളും പറയുന്നത് വ്യത്യസ്ത വാഗ്ദാന ങ്ങളെയാണ്, അതിൽ ക്രിസ്തുവിൽ അന്തിമമായി ലഭിക്കുന്ന വാഗ്ദാനങ്ങളും ഉൾപ്പെടുന്നു. പഴയ നിയമത്തിൽ "വാഗ്ദാനങ്ങൾ ലഭിച്ച" സ്ത്രീ പുരുക്ഷ ന്മാരെ കുറിച്ച് പറയുന്നുണ്ട്. ദൈവം പഴയ നിയമത്തിൽ വാഗ്ദാനം ചെയ്ത ദേശം, യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽ, കനാൻ "ദേശം മുഴുൻ" കൈവശമാക്കിയപ്പോൾ നിറവേറി (യോശു. 21:43). സെന്നാഖെരിബ് വിചാ രിച്ചതുപോലെ യെരുശലേമിനെ കീഴ്പ്പെടുത്തുവാനോ നശിപ്പിക്കുവാനോ കഴിയാതിരുന്നത് യെശയ്യാവ് കണ്ടു (2 രാജാ. 19). ബാബേൽ പ്രവാസത്തിന്റെ അവസാനം ദാനിയേലിന് കാണുവാൻ കഴിഞ്ഞു (ദാനി. 9). അവർ അവനെ കാണുന്നതുവരെ ജീവിച്ചില്ലെങ്കിലും, മശിഹയെ വാഗ്ദാനം ചെയ്തതനുസരിച്ച് അയക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. ദൈവ വാഗ്ദാനങ്ങളുടെ അവസാന നിറവേറലിനെ കുറിച്ച് 11:35 ൽ പറഞ്ഞിരിക്കുന്നു, അത് നിത്യതയിലേക്കുള്ള "ശ്രേഷ്ഠമായ പുനരുത്ഥാനമാണ്."

കൂടാതെ **സിംഹങ്ങളുടെ വായ് അടെച്ച** വ്യക്തികളെയും ഇവിടെ പ റഞ്ഞിരിക്കുന്നു. അവരിൽ ശിംശോനും (ന്യായാ. 14:6, അവന്റെ സംഭവം അദ്ധ്യായം 13 മുതൽ 16 വരെ വിവരിച്ചിരിക്കുന്നു) ദാവീദും (1 ശമു. 17:34, 35). പ്രത്യേകിച്ച്, നാം ദാനിയേലിനെ കുറിച്ചാണ് ചിന്തിക്കുന്നത്. ആ സംഭവ ത്തിൽ ദാനിയേലിനെ സംരക്ഷിക്കുവാൻ ദൈവം തന്റെ ദൂതനെ അയക്കുക യായിരുന്നു (ദാനി. 6:22).

വിശ്വസ്തരായ ചിലർക്ക് വേണ്ടി ദൈവം **തീയുടെ ബലം കെടുത്തു** (വാ. 34). അത് തീർച്ചയായും ദാനിയേൽ 3 ൽ പറഞ്ഞിരിക്കുന്ന ശദ്രക്ക്, മേശെ ക്ക്, അബെദ്-നെഗോ എന്നിവരെ കുറിച്ചാണ് പറയുന്നത്. ദൈവം അവരെ രക്ഷിച്ചില്ലെങ്കിലും തങ്ങൾ ദൈവത്തെ നിഷേധിച്ച് രാജാവിന്റെ ബിംബത്തെ വണങ്ങുകയില്ല എന്ന വലിയ വിശ്വാസമായിരുന്നു അവരുടേത്. നമുക്ക് അറി യാത്ത മറ്റു ഉദാഹരണങ്ങളും ഉണ്ടായിരിക്കാം.

പല വീര നായകന്മാരും **വാളിന്റെ വായ്ത്തലക്ക് തെറ്റി** ഒഴിഞ്ഞിട്ടുണ്ട്. പഴയ നിയമത്തിൽ മരണത്തിൽ നിന്നു രക്ഷ പെട്ടവരിൽ ദാവീദ് ഗോലിയാ ത്തിൽനിന്നും, ശൗലിൽനിന്നും രക്ഷപ്പെട്ടിരുന്നു (1 ശമു. 18:10, 11; 19:10). യിസെ ബേലിന്റെ മരണശിക്ഷയിൽനിന്ന് ഏലിയാവും (1 രാജാ. 19:1–6) ഏലിശയും (2 രാജാ. 6:14–23, 31–33) 2 രാജാക്കന്മാർ 6:18 ൽ, സിറിയക്കാർ അന്ധരായപ്പോൾ യിസെബേലിന്റെ മകനിൽനിന്നായിരുന്നു. എസ്ഥേർ 4:13, 14 ൽ എസ്ഥേരും യെഹൂദന്മാരും രക്ഷപ്പെട്ടതും ലേഖകന്റെ മനസിൽ ഉണ്ടായിരുന്നേക്കാം.

ചിലർ **ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീർന്നു, അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു**. ഈ വിവരണം "ചെറിയ രണ്ട് ആട്ടിൻകൂട്ടത്തെ പോലെ തോന്നിക്കുന്ന" ആഹാബ് രാജാവിന്റെ സൈന്യം അരാമ്യരുടെ വലിയ സൈന്യത്തെ ഓടിച്ചതും ഉൾപ്പെടുന്നു (1 രാജാ. 20:27). ബലഹീനനായിരുന്നിട്ട് ശക്തനായി തീർന്നത് ദാവീദ് ആയിരുന്നു (1 ശമു. 17:49–51) ബാരാക്കും അതുപോലെ ആയിരുന്നു (ന്യായാ. 4:14). ഏതാനും സമയത്തേക്ക് ബലഹീനനായിരുന്ന ശിംശോനെ ഫെലിസ്ത്യരേയും അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ക്ഷേത്രത്തെ നശിപ്പിക്കുവാനും അവനെ ദൈവം ശക്തനാക്കി (ന്യായാ. 16:19–30).

തിരുവെഴുത്തിൽ വിവരിക്കാത്ത സംഭവങ്ങളും ഉൾപ്പെടുത്തിയായി

രിക്കാം ലേഖകൻ അതു പറഞ്ഞിരിക്കുന്നത്. രണ്ടാം നൂറ്റാണ്ട് ബി. സി., യിൽ ജൂഡാസ് മെക്കാബെയസ് സിറിയയുടെ വലിയ സൈന്യത്തെ ഓടിക്കുകയും യെഹൂദന്മാരുടെ ഞെരുക്കം നീക്കം ചെയ്യുകയും ചെയ്തു. യെഹൂദന്മാരെല്ലാവരും യെഹൂദമതാനുസാരികളുടെ ആചാരവും മതവും സ്വീകരിക്കുവാനായി സിറിയ (അരാം) ആന്റിയോക്കസ് എപിഫാനസിന്റെ നേതൃത്വത്തിൽ നിർബ്ബന്ധം ചെലുത്തി. ചെറിയ ഒരു സൈന്യത്താൽ ജൂഡാസ് മെക്കെബെയസ് സിറിയയുടെ മേൽ വലിയ ഒരു വിജയം നേടി. ഈ വസ്തുത ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും,[85] യിസ്രായേൽ ജനത്തിന് അറിയാവുന്ന കാര്യമായിരുന്നു, ആ വിടുതലിൽ അവരെല്ലാം അഭിമാനം കൊണ്ടിരുന്നു.

ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നവരെല്ലാവരും മരണത്തോളം വിശ്വസ്തരായിരിക്കുകയും, അംഗീകാരം "നേടുകയും" ചെയ്തു (വാ. 39), അവർ ആത്മിയമായി ശക്തരായി തീർന്നു-ചില സംഭവങ്ങളിൽ ഭൗതികമായും-കാരണം അവർ ദൈവത്തിൽ ആശ്രയിച്ചിരുന്നു.

**വാക്യം 35**. ഈ വാക്യം സംഭവത്തിന്റെ മറ്റൊരു വശം ആണ് പറഞ്ഞുതുടങ്ങുന്നത്: ചിലർ വലിയ വിശ്വാസമുള്ളവരായിരുന്നു എങ്കിലും കഷ്ടത ഏറ്റു. എങ്ങനെയായാലും, ദൈവം തന്റെ ജ്ഞാനത്തിൽ, നീതിമാൻമാർക്ക് ഭാവിയിൽ ലഭിപ്പാനിരിക്കുന്ന പുനരുത്ഥാനം നോക്കി കാണുവാൻ കഴിയുമെന്നതിന് തെളിവ് നൽകിയിരുന്നു. ചില സന്ദർഭങ്ങളിൽ, **മരിച്ചവർ** ഉയർത്തെഴുന്നേറ്റിരുന്നു. അത്തരം രണ്ട് അത്ഭുതങ്ങൾ ഏലിയാവും (1 രാജാ. 17:17–24) ഏലിശായും നടത്തി (2 രാജാ. 4:18–37). മക്കളുടെ വിലപിക്കുന്ന അമ്മമാർക്ക് വിശ്വാസം ഉണ്ടായിരുന്നില്ലെങ്കിൽ, അവരുടെ മക്കൾ ജീവിതത്തിലേക്ക് തിരിച്ചുവരികയോ, അവരുടെ **ഉയർത്തെഴുന്നേൽപു**[കൾ] സംഭവിക്കുകയോ ചെയ്യുമായിരുന്നില്ല. പുതിയ നിയമത്തിലെ മരിച്ചവരിൽനിന്നുള്ള ഉയർത്തെഴുന്നേൽപുകളിൽ **സ്ത്രീകൾ** ബന്ധപ്പെട്ടിരിക്കുന്നു. ലൂക്കൊസ് 7:11–17 ൽ ഉയർത്തെഴുന്നേൽപിച്ചത് നയീനിലെ ഒരു വിധവയുടെ മകനെ ആയിരുന്നു. മർക്കൊസ് 5:22–24, 35–42 ൽ യായിറോസിന്റെ മകളെ ഉയർത്തെഴുന്നേൽപിച്ചു (കൂടാതെ മത്താ. 9:18, 19, 24, 25; ലൂക്കൊ. 8:41, 42, 49–56 നോക്കുക). യോഹന്നാൻ 11:1–44 ൽ യേശു ലാസറിനെ ഉയർപ്പിച്ചപ്പോൾ മാർത്തയും മറിയയും ഉണ്ടായിരുന്നു. മരണാനന്തര ജീവിതത്തെ കുറിച്ച് പഴയ നിയമത്തിൽ വളരെ കുറച്ചു മാത്രമാണ് പറഞ്ഞിരിക്കുന്നതെങ്കിലും, പല യെഹൂദന്മാരും മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു. പല പണ്ഡിതന്മാർക്കും കാണുവാൻ കഴിയാതിരുന്നത് സാധാരണക്കാർക്ക് കാണുവാൻ കഴിഞ്ഞു.

പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മറ്റുള്ളവർ ഏറ്റവും നല്ല ഉയർത്തെഴുന്നേൽപ് ലഭിക്കേണ്ടതിന് **ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു.** ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് (*ട്യംപനിസോ*, "ഡ്രം") സാധാരണ മൃഗത്തോൽ കൊണ്ടുണ്ടാക്കുന്ന ഡ്രമ്മിനെ ആണ് പറയുന്നത്, ഈ സന്ദർഭത്തിൽ ഒരു ചക്രത്തിൽ ഒരാളെ നീട്ടി കിടത്തിയിട്ട് പലപ്പോഴും, മരിക്കുന്നതുവരെ അടിക്കുന്നതിനെ ആണ് പറയുന്നത്. അവിശുദ്ധമായ ഭക്ഷണം കഴിക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതുവരെ അത്തരം അടി കൊള്ളുന്നതാണ് നല്ലതെന്ന് മെക്കാബിയൻ കാലയളവിൽ ജീവിച്ചിരുന്ന യെഹൂദ ശാസ്ത്രി എലയാസറിന്റെ കാര്യത്തിൽ തെളിയിച്ചു. പൊതുവിൽ ആ സംഭവത്തെ മനസിൽ ഉദ്ദേശിച്ചായിരിക്കാം ഇത് പറഞ്ഞത്.[86] കൂടാതെ പഴയനിയമത്തിനും പുതിയനിയമത്തിനും ഇടക്കുള്ള കാലയളവിൽ ഏഴു സഹോദരങ്ങൾ തങ്ങളുടെ പുനരുത്ഥാന

പ്രത്യാശ നിമിത്തം അംഗഭംഗവും മരണവും സ്വീകരിച്ചിരുന്നു.[87]

ആ ആളുകൾ ഉപദ്രവം നിർത്തേണ്ടതിന്നു അവരുടെ വിശ്വാസം ത്യജിച്ചാൽ മാത്രം മതിയായിരുന്നു; അങ്ങനെ വരുമ്പോൾ ദൈവഭക്തരായവർക്ക് വലിയ വില കൊടുക്കേണ്ടതായി വരും. **നല്ലോരു ഉയർത്തെഴുന്നേൽപ് ലഭിക്കുന്നതിനായിരുന്നു** അവർ അത് സഹിച്ചത്. "നല്ല ഉയർത്തെഴുന്നേൽപ്" എന്നു പറയുന്നത് എന്താണ്? ഭൗമികമായ അവരുടെ മോചനത്തേക്കാൾ നിത്യതയിൽ ദൈവത്തോടുകൂടെ വസിക്കുവാനുള്ള ഉയർത്തെഴുന്നേൽപിൽ അവർ വിശ്വസിച്ചിരുന്നോ? വിശ്വസിച്ചിരിക്കാം. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ, അതിൽനിന്നു വ്യത്യസ്തമായി എബ്രായ ക്രിസ്ത്യാനികൾ വിശ്വാസത്തിനു വേണ്ടി കഷ്ടത ഏൽക്കുവാൻ തയ്യാറായിരുന്നില്ല.

**വാക്യം 36**. യേശു ക്രൂശിൽ ആയിരുന്നപ്പോൾ അവനെ ആളുകൾ പരിഹസിച്ചതുപോലെ, ക്രിസ്ത്യാനികളെയും ആളുകൾ **പരിഹസിച്ചിരുന്നു** (മത്താ. 27:41–44; മർ. 15:31, 32; ലൂക്കൊ. 23:35–39). പൊതുജനങ്ങളിൽനിന്നു തനിക്കും തന്റെ കുടുംബത്തിനും നേരിട്ട പരിഹാസത്തിനെതിരായി യിരെമ്യാവ് പരിഭവപ്പെട്ടിരുന്നു, പരിഹാസം നിമിത്തം യഹോവയുടെ നാമത്തിൽ സംസാരിക്കുന്നത് പോലും ഉപേക്ഷിക്കുവാൻ അവൻ തയ്യാറെടുത്തിരുന്നു (യിരെ. 20:7–10). പിന്നീട് അവനെ അടിപ്പിക്കയും തടവിലാക്കുകയും ചെയ്തു (യിരെ. 37:15). അതിനുശേഷം, യിരെമ്യാവിനെ ചളിയുള്ള ഒരു കിണറിൽ ഇറക്കിയിട്ടു, എന്നാൽ എബെദ്-മെലേക്ക് എന്ന ഐത്യോപ്യക്കാരൻ രാജാവിനെ അറിയിക്കുകയും രാജാവിന്റെ അനുവാദത്തോടെ അവനെ കയറ്റി രക്ഷിക്കുകയും ചെയ്തു (യിരെ. 38:6–13). പാരമ്പര്യമനസരിച്ച്, മിസ്രയിമിൽ വെച്ച് യെഹൂദന്മാർ കല്ലെറിഞ്ഞു കൊല്ലുകയായിരുന്നു (വാ. 37). യെഹൂദാ രാജാവായിരുന്ന, യോവാശിനാൽ യെഹോയിദായുടെ മകൻ സെഖര്യാവ് കൊല്ലപ്പെടുകയായിരുന്നു (2 ദിന. 24:20–22). മത്തായി 23:37 ൽ കർത്താവിനും അത്തരം അനുഭവം ഉണ്ടായിരുന്നതായി പറയുന്നു. സ്പഷ്ടമായും, എബ്രായ ക്രിസ്ത്യാനികളിൽ ചിലർക്ക് അത്തരം ദുരനുഭവം ഉണ്ടായി കാണും (എബ്രാ. 10:33; 13:13).

**ചമ്മട്ടി** എന്നു പറയുന്നത് മരപ്പിടിയിൽ പല വാറുകളും ലോഹക്കഷണങ്ങൾ അല്ലെങ്കിൽ ഇയ്യത്തിന്റെ ഉണ്ടകൾ ഘടിപ്പിച്ചതും കുറ്റവാളികളെ പുറകിൽ അടിക്കുന്നതിന് ഉപയോഗിക്കുന്നതുമാണ്. ചിലപ്പോൾ അടിയുടെ ആഘാതത്താൽ ആന്തരാവയവങ്ങൾ പുറത്തു വരികയും, മരണം തന്നെ സംഭവിക്കയും ചെയ്തേക്കാം. പരിശീലനം ലഭിച്ച ചമ്മട്ടി അടിക്കുന്നവർ മരിക്കുന്നതിന് മുമ്പ് അൽപം ആരോഗ്യം ശേഷിപ്പിച്ച് കുറച്ച് ദൂരം കുരിശ് ചുമക്കുവാനുള്ള അവസരവും നൽകും.[88]

**ചങ്ങലയും തടവും** സാധാരണ മതപരമായ കുറ്റവാളികൾക്കാണ് നൽകിയിരുന്നത് (യിരെ. 37:4–21; ഹനാനി, 2 ദിന. 16:7–10). യഹോവയുടെ സന്ദേശം അറിയിച്ചതിന് തടവിലാക്കപ്പെട്ട പലരിൽ ഒരാളായിരുന്നു മിഖായിയാവ് (1 രാജാ. 22:26, 27).

**വാക്യം 37. കല്ലേറ് ഏറ്റു** എന്നു പറയുന്നത് പഴയ നിയമകാലത്തെ ഏറ്റവും വലിയ മരണശിക്ഷയായിരുന്നു (ലേവ്യ. 20:27; ആവ. 21:21; യോഹ. 8:3–5). യേശു യെരുമലേമിനെ ഓർത്ത് കരയുകയും കല്ലെറിയപ്പെട്ട പ്രവാചകന്മാരെ കുറിച്ച് പറയുകയും ചെയ്തു (മത്താ. 23:37; ലൂക്കൊ. 13:34). പുതിയ നിയമകാലത്ത് യേശുവിനെ അനുഗമിച്ച് അവന്റെ നാമം നിമിത്തം അത്തരത്തിൽ ആദ്യം

രക്തസാക്ഷിയായി തീർന്നവനായിരുന്നു സ്തെഫാനൊസ് (പ്രവൃ. 7:58, 59).

ചിലർ **ഇർച്ചവാളുകളാൽ രണ്ടായി അറുക്കപ്പെട്ടിരുന്നു**. പഴയ നിയമത്തിലോ അല്ലെങ്കിൽ അപ്പോക്രിഫയിലോ അത്തരം സംഭവങ്ങളെ പരാമർശിച്ചിട്ടില്ല, എന്നാൽ നന്നായി-അറിയപ്പെടുന്ന പാരമ്പര്യത്തിൽ, മനേശെയുടെ വാഴ്ച്ചക്കാലത്ത് യെശയ്യാവിനെ അങ്ങനെ ചെയ്തതായി പറഞ്ഞിരിക്കുന്നു. മനേശെ പിന്നീട് അനുതാപത്തോടെ ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ദൈവം അവനെ രാജസ്ഥാനത്തേക്ക് യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു (2 ദിന. 33:9–13). അവൻ അത്തരം ക്രൂര പ്രവൃത്തി ചെയ്തിട്ട് മാനസാന്തരപ്പെട്ടപ്പോൾ ദൈവം ക്ഷമിച്ചത്, ദൈവത്തിന്റെ മഹാ കരുണയെയാണ് കാണിക്കുന്നത്.

**പരീക്ഷ** അനുഭവിച്ചു എന്നത് അർത്ഥമാക്കുന്നത് അവർക്ക് വേണമെങ്കിൽ അത് ഒഴിവാക്കാമായിരുന്നു, എങ്കിലും അവർ ഒഴിവാക്കൽ നിരസിക്കുകയായിരുന്നു. ദൈവത്തിലുള്ള വിശ്വാസം നമുക്ക് ഈ ലോകത്തിൽ അനുഗ്രഹം മാത്രമല്ല ഉറപ്പ് തരുന്നത്. “അന്തിമമായ ഒരു പ്രതിഫലവും” ദൈവം വെച്ചിരിക്കുന്നു (എബ്രാ. 11:26; കെജെവി). ചില കയ്യെഴുത്തു പ്രതികളിൽ ഇല്ല എന്ന കാരണത്താൽ ആർഎസ്വി “പരീക്ഷ” എന്ന വാക്ക് ഒഴിവാക്കിയിരിക്കുകയാണ്. പകർത്തിയെഴുതിയവർക്ക് സംഭവിച്ച കുഴപ്പമായിരിക്കാം ചില കയ്യെഴുത്തുപ്രതികളിൽ ഇല്ലാതെ പോയത്. “പരീക്ഷ” എന്നതിനുള്ള ഗ്രീക്ക് വാക്ക് *പെയിരാസോ* ആണ്, എന്നാൽ “രണ്ടായി അറുക്കുക” എന്നത് തർജ്ജമ ചെയ്തിരിക്കുന്നത് *പ്രിസോ* എന്ന വാക്കാണ്.[89]

വേറെ ചിലർ **വാളാൽ കൊല്ലപ്പെട്ടു**. കാലാകാലമായി വിശ്വസ്തരായി ജീവിച്ചവർ എത്രപേർ ഉപദ്രവിക്കപ്പെട്ടു എന്ന് ദൈവത്തിനു മാത്രമെ അറിയാവു. വളരെ അധികം പേർ വർഷങ്ങളായി വിശ്വാസത്തിനു വേണ്ടി മരിച്ചിരുന്നു. ഇന്നും ലോകത്തിന്റെ ചില ഭാഗത്ത് ആളുകൾ ക്രിസ്തുവിനോടുള്ള തങ്ങളുടെ വിശ്വാസത്തിൽ ജീവിക്കുമ്പോൾ ഉപദ്രവവും മരണ ഭീഷണിയും അനുഭവിച്ചുകൊണ്ടാണിരിക്കുന്നത്. അവർക്ക് വിശ്വസ്തത തുടരുവാൻ എബ്രായർ 11 ആശ്വാസവും, ബലവും, പ്രോൽസാഹനവും നൽകും.

ആഹാബിന്റെ വാഴ്ച്ചക്കാലത്ത് അനേകർ കൊല്ലപ്പെട്ടിരുന്നു (1 രാജാ. 19:10). നെകോ എന്ന ഫറവോൻ നല്ല യുവ രാജാവായിരുന്ന യോശിയാവിനെ കൊല്ലിച്ചു (2 രാജാ. 23:29). ഒരുപക്ഷെ ദോയേഗ് ദൈവത്തിന്റെ പുരോഹിതന്മാരായിരുന്ന എൺപത്തി-യഞ്ചു പേരെ കൊന്നതും ലേഖകന്റെ മനസിൽ ഉണ്ടായിരുന്നേക്കാം (1 ശമു. 22:18). മരിച്ച് രക്തസാക്ഷികളായി തീർന്നവരിൽ ഒരുപക്ഷെ യിരെമ്യാവും ഉൾപ്പെട്ടിരിക്കാം (അവൻ കൊല്ലപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്ന സൂചന നൽകുന്ന വേദഭാഗമാണ് യിരെ. 26:14–16). അതിനു പുറമെ മെക്കാബിയൻ മൽസരം തുടങ്ങിയതുമുതൽ ശബ്ബത്തിൽ യെഹൂദന്മാർ കൂട്ടക്കൊല അനുവദിച്ചിരുന്നു.[90] കല്ലേറിനാലും മറ്റും കഷ്ടത ഏറ്റവരെ കുറിച്ച് പഴയ നിയമ കാനോനിക പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നു, എന്നാൽ അതേ സംഭവങ്ങൾ അപോക്രിഫാ പുസ്തകളിലും പ്രതിപാദിച്ചിട്ടുണ്ട്. ആ “മർമ്മപ്രധാനമായ” പുസ്തകങ്ങൾ തിരുവെഴുത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, യെഹൂദന്മാർക്ക് അവ അറിയാവുന്നതാണ്.

**ജഡയാടുകളുടേയും കോലാടുകളുടേയും തോൽ** ധരിക്കുന്നത് സമൂഹത്തിലെ ദാരിദ്ര്യത്തെയും തരം താഴ്ത്തലുമാണ് കാണിക്കുന്നത്. ദാവീദ് ബാലനായിരുന്നപ്പോൾ ആട്ടിടയനായിരുന്നു, ആ ജോലിയെ അന്ന് അവജ്ഞ

യോടെയാണ് ആളുകൾ കണ്ടിരുന്നത് (1 ശമു. 17:15, 28, 34–36). ഈ ലേഖനത്തിന്റെ ഗുണഭോക്താക്കളിൽ പലരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ ആയിരുന്നേക്കാം, അവർക്ക് പലപ്പോഴും സഹായം ആവശ്യമുള്ളവരായിരുന്നു, അങ്ങനെയുള്ളവരെ സഹായിക്കുന്നതിനു വേണ്ടിയായിരുന്നു പൗലൊസ് സാമ്പത്തിക പിന്തുണ അഭ്യർത്ഥിച്ചത് (റോമ. 15:26; ഗലാ. 2:10).

"ജഡയാടുകളുടെ തോൽ" ഒരുപക്ഷെ ഏലിയാവിനെയും ഉദ്ദേശിച്ചായിരിക്കാം പറഞ്ഞത്, അവൻ വീട് വിട്ട് ഓടി പോയിരുന്നു (1 രാജാ. 17:3–9; 19:3–14; 2 രാജാ. 1:8). അവന്റെ പുതപ്പ് പരുപരുത്ത ഒരു തരം ആട്ടിൻ തോൽ കൊണ്ടുള്ളതായിരുന്നു. പ്രവാചകന്മാർ പലപ്പോഴും പരുപരുത്ത കമ്പിളി വസ്ത്രമായിരുന്നു ധരിച്ചിരുന്നത് (സെഖ. 13:4). അവർ **അഗതികളായി** തീർന്നിരുന്നു (*ഹുസ്റ്റെറെയോ*) അർത്ഥം, "കഷ്ടമേൽക്കേണ്ട ആവശ്യം," അല്ലെങ്കിൽ "തരംതാഴ്ന്ന." അവർ സമൂഹത്തിൽ ഭ്രഷ്ടുള്ളവരും, വളരെ പ്രാകൃതമായ അവസ്ഥയിൽ ജീവിച്ചവരുമാണെന്ന് അത് സൂചിപ്പിക്കുന്നു.

**വാക്യം 38. ലോകം അവർക്ക് യോഗ്യമായിരുന്നില്ല** എന്നതിന്റെ അർത്ഥം, ദൈവ നാമം നിത്തം ആയിരുന്നു അവർ സമുഹത്തിന് യോഗ്യമല്ലാതായത്, വാസ്തവത്തിൽ ലോകമായിരുന്നു അവർക്ക് "അയോഗ്യമായി" തീർന്നത്. അത്തരം വിശ്വാസികളുടെ ലോകപ്രകാരമുള്ള അവകാശവും നിലവാരവും അവരിൽ ഇല്ലായിരുന്നു എങ്കിലും, അവരുടെ ആത്മിയ നിലവാരം വളരെ ഉയർന്നതായിരുന്നു. ദൈവ ഭക്തരോട് ലോകപ്രകാരമുള്ളവരെ തുലനം ചെയ്യാവുന്നതല്ല. പ്രവാചകന്മാർ യിസ്രായേലിന്റെ രക്ഷക്കായിട്ടായിരുന്നു വന്നത്, പക്ഷെ അവർ പ്രവാചകന്മാരെയും അവരുടെ വാക്കുകളെയും ത്യജിച്ചുകളഞ്ഞു, അവർ പൊതുവിൽ അതിന് അയോഗ്യരാണെന്ന് തെളിയിച്ചു. ലോകത്തിൽ ഉത്തമന്മാരായവരെ ലോകം തിരസ്ക്കരിക്കുകയാണ് പതിവ്. എബ്രായർ 11 ൽ പറഞ്ഞിരിക്കുന്നവരുടെ പേരുകൾ ഇരുട്ടുനിറഞ്ഞ കേൾവിക്കാരുടെ മനസിനെ പ്രകാശിതരാക്കും.

ലോക സമൂഹത്തെ വിട്ട്, അവർ **പിളർപ്പുകളിലും ഗുഹകളിലുമായിരുന്നു** താമസിച്ചിരുന്നതു (*ഒപെ*), അതായത്, **ഗുഹകളും** ഭൂമിയിലെ പിളർപ്പുകളും. ഈസെബേലിനെ പേടിച്ച് ഏലിയാവ് കുറെ നാൾ ഗുഹയിൽ പാർത്തിരുന്നു (1 രാജാ 19:9). ഈസെബേലിന്റെ കോപത്തിൽനിന്നു ആഹാബ് രാജാവിന്റെ കാര്യവിചാരകനായിരുന്ന ഒബേദിയാവ് നൂറ് പ്രവാചകന്മാരെ ഗുഹയിൽ ഒളിപ്പിച്ചു (1 രാജാ. 18:4, 13). ഭവനത്തിൽനിന്നും വിശ്വാസ സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് ജീവിക്കുക എന്നത് ദുസ്സഹം തന്നെയാണ്.

## വിശ്വാസികളുടെയെല്ലാം സംക്ഷിപ്തം (11:39, 40)

**39അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല. 40അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന്ന് ദൈവം നമുക്ക് വേണ്ടി ഏറ്റവും നല്ലതൊന്ന് മുൻകരുതിയിരുന്നു.**

**വാക്യം 39.** ലോകത്തിലെ വസ്തുക്കളെ ആഗ്രഹിക്കുന്നതിനേക്കാൾ വലിയ കാര്യങ്ങളെ പിൻപറ്റുവാനായിരുന്നു **അവർക്കെല്ലാം** ഉണ്ടായിരുന്നത്.

അവർ വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല എന്നു പറഞ്ഞതിന്റെ അർത്ഥം, മശിഹ വരുമെന്ന **വാഗ്ദാനം അവരുടെ കാലയളവിൽ നിറവേറിയില്ല** എന്നതാണ്. പഴയനിയമ വിശ്വാസ വീരന്മാർക്ക് പുതിയനിയമത്തിൻ കീഴിൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് കാണുവാൻ കഴിഞ്ഞില്ല. ക്രെയിഗ് ആർ. കൊയെസ്റ്റർ പറഞ്ഞു,

> ആളുകൾക്ക് ശരിയായി ദൈവത്തെ സമീപിക്കുവാൻ, യേശു സ്ഥാപിച്ച ശ്രേഷ്ഠമായ പുതിയ നിയമത്തിലെ കഴുകലും വിശുദ്ധീകരണവും ആവശ്യമായിരുന്നു (7:22; 8:6). അതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ എല്ലാ വാഗ്ദാനങ്ങളും സ്വർഗീയ യെരുശലേമിൽ ലഭ്യമാകുമെന്ന പൂർണ്ണമായ ഒരു തിരിച്ചറിവ് ഇപ്പോഴുണ്ട് (12:22–24). അബ്രഹാമിനും അവന്റെ അവകാശികൾക്കും വിശ്വാസ യാത്രയുടെ അവസാനം ലഭിക്കുന്ന നഗരമാണ് അത് (11:10, 16).[91]

നമുക്ക് അവനിൽ ലഭിക്കുന്ന പാപമോചനം അവർക്കും ലഭിക്കുവാൻ പഴയനിയമകാലത്ത് ന്യായപ്രമാണത്തിൽ വിശ്വസ്തത പുലർത്തി ജീവിച്ചവർ, ക്രിസ്തു വന്ന് പാപമോചന പ്രവൃത്തികൾ നിർവ്വഹിക്കുന്നതുവരെ കാത്തിരിക്കണമായിരുന്നു. പഴയ നിയമ വിശ്വാസ വീരന്മാർ ജീവിച്ചിരുന്ന കാലത്ത് അവർക്ക് ദൈവത്തിന്റെ അന്തിമ വാഗ്ദാനം ലഭിച്ചിരുന്നില്ല. ദൈവിക വാഗ്ദാനങ്ങൾ നിറവേറിയ കാലത്താണ് നാം ജീവിക്കുന്നത്. ഇതിനപ്പുറമായി കാത്തിരിക്കുന്നത് അന്തിമ ഉയർത്തെഴുന്നേൽപാണ്, തുടർന്നു നിത്യതയും. ഹാബേൽ മുതൽ അദ്ധ്യായം 11 ൽ പേർ പറഞ്ഞവർക്കും പറയാത്തവർക്കും വിശ്വാസത്തിനുള്ള ബഹുമതി ലഭിച്ചവരാണ്; അതു തന്നെ നല്ലൊരു പ്രതിഫലമാണ്. അതിനർത്ഥം പഴയനിയമത്തിൻ കീഴിൽ ജീവിച്ചിരുന്നവർക്ക് അവസാന രക്ഷ കിട്ടും എന്നല്ല. പഴയ നിയമത്തിൻ കീഴിൽ ജീവിച്ച ചിലരെ പിന്നീട് കുറ്റപ്പെടുത്തിയിട്ടുണ്ട് (1 കൊ. 10:5).

**വാക്യം 40. അധികം നല്ലത്** എന്ന് പറഞ്ഞിരിക്കുന്നത്, പുതിയതും ശ്രേഷ്ഠവുമായ പുതിയ നിയമത്തിലെ എല്ലാ അനുഗ്രഹങ്ങളും ചേർത്തായിരിക്കാം. നാം ക്രിസ്തുവിനെ അറിയുന്നതുപോലെ, പഴയ നിയമത്തിൻ കീഴിൽ ജീവിച്ചവർ അറിഞ്ഞിരുന്നില്ല. നമുക്ക് തീർച്ചയായും ശ്രേഷ്ഠമായ വാഗ്ദാനങ്ങളും, പ്രത്യാശയും, ഉറപ്പും ആണ് ഉള്ളത്. ക്രിസ്തുവിലുള്ള പ്രത്യാശയും വിശേഷപ്പെട്ട ദൈവരാജ്യവും അവർക്ക് ലഭിച്ചില്ല. ഈ വേദഭാഗം തിരിച്ചു കൊണ്ടുപോകുന്നത് ലേഖകന്റെ മുഖ്യ വിഷയമായ "വിശേഷമേറിയ" പുതിയ നിയമത്തിലേക്കാണ്.

**നമ്മെ കൂടാതെ അവർ പൂർണ്ണരാകുകയില്ല** എന്നു പറയുന്നതിനർത്ഥം, രണ്ട് നിയമത്തിൻകീഴിൽ ജീവിച്ച വിശ്വസ്തരായവരെല്ലാം അന്തിമ പ്രതിഫലത്തിന് തേജസിൽ ഒരുമിച്ചു കൂടും. പഴയനിയമത്തിൻ കീഴിൽ ജീവിച്ച വിശ്വസ്തരെ കൂടാതെ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ എണ്ണം പൂർണ്ണമാകുകയില്ല. നാം അവരോടുകൂടെ വിശ്വസ്തരായ ഏക കൂട്ടമായി തീരുകയാണ്. എബ്രായർ 12:23 സൂചിപ്പിക്കുന്നത് നാം ചേരുന്നത് "തികവുള്ള നീതിമാന്മാരുടെ ആത്മാക്കളോടുകൂടെയാണ്," വിശ്വസ്തരുടെ കൂട്ടത്തിൽ അവരും ഉൾപ്പെടും, അത് സംഭവിക്കുന്നത് ഏക ശരീരമായ സഭയിൽ ആണ്. ക്രിസ്തുവിൽ നമുക്കുള്ള മനോഹര നേട്ടങ്ങൾ പഴയനിയമ വിശ്വാസികൾ

മനസിലാക്കിയില്ലെങ്കിലും, അവർ വിശ്വസ്തരായിട്ടായിരുന്നു ജീവിച്ചത്. ആ ആശയം മനസിലാക്കിയിട്ടായിരിക്കണം വെസ്ലി ഈ ഗാനം രചിച്ചത്:

നമുക്ക് മുൻപ് പോയവരോട് നാം
  വിശ്വാസത്താൽ കൈകൾ ചേർത്ത്
രക്തത്തളിയാലുള്ള അടയാളത്തോടെ
  നിത്യമാം അക്കരെ ചെന്നു ചേരും.[92]

നമുക്ക് മുൻപ് പോയവരോട് നാം വിശ്വാസത്താൽ ചേരുന്നു, "നിത്യതയുടെ തീരത്ത്" എത്തുമ്പോൾ നമുക്ക് അവരെ ദർശിക്കാം.

പഴയനിയമത്തിൻ കീഴിൽ ജീവിച്ചവർ യാഗങ്ങൾ അർപ്പിച്ചപ്പോൾ, ദൈവം അവരുടെ പാപങ്ങളെ കടന്നുപോയെങ്കിലും, ക്രിസ്തുവിനെ കൂടാതെ അവരാരും രക്ഷിക്കപ്പെടുകയില്ല (വാ. 40; റോമ. 3:25, 26). പുരാതനകാലത്ത് ജീവിച്ചിരുന്നവർ ആത്മിയമായ അർത്ഥത്തിൽ ക്രിസ്തുവിനോട് ചേരുകയാണ് നമ്മെപോലെ; എങ്കിലും, അന്ന് അവർക്ക് അതിനു കഴിഞ്ഞിരുന്നില്ല, കാരണം അന്ന് ശുദ്ധീകരണത്തിനായി അവന്റെ രക്തം ചിന്തിയിരുന്നില്ല. സത്യസന്ധമായി പറഞ്ഞാൽ, "നമ്മെ കൂടാതെ" പിതാക്കന്മാർ "തികവുള്ളവരാകുന്നില്ല." ദൈവകൃപയാൽ നമുക്ക് ഇപ്പോൾ "വിശേഷതയുള്ള" പലതും ഉണ്ട്.

ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചിരുന്നവർ ഒരിക്കലും യേശുവിന്റെ രാജ്യത്തിനടുത്ത് വരുവാൻ കഴിഞ്ഞിരുന്നില്ല, അവർക്ക് അറിയാവുന്നതിൽ അവർ വിശ്വസ്തരായിരുന്നു, നമുക്ക് കൂടുതൽ അറിവ് തന്നതിനാൽ നാം എത്ര അധികം വിശ്വസ്തരായിരിക്കണം! ലേഖകൻ തന്റെ വായനക്കാരോട് അപേക്ഷിച്ചത്-നമ്മോട് ഇന്ന് അപേക്ഷിക്കുന്നത്-നമ്മുടെ കർത്താവിനോടും രക്ഷകനോടും സത്യസന്ധതയുള്ളവരായി ജീവിക്കുവാനാണ്.

## കൂടുതൽ പഠനത്തിന്:
## എബ്രായ പുസ്തകത്തിലെ "സാക്ഷികൾ"

പുതിയ നിയമത്തിൽ "സാക്ഷികൾ" എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് *മാർട്ടുരെയെയോ* എന്നതിന്റെ വകഭേദത്തിൽ നിന്നാണ്, ഒരു ക്രിയ ആയതുകൊണ്ട്, അതിന് "എന്തെങ്കിലും സംഭവിക്കുന്നത് കാണുക" എന്ന ആശയം വരുന്നില്ല. നാമത്തിന്റെ അർത്ഥം, "പരിശോധിക്കുന്നവൻ," അല്ലെങ്കിൽ "സാക്ഷ്യം വഹിക്കുന്നവൻ" എന്നാണ്. 11:2, 39 ൽ, പറയുന്ന "സാക്ഷ്യം വഹിക്കുക" എന്നത് വന്നിരിക്കുന്നത് *മാർടുരെയോ* യിൽനിന്നാണ്. അതേ വാക്ക് 11:4 ൽ തർജ്ജമ ചെയ്തിരിക്കുന്നത് "സാക്ഷ്യം ലഭിച്ചു" എന്നാണ്, വാക്യം 5 ൽ "സാക്ഷ്യം പ്രാപിച്ചു" എന്നാണ്. കെജെവിയും എൻഐവിയും പ്രവൃത്തികൾ 22:20 തർജ്ജമ ചെയ്തിരിക്കുന്നത് "രക്തസാക്ഷി" എന്നാണ്, കെജെവി അതേ വാക്ക് വെളിപ്പാട് 2:13 ലും 17:6 ലും പറഞ്ഞിരിക്കുന്നു. പ്രാരംഭ ക്രൈസ്തവ ലോകത്തിൽനിന്നാണ് ആ അർത്ഥം എടുത്തിരിക്കുന്നത്.

യേശുവിന്റെ പ്രവൃത്തികൾക്ക് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നു, പ്രത്യേകമായി അവന്റെ ഉയർത്തെഴുന്നേൽപ്പ്. നിത്യതയിലേക്ക് നയിക്കുന്ന വിശ്വാസത്തിന്റെ വളർച്ചക്ക് സഹായകരമാണ് ആ സാക്ഷ്യം.

എബ്രായർ 11 ൽ പറഞ്ഞിരിക്കുന്ന വിശ്വാസ യോഗ്യതകൾ നമ്മെ വിസ്മയിപ്പിക്കുന്നതും, പഴയനിയമ വിശ്വാസ വീരന്മാർക്ക് അവയാൽ "സാക്ഷ്യം"

ലഭിച്ചതുമാണ്. ഹാബേലിനും, ഹാനോക്കിനും, നോഹക്കും, അങ്ങനെ ദൈവത്താൽ സാക്ഷ്യം (അല്ലെങ്കിൽ "സാക്ഷീകരിക്കൽ") ലഭിച്ചു, അതിനാൽ അവർ ദൈവ ദൃഷ്ടിയിൽ നീതിമാന്മാരുമായി. അബ്രഹാം തന്റെ വ്യക്തിപരമായ ജീവിതത്തിൽ പൂർണ്ണത കൈവരിച്ചില്ലെങ്കിലും, "കാണാത്ത കാര്യങ്ങളെ" കുറിച്ചുള്ള ദൈവത്തിന്റെ അരുളപ്പാടിൽ അവൻ വിശ്വസിച്ചു (അതാണ് നോഹ ചെയ്തത്; 11:7). അവൻ അത് പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തു, "അത് അവന്ന് നീതിയായി ... കണക്കിട്ടു" അല്ലെങ്കിൽ അവന്റെ "നീതിക്ക് ... വേണ്ടി കണക്കിട്ടു" (കെജെവി; ഉല്.15:6).

11:5 ൽ ഹാനോക്കിനെ കുറിച്ച് നേരിട്ട് സാക്ഷ്യം പറഞ്ഞിരിക്കുന്നത്, "അവൻ ദൈവത്തെ പ്രസാദിപ്പിച്ചു" എന്നാണ്. വാക്കുകൾ കൂടാതെ ഉള്ള ഒരു ദൈവിക പ്രവൃത്തിക്ക് "സാക്ഷ്യം" എന്നു പറയാം, എന്നാൽ വ്യക്തമായ അറിവോടെ ഒരാൾ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നത് ഫലവത്താകണമെങ്കിൽ അത് വാക്കുകളാൽ വ്യക്തമാക്കേണ്ടതുണ്ട്. ഇതാണ് പലരും ഇന്ന് ആഗ്രഹിക്കുന്നത്-അവർക്ക് ദൈവത്തിൽ നിന്ന് സാക്ഷ്യം ലഭിച്ചു എന്ന ശക്തമായ "തോന്നൽ" ആണ് ഉള്ളത്. ഒരു വ്യക്തിയെ കുറിച്ച് "സാക്ഷ്യം" നൽകുകയാണെങ്കിൽ, സാധാരണ അതിൽ അന്തർലീനമാക്കുന്നത് തോന്നലല്ല, പിന്നെയോ ഒരു പ്രത്യേക സന്ദേശമാണ്.

## പ്രായോഗികത

### വിശ്വാസത്തിന്റെ പ്രകൃതം (11:1)

എബ്രായർ 11 ലെ നിർവ്വചനം അനുസരിച്ച്, "വിശ്വാസം" എന്നു പറയുന്നത് തികച്ചും തീർച്ചയുള്ള കാര്യമാണ്. "എനിക്ക് വിശ്വാസമുണ്ട്," "നിങ്ങൾക്ക് വസ്തുതകൾ ഉണ്ട്" എന്നു പറയുന്നത് അല്ല അത്. ക്രിസ്ത്യാനിത്വം വാസ്തവത്തിലുള്ള ചരിത്രപരമായ സംഭവങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്, അവയിൽ പലതും അത്ഭുത സ്വഭാവത്തോടുകൂടിയവയാണ്. ചരിത്രപരമായ വസ്തുതകൾ നമ്മുടെ വിശ്വാസത്തിന് ബലം പകരുന്നതാണ്. വിശ്വാസം എങ്ങനെ ഉത്ഭവിക്കുന്നു എന്നു പൗലൊസ് റോമർ 10:17 ൽ പറയുന്നു: "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." നമുക്ക് അറിയാത്തതും, ബൈബിളിൽ നമുക്കായി സൂക്ഷിച്ചിരിക്കുന്നതും ആയ ഭൂതകാല സംഭവങ്ങളെ ആസ്പദമാക്കിയാണ് വിശ്വാസം വരുന്നത്. തിരുവെഴുത്തുകളിൽ ധാരാളം തെളിവുകൾ നൽകിയിരിക്കുന്നത്, ക്രിസ്ത്യാനികൾ വായിച്ച് വിശ്വാസം വർദ്ധിപ്പിച്ച് ഉറപ്പിക്കേണ്ടതിനാണ്. 11:1 ൽ എൻഐവി പറയുന്നത്, "വിശ്വാസം എന്നു പറയുന്നത് പ്രത്യാശിക്കുന്നതിന്റെ ഉറപ്പും കാണാത്തവയുടെ നിശ്ചയവുമാണ്". നാം അതിജീവിക്കുന്ന "ആത്മധൈര്യമാണ്" വിശ്വാസം. "അവരുടെ കണ്ണിൽനിന്ന് എല്ലാ കണ്ണുനീരും [ദൈവം] തുടച്ചു നീക്കും" എന്ന ഉറപ്പാണ് വിശ്വാസം (വെളി. 21:4). തന്നെ സ്നേഹിക്കുന്നവരുടെ നന്മക്കായിട്ടാണ് ദൈവം എല്ലാം പ്രവർത്തിക്കുന്നത് എന്ന ഉറച്ച വിശ്വാസമാണ് ബൈബിൾ വിശ്വാസം (റോമ. 8:28).

നമ്മിൽ വിശ്വാസം മനോഹരമായ പല കാര്യങ്ങളും ചെയ്യും. നമുക്ക് വിശ്വാസം ഉണ്ടെങ്കിൽ, നാം ആശ്രയിക്കും, നമുക്ക് വിശ്വാസം ഉണ്ടെങ്കിൽ, പൗലൊസിനോടുകൂടെ പറയാം, "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു, അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ

എന്നു ഉറച്ചുമിരിക്കുന്നു" (2 തിമൊ. 1:12). വിശ്വാസത്തിൽ സമർപ്പണവും ഉൾപ്പെടുന്നു. എബ്രായർ 11 ൽ പറഞ്ഞിരിക്കുന്നവർ ഓരോരുത്തരും അവനവന്റെ വിശ്വാസപ്രകാരം ഓരോ പ്രവൃത്തി ചെയ്തിരിക്കുന്നു. അത്തരം സമർപ്പണം നിമിത്തം, "ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല" (വാ. 16). ആ സമർപ്പണം നിമിത്തം, വിശ്വാസം ഉള്ള ആളെ, "ക്രിസ്ത്യാനി" എന്നു വിളിക്കാം, അർത്ഥം, "ക്രിസ്തുവിനു വേണ്ടി പങ്കാളിയാകുക" അല്ലെങ്കിൽ "ഒരു ചെറിയ ക്രിസ്തു."

കാണാത്ത കാര്യങ്ങളെ സംബന്ധിച്ച് ഒരാൾക്ക് എങ്ങനെ തീർച്ചപ്പെടുത്താം? "കാണുന്നതാണ് വിശ്വാസം" എന്ന പ്രയോഗം അനുസരിച്ചുള്ളതല്ല എബ്രായ ലേഖനം. മറിച്ച്, അത് "വിശ്വസിക്കുന്നതാണ് കാണുന്നത്" എന്നതിനെ സാധൂകരിക്കുന്നതാണ്. നാം കണ്ടിട്ടില്ലാത്തതിനെയാണ് നാം വിശ്വസിക്കുന്നത്, നാം അതിനായി ക്ഷമയോടെ കാത്തിരിക്കുന്നതിന്റെ കാരണം വിശ്വാസമാണ്. എങ്ങനെയായാലും, ബൈബിളനുസരിച്ചുള്ള വിശ്വാസം "കണ്ടു"കഴിഞ്ഞ വിശ്വാസത്തെ ആസ്പദമാക്കിയുള്ളതാണ്, "അദൃശ്യമായത്" കാണുവാൻ മോശെക്ക് കഴിഞ്ഞു (വാ. 27). അബ്രഹാം ഒരു "നഗരത്തിനായി നോക്കി [പാർത്തിരുന്നു]" (വാ. 10), കാരണം അത് അവിടെ ഉണ്ടെന്ന് അവൻ വിശ്വസിച്ചിരുന്നു. "വിശ്വാസക്കണ്ണാലാണ്" അവന് "കാണുവാൻ" കഴിഞ്ഞത്. അവൻ ദൈവത്തോട് സംസാരിച്ചതിനാൽ ദൈവം എവിടെയോ ഉണ്ടെന്ന് അവന് അറിയാമായിരുന്നു; നാം "സ്വർഗം" എന്നു വിളിക്കുന്ന ആ "നഗരത്തിൽ" ദൈവം വസിക്കുന്നുവെന്ന് അവന് മനസിലായി. അവന് അവതരിപ്പിച്ചുകൊടുത്ത തെളിവിന്റെ അടിസ്ഥാനത്തിലായിരുന്നു അവൻ വിശ്വസിച്ചത്. ടോക്കിയോ നഗരം ഞാൻ കണ്ടിട്ടില്ല, പക്ഷെ ആ നഗരം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. വാർത്തയിൽ ഞാൻ ആ നഗരം പ്രദർശിപ്പിക്കുന്നത് കണ്ടിട്ടുണ്ട്. ആ നഗരം കണ്ടിട്ടുള്ളവർ പറഞ്ഞു കേട്ടിട്ടുമുണ്ട്. എന്റെ ഒരു അകന്ന സഹോദരൻ ജപ്പാനിൽ വർഷങ്ങളോളം മിഷ്ണറിയായി പ്രവർത്തിച്ചിട്ടുണ്ട്, ടോക്കിയോയെ കുറിച്ച് ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾ വിശ്വസിക്കുന്നു, കാരണം അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ എനിക്ക് അറിയാം. വിശ്വസനിയമായ സാക്ഷികളുടെ വിവരണത്തെ നാം വിശ്വാസയോഗ്യമായി എടുക്കും കാരണം അത് തീർച്ചയാണെന്ന് കരുതുന്നു. ഭൗതികമായ ഒരു നേട്ടവുമില്ലാതെ, ജീവൻ പോലും വിശ്വാസത്തിനു വേണ്ടി ബലി കഴിച്ച രക്തസാക്ഷികളായവരുടെ സാക്ഷ്യത്തെ നാം സ്വീകരിക്കും. അവർ കണ്ട സത്യമാണ് വെളിപ്പെടുത്തിയിരിക്കുന്നത് (1 യോഹ. 1:1–3).

"എന്റെ രക്ഷയെ കുറിച്ച് എനിക്കുള്ള തോന്നൽ" അല്ല വിശ്വാസം; മറിച്ച് ബൈബിൾ വിശ്വാസം എന്നത് നമ്മോട് വാഗ്ദാനം ചെയ്തതിന്റെ സത്തയാണ്. എബ്രായ ലേഖനത്തിലെ വിശ്വാസത്തിൽ, ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന പ്രവൃത്തികളും ഉൾപ്പെടുന്നു. "ദൈവത്തിന്റെ പ്രവൃത്തിയെ" കുറിച്ച് ചോദിച്ചതിന് മറുപടിയായി യേശു പറഞ്ഞു, "ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ വിശ്വസിക്കുന്നതത്രെ" (യോഹ. 6:29). അത്ഭുതകരമായി ദൈവം നമ്മുടെ മനസിൽ ഇടുന്ന ഒന്നല്ല വിശ്വാസം. ഇന്ന്, "എനിക്ക് എങ്ങനെ വിശ്വാസം ലഭിക്കും?" എന്ന ചോദ്യത്തിന് ചില ശുശ്രൂഷകന്മാർ മറുപടി പറയുന്നത്, "നിങ്ങൾ വെറുതെ ചോദിച്ചാൽ മതി" എന്നാണ്. അതല്ല യേശു പഠിപ്പിച്ചത്. ആ വിശ്വാസത്തിന്, ബൈബിളിൽ വെളിപ്പെടുത്തിയ തെളിവുകൾ ആണ് നാം പരിശോധിക്കേണ്ടത്. ഫലത്തിൽ, "ദൈവം നിങ്ങ

ളോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്ന പ്രവൃത്തിയാണ് വിശ്വാസം. ദൈവം പറഞ്ഞിരിക്കുന്നത് ചെയ്യുന്നതാണ്. വിശ്വാസം ലഭിക്കുവാനാവശ്യമായത് നാം ചെയ്യണം" (യോഹ. 6:28, 29 വായിക്കുക).

നാം പരീക്ഷണങ്ങളെ നേരിടുമ്പോൾ, പിന്നീടാണ് ദൈവത്തിന്റെ പ്രവൃത്തി വ്യാപരിക്കുന്നതും നമ്മുടെ വിശ്വാസം ബലപ്പെടുന്നതും നാം മനസിലാക്കുന്നത്. എങ്ങനെയായാലും, ദൈവ വചനത്തിലുള്ള ആശ്രയമാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. വിശ്വാസം വരുവാൻ അമാനുഷമായ അനുഭവം വേണമെന്ന് പറഞ്ഞ് കാത്തിരുക്കുന്നവർ നിരാശപ്പെടുകയേയുള്ളു.

**വിശ്വാസത്താൽ നാം മനസിലാക്കുന്നു (11:3)**

എബ്രായർ 2:8 ൽ ഉപയോഗിച്ചിരിക്കുന്ന പ്രയോഗം "ഇപ്പോൾ നാം കാണുന്നില്ല" എന്നാണ്; എന്നാൽ എബ്രായർ 11:3 ൽ "നാം കാണുന്നു" അല്ലെങ്കിൽ ദൈവം ഈ ലോകത്തിൽ ചെയ്തതു മനസിലാക്കുന്നു എന്നാണ്. കുഴപ്പവും ദുഃഖവും നിറഞ്ഞതാണ് നാം ഭൗതികമായ കണ്ണുകൊണ്ട് കാണുന്ന ലോകം. എങ്ങനെയായാലും, "വിശ്വാസക്കണ്ണാൽ" നമുക്ക് ദൃശ്യമായതിനു പിന്നിലേക്കും കാണുവാൻ കഴിയും, അവിടെ നിന്ന് ദൈവം തനിക്കുള്ളവരെ നോക്കിക്കൊണ്ടിരിക്കുകയാണ്.

ദുഷ്ടന്മാർ തഴെക്കുമെങ്കിലും,
  ശക്തി പ്രാപിക്കുന്നത് സത്യം മാത്രം,
അവളെ ഇപ്പോൾ ഭ്രഷ്ടാക്കുമെങ്കിലും,
  അവൾക്കു ചുറ്റും കൂട്ടത്തെ ഞാൻ കാണുന്നു
.. ... .. ... .. ... .. ... .. ... .. ... .. ... .. ... .. ... .. ... .. ... .. ... ..
തൂക്കു മരത്തട്ടിന്മേൽ എപ്പോഴും സത്യം ഉണ്ട്,
  തെറ്റുകളെപ്പോഴും സിംഹാസനത്തിലെത്തും-
തൂക്കു മരത്തട്ട് എപ്പോഴും ഭാവിയെ കാണിക്കുന്നു,
  ഇരുട്ടിനു മറവിൽ അറിയാതെ
നിഴലിനുള്ളിൽ ദൈവം തനിക്കുള്ളവരെ
  നോക്കി മുകളിൽ നിൽക്കുന്നു.[94]

അത് അങ്ങനെയാണ് എന്നു ക്രിസ്ത്യാനികൾക്ക് അറിയാം!

**ദൈവം ഉണ്ടെന്ന് ബൈബിൾ എങ്ങനെ തെളിയിക്കുന്നു? (11:6)**

ദൈവം നിലനിൽക്കുന്നുവെന്ന് വ്യവസ്ഥാപിതമായി ബൈബിൾ തെളിയിക്കുവാൻ ശ്രമിക്കുന്നില്ല. ഒരു സംശയാലുവിനെയും ദൈവത്തിന്റെ അസ്തിത്വത്തെ ഈ വാക്യത്തിൽ തെളിയിക്കുന്നില്ല, അല്ലെങ്കിൽ അതിനായി വാദിക്കുന്നുമില്ല. ഒരു വ്യക്തി ദൈവം ഇല്ലെന്നു പറഞ്ഞാൽ, അയാൾ "മൂഢനാണെന്ന്" തിരുവെഴുത്ത് പറയുന്നു (സങ്കീ. 14; 1). ദൈവത്തെയും അവന്റെ അരുളപ്പാടുകളെയും മനപ്പൂർവ്വമായി തള്ളിക്കളയുന്നവരെ അവൻ ക്രമേണ വിട്ടുകളയും (റോമ. 1:18-24). ദൈവത്തെ അനിശ്ചിതാവസ്ഥയിൽ നിർത്തിയിട്ടല്ല ബൈബിൾ നൽകിയിരിക്കുന്നത്, പിന്നെയോ ദൈവം ഉണ്ട് എന്നും സർവ്വവും അവനിൽനിന്നാണ് ഉളവായത് എന്നും വ്യക്തമാക്കിക്കൊണ്ടാണ് (ഉല്. 1:1-3; യോഹ. 1:1-3).

മനസിനെ തത്വജ്ഞാനപരമായി പോഷിപ്പിക്കുവാനുദ്ദേശിച്ചുള്ളതല്ല ദൈവം എന്ന ആശയം. അവൻ ലോകത്തിന്റെ ഏറ്റവും വലിയ യാഥാർത്ഥ്യ മാണ്. അവൻ ഉണ്ടെന്ന് വിശ്വസിക്കാതെ നമുക്ക് അവന്റെ അടുക്കൽ പ്ര വേശിക്കുവാൻ സാധ്യമല്ല. ഒരാൾ വിശ്വസിച്ച്, പാപങ്ങളിൽനിന്നു മാനസാന്ത രപ്പെട്ട്, അവനെ കർത്താവ് എന്നു ഏറ്റുപറഞ്ഞ്, സ്നാനം ഏൽക്കുമ്പോഴാണ് ക്രിസ്തുവിനെ സ്വീകരിക്കുന്നത് (യോഹ. 1:11, 12). അങ്ങനെ ചെയ്യുവാൻ അവൻ ഇരുട്ടിലേക്ക് ഒരടി ഇറങ്ങുകയില്ല, അവൻ വെളിച്ചത്തിലാണ് വസി ക്കുന്നത്. വിശ്വാസം അന്ധമല്ല, അറിവില്ലാത്ത മനസുകളിലേക്ക് മാനസിക അഭ്യാസത്താൽ വരുത്തുന്നതുമല്ല. ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധി ക്കുന്നത് “അധാർമ്മികവും വിവേചനാ രഹിതവും” ആണ്.[95]

## വിശ്വാസക്കുറവുള്ള കയ്യീന്റേതിൽനിന്നു വ്യത്യസ്തമായിരുന്നു ഹാബേലിന്റേത് (11:4)

ന്യുയോർക്കിൽ വെച്ച് 1966 ൽ നടത്തിയ ലോക വ്യാപാരത്തിൽ, ക്രിസ്തു വിന്റെ സഭകളുടെ ഒരു എക്സിബിഷൻ ഹാളിൽ ഞാൻ ജോലി ചെയ്തിരുന്നു. ഒരു കാനഡക്കാരനായ ഒരാൾ കയറി വന്ന് പഴയനിയമത്തെയും അത്ഭുത ങ്ങളെയും കുറിച്ച് ചർച്ച ചെയ്തു. അയാൾ യോനായുടെ സംഭവത്തെയും തിമിംഗലത്തെയും വിശ്വസിക്കുന്നില്ല എന്നു പറഞ്ഞു. അയാളോട്, യേശു വിലും യേശു പഠിപ്പിച്ചതിലും നിങ്ങൾ വിശ്വസിക്കുന്നുവോ എന്ന് ചോദിച്ച തിന്, വിശ്വസിക്കുന്നു എന്നു മറുപടി പറഞ്ഞു. അതിന് ഞാൻ പറഞ്ഞത്, “യേശു യോനായുടെ സംഭവത്തിൽ വിശ്വസിക്കുകയും, അടക്കത്തിന്റേയും ഉയർപ്പിന്റേയും ദൃഷ്ടാന്തമായി അവൻ അത് ഉപയോഗിച്ചതായും ” പറഞ്ഞു (മത്താ. 12:38–40). ചരിത്രപരവും പ്രവചനപരവുമായ പല പ്രസ്താവനകളും പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് അതിന്റെ വിശ്വാസ്യതയെ ഉറ പ്പിക്കുകയാണ്. പഴയനിയമം കൂടാതെ ഒരാൾക്ക് പുതിയനിയമം വിശ്വസി ക്കുക പ്രയാസമാണ്. അതുപോലെ പുതിയ നിയമം കൂടാതെ ഒരാൾക്ക് പഴയ നിയമം വിശ്വസിക്കുവാനും പ്രയാസമാണ്. ചരിത്രപരമായും ആലങ്കാരിക മായും ഒരു വ്യക്തിയെയാണ് ഹാബേലിൽ കൂടെ ബോധ്യമാക്കുന്നത് (മത്താ. 23:35; ലൂക്കൊ. 11:51; എബ്രാ. 12:24). യഥാർത്ഥത്തിൽ ലോകത്തിൽ ജീവിച്ചു ആദ്യമായി കൊല്ലപ്പെട്ട ആദ്യ വ്യക്തിയായി ഹാബേലിനെ നാം സ്വീകരിക്കു ന്നു. അന്നു മുതൽ അതേ രീതിയിലുള്ള കുലപാതങ്ങളാണ് നടന്നുകൊണ്ടി രിക്കുന്നത്-ഒരു സഹോദരനോ അല്ലെങ്കിൽ സഹോദരിയോ.

ഹാബേൽ വിശ്വസ്തമായി ദൈവത്തിന് യാഗം അർപ്പിച്ചു എന്നു പ റയുമ്പോൾ, ദൈവം അവനെ കുറിച്ച് എന്തു സാക്ഷ്യമാണ് നൽകുന്നതെന്ന് വ്യക്തമല്ല, എന്നാൽ കയ്യീനെ കുറിച്ച് അൽപം വ്യത്യാസത്തോടെയാണ് പറ ഞ്ഞത്, “നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദം ഉണ്ടാകുമായിരുന്നുവല്ലോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം നിന്റെ വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു, നീയോ അതിനെ കീഴടക്കേണം എന്നു കൽപി ച്ചു” (ഉല്. 4:7). തന്റെ സഹാദരനെ ദൈവം സ്വീകരിച്ചതിൽ കയ്യീന് സഹോദര നോട് നീരസമുണ്ടായി, അവൻ ഗൗരവമേറിയ പാപം ചെയ്യുവാൻ പോകുന്നു എന്നു ദൈവം മനസിലാക്കി. “പാപം നിന്റെ വാതിൽക്കൽ ഇരിക്കുന്നു” എന്ന് ദൈവം അവനെ മുന്നറിയിച്ചു (ഉല്. 4:7). പാപം എന്നത് അവനെ വിഴുങ്ങേ ണ്ടതിന്ന് സിംഹത്തെ പോലെ പതിയിരിക്കുകയാണ്. അപ്പോഴും പാപത്തെ

കീഴ്പ്പെടുത്തുവാനുള്ള കഴിവ് ദൈവം കയ്യീനിൽ കൊടുത്തിരിക്കുന്നത് അവനെ ദൈവം ഓർമ്മിപ്പിക്കുകയായിരുന്നു. നമുക്ക് ദൈവത്തിൽ ശരിയായ വിശ്വാസം ഉണ്ടെങ്കിൽ, പാപത്തെ കീഴ്പ്പെടുത്തുവാൻ നമുക്ക് കഴിയും. മനുഷ്യന്റെ വീഴ്ച്ചക്ക് ശേഷമാണ് ദൈവം ഈ മുന്നറിയിപ്പ് നൽകിയത്. അതുകൊണ്ട് മനുഷ്യൻ ആദ്യം വീണുപോയതുകൊണ്ട് ഇനി "നാശമെയുള്ളു" എന്ന കാഴ്ച്ചപ്പാട് തെറ്റാണ്. വീണ്ടും മനുഷ്യന് പാപത്തിൽനിന്നു വിട്ടു നിൽക്കുവാൻ ദൈവം അവസരം കൊടുക്കുന്നു. "ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ" (1 യോഹ. 5:4). ഹാബേലിനോട് ഒരുപക്ഷെ ദൈവം ഇങ്ങനെ പറഞ്ഞിരിക്കാം: "വിശ്വാസത്താൽ നീ അർപ്പിച്ച യാഗത്തിൽ നീ നിന്റെ ഹൃദയത്തിന്റെ ആത്മാർത്ഥതയും ഗുണവുമാണ് പ്രകടമാക്കിയത്. നീ നല്ലത് ചെയ്തു. വിശ്വാസം കാത്തുകൊൾക!"

കയീന് ദൈവം നൽകിയ ശിക്ഷ പരുഷമായിട്ടാണ് കയ്യീന് തോന്നിയതെങ്കിലും അത് ലഘുവായിരുന്നു. നമ്മുടെ ഇഷ്ടപ്രകാരം നാം ദൈവത്തെ ആരാധിക്കുവാൻ ശ്രമിച്ചാൽ അത് അപകടമാണെന്ന പാഠമാണ് ഹാബേലിന്റേയും കയ്യീന്റേയും സംഭവത്തിൽ നിന്ന് നാം പഠിക്കുന്നത്. നാം ചെയ്യുന്ന എല്ലാറ്റിലും, ദൈവത്തെ ആരാധിക്കുന്നതിലും അവനെ അങ്ങനെ തന്നെ അനുസരിക്കുവാൻ നമുക്ക് ശക്തമായ വിശ്വാസം വേണമെന്നാണ് പഴയനിയമ ചിത്രീകരണങ്ങൾ നമുക്ക് കാണിച്ചുതരുന്നത് (കൊലൊ. 3:17).

**ദൈവം സാക്ഷീകരിച്ചു (11:4)**

11:4 ൽ ഹാബേലിനെ സാക്ഷീകരിച്ചത് ആർ? ദൈവം ആണ്! ഏത് കോടതിയിലാണ്, എന്തു പ്രതിജ്ഞയാലാണ് ആണയിട്ട് സാക്ഷീകരിച്ചത്? ദൈവത്തിന്റെ കോടതി മുറിയിലാണ്, നാം അതിനെ ബൈബിൾ എന്നു വിളിക്കുന്നു. ദൈവം ബൈബിൾ എടുത്ത് ആണയിടുകയില്ല, തന്റെ പ്രതിജ്ഞ അവൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ബൈബിളിലാണ്: "ഈ ആളുകൾ ചെയ്തിരിക്കുന്നത് ഞാൻ കണ്ടിരിക്കുന്നു, 'അവർ സത്യത്തിന്റേയും നീതിയുടേയും പാതയിലാണ് എന്നു ഞാൻ സാക്ഷീകരിക്കുന്നു.' "[96]

**ഹാബേൽ മരണത്താൽ സംസാരിക്കുന്നു (11:4)**

ഹാബേലിന്റെ സംഭവം മരണത്തോടുകൂടി അവസാനിക്കുന്നില്ല, നമ്മുടേയും ജീവിതവും സ്വാധീനവും മരണത്തോടുകൂടി തീരുന്നില്ല. ഹാബേൽ ഇപ്പോഴും സംസാരിക്കുന്നു എന്നതിനാണ് ഈ വാക്യം ഊന്നൽ കൊടുത്തിരിക്കുന്നത്! വളരെയധികം പേർക്ക് മരണാനന്തര ബഹുമതി ലഭിച്ചിട്ടുണ്ട്. പലരുടേയും മരണശേഷം ഞാൻ അവരെ ബഹുമാനിക്കുവാൻ ശീലിച്ചിട്ടുണ്ട്.

നമ്മുടെ പ്രയത്നങ്ങൾ നമ്മെ പിന്തുടരും (വെളി. 14:13). നാം ജീവിച്ചിരുന്നപ്പോൾ പ്രസംഗിച്ച ശബ്ദത്തേക്കാൾ ഉച്ചത്തിൽ അവ മരണശേഷം സംസാരിച്ചുകൊണ്ടിരിക്കും. ഹാബേലിന്റെ രക്തം ഭൂമിയിൽനിന്നു നിലവിളിക്കുകയാണ് (ഉല്. 4:10). അത് ഉയർന്ന കാവ്യാത്മക ശൈലിയിലാണ് പറഞ്ഞിരിക്കുന്നതെങ്കിലും, ക്രമേണ നീതിമാനെ ദൈവം നിരപരാധിയായി എണ്ണും. ഹാബേലിന്റെ രക്തത്തിന് വലിയ അർത്ഥമുണ്ട്, എന്നാൽ യേശുവിന്റെ രക്തത്തിന് ഹാബേലിന്റേതിനേക്കാൾ വലിയ വിലയാണ് ഉള്ളത് (എബ്രാ. 12:24). യേശുവിന്റെ ഒരു *നിഴൽ* ആയി ഹാബേലിനെ കാണാം. അവന്റെ രക്തം നീതിക്കായി നിലവിളിക്കുന്നു; പക്ഷെ യേശുവിന്റെ രക്തം കരുണക്കും,

പാപമോചനത്തിനും, മാനുഷിക പ്രതികാരത്തിന്റെ അന്ത്യത്തിനുമാണ് നിലവിളിക്കുന്നത് (റോമ. 12:17–21).

**മരിക്കാതിരുന്ന മനുഷ്യൻ (11:5)**

അവൻ "ദൈവത്തെ പ്രസാദിപ്പിച്ചതുകൊണ്ട്" ഹാബേൽ നീതിമാൻ ആയിരുന്നു എന്നു നാം കരുതിയേക്കാം (വാ. 5). പഴയ നിയമകാലത്ത് ജീവിച്ചിരുന്നിട്ട് മരിക്കാതിരുന്ന രണ്ടുപേരെയാണ് പറഞ്ഞിരിക്കുന്നത്: ഹാനോക്കും ഏലിയാവും. മരണ വാതിലിൽ കൂടെ കടന്നുപോകാതെ പിതാവിന്റെ അടുക്കൽ എത്തുക എന്നത് എത്ര മഹനീയമായ അവസ്ഥയാണ്! നമ്മിൽ പലരും മരണത്തെ ഭയപ്പെടുന്നവരാണ്. മരണ താഴ്വരയിൽ കൂടെ കടന്നുപോകുന്നു എങ്കിലും ദൈവത്തോടുകൂടെ ആകുവാൻ നാമെല്ലാം ആഗ്രഹിക്കുന്നു. ആ രണ്ട് പേരെ ദൈവം എത്രമാത്രം സ്നേഹിച്ചു എന്ന് അവരെ സ്വർഗീയ പിതാവ് ആദരിച്ചതിനാൽ നമുക്ക് കാണിച്ചു തന്നിരിക്കുകയാണ്!

**നോഹ മറ്റൊരു രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലോ? (11:7)**

"യഹോവേ, നിനക്ക് എന്നോടുള്ള സ്നേഹം നിമിത്തം നീ എന്നെ രക്ഷിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ അത്രയും കാലം എടുത്ത് പെട്ടകം പണിയുവാൻ എനിക്ക് ബുദ്ധിമുട്ടാണ്" എന്നു നോഹ പറഞ്ഞിരുന്നു എങ്കിലോ? അങ്ങനെയെങ്കിൽ ജലപ്രളയത്തിൽനിന്നു അവൻ തന്നെയും കുടുംബത്തെയും രക്ഷിക്കുമായിരുന്നോ? തീർച്ചയായും ഇല്ല. വിശ്വാസം സ്നേഹത്തിൽ പ്രവർത്തിക്കുമ്പോഴാണ് അംഗീകരിക്കപ്പെടുന്നത് (ഗലാ. 5:6). ആരംഭത്തിൽ ഒരാൾ ഭയം നിമിത്തം ആയിരിക്കാം അനുസരിക്കുന്നത്, പക്ഷെ ക്രമേണ അത് പക്വതയുള്ള വിശ്വാസമായി തീരും. "കർത്താവിലുള്ള ഭയവും" വരുവാനുള്ള ന്യായവിധിയും നിമിത്തമായിരുന്നു പൗലൊസ് മനുഷ്യരെ സമ്മതിപ്പിച്ചത് (2 കൊ. 5:10, 11). ഫേലിക്സിൽ ഭയം ജനിപ്പിച്ചതുപോലെ പൗലൊസ് തന്റെ കേൾവിക്കാരിൽ ഭയം ഉണർത്തിച്ചുകാണും (പ്രവൃ. 24:25).

നോഹയുടെ വിശ്വാസം നമ്മുടെ സ്നാനത്തിലുള്ള അനുസരണത്തിന്റെ ഒരു ദൃഷ്ടാന്തമായിരുന്നു (1 പത്രൊ. 3:20, 21). വിശ്വാസത്താൽ അവന് അബ്രഹാമിനു ലഭിച്ച അതേ നീതി ലഭിച്ചു (ഉല്. 15:6). നോഹ അക്ഷരികമായി "വിശ്വാസത്താൽ" ജീവിച്ചു; അതിനപ്പുറമായി, അവനെ "നീതിമാൻ" എന്നു വിളിച്ചു. വാസ്തവത്തിൽ, അവന് മഹത്തായ പുകഴ്ച്ചയാണ് ലഭിച്ചത്. ഉൽപത്തി 6:9 പറയുന്നു, "നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു."

**നോഹ വിശ്വാസത്താൽ, രക്ഷ നേടുകയായിരുന്നോ? (11:7)**

"ഒരു വലിയ ജലപ്രളയത്തിൽനിന്നു രക്ഷപ്പെടുവാൻ അത്രയും സമയം എടുത്തു ഒരു പെട്ടകം ഉണ്ടാക്കുന്നു എന്നത് എത്ര വിഡ്ഢിത്തമാണ്!" സമൂഹം ഒരുപക്ഷെ നോഹയെ നോക്കി ചിരിച്ചുകാണും. വിശ്വാസമുള്ള വ്യക്തിയെ സമൂഹം നോക്കുന്നത് അങ്ങനെയാണ്.

ദൈവത്തിന്റെ അരുളപ്പാട് പരമാധികാരിയുടേതാണെന്ന് മനസിലാക്കിയവരിൽ ഒരാളായിരുന്നു നോഹ, അവൻ അതിനോട് കൂട്ടിച്ചേർക്കുവാനോ അല്ലെങ്കിൽ അതിൽനിന്ന് എന്തെങ്കിലും കുറക്കുവാനോ തയ്യാറായില്ല. നോഹയുടെ അനുസരണത്തിന് തിരുവെഴുത്ത് പ്രത്യേക ഊന്നൽ കൊടുത്താണ്

പറഞ്ഞിരിക്കുന്നത്: "ദൈവം തന്നോട് കൽപിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെ തന്നെ അവൻ ചെയ്തു" (ഉല്. 6:22).

പെട്ടകം ഒരു മൂന്നൂറ്റി അഞ്ച് അടി ഇരിക്കട്ടെ എന്നു നോഹ വിചാരിച്ചില്ല (ഉല്. 6:15 നോക്കുക). അലബാമയിലെ മോണ്ഗോമേറിയിലെ ഒരു തടവിൽ, ഒരിക്കൽ ജലപ്രളയത്തിന്റെയും പെട്ടകത്തിന്റേയും അടക്കം ചില ബൈബിൾ ചിത്രങ്ങൾ ഞാൻ അവർക്ക് സമ്മാനിച്ചിരുന്നു. അവിടെ അപ്പോൾ ഉണ്ടായിരുന്ന പുരുഷന്മാരോട് ഞാൻ ചോദിച്ചു: "മൂന്നൂറ് അടിക്ക് പകരം നോഹ മൂന്നുറ്റിയഞ്ച് അടിയായി പെട്ടകം പണിതിരുന്നു എങ്കിൽ എന്തു സംഭവിക്കുമായിരുന്നു?" ഒരാൾ അതിനു മറുപടി പറഞ്ഞു, "അത് പാറ പോലെ മുങ്ങിപോകുമായിരുന്നു!"

പെട്ടകം പണിയുന്നതിൽ നോഹ അനുസരണമുള്ളവനായിരുന്നു, അതിന്റെ പുറത്ത് ഒരു ഓക്ക് പലകയിടാമെന്ന് അവൻ വിചാരിച്ചില്ല. അതിൽ അവന്റെ ഒരു പൊട്ട് പോലും ചേർത്തില്ല. അവൻ ദൈവത്തിന്റെ കൽപനകളെല്ലാം കൃത്യമായി അനുസരിക്കുകയായിരുന്നു. ദൈവം തന്റെ വചനത്തിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നതിൽ കുറവ് വരുത്തിയാൽ, അത് സ്വീകാര്യമായ അനുസരണം ആയിരിക്കുകയില്ല. വ്യക്തമായ കൽപനകൾ അങ്ങനെ തന്നെ അനുസരിക്കുന്നതാണ് വാസ്തവത്തിലുള്ള വിശ്വാസം.

ഇത്തരത്തിൽ നോഹ അനുസരിച്ചതിൽനിന്ന് അവൻ നിയമത്തെ മാത്രം മുറുകെ പിടിക്കുന്നവൻ ആയിരുന്നോ? നിങ്ങൾ അങ്ങനെ വിചാരിക്കുന്നുവോ? അവൻ ദൈവം പറഞ്ഞ ഓരോ അളവിലും പലക ചേർത്ത് പെട്ടകം പണിതു കഴിഞ്ഞപ്പോൾ, അവൻ രക്ഷ *നേടുകയായിരുന്നോ?* ചില ആളുകൾ സ്നാനത്തെ നിയമത്തെ മുറുകെ പിടിക്കുന്ന അവസ്ഥയിൽ തള്ളി മാറ്റി വിധിക്കലാണെന്ന അഭിപ്രായപ്രകടനം നടത്തുന്നു. ശ്രദ്ധയോടെ ദൈവത്തെ അനുസരിക്കുന്നനത് ഒരിക്കലും നിയമസിദ്ധാന്തത്തെ മുറുകെ പിടിക്കലാകുന്നില്ല, അത് "നിയമത്തിനു വേണ്ടി നിയമത്തെ അനുസരിക്കലാണ്."

നോഹക്ക് ദൈവം പറഞ്ഞത് വിശ്വസിക്കുവാനും അത് അങ്ങനെ തന്നെ ചെയ്യുവാനും ദൈവവചന തെളിവ് മാത്രം മതിയായിരുന്നു. നിങ്ങൾക്കോ? സമൂഹത്തെ നേടുന്നതിൽ നോഹ പരാജയപ്പെട്ടു എന്നു തോന്നുന്നു തന്റെ കുടുംബത്തെ ഒഴിച്ച് മറ്റാരെയും പരിവർത്തനം ചെയ്യുവാൻ അവന് കഴിഞ്ഞില്ല, എന്നാൽ അവൻ ഒരിക്കലും പരാജയമായിരുന്നില്ല, കാരണം അവൻ ജനത്തോട് പ്രസംഗിച്ചിരുന്നു (2 പത്രൊ. 2:5). നാം ചെയ്യുവാനുള്ളത് ചെയ്തിട്ട് നമുക്ക് ചുറ്റുമുള്ളവർ നഷ്ടപ്പെട്ടാൽ നാം ഒരിക്കലും പരാജയമാകുന്നില്ല. നാം ദൈവത്തിന്റെ സത്യത്തോട് നീതി പുലർത്തുന്നവരായിരിക്കണം. "നാം ആളുകളോട് പറയുന്നതനുസരിച്ചു മാത്രമല്ല, ദൈവം നമ്മോട് പറയുന്നതിനോട് നമ്മുടെ പ്രതികരണം അനുസരിച്ചുമാണ് സ്ത്രീപുരുഷന്മാർ സ്വാധീനിക്കപ്പെടുന്നത്."[97] മഴ പെയ്യുവാൻ തുടങ്ങിയിട്ട് ആളുകൾക്ക് പ്രവേശിക്കുവാൻ പെട്ടകത്തിന്റെ വാതിൽ അൽപസമയം കൂടെ അടക്കാതിരുന്നുവെങ്കിൽ നാം പ്രശംസിക്കും "നോഹ എത്ര നല്ല സുവിശേഷകൻ ആയിരുന്നു!" എങ്ങനെയായാലും, മാനസാന്തരപ്പെടുവാൻ ദൈവത്തിന് ഒരു സമയം ഉണ്ട്, അതിന് ഒരു അവസാനവുമുണ്ട്. പിന്നെ അവൻ പറയും "ഇനി സമയം ഇല്ല!" ഇപ്പോഴാണ് "സുപ്രസാദ കാലം," ഇപ്പോഴാണ് "രക്ഷാ ദിവസം." (2 കൊ. 6:2).

**കഷ്ടതയുള്ള ഈ ലോകത്തിൽ അലഞ്ഞു നടന്നു (11:8)**

ഓരോ വിശ്വാസ യാത്രയും തീർത്ഥാടനമാണ്. "എബ്രായ" എന്ന വാക്കിന് "നദിക്ക് മറുകര കടക്കുക" എന്നു പറയുന്നതുപോലെ "കടന്നുപോകുക" എന്ന് അർത്ഥമുണ്ടെന്ന് ചിലർ കരുതുന്നു. അറിയപ്പെടാത്ത സ്ഥലത്തേക്ക് അബ്രഹാം യാത്ര പുറപ്പെട്ടപ്പോൾ, വിശ്വാസത്താലായിരുന്നു പുറപ്പെട്ടത്.[98] അവൻ എപ്പോഴും ഗമിച്ചത് അനുസരണമുള്ള വിശ്വാസത്തോടുകൂടെയാണ് (വാ. 8). പരദേശികൾ മിക്കവരും ക്രമേണ സ്വദേശത്തേക്കു പോകുവാൻ ആഗ്രഹിക്കും, പക്ഷെ പിതാക്കന്മാർ അങ്ങനെയായിരുന്നില്ല. മരുഭൂമിയിലായിരുന്ന യിസ്രായേലിന്റെ ഒരു പാപം അതായിരുന്നു അടിമത്വ ദേശം അവരുടെ സ്വന്ത ദേശമായി കരുതുവാനും, അവിടെ അവർ പുറജാതിക്കാരാണെങ്കിലും അവിടേക്കു തിരിച്ചുപോകുവാൻ ആഗ്രഹിച്ചതും. എന്നാൽ അബ്രഹാമും, യിസഹാക്കും, യാക്കൊബും അങ്ങനെ ഒരിക്കലും വിചാരിച്ചിരുന്നില്ല (11:8, 15).

അബ്രഹാമിനും സാറാക്കും വീട് വിട്ട് ശേഷിച്ച കാലമെല്ലാം കൂടാരങ്ങളിൽ പാർക്കുന്നത് വിഷമമുള്ള കാര്യമായിരുന്നു. സാറാക്ക് പ്രത്യേകിച്ച് ഒരു പുതിയ സ്ഥലത്തും പുതിയ ആചാരത്തിലേക്കും പോകുക എന്നത് പ്രയാസം തന്നെയായിരുന്നിരിക്കണം. സന്തോഷപ്രദമായ കുടുംബ ജീവിതത്തിന് ഭർത്താവ് എവിടെ പോയാലും ഭാര്യ കൂടെ പോകണം. ഈ കാര്യത്തിൽ ദൈവത്തിന്റെ നേരിട്ടുള്ള ക്ഷണമാണ്. അബ്രഹാമിന് തിരഞ്ഞെടുക്കുവാൻ മറ്റൊന്നില്ലാതിരുന്നതിനാൽ അവൻ പോയി. കനാനിൽ ചെന്നപ്പോൾ അബ്രഹാമിന് കുഴപ്പം നേരിട്ടു. അവന് ഒരു ശ്മാശാന ഭൂമി ഒഴികെ അവിടെ സ്വന്തമായി ഭൂമിയില്ലായിരുന്നു. മിസ്രയിം വിട്ട് വന്ന അവന്റെ പിൻഗാമികൾ നാൽപതു വർഷം തീർത്ഥാടകരായിരുന്നു.

മനുഷ്യരുടെ വീക്ഷണത്തിൽ ദൈവത്തിന് തന്റെ വാഗ്ദാനം നിറവേറ്റുവാൻ വളരെ കാലം എടുത്തിരുന്നു; എന്നാൽ അവൻ എല്ലായ്പോഴും അവ നിറവേറ്റിയിരുന്നു. ലോകം നമ്മുടെ ഭവനമല്ല എന്നതിനാൽ എവിടെ താമസിച്ചാലും അത് വലിയ കാര്യമല്ല അല്ലേ? നാം ഇവിടെ അന്യന്മാരാണ് (ഫിലി. 3:20). എല്ലാറ്റിലും അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു എന്നതാണ് വാക്യം 8 ൽനിന്ന് നമുക്ക് ലഭിക്കുന്ന പ്രധാന കാര്യം. നാമും അങ്ങനെ ആയിരിക്കണം. കനാനേക്കാൾ എത്രയോ മടങ്ങ് വിശേഷതയേറിയ ഒരു നഗരത്തിനായിട്ടാണ് അവൻ കാത്തിരുന്നത് (വാ. 10, 16). നാം ഇപ്പോൾ എവിടെയാണെങ്കിലും, എന്തു പറഞ്ഞാലും സംശയിക്കാതിരുന്നാൽ ഒരിക്കൽ നാം ആ നഗരത്തിലെത്തും എന്നു നമുക്ക് പ്രത്യാശിക്കാം. "ഞാൻ ദൈവത്തിൽ വിശ്വസിക്കുകയും, അവന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കുകയും, അവനെ ഒരിക്കലും ഉപേക്ഷിക്കാതിരിക്കുകയും വേണം, എന്നാൽ അവന്റെ ഇഷ്ടം അവസാനത്തോളം പ്രമാണിക്കുകയും ചെയ്യണം."

**വിശ്വസിക്കുന്നതിനേക്കാൾ എളുപ്പമാണ് സംശയിക്കുവാൻ (11:11)**

തനിക്ക് ഒരു സന്തതി ജനിക്കുവാൻ പോകുന്ന വിവരം ദൂതൻ ആദ്യം പറഞ്ഞതു കേട്ട സാറ ചിരിച്ചു. എങ്ങനെയായാലും, കുറെ കഴിഞ്ഞപ്പോൾ അവളുടെ സംശയം വിശ്വാസമായി പരിണമിച്ചുകാണും. യിസഹാക്കിന്റെ ജനനം തന്നെ ഒരു ഉയിർത്തെഴുന്നേൽപ് പോലെ ആയിരുന്നു, കാരണം അവളുടെ ഗർഭപാത്രത്തിന്റെ "നിർജ്ജീവമായ" അവസ്ഥയിൽനിന്നായിരുന്നു ശിശു പുറത്തു വന്നത്. എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് ആത്മിയകാര്യങ്ങളിൽ

വിശ്വസിക്കുന്നതിനേക്കാൾ സംശയിക്കുന്നതിനാണ് എളുപ്പം. സാറായുടെ ഉള്ളിൽ ശിശു വളർന്നുകൊണ്ടിരുന്നപ്പോൾ, അവൾക്ക് പിന്നെ സശയിക്കുവാൻ കഴിഞ്ഞില്ല.

സംശയിക്കുന്ന ആൾ വിശ്വസിക്കുവാനുള്ള തെളിവുകൾ ശ്രദ്ധിക്കുകയില്ല. സംശയിക്കുന്നവർ നിറഞ്ഞു കവിഞ്ഞിരിക്കുന്നവരുടെ മദ്ധ്യേ ഒറ്റക്ക് നിൽക്കുവാനും നേരിടുവാനും മിക്കവാറും പ്രയാസമായിരിക്കും; അതുകൊണ്ട് അവർ ചുരുങ്ങിയത്, പുറമെയെങ്കിലും ബഹുഭൂരിപക്ഷം ആളുകളെ പോലെ ആണെന്ന് കാണിക്കുന്നു.

"ചുരുങ്ങിയ പ്രതിരോധ മാർഗത്തിലായിരിക്കുന്നവർ വലിയ നദി പോലെയും ദരിദ്രരെ പോലെയുമാണ്." അതുകൊണ്ടാണ്, അബ്രഹാം, യോസേഫ്, മോശെ തുടങ്ങിയവരുടെ വിശ്വാസം തിരുവെഴുത്തിലും ദൈവമനസിലും നിലനിൽക്കുന്നത്. ധൈര്യപൂർവ്വം തീരുമാനമെടുക്കുവാൻ നാം തയ്യാറാകണം, അത് ഇടുങ്ങിയ വഴിയിൽ സഞ്ചരിക്കുവാനും ശരിയായത് ചെയ്യുവാനും ആയിരിക്കണം. ഭൂരിഭാഗം ആളുകളും വിശാലമായ നാശത്തിലേക്ക് വഴിയിൽ കൂടെ പോകുമ്പോൾ, കുറച്ചു പേർ ഇടുങ്ങിയ ജീവങ്കലേക്കുള്ള വഴിയിൽ കൂടെ ആണ് പോകുന്നത് (മത്താ. 7:13, 14).

**അന്യന്മാരും പരദേശികളും (11:13)**

അന്യനായി ജീവിക്കുക എന്നതിന്റെ അർത്ഥം പലപ്പോഴും സമൂഹത്തിൽ നിന്ന് വേറിട്ടു നിൽക്കുക എന്നാണ്. ക്രിസ്ത്യാനി ആയതുകൊണ്ട്, നാം അത്തരം അനുഭവത്തിലും ലോകത്തിന്റെ ശത്രുതയിലും ആണ് (1 പത്രൊ. 1:1; 2:11). അത് പ്രതീക്ഷിക്കുക! ആ ആശയത്തോട് പൊരുത്തപ്പെടുക. എന്താണ് കാരണം? കാരണം ലോകത്തിൽ നമുക്ക് പൊതുവായി ഒന്നുമില്ല, അത് ദൈവശാപം വരുത്തുന്നതും, മോശവും, അശുദ്ധമാക്കുന്നതും, അവന്റെ നാമത്തിന്നും അവന്റെ ഇഷ്ടത്തിനും അപമാനം വരുത്തുന്നതുമാണ്. നമ്മെ ലോകത്തിൽനിന്നാണ് വിളിച്ചു വേർതിരിച്ചിരിക്കുന്നത്, ആ ഓർമ്മ നമ്മുടെ മനസിൽ വെച്ചുകൊണ്ടായിരിക്കണം നാം ജീവിക്കുവാൻ (യോഹ. 15:19; 17:14, 16). പൂർവ്വപിതാക്കന്മാർ ചുറ്റും സഞ്ചരിക്കുന്നവരായിരുന്നു. അവരുടെ കിണറുകളിൽ ശത്രുക്കൾ നിറഞ്ഞിരുന്നു, അവർക്ക് അവരുടേതായ സ്ഥലം ഇല്ലായിരുന്നു. ഒരു പ്രദേശത്ത് പുറത്തുനിന്ന് ഒരാൾ വന്നു പാർത്താൽ കുഴപ്പം സംഭവിക്കും. വാഗ്ദാനദേശത്ത് താമസിക്കുമ്പോൾ പോലും, തങ്ങൾ "അന്യന്മാരും," "വന്നു പാർക്കുന്നവരും" എന്നാണ് അവർ പറഞ്ഞത് (ഉല്. 23:4; 28:4; 47:9). നമ്മെ കുറിച്ച് നാം എത്രത്തോളം അങ്ങനെ സംസാരിക്കേണ്ടവരാണ്! അതിന് "സ്വർഗ-ബന്ധിതമായ" ചിന്തയാണ് നമ്മിൽ വേണ്ടത്. ഒരു ദേശമില്ലാത്ത ആളെ മിക്കവാറും ആളുകൾ ഒരു അപകടം ആയിട്ടായിരിക്കും പരിഗണിക്കുന്നത്. എവിടെയെങ്കിലും ജനിച്ചതിന്റെ രേഖയായ പാസ്പോർട്ടും, വിസയും, യാത്രക്ക് വേണ്ടതായ മറ്റു നടപടികളും, എമിഗ്രേഷനും, ഒരു രാജ്യത്ത് പ്രവേശിക്കുവാൻ ആവശ്യമാണ്.

ക്രിസ്ത്യാനികൾ ആയിരിക്കുന്നത് അത്തരം സാഹചര്യത്തിലാണ്. രണ്ടും-മൂന്നും നൂറ്റാണ്ടുകളിലെ രേഖയിൽ ക്രിസ്ത്യാനികളെ കുറിച്ച് നന്നായി വിവരിച്ചിരിക്കുന്നത് അങ്ങനെയാണ്: "അവർ സ്വന്ത ദേശത്ത് താമസിക്കുന്നവരായാലും, അന്യന്മാരെ പോലെ ആയിരുന്നു, പൗരന്മാരെ പോലെ അവർക്കുള്ളതെല്ലാം അവർ പങ്കിട്ടിരുന്നു, അന്യന്മാരെ പോലെ എല്ലാ പ്രയാസങ്ങളെയും

അവർ നേരിട്ടിരുന്നു. ഓരോ വിദേശ രാജ്യവും അവർക്ക് പിതൃദേശമായിരുന്നു; ഓരോ പിതൃദേശവും അവർക്ക് അന്യ ദേശമായിരുന്നു."[99]

ഒരു വിശുദ്ധന്റെ മനോഭാവം ഇത്തരം വിരോധാഭാസരൂപത്തിലായിരിക്കണം. തന്റെ റോമാ പൗരത്വാവകാശങ്ങൾ കൈസരോട് പൗലൊസിന് ചോദിക്കാമായിരുന്നു (പ്രവൃ. 25:10), എന്നാൽ അവൻ സെനറ്റിന്റെ ഒരാനുകൂല്യവും ആവശ്യപ്പെട്ടില്ല. അവൻ യെഹൂദൻ ആയിരുന്നപ്പോൾ ഈ പുതിയ "മാർഗത്തെ" ഇല്ലാതാക്കുവാൻ ശ്രമിച്ചവനായിരുന്നു. ഈ പുതിയ "മാർഗക്കാർ" ക്രമസമാധാനത്തിനും, തന്റെ അഭിപ്രായത്തിൽ യെഹൂദ മതത്തിനും ഭീഷണിയാണെന്നാണ് അവൻ കരുതിയിരുന്നത്, അതുകൊണ്ട്, ക്രിസ്ത്യാനികളെ കണ്ടെത്തി അവരെ നശിപ്പിക്കുവാൻ അധികാരികളോട് അധികാരപത്രവും വാങ്ങി. അവരെ മരിക്കത്തക്കവണ്ണം കഠിനമായി ശിക്ഷിക്കുവാൻ അവൻ ഓടി നടന്നിരുന്നു (പ്രവൃ. 22:4; 26:10).

### അവരെല്ലാം വിശ്വാസത്തിൽ മരിച്ചു (11:13)

കർത്താവിൽ മരിക്കുന്നവരാണ് ഏറ്റവും ഭാഗ്യമുള്ളവർ (വെളി. 14:13). നമ്മിൽ പലരുടേയും കുഴപ്പങ്ങളുടെ അവസാനമാണ് മരണം; നമ്മുടെ പ്രിയപ്പെട്ടവരെ വിട്ടുപിരിയുന്നു; ചിലപ്പോൾ എന്നേക്കുമായിട്ടായിരിക്കും, മരണശേഷം എന്തായിരിക്കും സംഭവിക്കുന്നത് എന്നോർത്ത് നാം ഭയപ്പെടുകയും ചെയ്യും. നമ്മുടെ ഭൗതിക ശരീരത്തോട് നാം കൂടുതൽ അടുത്തിരിക്കുകയാണ് എന്ന് നമുക്ക് അറിയാം, ആ ശരീരത്തെയും വിട്ടുപിരിഞ്ഞ്, ആത്മിയ ശരീരത്തോടുകൂടെയാകും എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. യഥാർത്ഥ വിജയികളായി തീരുവാൻ വിശ്വാസത്താൽ നാം മരണത്തെ ജയിക്കും. "വിശ്വാസമാണ് വിജയം!" അത് നമുക്ക് വേണ്ടി ലോകത്തെ ജയിക്കുന്നു (1 യോഹ. 5:4). *നിക്കോസ്* എന്ന വാക്കിൽനിന്നാണ് നമുക്ക് "വിജയം" എന്ന വാക്ക് ലഭിച്ചത്, അതിൽനിന്നാണ് ബ്രാന്റ് പേരായ "നികെ" ലഭിച്ചത്. ജീവിതത്തിലെ പരീക്ഷണങ്ങളെ അതിജീവിക്കുന്നത് വിശ്വാസത്താലാണ്. മരണത്താൽ നാം ഏറ്റവും മനോഹരമായത് കാണുന്നു; വിശ്വാസത്താൽ നമുക്ക് ലഭ്യമായത് അപ്പോൾ കൂടുതൽ സ്പഷ്ടമാകും.

### വീട്ടിലേക്ക് തിരിച്ചുപോകുവാനുള്ള പ്രലോഭനം (11:13–16)

ജീവിതത്തിലെ ശേഷിക്കുന്ന കാലം സ്വസ്ഥമായി വസിക്കുവാൻ വീട് അന്വേഷിക്കുന്ന മിക്കവാറും എല്ലാവരും അവസാനം ക്ഷീണിക്കും. നാമെല്ലാവരും ഒരു "പിതൃദേശം" അന്വേഷിക്കുകയാണ്. പലരും ജോലിക്കും മറ്റുമായി വലിയ നഗരങ്ങളിലേക്കു പോയി ക്രമേണ ജോലിയിൽനിന്നു വിരമിക്കുമ്പോൾ, പിതൃദേശത്തിലേക്ക് മടങ്ങി പോകുവാൻ ആഗ്രഹിക്കും. നമ്മുടെ പിതാക്കന്മാർ ഭൂമിയിലെ ദേശത്തിലേക്ക് മടങ്ങി പോകുവാൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ, അബ്രഹാം ചുരുക്കമായി വസിച്ചിരുന്ന ഊരിലേക്കോ അല്ലെങ്കിൽ, മിസ്രയിമിലേക്കോ പോകുവാൻ ആഗ്രഹിക്കുമായിരുന്നു. ദൈവം വാഗ്ദാനം ചെയ്തത് ലഭിക്കണമെങ്കിൽ, അവൻ ആവശ്യപ്പെടുന്നത് നിറവേറ്റണം എന്ന് അവർക്ക് അറിയാവുന്നതിനാൽ, അവർ ഒരിക്കലും തിരിച്ചു പോകുവാൻ ആഗ്രഹിച്ചില്ല.

നമ്മുടെ ബാല്യകാലം ഓർമ്മിച്ച് വീട്ടിലേക്ക് മടങ്ങി പോകുന്നതിനെ കുറിച്ച് പറയുവാൻ നമുക്ക് എത്ര സന്തോഷം ഉണ്ട്! നാം ഒരിക്കൽ വിട്ട്

പോകുന്നത് പിന്നെ ഒരിക്കലും അങ്ങനെ ആയിരിക്കുകയില്ല. നമ്മുടെ പൂർവ്വപിതാക്കന്മാർ ഭൗതികമായ അവരുടെ വീടുകളെ കുറിച്ച് ചിന്തിച്ചില്ല, പ്രത്യേകിച്ച് അവർ വിട്ടുപോയ ദേശത്തെ കുറിച്ച് (വാ. 15). അവരുടേയും-നമ്മുടേയും-വീടുകൾ സ്വർഗത്തിലാണ്. "സ്വർഗം ലക്ഷ്യമാക്കിയവർ ഭൂമിയിലുള്ള വസ്തുക്കളിലായിരിക്കുകയില്ല ചിന്തിക്കുന്നത്"; പിന്നെയോ അവരായിരിക്കും ഭൂമിയിൽ ഏറ്റവും നല്ല കാര്യങ്ങൾ ചെയ്യുന്നത്. ഏതൊരു സമൂഹത്തിലും അങ്ങനെ ഉള്ളവർ ദൈവത്തിനും സമൂഹത്തിനും വിലയുള്ളവരായിരിക്കും, ദൈവം പിതാക്കന്മാരിൽ അഭിമാനിക്കുകയും, "ദൈവം അവരുടെ ദൈവം എന്നു പറയുവാൻ ഒരിക്കലും ലജ്ജിക്കയും ചെയ്തില്ല" (പുറ. 3:6). അവൻ നിങ്ങളുടെ ദൈവം ആണോ? നിങ്ങളെ കുറിച്ച് അവന് ലജ്ജിക്കുവാൻ എന്തെങ്കിലും കാരണങ്ങൾ ഉണ്ടോ?

ഈ ജീവിതത്തിലെ തൃപ്തി സ്വർഗീയ ഭവനം കാണാതിരിക്കുവാനിടയാക്കുന്നുണ്ടോ? ഞാൻ എന്റെ ഭവനത്തിൽ ഇപ്പോൾ പൂർണ്ണമായും തൃപ്തനാണ്, എന്നാൽ വാസ്തവത്തിലുള്ള എന്റെ സന്തോഷം-എന്റെ ഭാര്യയിലും, മക്കളിലും കൊച്ചുമക്കളിലുമാണ്. അവരെ കൂടാതെ വീട് വീടാകുകയില്ല. എങ്ങനെയായാലും, ഞാൻ പോകുമ്പോൾ കൂടുതലായി സ്വർഗത്തേക്കാണ് നോക്കുന്നത്. നാം പ്രായമാകുമ്പോഴാണ്, നമുക്ക് സ്വർഗം കൂടുതൽ മനോഹരമായി തീരുന്നത്.

സ്വർഗത്തിനായുള്ള നമ്മുടെ ആഗ്രഹം എങ്ങനെ പ്രാപ്തമാക്കാം? താൽക്കാലികത്തിൽനിന്ന് വലിയ വിലയുള്ളവയിലേക്ക് ചിന്ത മാറുന്നത് വിശ്വാസത്താലാണ്. പിതാക്കന്മാരെ പോലെ നാമും നിത്യമായ "വിശേഷതയേറിയ ഒരു ദേശത്തിനായി" കാത്തിരിക്കണം. കാണുന്നതിനേക്കാൾ മാഹാത്മ്യം സ്വർഗിയമായവക്ക് ഉണ്ട് എന്ന് നാം വിശ്വാസത്താൽ മനസിലാക്കുന്നു. അതാണ് നമ്മെ ഉയരത്തിലുള്ള ഭവനത്തിലെത്തുവാൻ നിർബ്ബന്ധിക്കുന്നത്.

അബ്രഹാമിനോ അല്ലെങ്കിൽ പിതാക്കന്മാർക്കോ ഈ ജീവിതത്തിൽ, ദൈവത്തിന്റെ വാഗ്ദാനങ്ങൾ എല്ലാം നിവൃത്തി വരുത്തിയിരുന്നില്ല. "അവർ വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ, വിശ്വസത്തിൽ മരിച്ചു, എന്നാൽ അവർ ദൂരത്തു നിന്നു കണ്ട് അഭിവന്ദിച്ചിരുന്നു ..." (വാ. 13).

**നമ്മെ കുറിച്ചു ലജ്ജിക്കുന്നില്ല (11:16)**

അവൻ "അവരുടെ ദൈവം" ആണെന്നും അവർ അവന്റേതാണെന്നുമുള്ള അർത്ഥത്തിൽ, വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല എന്നു ദൈവം അറിഞ്ഞതിൽ യിസ്രായേൽ അഭിമാനിച്ചിരുന്നു. എങ്ങനെയായാലും, നൂറ്റാണ്ടുകൾക്കു ശേഷം, അവന്റെ പുത്രനിൽ വിശ്വാസം അർപ്പിക്കാതെ വന്നതിൽ അവർ ലജ്ജിക്കപ്പെടേണ്ടിയിരുന്നു. നിങ്ങൾ ദൈവത്തെ പരസ്യമായി സ്വീകരിച്ചിരിക്കുന്നു എന്ന പേരിൽ നിങ്ങളുടെ സ്നേഹിതന്മാരും സഹ-പ്രവർത്തകരും നിങ്ങളെ ലജ്ജിപ്പിച്ചിട്ടുണ്ടോ? നമ്മുടെ കർത്താവ് നമ്മോടുകൂടെ വസിക്കുന്നു എന്നത് നമ്മുടെ ആത്മാക്കളെ ത്രസിപ്പിക്കുന്നതാണ്. നാമും അവനിൽ വസിക്കുവാൻ മനസ് കാണിക്കണം. നിങ്ങൾക്ക് ആരോടെല്ലാം എപ്പോഴൊക്കെ അവനെ കുറിച്ചു പറയാമോ, അപ്പോഴൊക്കെ പറയണം. ക്രിസ്തുവിനായുള്ള നിങ്ങളുടെ താൽപര്യത്തെ ഇല്ലാതാക്കുന്ന വിമർശനമോ, ഭീഷണിയോ, ഭയമോ നിങ്ങളുടെ ജീവിതത്തിൽ അനുവദിക്കരുത്.

**അബ്രഹാമിന്റെ പരീക്ഷണവും ദൈവ സ്വഭാവവും (11:17-19)**

വാഗ്ദത്ത സന്തതിയെ നൽകിയ ദൈവം തന്നെ ആ സന്തതിയെ കൊല്ലുവാൻ സമ്മതിക്കുന്നതായി തോന്നിയോ? നമ്മെ സംബന്ധിച്ച്, മാനുഷിക വിവേചനം അനുസരിച്ച് അങ്ങനെ തോന്നുന്നില്ല. ഇമ്മാനുവേൽ കാന്ത് പറഞ്ഞത്, യിസഹാക്കിനെ കൊല്ലുവാൻ ദൈവം അബ്രഹാമിനോട് ആവശ്യപ്പെടുകയില്ല കാരണം അത് അവന്റെ ധാർമ്മിക നിയമത്തിന് എതിരാണ്.[100] ദൈവത്തിന്റെ സ്വഭാവത്തെയും അവന്റെ ജ്ഞാനത്തെയും വിമർശകർക്കും സംശയാലുക്കൾക്കും വൈപരീത്യം ജനിപ്പിക്കുവാൻ സാധ്യമല്ലാത്ത വിധത്തിലാണ് ദൈവം സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും.

പിൻവരുന്ന തലമുറകൾക്കെല്ലാം ഒരു മാതൃകയായി തീരുവാനുള്ള, വിശ്വാസിയായ ഒരു മനുഷ്യന് നേരിടാവുന്ന ഏറ്റവും വലിയ പരീക്ഷണമായിരുന്നു ആ വഴിപാട്. “വിശ്വാസികളുടെ പിതാവിന്” വിശ്വാസത്തിൽ ഏറ്റവും വലിയ പരീക്ഷണമായിരുന്നു നേരിട്ടത്. ഈ കാര്യത്തിലെ വെല്ലുവിളി അബ്രഹാമിന് ചിന്തിക്കുവാൻ പോലും കഴിയാത്ത ഒന്നായിരുന്നു ദൈവം ആവശ്യപ്പെട്ടത്; അത് നമുക്ക് നേരിട്ടാലും അങ്ങനെയായിരിക്കും. വിശ്വാസം നമ്മുടെ ഉള്ളിൽ ദൃഢമാക്കുവാൻ എന്താണ് ആവശ്യമെന്ന് ദൈവത്തിനാണ് ഏറ്റവും നന്നായി അറിയാവുന്നത്. ആ പരീക്ഷണം അബ്രഹാമിന്റെ വിശ്വാസത്തെ ഇളക്കിയില്ല, എന്നാൽ ഭാവിയിലെ മറ്റെല്ലാ പരീക്ഷണങ്ങളെയും നേരിടുവാൻ ശക്തീകരിക്കയായിരുന്നു ചെയ്തത്. “നമുക്ക് മുൻപിൽ വെച്ചിരിക്കുന്ന പ്രത്യാശ മുറുകെ പിടിക്കുവാൻ നമ്മെ ശക്തമായി പ്രോൽസാഹിപ്പിക്കുന്നതാണ് അത്” (6:18). അനുസരിക്കാതിരിപ്പാനുള്ള പരീക്ഷണത്തെ അബ്രഹാം അതിജീവിച്ചു. നമുക്കും അത് സാധ്യമല്ലേ? ദൈവത്തിന് ഒന്നും അസാധ്യമല്ല.

മാനുഷിക കഷ്ടത അവസാനിക്കാത്തതും ഉപയോഗമില്ലാത്തതാണെന്നും തോന്നിയേക്കാം. എങ്ങനെയായാലും, വിശ്വാസക്കണ്ണാൽ, അത് എങ്ങനെയാണ് ആളുകളെ താഴ്മയോടെ അനുസരണത്തിലേക്ക് നയിക്കുന്നത് എന്നു നമുക്ക് കാണുവാൻ കഴിയും (5:8, 9). നമുക്ക് വിശേഷം ഏറിയ ഒരു അവസ്ഥ കൂടെ ലഭിക്കും എന്നാണ് അത് നമ്മെ പഠിപ്പിക്കുന്നത് (2 കൊ. 4:16-18). അഗ്നികീടത്തെ ഉരുക്കി ലോഹം മുമ്പിലത്തേക്കാൾ നിർമ്മലമാക്കുന്നതുപോലെ, നമ്മെ ശുദ്ധീകരിക്കുന്നതിനാണ് പരീക്ഷണം. അതുപോലെ നമ്മുടെ യജമാനന് നാം യോജിക്കുന്നവരാകണം. നമ്മെ സഹായിക്കുവാൻ കൂടുതൽ തികവുള്ളവനാകുവാൻ യേശു നമ്മെ പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു (എബ്രാ. 2:18).

ഫലത്തിൽ, എബ്രായ ലേഖകൻ പറയുന്നത്, “വളരെയധികം കഷ്ടം സഹിച്ച നിങ്ങളുടെ മുൻഗാമികളെ ഓർത്തുകൊൾവിൻ; പരീക്ഷിക്കപ്പെട്ട അബ്രഹാമിനെ നോക്കുക.” വാഗ്ദാനം ചെയ്ത തന്റെ ഏകജാതനായ മകനെ യാഗം കഴിക്കുവാൻ ആവശ്യപ്പെടുന്നതിനേക്കാൾ വലിയ പരീക്ഷണം മറ്റൊന്നില്ല (ഉല്. 22:2).

**അപ്പന്റെ വിശ്വാസം മകന്റെ വിശ്വാസമായി തീർന്നു (11:20-22)**

യിസഹാക്ക് പ്രായമാവുകയും അവന്റെ കണ്ണുകൾക്ക് കാഴ്ച്ച കുറയുകയും ചെയ്തപ്പോഴും, തന്റെ അപ്പനായ അബ്രഹാമിന്റെ വിശ്വാസ കാഴ്ച്ച അവൻ നിലനിർത്തി അവനും മക്കളെ അനുഗ്രഹിച്ചു. അതുപോലെ തന്നെ, യാക്കോബും തന്റെ ജീവിതകാലാവസാനം എഫ്രയിമും മനെശ്ശെയും വലു

തായി തീരുമെന്ന് അനുഗ്രഹിച്ചു (ഉല്. 48:1-20). വിശ്വാസത്താൽ ഭാവിയെ ഉറ്റു നോക്കുവാൻ യോസേഫിനും കഴിഞ്ഞു, യിസ്രായേൽ മക്കൾ മിസ്രയിം വിട്ട് വാഗ്ദത്ത ദേശത്തേക്ക് പോകുമെന്നത് അവന് കാണുവാൻ കഴിഞ്ഞു, അങ്ങനെ മരണശേഷം തന്റെ അസ്ഥികൾ മിസ്രയിമിൽനിന്നു കൊണ്ടുപോയി കനാനിൽ അടക്കം ചെയ്യുന്നതിനെ കുറിച്ചും അരുളപ്പാട് കൊടുത്തു (വാ. 22).

നാം നമ്മുടെ മക്കളോടും ചെറു മക്കളോടും നമ്മുടെ ചരിത്രവും പൈതൃകവും കൂടുതലായി പറയണം. അവർ നേട്ടങ്ങൾക്ക് അടിയിൽ ആകരുത്, അവർ അതിനു മുകളിൽ ജീവിക്കണം. നാം വിശ്വാസ യാത്രയിൽ എത്രത്തോളം അനുഗ്രഹിക്കപ്പെട്ടു എന്നും, ഏറ്റവും ദുഃഖകരമായ അവസ്ഥ പോലും നന്മയാക്കിയ സംഭവങ്ങളും നാം അവരോട് പറയണം.

ദൈവം നമ്മുടെ ജീവിതത്തിൽ കാണിച്ച കരുണാകരമായ പ്രവൃത്തികൾ അപ്പന്മാർ അവരുടെ മക്കളെ നിർബ്ബന്ധിച്ച് കേൾപ്പിക്കണം. നാം അവർക്ക് വേണ്ടി അതു ചെയ്യുമ്പോൾ അവർക്ക് ഭാവിയിലേക്ക് വിശ്വാസവും ധൈര്യവും ഉണ്ടാകും.

**പരീക്ഷണങ്ങളുടെ മദ്ധ്യേയുള്ള വിശ്വാസം (11:23-27)**

മോശെ ജനിച്ചപ്പോൾ നേരിട്ട അപകടത്തിൽനിന്ന് അവന്റെ അമ്മയപ്പന്മാരുടെ വിശ്വാസം നിമിത്തമാണ് രക്ഷപ്പെട്ടത് (വാ. 23). ശിപ്രാ എന്നും പൂവാ എന്നും പേരുള്ള ഭയമില്ലാത്ത വിശ്വസ്തരായ സൂതികർമ്മിണികളെ അംരാമും യൊഖെബെദും അവരുടെ വിശ്വാസം നിമിത്തമായിരുന്നു ഏർപ്പാട് ചെയ്തത് (പുറ. 1:15-22). അവരുടെ ശിശു ജനിക്കുന്നത് മറ്റാരെയും ഏൽപിക്കുവാൻ അവർക്ക് മറ്റാരിലും വിശ്വാസം ഇല്ലായിരുന്നു.

അവന്റെ അമ്മയും/ശുശ്രൂഷകയും അവന്റെ ചെവികളിൽ നൽകിയ വാക്കുകളാലായിരുന്നു മോശെ വളർന്നത്. “നീ ദൈവം തിരഞ്ഞെടുത്തവരിൽ പെട്ട ഒരു എബ്രായനാണ്, അല്ലാതെ ഒരു മിസ്രയീമ്യൻ അല്ല.” യൊഖെബെദിന്റെ വിശ്വാസം അവന്റെ വിശ്വാസം ആയി തീർന്നു. അവനു വേണ്ടി അവന്റെ അപ്പനും അമ്മയും അവരുടെ ജീവിതം സാഹസത്തിലാക്കുകയായിരുന്നില്ലേ? അവരെ എങ്ങനെയാണ് കഷ്ടപ്പെട്ട് പോറ്റി വളർത്തിയതെന്ന് നാം മക്കളെ ബോധ്യമാക്കണം, ഒരുപക്ഷെ രോഗം വരുമ്പോൾ ഉറങ്ങാതെയിരുന്ന് അവരെ നോക്കിയതും അവർ അറിഞ്ഞിരിക്കണം. ആ സംഭവങ്ങളെല്ലാം അവരെ അറിയിക്കുമ്പോൾ, അവർ നമുക്കും ലോകത്തിനും എത്ര പ്രാധാന്യമുള്ളവരാണ് എന്ന് ഓർമ്മിക്കുകയാണ്.

എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ എന്റെ അമ്മ എന്നെ *ഹൾബുട്ട്സിന്റെ* ബൈബിൾ കഥകൾ കേൾപ്പിച്ചു തരുമായിരുന്നു. മറ്റെന്തിനേക്കാളും എന്റെ വിശ്വാസത്തെ സ്വാധീനിച്ച ഘടകം അതായിരുന്നു എന്ന് എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും. അമ്മമാരുടെ, സ്നേഹവും, വിശ്വാസവും, മക്കൾക്ക് പകർന്നു കൊടുക്കുന്നത് അവരുടെ ജീവിതത്തിൽ സജീവമായിരിക്കുമ്പോൾ, തലമുറകളോളം അവ നിലനിൽക്കും.

പ്രായപൂർത്തിയായപ്പോൾ, അധികാരികളുടെ തെറ്റായ നടപടികളിൽ എതിരായ തീരുമാനം അവന് എടുക്കേണ്ടതായി വന്നിരുന്നു. കാരണം അവൻ പരമാധികാരിക്ക് കീഴ്പ്പെട്ടിരുന്നു. അവൻ രാജകിയ സ്ഥാനം വിട്ടു സാധാരണക്കാരനിലേക്ക് ഇറങ്ങി വന്നു, രാജകിയ സുഖഭോഗങ്ങളെ ഉപേക്ഷിച്ച്, അത്ഭുതകരമായ ധനത്തെ വിട്ടുകളഞ്ഞ്, ദാരിദ്ര്യവും മോശമായ പെ

രുമാറ്റവും തിരഞ്ഞെടുത്തു. ദൈവത്തിനും തന്റെ ജനത്തിനുമായി, സ്ഥിര താമസമില്ലാതെ, "ക്രിസ്തുവിന്റെ നിന്ദ" പോലും സഹിക്കുന്നതാണ് മോശെ തിരഞ്ഞെടുത്തത്. "കണ്ടിട്ടില്ലാത്തവനെ കാണുവാൻ" നാം അത്തരത്തിൽ സഹിഷ്ണുത കാണിക്കുമോ? ദൈവത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങൾ നോക്കാതെയാണ് സ്വീകരിക്കേണ്ടത് എന്ന് നമുക്ക് അറിയാമോ? വരുവാനുള്ള ക്രിസ്തുവിനെ നോക്കി, "പ്രതിഫലം മനസിലാക്കി" ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ നമുക്ക് കഴിയും.

ദൈവത്തോടുള്ള ബഹുമാനത്താൽ, മോശെക്ക് ഭയത്തെ അതിജീവിക്കുവാൻ കഴിഞ്ഞു. ശാരീരിക രോഗമോ പ്രയാസമോ അല്ല വിശ്വാസം നോക്കുന്നത്. ലോകത്തിൽ ദുഷ്ടതയില്ല എന്ന രീതിയിലല്ല അത് കാണുന്നത്-ഫറവോൻമാരില്ല, സാത്താനില്ല എന്നൊന്നുമായിരിക്കുകയില്ല ചിന്തിക്കുന്നത്-മറിച്ച് ഊഹിക്കുന്നതിനപ്പുറമായി നല്ല കാര്യങ്ങളെ കുറിച്ച് ചിന്തിച്ച് മനസിലാക്കുകയാണ് വേണ്ടത്. ഇപ്പോൾ പോലും നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കുന്നവനെ സമീപിച്ച്, സ്വർഗത്തിൽ പ്രവേശിക്കുവാനുള്ള നേട്ടം നമുക്ക് ഉണ്ട് (എബ്രാ. 4:15, 16). "അദൃശ്യനായവനെ കാണുന്നതിനേക്കാൾ" മഹത്തായ കാര്യം മറ്റൊന്നില്ല.

### പാപത്തിന്റെ ഭോഗവും വിവേകപൂർണ്ണമായ തിരഞ്ഞെടുപ്പും (11:25, 26)

പാപത്തിൽ സുഖമുണ്ട്, എന്നത് തീർച്ചയാണ്. അങ്ങനെ ഒന്നില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ, അയാൾ ഒന്നുകിൽ നുണയൻ അല്ലെങ്കിൽ വിഡ്ഢി. എങ്ങനെയായാലും, പാപത്തിന്റെ സുഖം എന്നു പറയുന്നത് വഞ്ചനയാണ്; അത് ആദ്യം ആകർഷണിയമായി തോന്നും, അവസാനം നമുക്ക് നിരാശയും കൈപ്പുമായിരിക്കും നൽകുന്നത്. ദാവീദ് രാജാവിന്റെ ശക്തമായ ചിത്രീകരണം നമ്മെ പഠിപ്പിക്കുന്നത്, പാപം നമ്മിൽ കുറ്റഭാരം തരുന്നതിനപ്പുറമായി, അത് നമ്മെ തീവ്ര ദുഃഖത്തിലേക്കുമാണ് നയിക്കുന്നത് എന്നാണ്. ദാവീദിന്റെ പുതിയ ഭാര്യ, തന്റെ മകൻ ശലോമോൻ കിരീടാവകാശിയാകുവാൻ, തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു. അവനും അവളും പിന്നീട് ഒരിക്കലും സന്തോഷം അനുഭവിച്ചില്ല എന്നു നമുക്ക് കാണാം, അവന് അതിന് യോഗ്യതയുമില്ലായിരുന്നു. രാജാവിന്റെ ആ പാപത്തെ കുറിച്ച് ദേശത്തുള്ളവരെല്ലാം സംസാരിച്ചു കാണും.

ദാവീദ് ബെത്ശെയിദയുമായി പാപം ചെയ്തശേഷം, രാജാവിന്റെ വാഴ്ച്ച തന്നെ അവതാളത്തിലായി. ദാവീദിന് ബെത്ശേബയിൽ ജനിച്ച ശിശു ജനിച്ച് അധികം കഴിയുന്നതിനു മുൻപ് മരിച്ചുപോയി. ദാവീദിന്റെ മക്കളിൽ ഒരാളായ അംനോൻ താമാറിനെ മാനഭംഗപ്പെടുത്തി; പിന്നെ അവളുടെ സ്വന്ത സഹോദരൻ അബ്ശലോം തന്റെ അപ്പന് എതിരായി തിരിയുകയും ദാവീദിന്റെ ക്രമങ്ങളെ എല്ലാം കൊന്നൊടുക്കുകയുമായിരുന്നു. കണക്കെടുക്കുവാനുള്ള രാജാവിന്റെ കൽപനയെ പിന്തിരിപ്പിക്കുവാൻ സൈന്യാധിപൻ ശ്രമിച്ചുവെങ്കിലും, ഫലിച്ചില്ല, അതിനാൽ രാജ്യത്ത് വലിയ കലാപം പൊട്ടി പുറപ്പെട്ടു. അത്തരം സംഭവവികാസങ്ങൾ നിറഞ്ഞതായിരുന്നു ജീവിതം. അത്തരം സന്തോഷവും സുഖവുമാണ് പാപം സംഭാവന ചെയ്യുന്നത്, പക്ഷെ പാപം വാഗ്ദാനം ചെയ്തതിന് വിപരീതമായ കാര്യമാണ് സംഭവിക്കുന്നത്. പാപം ഒരിക്കലും തൃപ്തിയോ സമാധാനമോ നൽകുന്നില്ല. ദൈവത്തിന്റെ പാപമോ

ചനത്തിന് മാത്രമെ അത് നൽകുവാൻ കഴിയു.

ഭൗതികവാദികളുടേയും ബുദ്ധിമാന്മാരുടേയും കാഴ്ച്ചപ്പാടിൽ മോശെയുടെ തീരുമാനം വിഡ്ഢിത്തമായിരുന്നു. ആത്മിയ കാര്യങ്ങൾക്ക് വെള്ളിയെക്കാളും പൊന്നിനെക്കാളും വിലയുണ്ടെന്ന് തിരിച്ചറിഞ്ഞതായിരുന്നു മോശെയുടെ വിശ്വാസത്തിന്റെ മാഹാത്മ്യം. കൂടാരങ്ങളിൽ പാർത്തപ്പോൾ, അവൻ അബ്രഹാമിനേക്കാളധികം സഹിച്ചിരുന്നു, "ക്രിസ്തുവിന്റെ നിന്ദ" സഹിക്കുന്നതിനു പോലും അവൻ തയ്യാറായിരുന്നു (വാ. 26). നിങ്ങൾ കുഴപ്പത്തിലും കഷ്ടതയിലുമാകുമ്പോൾ, കർത്താവ് സഹിച്ചത് ഓർക്കുക. അത്തരം ചിന്ത നിങ്ങളെ അവന്റെ കാൽപാടുകൾ പിൻപറ്റുവാൻ സഹായിക്കും-ചുരുങ്ങിയത് താൽക്കാലികമായിട്ടെങ്കിലും-അവൻ മിസ്രയിം വിട്ടു പോകുവാൻ തീരുമാനിച്ചപ്പോൾ- മിസ്രയിമിലെ ഉത്തമന്മാർ മോശെയെ എത്ര മാത്രം പരിഹസിച്ചിരിക്കും! ധൈര്യമുള്ള വിശ്വാസം ആർജ്ജിക്കുക! എങ്കിൽ നിങ്ങൾക്കും "പ്രതിഫലത്തെ" നോക്കുവാൻ കഴിയും (വാ. 26).

**വരികൾക്കിടയിൽ (11:27)**

വിശ്വാസത്താൽ വിജയികളായ നിരവധി പേരുടെ സംഭവങ്ങൾ ഇനിയും നിരത്തുവാൻ എബ്രായ ലേഖകന് കഴിയുമായിരുന്നു. എന്നാൽ അവൻ അവയെല്ലാം ഒഴിവാക്കുകയായിരുന്നു. പകരം അവൻ ഏതാനും മാത്രമാണ് തിരഞ്ഞെടുത്തത്. എബ്രായ ലേഖനത്തിൽ ഒഴിവാക്കിയ ഒരു സംഭവം, മോശെ മുൾപ്പടർപ്പിൽ ദൈവത്തെ കണ്ടുമുട്ടിയതായിരുന്നു (പുറ. 3). മുൾപ്പടർപ്പ് കത്തിക്കൊണ്ടിരിക്കുകയും എന്നാൽ വെന്തുപോകാതിരിക്കുകയും ചെയ്യുന്ന അസാധാരണ കാഴ്ച്ചയായിരുന്നു മോശെ കണ്ടത്. അവൻ അദൃശ്യനായവനെ കാണുകയും താൻ ദൈവത്തിന്റെ അടുത്തെത്തിയിരിക്കുന്നു എന്ന അറിവ് അവനെ പരിഭ്രാന്തിയിലാക്കുകയും ചെയ്തു. അവൻ ഭയപ്പെട്ടു എന്ന കാര്യത്തിൽ സംശയമില്ല. വീണ്ടും സിനായ് പർവ്വതത്തിലെ സംഭവബഹുലമായ സാഹചര്യത്തിലും അവൻ പരിഭ്രാന്തനായിരുന്നു.

അടിമത്വത്തിൽനിന്ന് യിസ്രായേലിനെ മിസ്രയിമിൽനിന്ന് വിടുവിക്കുവാൻ ദൈവം തിരഞ്ഞെടുത്ത അഭിഷിക്തൻ താനാണെന്ന് അറിഞ്ഞപ്പോൾ, ദൈവത്തിന്റെ ക്ഷണം സ്വീകരിച്ചു മിസ്രയിമിലേക്ക് മടങ്ങി പോകുവാൻ അവൻ സമ്മതിച്ചു. അവൻ എത്രത്തോളം ക്ഷമാശീലനായിരുന്നു: മിസ്രയിമിലെ നാൽപതു വർഷം അവന് വലിയ മാന്യത ലഭിച്ചിരുന്നു, എന്നാൽ നാൽപതു വർഷത്തെ മരുഭൂമിയിലെ ജീവിതം അവനെ തന്നെത്താൻ താഴ്ത്തി! തന്റെ പ്രജകളിൽനിന്ന് ദൈവം എല്ലായ്പോഴും ക്ഷമയുള്ള വിശ്വാസമാണ് പ്രതീക്ഷിക്കുന്നത്. വിശ്വാസത്താൽ മോശെ മിസ്രയിമിൽനിന്ന് ഓടിപ്പോയി, വിശ്വാസത്താൽ അവൻ തിരിച്ച് മിസ്രയിമിലേക്ക് പോയി. അവൻ പ്രതീക്ഷിക്കാത്ത സമയത്താണ് ദൈവം മോശെയെ തിരഞ്ഞെടുത്തത്; താൻ ആ പ്രവൃത്തിക്ക് യോഗ്യനല്ല എന്നാണ് അവൻ കരുതിയത്, നാൽപതു വർഷം മുൻപ് താൻ കഴിവുള്ളവനാണെന്ന് വിചാരിച്ചിരിക്കാം. പ്രതികൂലമായ സാഹചര്യങ്ങളിലായിരിക്കും ദൈവം തന്റെ വലിയ ദൗത്യത്തിന് ആളുകളെ തിരഞ്ഞെടുക്കുന്നത്.

**കുഞ്ഞാടിന്റെ രക്തവും ശിശുക്കളെ രക്ഷിക്കലും (11:28)**

ശിശുക്കളെ രക്ഷിക്കലും കുഞ്ഞാടിന്റെ രക്തവും തമ്മിൽ എന്താണ് ബന്ധം? നേരിട്ടു ബന്ധമില്ല, എന്നാൽ യുക്തിപരമായി ഉണ്ട് താനും. എങ്ങനെ

യായാലും, ഒരു എബ്രായനായിരുന്ന യെഫുന്നെ അവന്റെ കൂടാരത്തിൽ വന്ന് കുഞ്ഞാടിനെ കൊന്ന് വാതിൽക്കൽ രക്തം പുരട്ടേണ്ട ആവശ്യം അറിയിച്ചു. അവൻ അവന്റെ ഭാര്യ മാറയോട് പറഞ്ഞു, “നമ്മുടെ വീടിന്റെ മുൻവാതിലിൽ രക്തം പുരട്ടേണം.” പക്ഷെ അവന്റെ ഭാര്യയുടെ പ്രതികരണം, “എന്റെ വീട് അത്തരത്തിൽ വൃത്തികേടാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ കുട്ടിയെ രക്ഷിക്കുവാൻ നമുക്ക് വേറെ എന്തെങ്കിലും മാർഗം അന്വേഷിക്കാം. ഇതിനേക്കാൾ വലിയ തെറ്റ് ചെയ്തപ്പോൾ, അവൻ അവരോട് ക്ഷമിച്ചതല്ലേ? അതുകൊണ്ട് വീടിനെ വൃത്തികേടാക്കുന്നത് ഒഴിവാക്കാം.” അങ്ങനെ അവർ ദൈവത്തിന്റെ കൽപന അനുസരിക്കാതിരുന്നു.

അങ്ങനെ അവർ തീരുമാനിച്ചിരുന്നു എങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അതിൽനിന്നു വ്യത്യസ്തമായി ഓരോ വിശ്വസ്തനായ എബ്രായനും അവന്റെ കട്ടിളപ്പടിമേലും കുറുമ്പടിമേലും വ്യക്തമായി കാണത്തക്കവണ്ണം രക്തം പുരട്ടിയതിനാൽ ദൈവം പറഞ്ഞതായിരുന്നു ഫലം.

**യിസ്രായേൽ രക്ഷപ്പെട്ടപ്പോൾ (11:29)**

പുറപ്പാട് 14:30 പറയുന്നു, “അങ്ങനെ യഹോവ അവരെ മിസ്രയിമ്യരുടെ കയ്യിൽ നിന്നു രക്ഷിച്ചു. ചിലർ 1 കൊരിന്ത്യർ 10:1, 2 ലെ പൗലൊസിന്റെ വിവേചനത്തെ ക്രമീകരിക്കുവാൻ ശ്രമിക്കുന്നുണ്ട്. മേഘത്തിലും സമുദ്രത്തിലും യിസ്രായേൽമക്കൾ “മോശെയോട് ചേരുവാൻ സ്നാനം” ഏറ്റതിനാൽ, അവർ അപ്പോൾ രക്ഷിക്കപ്പെട്ടു എന്നാണ് അവൻ പറഞ്ഞത്. വെള്ളത്തിൽ സ്നാനം ഏൽക്കുന്നതിനു മുൻപ് രക്ഷയുണ്ട് എന്ന് അവകാശപ്പെടുന്നവർ പറയുന്നത് യിസ്രായേൽമക്കൾ മിസ്രയിമിൽ വെച്ച് പെസഹയുടെ രക്തത്തളിയാൽ “രക്ഷിക്കപ്പെട്ടു” എന്നാണ്. “യിസ്രായേൽ മേഘത്തിലും സമുദ്രത്തിലും സ്നാനം ഏൽക്കുന്നതിന് മുമ്പ്, പെസഹയിൽ രക്തത്തളിയാൽ മിസ്രയിമിൽ വെച്ച് രക്ഷിക്കപ്പെട്ടതുപോലെ, നാമും രക്തത്താൽ രക്ഷിക്കപ്പെടുന്നു എന്നാണ് അവരുടെ വാദം.”

വാസ്തവത്തിൽ യിസ്രായേൽ രക്ഷിക്കപ്പെട്ടത് വെള്ളത്തിൽ കൂടെ കടന്നുപോയപ്പോഴാണ്, അതുപോലെയാണ് നാമും രക്ഷിക്കപ്പെടുന്നത് (മർ. 16:16; 1 പത്രൊ. 3:21). മിസ്രയിമിലായിരുന്നപ്പോൾ രക്തത്തളിയാൽ രക്ഷിക്കപ്പെട്ടത് ആദ്യജാതന്മാരുടെ സംഹാരത്തിൽ നിന്നാണ്, അല്ലാതെ ആളുകൾ മിസ്രയിമിൽ അടിമത്വത്തിലായിരുന്നതിൽനിന്നായിരുന്നില്ല. നാം ഇന്ന് പാപത്തിൽ അടിമകളാകുന്നതിന്റെ ദൃഷ്ടാന്തമായിരുന്നു അവരുടെ മിസ്രയിമിലെ അടിമത്വം; അതുകൊണ്ട്, നാം വെള്ളത്തിൽ സ്നാനം ഏൽക്കുന്നതിന്റെ ദൃഷ്ടാന്തമായിരുന്നു അവർ ചെങ്കടലിൽ കൂടെ കടന്നുപോയത്, അങ്ങനെയാണ് രക്ഷിക്കപ്പെടുന്നതും. അതാണ് പൗലൊസ് 1 കൊരിന്ത്യർ 10:1, 2 ൽ പറയുന്നത് (കൂടാതെ ഗലാ. 3:26, 27 നോക്കുക). മിസ്രയിമ്യർ മുങ്ങിച്ചത്തുപോയ ദിവസം ആയിരുന്നു യിസ്രായേൽ “രക്ഷിക്കപ്പെട്ടത്” എന്നാണ് മോശെ രേഖപ്പെടുത്തിയത് (പുറ. 14:30).

**ദൈവിക അധികാരം (11:29)**

സർവ്വശക്തനായ ദൈവം കൽപനയായിട്ടോ സൂചനയായിട്ടോ നമ്മെ പഠിപ്പിക്കുന്നില്ലെങ്കിൽ, വിശ്വാസത്തിൽ പ്രവർത്തിക്കുവാൻ നമുക്ക് സാധ്യമല്ല. ചെങ്കടലിനരികിൽ വെച്ച് ദൈവം യിസ്രായേലിനോട് “മുമ്പോട്ട് പോ

ക” എന്നു ദൈവം പറഞ്ഞപ്പോൾ, യിസ്രായേലിന് വിശ്വാസത്താൽ കടന്നു പോകുവാൻ കഴിഞ്ഞു (പുറ. 14:15, 16). ദൈവം നമ്മോട്, “ലോകമെങ്ങും പോയി സുവിശേഷം അറിയിക്ക” എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിൽ എങ്ങനെ പോകണം, എപ്പോൾ പോകണം എന്ന തീരുമാനം നമുക്ക് വിട്ടു തന്നിരിക്കുകയാണ്. യിസ്രായേൽ മക്കളിൽ ചിലർ നടന്നും മറ്റു ചിലർ അവരുടെ കഴുതപ്പുറത്തും, കൊച്ചുകുട്ടികളെ അവരുടെ അമ്മമാർ എടുത്തും കൊണ്ടുപോയിരിക്കും. ഏതെങ്കിലും പ്രത്യേക രീതിയിൽ ചെയ്യുവാനാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, നാം അതിനെ മാറ്റം വരുത്തുവാൻ പാടില്ല. അങ്ങനെ ചെയ്താൽ അത് ദൈവികമായ അധികാരത്തെ ലംഘിക്കുന്നതായിരിക്കും.

പുതിയ നിയമത്തിൽ ചില പ്രവൃത്തികൾ ചെയ്യുവാൻ ദൈവാധികാരം നൽകിയിരിക്കുന്നത്, പ്രസ്താവനകൾ, കൽപനകൾ, മാതൃകകൾ, സൂചനകൾ എന്നിവയാലാണ്. ഇന്നു ജീവിക്കുന്ന ഏതൊരു വ്യക്തിയോടും ദൈവത്തിന്റെ കൽപന നേരിട്ടു പ്രത്യേകമായി നൽകുന്നില്ല. ഏതെങ്കിലും ഒരു കൽപന നമ്മെ ബാധിക്കുന്നതാണോ അല്ലയോ എന്ന് യുക്തിപരമായി വിലയിരുത്തി വേണം നാം തീരുമാനിക്കുവാൻ. “മാർട്ടെൽ പെയിസേ, നീ പാപമോചനത്തിനായി മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കുക” എന്ന് ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. എങ്ങനെയായാലും, ഞാൻ അങ്ങനെ പറഞ്ഞാൽ അത് പ്രവൃത്തികൾ 2:38 ചുരുക്കുകയാവും ചെയ്യുക. പെന്തെകൊസ്തു നാളിൽ യെരുശലേമിൽ സന്നിഹിതരായിരുന്ന ഓരോ സ്ത്രീപുരുഷന്മാരും അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടേണ്ടത് ആവശ്യമായിരുന്നു. ഞാൻ പാപം ചെയ്തു, എന്റെ പാപപ്രവൃത്തികളിൽനിന്ന് മോചനം എനിക്ക് ആവശ്യമാണ്. എന്റെ പാപം അവരുടേതിൽ നിന്നു വ്യത്യസ്തമാണെങ്കിലും, അവരോട് അന്നു പാപമോചനത്തിനായി ചെയ്യുവാൻ പറഞ്ഞത് ചെയ്യുക എന്നത് എന്റെ ധർമ്മമാണ്.

ക്രിസ്ത്യാനികൾക്കു ദൈവം നൽകിയ പൊതുവായ കൽപനകളിൽ പ്രായോഗിക സൗകര്യം ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി അപ്പൊസ്തലന്മാർ ക്രിസ്ത്യാനികളോട് കൂടിവരുവാൻ പറഞ്ഞിരിക്കുന്നു (എബ്രാ. 10:25), എന്നാൽ എങ്ങനെയുള്ള സ്ഥലത്താണെന്ന് പറഞ്ഞിട്ടില്ല, അത് നമുക്ക് വിട്ടു തന്നിരിക്കുകയാണ്. അതിന് നാം പ്രായോഗിക സൗകര്യപ്രകാരം ആണ് തിരഞ്ഞെടുപ്പ് നടത്തുന്നത്.

“യിസ്രായേൽ ചെങ്കടൽ കടക്കുന്നത് ഞങ്ങൾ കണ്ടതാണ്, അവർക്ക് കഴിഞ്ഞു എങ്കിൽ ഞങ്ങൾക്കും തീർച്ചയായും കഴിയും” എന്നു മിസ്രയിമ്യർക്ക് ചിന്തിക്കുവാൻ കഴിഞ്ഞു. എങ്ങനെയായാലും, മേഘത്തിൻകീഴിൽ ചെങ്കടൽ കടക്കുവാൻ കൽപന കൊടുത്തത് യിസ്രായേലിനായിരുന്നു, അല്ലാതെ മിസ്രയിമ്യർക്ക് ആയിരുന്നില്ല; നാം വിചാരിക്കും, “ദാവീദിന് ആരാധനക്ക് ഉപകരണസംഗീതം ഉപയോഗിക്കുവാൻ അധികാരപ്പെടുത്തിയല്ലോ, അതിനാൽ നമുക്കും ആരാധാനയിൽ ഉപകരണസംഗീതം ഉപയോഗിക്കാമല്ലോ” (2 ദിന. 29:25). എങ്ങനെയായാലും, ദാവീദിനെ അധികാരപ്പെടുത്തിയത് പഴയനിയമ വ്യവസ്ഥയിലാണ്, അന്നത്തെ നിയമം ഇന്ന് നമുക്ക് ബാധകമല്ല (റോമ. 7:1–6; 2 കൊ. 3:1–11; കൊലൊ. 2:14).

**വിശ്വാസം പ്രവർത്തിക്കുമ്പോൾ, കൃപ ഫലപ്രദമാകുന്നു (11:30, 31)**

“ഉറപ്പും ധൈര്യവുമുള്ളവനാകുവാൻ” യോശുവയെ പ്രോൽസാഹിപ്പിച്ചി

രുന്നു (യോശു. 1:9), എന്നാൽ വലിയ എതിർപ്പ് നേരിടുമ്പോഴും, അവൻ തന്റെ ധൈര്യപൂർവ്വമായ എരിവ് സൂക്ഷിക്കണമായിരുന്നു. യോർദ്ദാൻ നദി കടക്കുന്നതിനും യെരിഹോയെ കീഴ്പ്പെടുത്തുവാനും അവൻ വിശ്വാസത്താൽ പ്രവർത്തിച്ചു. പിടിച്ചടക്കാനസാധ്യമായ യെരിഹോമതിൽ വീണത് ഏഴു ദിവസം വിശ്വാസത്തിൽ ചുറ്റി നടന്നപ്പോഴായിരുന്നു.

കൃപയാൽ വിശ്വാസം മൂലമാണ് നാം രക്ഷിക്കപ്പെട്ടത് (എഫെ. 2:8, 9). എങ്ങനെയായാലും, ദൈവത്തിന്റെ കൃപ അനുഭവിക്കണമെങ്കിൽ നമുക്ക് ജീവിക്കുന്ന വിശ്വാസം ആവശ്യമാണ്. വിശ്വാസം മാത്രമായാൽ അത് "ചത്തതും," "പ്രയോജന രഹിതവുമാണ്" (യാക്കോ. 2:17, 20).

"അവർ വിശ്വാസത്താൽ ഏഴു ദിവസം യെരിഹോ മതിലിനു ചുറ്റും നടന്നപ്പോൾ, കൃപയാൽ വിശ്വാസം മൂലം മതിൽ വീണു" എന്നു നമുക്ക് പറയുവാൻ കഴിയും. അതുപോലെ രാഹാബ് വിശ്വാസം പ്രകടിപ്പിച്ച് ഒറ്റുകാരെ സംരക്ഷിച്ചപ്പോൾ (അവൾക്ക് ലഭിച്ച തെളിവ് അനുസരിച്ച്), നീതീകരിക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും ചേയ്തതു കൃപയാൽ വിശ്വാസം മൂലമായിരുന്നു എന്നു പറയാം. അവൾ വിശ്വാസത്തോടുകൂടിയ "പ്രവൃത്തിയാലായിരുന്നു" നീതീകരിക്കപ്പെട്ടത് എന്ന് യാക്കോബ് 2:25 പറയുന്നു. പുതിയ നിയമത്തിലെ ഏതെങ്കിലും പുസ്തകമോ-അല്ലെങ്കിൽ എബ്രായ ലേഖനമോ-ഒരാൾ വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടും എന്നു പഠിപ്പിക്കുന്നില്ല. യാക്കോബ് പറയുന്നത് ഒരാൾ തന്റെ സഹ മനുഷ്യന്റെ മൻപാകെയുള്ള നീതീകരണത്തെ കുറിച്ചാണ് അല്ലാതെ രക്ഷയെ കുറിച്ചല്ല എന്നു പറയുന്നവർ യാക്കോബ്. 2:14 ശ്രദ്ധിക്കണം: "സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട് എന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?" യാക്കോബ് സംസാരിക്കുന്നത് നീതീകരണത്തെ കുറിച്ച് മാത്രമല്ല, രക്ഷയെ കുറിച്ചുമാണ്.

**സാഹചര്യം നീതി സംബന്ധമോ?**

ക്രിസ്തീയ ധാർമ്മികതയെ വർഷങ്ങളായി സംസാരിച്ചുകൊണ്ടിരുന്നപ്പോഴെല്ലാം ഉയർന്നു വന്ന ഒന്നാണ് സൂതികർമ്മിണികളും (പുറ. 1:15-21) രാഹാബും പറഞ്ഞതായ നുണ. ആ രണ്ട് സംഭവങ്ങളും തിരുവെഴുത്തിൽ അംഗീകരിച്ചതിനാൽ, പഴയ നിയമത്തിൽ ഒരു വലിയ തിന്മ ഒഴിവാക്കുവാൻ ഒരു നുണ പറയുന്നതിൽ തെറ്റില്ലല്ലോ എന്ന ചോദ്യം ഉയരാം. സൂതികർമ്മിണികൾ നുണ പറഞ്ഞത് മിസ്രയിമിൽ ജനിച്ച എബ്രായ ശിശുക്കളെ രക്ഷിക്കുന്നതിനായിരുന്നു, രാഹാബ് ഒറ്റുകാരെ രക്ഷിക്കുന്നതിനായിരുന്നു, രണ്ടുപേരും ജീവിതങ്ങളെയാണ് രക്ഷിച്ചത്.

പഴയ നിയമത്തിൽ ദൈവം കാര്യങ്ങളെ വ്യത്യസ്തമായിട്ടായിരുന്നു കൈകാര്യം ചെയ്തിരുന്നത് എന്ന് ആരെങ്കിലും വാദിച്ചാൽ അത് അവരുടെ സ്വന്തം ഇഷ്ടമായി തീർന്നേക്കാം. ദൈവം വിവിധ രീതിയിൽ സംസാരിച്ചിട്ടുണ്ട് എന്നത് ശരിയാണ്. രാഹാബ് ദൈവ ജനത്തോട് ചേരുന്ന വിധത്തിലായിരുന്നു വിശ്വാസയോഗ്യമായി പ്രവർത്തിച്ചത്. തന്റെ പാപ ജീവിതത്തെ അവൾ വെറുക്കുവാൻ തുടങ്ങിയിരിക്കാം, ഒറ്റുകാരെ രക്ഷിച്ചപ്പോഴേക്കും അവൾ തന്നോട് ദുഷ്ടത പ്രവർത്തിച്ച ആളുകളെയും വെറുത്തിരിക്കാം. യിസ്രായേൽമക്കളിൽ ഒരാൾ പ്രവർത്തിക്കുന്നതുപോലെയായിരുന്നു അവൾ പ്രവർത്തിച്ചത്; അങ്ങനെ, അവളുടെ ഹൃദയത്തിലും ജീവിതത്തിലും അവൾ

ദൈവ ജനത്തോട് ചേരുകയായിരുന്നു.

**പട്ടണങ്ങളുടെ നാശം (11:31)**

"അധാർമ്മികതയിലായിരുന്ന" പട്ടണങ്ങളെയും ആളുകളെയുമെല്ലാം നശിപ്പിക്കുവാൻ ദൈവം കൽപിച്ചതിനെ സംശയാലുക്കൾ വിമർശിക്കുന്നുണ്ട്. "നീതിമാനും സ്നേഹവാനുമായ ദൈവത്തിന് ഇതെങ്ങനെ ചെയ്യുവാൻ കഴിയും? അത് പുതിയ നിയമത്തിലെ ദൈവത്തിനു യോജിക്കാത്തതാണ്." അത്തരം നാശത്തിന് കാരണം അനുസരണക്കേടായിരുന്നു. മനുഷ്യ-നിർമ്മിത മതം ഉണ്ടാക്കുകയും അധർമ്മം പെരുകുകയും, തിരിച്ചുവരുവാൻ മനസ് കാണിക്കാതിരിക്കയും ചെയ്തപ്പോൾ ദൈവം പട്ടണങ്ങൾക്ക് ഉന്മൂല നാശം വരുത്തി (എബ്രാ. 6:4-6 ലെ ചർച്ച നോക്കുക). ദൈവ ജനം വാഗ്ദത്ത ദേശത്ത് എത്തുമ്പോൾ പട്ടണത്തിന്റെ പൂർണ്ണമായ നാശമായിരുന്നു ആവശ്യപ്പട്ടത്.

തദ്ദേശവാസികളുടെ പാപം പൂർണ്ണമാകുമ്പോൾ ആയിരുന്നു ദൈവം യിസ്രായേലിനോട് ദേശം കൈവശമാക്കുവാൻ ആവശ്യപ്പെട്ടത് (ഉല്. 15:16). അവർ കനാനിൽ പ്രവേശിച്ചപ്പോൾ, അമോര്യരേക്കാൾ യിസ്രായേൽ ജനം കൂടുതൽ നീതിമാന്മാരായിരുന്നു. അവിടെയുള്ള നിവാസികളെ പൂർണ്ണമായി ഛേദിച്ചുകളഞ്ഞില്ലെങ്കിൽ, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ബിംബങ്ങൾ അവിടെ ഉയർന്നുവരുവാൻ സാധ്യത ഉണ്ടായിരുന്നു. ദൈവം നിർദ്ദേശിച്ചത് പൂർണ്ണമായി അനുസരിച്ചില്ലെങ്കിൽ, വിശ്വാസ ത്യാഗം സംഭവിക്കുമായിരുന്നു. അവർക്കു ചുറ്റുമുള്ള അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരെ അവർ അനുകരിച്ചാൽ, ദൈവം ആ ദേശം അവർക്ക് ആദ്യം വാഗ്ദാനം ചെയ്തതിന്റെ ഉദ്ദേശം തന്നെ ഇല്ലാതാകും.

ഈ പോയിന്റിനെ കുറിച്ച് ബർട്ടൻ കോഫ്മാൻ നല്ല ഒരു ചിത്രീകരണം നൽകിയിരിക്കുന്നു. അമേരിക്കയിലെ കൊളൊറാഡോയിലെ മൊഫാറ്റ് ഗുഹയിൽ കൂടെ ഒരിക്കൽ ട്രെയിൻ കടന്നുപോയി. ആ ട്രെയിൻ മല കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ, ഓരോ വളവിലും പാളം തെറ്റാതിരിക്കുന്നതിനുള്ള യന്ത്രം ഘടിപ്പിച്ചാണ് ഓടിച്ചിരുന്നത്, പാളം തെറ്റിയാൽ താഴെയുള്ള ഗ്രാമത്തിന് നാശനഷ്ടം സംഭവിക്കും. അതുകൊണ്ട് ഡ്രൈവർ പാളം തെറ്റാതെ ട്രെയിൻ ഓടിക്കും.[101] അതുപോലെ ആളുകൾ നിത്യനാശത്തിലേക്ക് പോകുന്നതെപ്പോഴാണ് എന്ന് ദൈവത്തിന് അറിയാം. യിസ്രായേൽ മലിനപ്പെടാതിരിക്കുവാനാണ് ദൈവം കനാൻ നിവാസികളെ ശൂന്യമാക്കുവാൻ പറഞ്ഞിരുന്നത്.

**ചിലരെ അത്ഭുതത്താലും, മറ്റു ചിലരെ കരുണയാലും സഹായിച്ചു (11:32-34)**

11:33 ലും 34 ലും പറഞ്ഞിരിക്കുന്ന ചില പ്രവൃത്തികൾ നേട്ടം കൈവരിച്ചത് ദൈവത്തിന്റെ അത്ഭുതമായ ഇടപെടൽ നിമിത്തമായിരുന്നു, എന്നാൽ മറ്റു പ്രവൃത്തികൾ അവന്റെ കാരുണ്യപ്രകാരമുള്ള പ്രവൃത്തിയാലുമായിരുന്നു. ഉദാഹരണമായി, മിദ്യാന്യരെ കീഴ്പ്പെടുത്തുവാനായി ഗിദെയോൻ അവരെ രാത്രിയിൽ ആക്രമിക്കുവാനായി ബുദ്ധിയും മുൻ ചിന്തയും പ്രകടിപ്പിച്ചു, വിളക്കുടച്ച് ശത്രുവിനെ ഭയപ്പെടുത്തുകയും പരിഭ്രാന്തിയിലാക്കുകയും ചെയ്തു. അതിന് ദൈവം നേരിട്ട് അത്ഭുത പ്രവൃത്തിയായി ഒന്നും ചെയ്തില്ല. അത്തരം സംഭവങ്ങൾ നടന്നത് അത്ഭുതം കൂടാതെ ആയിരുന്നു. ഗിദെയോന്റെ

ജീവിതത്തിൽ നടന്ന മറ്റുകാര്യങ്ങളിൽ നമുക്ക് അത്ഭുതം കാണാം (ന്യായാ. 6:36–40). നിലം വരണ്ടിരിക്കുകയും കമ്പിളിയിൽ മഞ്ഞുതുള്ളികൾ ഗിദെയോൻ കണ്ടപ്പോൾ പിന്നെ നിലം നനഞ്ഞും കമ്പിളി ഉണങ്ങിയും കണ്ടപ്പോൾ, അത് യാദൃശ്ചികമായിരുന്നില്ല, മറിച്ച് അത്ഭുതമായിരുന്നു. മിദ്യാന്യ സൈന്യത്തിന് ലഭിച്ച വെളിപ്പാട് (ന്യായാ. 7:9–15) അത്ഭുതകരമായിരുന്നു; ഭാവിസംബന്ധമായ കാര്യങ്ങളെ കുറിച്ചുള്ള അറിവ് നേരിട്ട് അമാനുഷികമായിട്ടാണ് വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളത്. വരുവാനുള്ള പരാജയത്തെ കുറിച്ച്, പടയാളികളുടെ സംഭാഷണ ശബ്ദം ഗിദെയോൻ കേട്ടത് യാദൃശ്ചികമായിട്ടായിരുന്നു, അല്ലാതെ അത്ഭുതമായിട്ടായിരുന്നില്ല; അത് ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള പ്രവൃത്തിയായിരുന്നു. പാളയത്തിനടുത്തേക്ക് ഗിദെയോൻ പോയില്ലായിരുന്നു എങ്കിൽ അത് അത്ഭുതമായി നമുക്ക് ചിന്തിക്കാമായിരുന്നു (അന്നത്തെ സാങ്കേതികത്വം വെച്ച് നോക്കിയാൽ).

ചിലപ്പോൾ ദൈവം അദൃശ്യമായ രീതിയിൽ പ്രവർത്തിച്ചിട്ടുള്ളത്, തീർച്ചയായും അത്ഭുതം ആയിരുന്നു. പുനരുത്ഥാനത്താൽ, സ്ത്രീകൾക്ക് അവരുടെ മരിച്ചവരെ തിരിച്ചു കിട്ടി. ഇന്ന് ആരെങ്കിലും അത്ഭുതങ്ങൾ നടക്കുന്നു എന്നു പറയുകയാണെങ്കിൽ, മരിച്ച് ദിവസങ്ങൾ കഴിഞ്ഞവരെ, മരിച്ചവരിൽനിന്ന് ഉയർപ്പിക്കുവാൻ ആവശ്യപ്പെടുക. ഒരു "രോഗശാന്തിക്കാരനും" നിസാരമായ ഒരു മുറിവ് പോലും "ഉടനെ" സൗഖ്യമാക്കുവാൻ കഴിയുകയില്ല, അപ്പോൾ പിന്നെ മരിച്ചവരെയും ഉയർപ്പിക്കുവാൻ ഇന്ന് ആർക്കും കഴിയുകയില്ല.

അത്ഭുത രഹിതമായി അന്ന് ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിഞ്ഞു എങ്കിൽ, എന്തുകൊണ്ട് അവന് ഇന്നു പ്രവർത്തിക്കുവാൻ കഴിയുകയില്ല? നമുക്ക് അറിയാത്ത പല രീതിയിൽ അദൃശ്യമായ രീതിയിൽ പ്രവർത്തിക്കുവാൻ അവൻ സർവ്വശക്തനാണ്. ന്യായവിധിക്ക് ശേഷം നാം അവന്റെ സന്നിധിയിൽ എത്തുന്നതുവരെ ദൈവം നമുക്ക് വേണ്ടി എന്തെല്ലാം ചെയ്തു എന്ന് നമുക്ക് തിരിച്ചറിയുവാൻ സാധ്യമല്ല. ഇന്ന് അത്ഭുതങ്ങൾ കണ്ടിട്ടുണ്ട് എന്നു പറയുന്നത് സൂക്ഷിക്കുക. ദൈവം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിട്ടുള്ളത് ദൈവിക സന്ദേശകനെയോ അല്ലെങ്കിൽ ദൈവിക സന്ദേശത്തെയോ ഉറപ്പിക്കുന്നതിനായിരുന്നു, അല്ലാതെ നിങ്ങളുടെ സൗകര്യത്തിനോ അല്ലെങ്കിൽ വിസ്മയിപ്പിക്കുന്നതിനോ ആയിരുന്നില്ല. പുതിയനിയമം നൽകിയപ്പോൾ സന്ദേശത്തിന്റെ ഭാഗമായിരുന്നു അത്ഭുതങ്ങൾ, പുതിയ വെളിപ്പാടും അത്ഭുതങ്ങളും ഒരുമിച്ചായിരുന്നു സംഭവിച്ചത്.

എബ്രായർ 11 ൽ നാം വായിക്കുന്ന ആളുകൾ വിശ്വാസത്താൽ വലിയ കാര്യങ്ങൾ ചെയ്തവരായിരുന്നു. ശക്തമായ വിശ്വാസം കൂടാതെ നാം ചിലപ്പോൾ വലിയ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും. വലിയ വിശ്വാസത്തിലേക്കുള്ള യാത്ര ദൈർഘ്യമേറിയതായിരിക്കാം, അതുകൊണ്ട് അത് നേടിയെടുക്കുവൻ ഉടനെ ആരംഭിക്കുക. ഓരോ ദിവസവും വിശ്വാസത്തിൽ ജീവിച്ചുകൊണ്ടാണ് നാം കുറേശെ വിശ്വാസത്തിൽ വളരുന്നത്. നിങ്ങൾ എത്രത്തോളം വിശ്വാസത്തിൽ വളർന്നു എന്നു ഒരു ദിവസം നിങ്ങൾക്ക് തിരിച്ചറിയുവാൻ കഴിയും. നിങ്ങൾ വർഷങ്ങളോളം കൂടെ നടന്ന ദൈവത്തെ അന്നു മുഖാമുഖമായി കാണുവാൻ കഴിയും. നന്മക്കായുള്ള നിങ്ങളുടെ വലിയ സ്വാധീനം മറ്റുള്ളവർക്ക് പ്രയോജനപ്പെടും.

**ലോകം തങ്ങൾക്ക് യോഗ്യമല്ലാതിരുന്ന ആളുകൾ (11:35–40)**

രോഗങ്ങളോ കീടങ്ങളോ പ്രവേശിക്കാത്ത ചൂടുള്ള വീട്ടിൽ കഴിയുന്ന വരിലല്ല വിശ്വാസം വളരുന്നത്, മറിച്ച് തീച്ചൂളയിൽ കൂടെ കടന്ന് വാസ്തവ ത്തിലുള്ള ഭീഷണി നേരിടുമ്പോഴാണ്. പരീക്ഷണങ്ങളിൽ ആണ് ആശ്രയവും സഹിഷ്ണുതയും വർദ്ധിക്കേണ്ടത്. വിശ്വാസത്തിനു വേണ്ടി കഷ്ടം സഹി ച്ചവരിൽ “വിടുതൽ സ്വീകരിക്കുന്ന” കുറ്റമുള്ളവരായിരുന്നില്ല. അല്ലെങ്കിൽ ശിക്ഷയിൽ നിന്നുള്ള മോചനത്തിനായി മോശെയുടെ കൽപനകളെ നിഷേ ധിച്ചവരുമായിരുന്നില്ല. അതുപോലെ എ. ഡി. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാ നികൾക്ക് “*കൂറിയോസ് ക്രിസ്റ്റോസ്*” (“കർത്താവ് ക്രിസ്തു”) എന്ന വാക്ക് മാറ്റി “*കൂറിയോസ് കൈസർ*” (“കർത്താവ് കൈസർ”) എന്നു പറഞ്ഞാൽ മരണം ഒഴിവാക്കാമായിരുന്നു. ലോകം എപ്പോഴും പറയുന്നത്, “ഞങ്ങളോ ടുകൂടെ വരിക, എന്നാൽ ഞങ്ങൾ നിങ്ങളെ ശല്യം ചെയ്യുകയില്ല. ഞങ്ങൾ ജീവിക്കുന്നതുപോലെ ജീവിച്ചാൽ, ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കുകയില്ല.”

പരീക്ഷണത്തിന് വിധേയമായി പ്രചാരത്തിലാകുന്നത് എത്ര ശക്ത മാണ്! ഉദ്ദേശിക്കാത്ത രീതിയിൽ സഭയെ മാറ്റുവാൻ ആഗ്രഹിക്കുന്നവരുടെ വലിയ പ്രചോദനമാണ് ഇത്. പക്ഷെ എബ്രായ ലേഖനത്തിലെ വാക്കുകൾ പ്രാരംഭ ക്രിസ്ത്യാനികളെ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം നില നിർത്തുവാൻ വളരെയധികം പ്രോൽസാഹിപ്പിച്ചു കാണും. അവർ സഹിക്കു കയും രക്ഷകനു വേണ്ടി അവരുടെ രക്തം ചിന്തുകയും ചെയ്തു. “നല്ലൊരു പുനരുത്ഥാനത്തിനു” വേണ്ടിയായിരുന്നു അവർ സഹിച്ചത് (വാ. 35). കൂടുതൽ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തപ്പോൾ, കൂടുതൽ പേർ രക്ഷിക്കപ്പെടുകയും സഭയോട് ചേർക്കപ്പെടുകയും ചെ യ്തു. കഷ്ടതയേൽക്കേണ്ടി വന്നുവെങ്കിലും പലരും ശരിയായതിനു വേണ്ടി നിലകൊണ്ടു. യേശുവിന്റെ സന്ദേശം വ്യാപിക്കുന്നതിന് ചിലരുടെ ജീവിതം തന്നെ ത്യാഗമാക്കിയിരുന്നു.

**അതുപോലെ പലരും ഉടനെ കഷ്ടതയേൽക്കും (11:36–40)**

യെഹൂദ മതത്തിന് മഹത്വം കൊടുക്കുന്നതായിരുന്നു ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ആന്റിയോക്കസ് എപ്പിഫാനസിന്റെ നേതൃത്വ ത്തിൽ അശൂര്യർ അനേകം യെഹൂദന്മാരെ കൊന്നൊടുക്കിയത്. ആ ചരിത്ര സംഭവം നിരന്തരമായി യെഹൂദന്മാരുടെ പള്ളികളിൽ മനപ്പാഠമായി ചൊല്ലി യിരുന്നു.

“ബാധിക്കപ്പെട്ടവർ” (*ത്ലിബോ*; വാ. 37) വലിയ സമ്മർദ്ദവും ഉപദ്രവവും ആണ് സഹിച്ചത്. യെഹൂദ ചരിത്രം കാരണം, വാക്യങ്ങൾ 36 മുതൽ 40 വരെ യുള്ളത് പ്രാധാന്യമുള്ളതാണ്, അതേ രീതിയിലുള്ള ഉപദ്രവം സഭക്കും നേ രിട്ടിരുന്നു. ക്രിസ്തീയ-കാലത്തിനു മുൻപ് വിശുദ്ധന്മാരായി ജീവിച്ച് മരിച്ചവ രെയും ക്രിസ്തു ക്രൂശിൽ മരിച്ചതിനു ശേഷം വിശുദ്ധന്മാരായി ജീവിച്ച് മരി ച്ചവരെയും തമ്മിൽ നമുക്ക് വേർതിരിക്കുവാൻ സാധ്യമല്ല. അവരെല്ലാം ഏക കൂട്ടായ്മയിലേക്കാണ് ഒത്തു ചേരുന്നത്, “അങ്ങനെ അവർ നമ്മെ കൂടാതെ തികവുള്ളവരായി തീരുന്നില്ല” (വാ. 40).

ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരെ കുറിച്ച് അവരുടെ കുടുംബാംഗങ്ങൾ പറഞ്ഞത്, അവർ “മരിച്ചുപോയി” എന്നും അവരുമായി തങ്ങൾക്ക് ഇനി ഒരു ബന്ധവുമില്ല എന്നുമാണ്. കൂടുംബ രേഖകളിൽനിന്നും

അവരുടെ പേരുകൾ നീക്കം ചെയ്യുകയും പിന്നീട് ചേർക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. മറ്റുള്ളവർ അവരെ അവരുടെ പ്രിയപ്പെട്ടവരിൽനിന്നും അകറ്റി നിർത്തും എന്ന കാരണത്താൽ, സ്നാനം ഏൽക്കേണ്ടതാണെന്ന് അറിഞ്ഞിട്ടും അതിനു ആഗ്രഹമുണ്ടായിരുന്നിട്ടും മടിച്ചിരുന്നു. അക്കാരണത്താലാണോ യേശു സ്നാനം എന്ന കൽപന പരസ്യമായ വിശ്വാസ പ്രപവൃത്തിയായി ന ൽകിയത്?

പരീക്ഷണങ്ങൾ നമ്മുടെ ആത്മാക്കളെ നിർമ്മലമാക്കുന്നു (ലൂക്കൊ. 22:31-34 ൽ സാത്താൻ പത്രൊസിനെ ചെയ്യുമെന്നു പറഞ്ഞതുപോലെ "പ ാറ്റുക" അല്ല). ശക്തി പ്രാപിക്കുവാൻ നാം പരീക്ഷിക്കപ്പെടണം (യാക്കൊ. 1:12-15).

അത്തരം കഷ്ടതക്കുള്ള പ്രതിഫലം ദൈവം നമുക്കായി ഒരുക്കിയ "വിശേഷതയുള്ളതാണ്" (വാ. 40). നാം "പൂർണ്ണ ജയം പ്രാപിക്കുന്നവരാണ്" (റോമർ. 8:37; എൻകെജെവി). നാം "വിജയം നിറഞ്ഞു കവിയുന്നവരാണ്" (എൻഏഎസ്ബി), അത് "ഒന്നാം പുനരുത്ഥാനത്തിന്റെ" അനുഗ്രഹം ഉള്ള തിനാലും (വെളി. 20:5, 6; 2:10, 11 നോക്കുക). വെളിപ്പാട് പുസ്തകത്തിൽ പ റഞ്ഞിരിക്കുന്നവർ ക്രിസ്ത്യാനികളാകുവാൻ "ഒന്നാം പുനരുത്ഥാനത്തിൽ" പങ്കുകാരായവരും രക്തസാക്ഷിത്വത്തിലും വിശ്വസ്തരായവരുമായിരുന്നു. ഈ വിധത്തിൽ ജയിച്ചവർക്ക് പിന്നെ "രണ്ടാം മരണത്തിൽ" ദോഷം സംഭ വിക്കുകയില്ല (വെളി. 21:8). "ജയിക്കുക" എന്നു പറഞ്ഞാൽ പരീക്ഷണങ്ങളും ഉപദ്രവങ്ങളും സഹിക്കുക എന്നാണ്, അതിനെ "ആത്മിയ ഉയർപ്പ്" ആയി വിവ രിച്ചിരിക്കുന്നു. "ഒന്നാം പുനരുത്ഥാനം" എന്നു പറയുന്നത് ക്രിസ്തു മടങ്ങി വരുമ്പോൾ ലഭിക്കുന്ന ഭൗതിക ശരീരത്തിൽനിന്നുള്ള ഉയർപ്പ് അല്ല, മറിച്ച് ഒരാൾ സ്വർഗത്തിലെത്തുന്നതിനു മുൻപ് മരണത്തെ ജയിക്കുന്ന ജയമാണ്.

**അത്ഭുത പ്രവാചകന്മാർ (11:36-40)**

"മുന്നറിയിക്കുന്നതിൽ" അധികവും ദൈവത്തിനു വേണ്ടി സംസാരിക്കുന്ന തായിരുന്നു പ്രവാചകന്മാരുടെ ദൗത്യം. അവർ പാപത്തെ തള്ളിപ്പറയുകയും ശരിയായ പുരാതന വഴിയായ ജീവിതം എന്തെന്ന് കാണിച്ചു (യിരെ. 6:16). പ്ര ത്യേക ആവശ്യമുള്ള സമയത്ത് ദൈവം അവർക്ക് നേരിട്ട് സന്ദേശം നൽകി അനുഗ്രഹിച്ചു. ചിലർ അത്ഭുതങ്ങൾ പ്രവർത്തിച്ചു, മറ്റുള്ളവർ അങ്ങനെ ചെയ് തില്ല, അവരിലെല്ലാം സംസാരിച്ചത് ഒരേ ആത്മാവാണ്.

ഒന്ന് പത്രൊസ് 1:10-12 പറയുന്നത്, അവർ സംസാരിച്ചതും എഴുതിയതു മായ സന്ദേശങ്ങളെല്ലാം ദൈവശ്വാസിയമായിരുന്നു എന്നാണ്. അവരുടെ സ്വന്തമായ അഭിപ്രായങ്ങളായിരുന്നില്ല പ്രസംഗിച്ചത്, പിന്നെയോ "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നായിരുന്നു. അല്ലെങ്കിൽ അവർക്ക് ദൈവം ഏതാനും ചിന്തകൾ നൽകിയിട്ട്, "നിങ്ങൾ വിചാരിക്കുന്ന ഏറ്റവും നല്ല രീതിയിൽ സന്ദേശം ആളുകളിലെത്തിക്കുക" എന്നു പറഞ്ഞ് അവരെ അതു ഭരമേൽപിക്കുകയായിരുന്നില്ല, മറിച്ച് അവർ ദൈവത്തിന്റെ വചനം ആയി രുന്നു പ്രസംഗിച്ചത്. അവർ എഴുതിയപ്പോൾ, ദൈവത്തിന്റെ വചനമായിരുന്നു എഴുതിയത്. ഒരുപക്ഷെ ഓരോ എഴുത്തുകാരന്റേയും സംസാരവും ഭാഷാ ശൈലിയും ദൈവം അവരിൽ ഉപയോഗിച്ചിരിക്കാം. പ്രവാചകന്മാർ ഉപയോ ഗിച്ചതും ആളുകൾ കേട്ട് ശീലിച്ചതുമായ പ്രയോഗങ്ങളിൽനിന്നു എന്തു മാറ്റ മാണ് ആവശ്യം? 1 കൊരിന്ത്യർ 2:13 പറയുന്നത് അവന്റെ അർത്ഥം ജനങ്ങ

ളിൽ വാക്കുകളായി എത്തിക്കുവാൻ "ദൈവം ആത്മിയ ചിന്തകളെ ആത്മിയ വാക്കുകളോട് സംയോജി[പ്പിച്ചു]."

ഒന്നുകിൽ തിരുവെഴുത്ത് മുഴുവനും ("സമഗ്രം") ശ്വാസിയമാണ്, അല്ലെങ്കിൽ അവ നമുക്ക് ആശ്രയിക്കുവാനേ കഴിയുകയില്ല. ദൈവം "വാക്കുകൾ മുഴുവനും ശ്വാസിയമായി" നൽകിയില്ലെങ്കിൽ, അവൻ നമുക്കുള്ള തന്റെ സന്ദേശം മുഴുവൻ നൽകിയതായി നമുക്ക് എങ്ങനെ അറിയുവാൻ കഴിയും? സന്ദേശത്തിന് ആവശ്യമായ വാക്കുകളും അവൻ നൽകി.

---

കുറിപ്പുകൾ

[1]ഡൊണാൾഡ് ഏ. ഹാഗെനർ, *എൻകൗണ്ടറിങ് ദ ബുക്ക് ഓഫ് ഹീബ്രൂസ്: ആൻ എക്സ്പൊസിഷൻ*, എൻകൗണ്ടറിങ് ബിബിളിക്കൽ സ്റ്റഡീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2002), 142. [2]ഡൊണാൾഡ് ഗത്രി, *ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി*, ദ ടിന്റേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 227. [3]തോമസ് ജി. ലോങ്, *ഹീബ്രൂസ്.* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വേല്ലേ: ജോൺ നോക്സ് പ്രസ്, 1997), 113. [4]ഹാഗെനർ, 143. [5]ലോങ്, 113. [6]റേയ് സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 116–17, എൻ. [7]ഫിലിപ് എഡ്കുമ്പെ ഹൂഗ്സ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 438–39. [8]ഹാഗെനർ, 142. [9]റേയ്മണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1982), 198–99. [10]എഫ്. എഫ്.ബ്രൂസ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 279.

[11]മാർവിൻ ആർ. വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1946), 4:509–10. [12]ഗത്രി, 225. [13]ഗാരേത് എൽ. റീസ്, ഏ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (മോബേർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്സ്, 1992), 193. എൻ.1. [14]ഹൂഗ്സ്, 441. [15]ഇബിഡ്., 438. [16]തോമസ് ഹെവിറ്റ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി*: ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 171. [17]ജെയിംസ് മാക്നൈറ്റ്, *ഏ ന്യൂ ലിറ്ററൽ ട്രാൻസ്ലേഷൻ, ഫ്രം ദ ഒറിജിനൽ ഗ്രീക്ക് ഓഫ് ആൽ ദ അപോസ്റ്റോലിക്കൽ എപ്പിസ്റ്റിൽസ്, വിത്ത് ഏ കമെന്ററി ആന്റ് നോട്സ്* (എഡൻബറോ: ബൈ ദ ആദർ, 1795; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 560. [18]റീസ്, 194. [19]ബ്രൂസ്, *ഹീബ്രൂസ്*, 279. [20]ജെയിംസ് ടി. ഹാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ് (വീറ്റൺ Ill.: ടിന്റേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 294.

[21]ഹെവിറ്റ്, 172. [22]ഹെൻറി ആൽഫോർഡ്, *ദ ന്യൂ ടെസ്റ്റമെന്റ് ഫോർ ഇംഗ്ലീഷ് റീഡേഴ്സ്* (ഷിക്കാഗോ: മൂഡി പ്രസ്, 1958), 1553. [23]ബ്രൂസ്, *ഹീബ്രൂസ്*, 281. എൻ.24. [24]ഈ ഗ്രൂപ്പ് എടുത്തിരിക്കുന്നത് ലോങ്, 115.119 ൽ നിന്ന്. [25]സ്റ്റെഡ്മാൻ, 119. "മോർദാൻ" എന്ന വാക്കിന് ലൂക്കൊ. 12:23 നോക്കുക. [26]റീസ്, 195. എൻ.9. [27]മാക്നൈറ്റ്, 560.

[28]ഹൂഗ്സ്, 455. [29]നീൽ ആർ. വൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 207. എൻ. 10. ലൈറ്റ്ഫുട് ചൂണ്ടിക്കാണിച്ചത്, *ലാലെയോ* ("സംസാരിക്കുന്നു") എന്നത് എബ്രായ ലേഖനത്തിൽ "എല്ലായ്പോഴും ദൈവത്തിന്റെ അരുളപ്പാടിനെയാണ്" പറയുന്നത്. അതുകൊണ്ട്, "ദൈവം അരുളിച്ചെയ്ത വചനം" മുഖാന്തരമാണ് ഹാബേൽ ഇന്ന് സംസാരിക്കുന്നത്. [30]ഉൽപത്തി 5:24 (LXX) സൂചിപ്പിക്കുന്നത് ഹാനോക്ക് എടുക്കപ്പെടുന്നതിന് മുൻപ് അവൻ ദൈവത്തെ പ്രസാദിപ്പിച്ചിരുന്നു എന്നാണ്, പക്ഷെ ബൈബിൾ രേഖ അവനെ സാക്ഷീകരിക്കുന്നത് എടുക്കപ്പെട്ടശേഷമാണ്. (ബ്രൂസ്, ഹീബ്രൂസ്, 289, എൻ.52.)

[31]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 302. [32] അവ "വെറും പര്യായ വാക്കുകൾ അല്ല" എന്നാണ് റീസ് പറഞ്ഞത്, കാരണം ഇവിടെ പറയുന്ന "വിശ്വാസത്തിൽ" ദൈവേഷ്ടപ്രകാരമുള്ള ജീവിതവും ഉൾപ്പെടുന്നു (റീസ്, 196, എൻ. 11.) ഇത് എബ്രായ ലേഖനത്തിൽ 11:3 ഒഴിച്ച് സ്ഥിരമായ അർത്ഥമാണെന്ന് തോന്നുന്നു. [33]ക്രെയിഗ് ആർ. കൊയെസ്റ്റർ, ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി. ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യൂയോർക്ക്: ഡബിൾഡേ, 2001), 477. 2 മെക്കാബിയർ 8:16 ൽ ആന്റിയോക്കസ് എപിഫാനസിന്റെ നേതൃത്വത്തിലുള്ള ശത്രു സൈന്യത്തെ "ഭയപ്പെട്ടിരുന്നു." ആ വാക്ക് LXX ൽ ഉപയോഗിച്ചിരിക്കുന്നു. [34]ബ്രൂക്ക് ഫോസ് വെസ്റ്റ്കോട്ട്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്. ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്സ് ആന്റ് എസ്സേയ്സ്* (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. : ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 358. [35]"വാഗ്ദത്ത ദേശം" അല്ലെങ്കിൽ "വാഗ്ദാനം ചെയ്ത ദേശം" എന്ന പ്രയോഗം എബ്രായർ 11:9 ൽ മാത്രമാണുള്ളത്. [36]കൊയെസ്റ്റർ, 485, 494–97. [37]ഉൽപത്തി 12:1–3 ൽ എൻഐവി സൂചിപ്പിക്കുന്നത് ഇതാണ് ദൈവം അബ്രഹാമിനോട് മുൻപ് "പറഞ്ഞിരുന്നത്" എന്നാണ്. [38]ചാൾസ് റോസെൻബറി ഫ്രെഡ്മാൻ, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ആൻ എക്സ്പൊസിഷൻ* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1934), 113. [39]റോബർട്ട് മില്ലിഗൺ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയ്സ് ആന്റ് ഹാൾ 1876; റീപ്രിന്റ്, നാഷ്വില്ലേ, ഗോസ്പൽ അഡ്വൊക്കേറ്റ് കമ്പനി., 1975), 396. [40]ബ്രൂസ്, *ഹീബ്രൂസ്*, 298–99.

[41]ഇബിഡ്., 299–301. [42]റീസ്, 200. ഇവിടെ ഉപയോഗിച്ചതുപോലെ പൗലൊസ് റോമർ 4:19 ൽ "നിർജ്ജീവത്വം" എന്ന പെർഫെക്ട് പാർട്ടിസിപ്പിൾ പാസിവ് ഉപയോഗിച്ചിരിക്കുന്നു (ബ്രൂസ്, *ഹീബ്രൂസ്*, 302.) [43]*പിസ്റ്റെയി* ("വിശ്വാസത്താൽ") എന്ന് ലേഖകൻ ആദ്യം ഉപയോഗിച്ചതിൽനിന്നു *കാറ്റാ പിസ്റ്റിൻ* ("വിശ്വാസത്തിൽ") എന്നു ഉപയോഗിച്ചത് "സാഹിത്യ വൈവിധ്യത്തിന് മാത്രമാണ്" എന്നാണ് എഫ്. എഫ്.ബ്രൂസ് അഭിപ്രായപ്പെട്ടതു (ബ്രൂസ്, *ഹീബ്രൂസ്*, 302 എൻ. 113). [44]അലെക്സാണ്ടർ നെയിർനെ, *ദ എപ്പിസ്റ്റിൽ ഓഫ് പ്രീസ്റ്റ്ഹുഡ്; സ്റ്റഡീസ് ഇൻ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (എഡിൻബറോ: റ്റി & റ്റി ക്ലാർക്ക്, 1913), 396. [45]കൊയെസ്റ്റർ, 498. [46]ഉൽപത്തി 22:1–14 ലെ വിവരണത്തെ യെഹൂദന്മാർ വളരെ കാലം "യിസഹാക്കിനെ ബന്ധിക്കൽ" എന്നു വിളിച്ചിരുന്നു. അത് "രക്തസാക്ഷികളുടെ വീണ്ടെടുപ്പിനുള്ള" ഉദാഹരണമായി കണക്കാക്കിയിരുന്നു (ബ്രൂസ്, *ഹീബ്രൂസ്*, 309). ആ വേദഭാഗത്തെ ഒരുപക്ഷെ "അബ്രഹാമിന്റെ പരീക്ഷണം" എന്നു അറിയപ്പെടണം. ദൈവം അവനെ "പരീക്ഷിക്കേണ്ടത്"

ആവശ്യമായിരുന്നു, അതായത്, “ആരെയെങ്കിലും പ്രതിസന്ധിയിലാക്കിയാലാണ് ആ വ്യക്തിയുടെ സ്വഭാവം പ്രകടമാകുന്നത്” (കൊയെസ്റ്റർ, 490-91). [47]ഹൂഗ്സ്, 482, എൻ. 51. [48]*ഗത്രി*, 236. [49]ബ്രൂസ്, *ഹീബ്രൂസ്*, 311. [50]അവസാനം, ആ യാഗം പൂർത്തിയാക്കുവാൻ ദൈവം അബ്രഹാമിനെ അനുവദിച്ചില്ല. പകരം ദൈവം അവന് ഒരു ആടിനെ യാഗത്തിനായി നൽകി. ഒരുപക്ഷെ ആ സാഹചര്യത്തിൽ അതിനായി കാത്തിരുന്നേക്കാം. ആടിനെ അബ്രഹാം കാണുകയും അതിനെ ദൈവത്തിന് യാഗം അർപ്പിക്കുകയും ചെയ്തു (ഉല്. 22:8, 13, 14 നോക്കുക.)

[51]*ദ എപ്പിസ്റ്റിൽ ഓഫ് ബർണബാസ്*, 7:3; ഐറേനിയസ് *എഗെൻസ്റ്റ് ഹെരെസീസ്* 4.5.4. [52]കൊയെസ്റ്റർ, 492. [53]ഹൂഗ്സ്, 487. [54]ജോസെഫസ് *ആന്റികിറ്റിസ്* 15.7.9. [55]ബ്രൗൺ, 212. [56]എബ്രായ പുസ്തകത്തിലെ *മിറ്റാ*, എന്ന വാക്കിന്റെ അർത്ഥം, “ബെഡ്” എന്നും “സ്റ്റാഫ്” എന്നതിന് *മറ്റേ* എന്നുമാണ്. മൂല എബ്രായ പുസ്തകത്തിൽ രണ്ടും ഒരു വാക്ക് തന്നെയാണ്. ഏ. ഡി. 900 ൽ വവ്വൽ പോയിന്റുകൾ മസോറെറ്റ്സ് കൂട്ടിച്ചേർത്തതാകാം. വാക്ക് അവർ തെറ്റായി-അച്ചടിച്ചതാകാം. (ജിമ്മി അലെൻ, [*സർവെ ഹീബ്രൂസ്*, 2ഡ്. എഡി. സിയെഴ്സി, ആർക്.: ബൈ ദ ആദർ, 1984], 129.) [57]കൊയെസ്റ്റർ, 493. [58]*ഗത്രി*, 238. [59]‘അപ്പനും അമ്മയും’ ശിശുവിനെ ഒളിച്ചുവെച്ചു, പിന്നെ വളർന്നത് രാജധാനിയിലാണ്, ക്രമേണ ആ നിലവാരം ത്യജിച്ച് കഷ്ടത തിരഞ്ഞെടുത്തു, നാശം ഭീഷണിപ്പെടുത്തി, എങ്കിലും ശത്രുക്കൾ നശിക്കുകയും യിസ്രായേൽ രക്ഷപ്പെടുകയും ചെയ്തു (എടുത്തിരിക്കുന്നത് കൊയെസ്റ്റർ, 507.) ഗ്രീക്ക് ശൈലി അനുസരിച്ച് സംഭവങ്ങൾക്ക് പൂർണ്ണ സമതുലനാവസ്ഥയുണ്ട്. [60]അപ്പന്റേയും അമ്മയുടേയും വിശ്വാസത്തെ LXX ൽ പറഞ്ഞിരിക്കുന്നു, അത് ബ്രൂസ്, ഹീബ്രൂസ്, 317. എൻ.171.

[61]ഫിലോ *ലൈഫ് ഓഫ് മോസെസ്*, 1.3.9. [62]ഇബിഡ്., 1.3.23-24; ജോസെഫസ് *ആന്റികിറ്റീസ്* 2.9.6. [63]ജോസെഫസ് *ആന്റികിറ്റീസ്* 2.10. [64]ദ റൈറ്റിങ്സ് ഓഫ് യൂപോൾമസ് (സി. 150 ബി. സി.,) ഭാഗങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ഈ പ്രസ്താവന സൂക്ഷിച്ചത് യൂസേബിയസ് ഓഫ് സിസേറിയ *പ്രിപ്പെറേഷൻ ഫോർ ദ ഗോസ്പൽ* 9.26. 1. [65]മിസ്രയിം രാജാക്കന്മാരെ കുറിച്ച് മനേഥോ നൽകിയ പട്ടികയോ (അല്ലെങ്കിൽ മനേഥോൻ ഓഫ് സെബെന്നിലോസ് നൽകിയതാകാം, അദ്ദേഹം മിസ്രയിമിലെ ഏറ്റവും പ്രസിദ്ധനായ ചരിത്രകാരനായിരുന്നു). ആ ലിസ്റ്റിനെ കുറിച്ച് തർക്കം നിലവിലുണ്. എന്നാൽ അത് ശരിയാണെങ്കിൽ, മോശെ ജനിച്ചത് ഏകദേശം ബി. സി., 1525 ലായിരിക്കും, പുറപ്പാട് സംഭവിച്ചത് ബി. സി., 1446-1447 ൽ ആയിരിക്കും. തട്മോസ് II ഉം തട്മോസ് III ഉം എന്നീ രണ് ഫറവോമാരുടേയും പിന്നിലുണായിരുന്ന ശക്തി ഹാറ്റ്ഷേപ്സട് ആയിരുന്നു. അതിന്റെ ചുരുക്ക വിവരണം റീസ്, 205-6. എൻ.36 ൽ കൊടുത്തിരിക്കുന്നു. [66]“നിക്ഷേപങ്ങൾ” എന്ന വാക്കിന്റെ മൂല ആശയം “കളപ്പുര” എന്നാണ് (*തെസൗറോസ്*). മിസ്രയിം ധാന്യം അവർക്ക് വളരെ സമ്പത്ത് നൽകിയിരുന്നു. (കൊയെസസ്റ്റർ, 503.) ഒന്നാം നൂറ്റാണ്ടിൽ റോമിന്റെ ധാന്യശേഖരമായിരുന്നു മിസ്രയിം (ജോസെഫസ് വാഴ്സ് 4.10.5.) [67]ഹൂഗ്സ്, 496-97. [68]ലൈറ്റ്ഫുട്, 217. [69]ബ്രൂസ്, *ഹീബ്രൂസ്*, 322. [70]കൊയെസ്റ്റർ, 509.

[71]മില്ലിഗൻ, 412-13. [72]വെസ്റ്റ്കോട്ട്, 373; ഹൂഗ്സ്, 498. [73]എഫ്. എഫ്.ബ്രൂസ്. *ദ ബുക്സ് ആന്റ് ദ പാർക്ക്മെന്റ്സ്*, റെവ. എഡി. (വെസ്റ്റ്വുഡ്, എൻ. ജെ.ഫ്ലെമിങ്ങ്, എച്ച്. റിവെൽ കമ്പനി., 1963), 44. [74]കെന്നെത്ത് സാമുവേൽ, വൂവെസ്റ്റ്, *ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1951), 208. [75]ബ്രൂസ്, ഹീബ്രൂസ്, 325. എൻ. 214. “ദ സീ ഓഫ് റീഡ്സ്” (*യാം സുഫ്)* എന്ന് സൂയസ് ഉൾക്കടലിനും, അതിനോട് ചേർന്നുള്ള ഉത്തര ദിക്കിനും, അഖാബാ ഉൾക്കടലിനും ഉപയോഗിച്ചി

രുന്നു. ആ രണ്ട് കനാലുകളും ചെങ്കടലിന്റെ ഭാഗമായിരുന്നതിനാൽ അതിൽ ഏത് ഉപയോഗിച്ചാലും ബൈബിൾ ശരിയാണ് (അലെൻ, 132). [76]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്," ഇൻ *ദ ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി*, എഡി. എഫ്. എഫ്.ബ്രൂസ്, എച്ച്. എൽ. എലിസൺ, ആന്റ് ജി. സി. ഡി. ഹോവലേ (ഗ്രാന്റ് റാപ്പിഡ്സ്. മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1986), 1528. [77]ബ്രൂസ്, *ഹീബ്രൂസ്*. 327. എൻ. 226. [78]സൈമൺ ജെ. കിസ്റ്റെമേക്കർ, *എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്*, ന്യു ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 347. [79]കൊയെസ്റ്റർ, 517. [80]ബ്രൂസ്, *ഹീബ്രൂസ്*, 332.

[81]ഇബിഡ്., 333. [82]അലെൻ, 133. ഈ പട്ടികയിൽ യോസേഫിനെ ഉൾപ്പെടുത്തുവാൻ എനിക്ക് കഴിയുകയില്ല: യോസേഫ് സ്വപ്നം കണ്ട കാര്യം തന്റെ സഹോദരന്മാരോട് പറഞ്ഞപ്പോൾ അവൻ കൗമാര പ്രായത്തിന്റെ ആവേശത്തിൽ പറഞ്ഞതായി തോന്നിയിരിക്കാം. [83]ഈ രീതിയിലുള്ള പട്ടിക ഗത്രി, 243-44 ൽ നിന്നുള്ളതാണ്. [84]മുൻപ് എബ്രായ ലേഖനത്തിൽ ഏകദേശം എല്ലാ സംഭവങ്ങളിലും "വിശ്വാസത്താൽ" എന്നു പറഞ്ഞിട്ട് ഇവിടെ "വിശ്വാസം മൂലം" എന്നു പറഞ്ഞിരിക്കുന്നു. ആ വ്യത്യാസം എൻഏഎസ്ബിയിൽ ഇല്ല (റീസ്, 211, എൻ. 54.) പേർ പറഞ്ഞ നാലിൽ മൂന്നുപേരിലും കർത്താവിന്റെ ആത്മാവ് പറഞ്ഞതായി ബ്രൂസ് പറഞ്ഞിരിക്കുന്നു (ഗിദെയോൻ, ജഡ്ജ്.6:34; ജോസെഫസ് *ജഡ്ജ്* 11:29 ഉം സാംസൺ, ജഡ്ജ്. 13:25). "അത് അവരുടെ വിശ്വാസത്തിന്റെ അവസാന തെളിവായി എടുത്തതായിരിക്കാം" (ബ്രൂസ്, ഹീബ്രൂസ്, 331). [85]നോക്കുക, (1 മെക്കാബീസ്, 3.17-20). [86]മെക്കാബീസ്, 6:18-28. [87]മെക്കാബീസ്, 7. [88]ജോസെഫസ് വാഴ്സ് 2.21.5; 6.5.3. [89]ഹെവിറ്റ്, 187. [90]മെക്കാബീസ്, 2.38.

[91]കൊയെസ്റ്റർ, 520. [92]ചാൾസ് വെസ്ലി, "ലെറ്റ് അസ് ജോയിൻ അവർ ഫ്രൻസ് എബവ്" (എച്ച്ടിടിപി.//ജിബിജിഎം-ജിഎംസി. ഓർഗ്/യുഎംഹിസ്റ്ററി /എച്എംഎൻഎസ്/യൂഎംഎച്ച്709എസ്എൽഎം: ഇന്റെർനെറ്റ്: ആക്സെസ്ഡ് 21 സെപ്റ്റംബർ 2006). [93]ഡ്രാപ്പർ 314. [94]ജെയിംസ് റസൽ ലോവെൽ (1819-91), "*ദ പ്രെസെന്റ് ക്രൈസിസ് ദ കംപ്ലീറ്റ് പോയെറ്റിക്കൽ വർക്സ് ഓഫ് ജെയിംസ് റസൽ ലോവെൽ*, എഡി. ഹൊരാസ്. എഫ്. സ്കഡർ (ബോസ്റ്റൺ: ഹൂഗ്ടൺ മിഫിൻ കമ്പനി., 1897), 67. [95]ഹൂഗ്സ്, 462. [96]ലോങ്ങ്, 115. [97]ബ്രൗൺ, 202. [98]"വിദേശ രാജ്യത്ത്" താമസിക്കുക എന്നു പറഞ്ഞാൽ അബ്രഹാം "വന്നു പാർക്കുന്നവൻ" ആയിരുന്നു എന്നർത്ഥം, അവൻ അവിടെ വളരെക്കാലം താമസിച്ചു എങ്കിലും, അവന് ഒരു പൗരൻ എന്ന നിലയിൽ അവകാശം ഒന്നും ഇല്ലായിരുന്നു (കൊയെസ്റ്റർ, 494.) [99]*ദ എപ്പിസ്റ്റിൽ ഓഫ് മതേറ്റസ് ടു ഡയോഗ്നെറ്റീസ്* 5.5. "മാതേറ്റസ്" ഒരു സർവ്വനാമം ആയിരിക്കുകയില്ല; അതിനർത്ഥം, "ഒരു ശിഷ്യൻ." [100]കൊയെസ്റ്റർ, എൻ. 400.

[101]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഹീബ്രൂസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 295.